832 ആഗസ്റ്റ് 25 1991
വില 4 രൂപ

കലാകൗമുദി

6
അടർന്നുവീഴാത്ത
ഒരു കണ്ണീർക്കണം
കാശ്മീരിലെ ഭീകര പ്രവർത്തകർ തട്ടിക്കൊണ്ടുപോയ ദൊരസ്വാമിയുടെ ബോംബെ വസതി സന്ദർശിച്ച ശ്രീ വിജു.വി. നായർ എഴുതിയ റിപ്പോർട്ട്.

10
കേരളത്തിലെ വൈദ്യുതി
ലഭ്യതയും സാദ്ധ്യതയും
ജലവൈദ്യുതിയുടെ ഉല്പാദനവും ഉപയോഗവും താരതമ്യപ്പെടുത്തിക്കൊണ്ട് ശ്രീ ജോസ് ജേക്കബ് നടത്തിയ പഠനം

16
വിദ്യാർത്ഥി കലാപത്തിനു
ശേഷം
തിയാനെൻമെൻ സ്ക്വയറിൽ നടന്ന വിദ്യാർത്ഥി കലാപത്തിനുശേഷം ചൈനയിലുണ്ടായ രാഷ്ട്രീയ മാറ്റങ്ങളെപ്പറ്റി ശ്രീ നരേന്ദ്രൻെറ ചൈനാഡയറിയിൽ നിന്ന്



34
പത്മനാഭൻെറ
നഗരം
മാത്താണ്ഡവർമ്മയുടെ ഭൂമിശാസ്ത്രം എന്ന ഫീച്ചറിൻെറ രണ്ടാംഭാഗം—ശ്രീ വി. വിനയകുമാറും, ശ്രീ എസ്.എ. ഷുജാദും തയ്യാറാക്കിയത്

കവിത
19
അപരാഹ്നം
ശ്രീ ഒ.എൻ.വി. കുറുപ്പ്

മുഖക്കുറിപ്പ്
5
സീരിയൽ കില്ലർമാരുടെ
രാജ്യം
എസ്. ജയചന്ദ്രൻ നായർ

കഥ
24
വെളിച്ചമില്ലാത്ത
ഒരിടം
ശ്രീ പി.എഫ്. മാത്യൂസ്

21
നീർമാതളം
പൂത്ത കാലം
മാധവിക്കുട്ടി

നോവൽ
27
പ്രവാചകൻെറ വഴി
ശ്രീ ഒ.വി. വിജയൻ
എൻെറയും നിൻെറയും കഥ;
അവൻെറയും
ശ്രീ. യശ്പാൽ

വിനോദം
29
ഇതാ ഒരു
സിനിമാഗാനം
ശ്രീ. പി. സുബ്രഹ്മണ്യപിള്ള

ലേഖനം
9
ഒരു സ്നേഹിതൻെറ
വിയോഗം
ശ്രീ എം.പി. നാരായണപിള്ള
31
ഉന്മാദത്തെപ്പറ്റി
ശ്രീ നിത്യചൈതന്യയതി

ജീവചരിത്രം
37
അവസാനത്തെ
നാടുവാഴിയുടെ അമ്മ
ശ്രീ ടി.എൻ. ഗോപിനാഥൻ നായർ
44
സാഹിത്യവാരഫലം
ശ്രീ എം. കൃഷ്ണൻനായർ

കാർട്ടൂൺ
50
ബോബനും മോളിയും
ശ്രീ ടോംസ്
മുഖചിത്രം:
കളർ ട്രാൻസ്പരൻസി
ശ്രീ ജയൻ

സോഷ്യലിസം വ്യത്തികെട്ട വാക്കോ?'

അതെ എന്നു തോന്നുന്നു. അതല്ലെങ്കിൽ, ഭാരതത്തിലെ ഇടതുപക്ഷ നേതാക്കന്മാർ പോലും, എന്തിന്—ഇ.എം.എസ് പോലും, ഇപ്പോൾ 'സാമൂഹ്യനീതി' എന്നേ പറയുന്നുള്ളു, സോഷ്യലിസം എന്ന വാക്ക് ഉപയോഗിക്കാൻ മടിക്കുന്നതെന്തേ? അപ്പോൾപ്പിന്നെ മൻമോഹൻസിംഗിനെ കുററപ്പെടുത്തണോ?

ശരിയായി കൃഷിചെയ്താൽ ലോകത്തെ മുഴുവൻ തീററിപ്പോററാനുള്ള കഴിവ് റഷ്യക്കുണ്ട്. ആ റഷ്യ എഴുപതുവർഷത്തെ കമ്മ്യൂണിസ്ററു-സോഷ്യലിസ്ററു സിദ്ധാന്തം പിൻതുടർന്നിട്ട് ലോകത്തിലെ ഏററവും വലിയ പട്ടിണിരാജ്യമായിത്തീരുകയും, അമേരിക്കയുൾപ്പെടെയുള്ള മുതലാളിത്തരാജ്യങ്ങളുടെ മുമ്പിൽ പിച്ചച്ചട്ടിയുമായി നില്ക്കുകയും ചെയ്യുന്നു. എന്നിട്ടും സോഷ്യലിസ്ററു ഭ്രാന്തോ? എന്താ ഭാരതത്തെയും സോഷ്യലിസത്തിനു ബലികൊടുക്കണോ? മനുഷ്യസമുദായത്തിൻെറ മുഴുവൻ ചോരകുടിച്ചെങ്കിലേ സോഷ്യലിസത്തിൻെറ ദാഹം തീരുകയുള്ളോ?

പ്രൊഫ.എം. രാമകൃഷ്ണൻനായർ
വള്ളംകുളം
തിരുവല്ല

സോഷ്യലിസത്തിൻെറ അയിത്തവും മദ്ധ്യ-ഇടത് രാഷ്ട്രീയവും

830-ാം ലക്കത്തിലെ മുഖക്കുറിപ്പ് ('സോഷ്യലിസം വ്യത്തികെട്ട വാക്കോ?') വായിച്ചപ്പോൾ എന്തോ ഒരാശ്വാസം തോന്നി. നമ്മുടെ മാധ്യമങ്ങൾക്കിടയിൽ ഇങ്ങിനെ ഒരുൾത്തുടിപ്പ് ഇപ്പോഴും നിലനിൽക്കുന്നല്ലോ! കാരണം, കഴിഞ്ഞ രണ്ടു മാസങ്ങളായി ഇതേ ചോദ്യം മനസ്സിൽ പൊന്തിവരികയായിരുന്നു. എത്ര പെട്ടെന്ന് 'സോഷ്യലിസം' നമുക്ക് വേണ്ടാതായി? പകരം 'മാനുഷിക മുഖമുള്ള മുതലാളിത്തം' മതിയെന്നായിരിക്കുന്നു. രൂപയുടെ വിനിമയമൂല്യം കുറച്ച് അന്താരാഷ്ട്ര വിപണിയിലെ കച്ചവട സംഘത്തിലേക്ക് അരയും തലയും മുറുക്കിയിറങ്ങുക മാത്രമേ നമുക്ക് ഇനി ശരണമുള്ളു എന്ന് ധനമന്ത്രി പറയുമ്പോൾ, അങ്ങിങ്ങ് ചില്ലറ പ്രതിഷേധവും അവിശ്വാസവും ഉയരുന്നുണ്ട്. എങ്കിലും ഒരു കമ്പോള സംസ്കാരം അതിൻെറ എല്ലാ ഉന്തോടും തള്ളോടും നടപ്പാക്കി ഭരണവ്യവസ്ഥയെയും സാമൂഹ്യ വ്യവസ്ഥയെയും ജ്ഞാനസ്നാനം ചെയ്യിച്ചാലേ നമുക്ക് രക്ഷയുള്ളു എന്ന് മധ്യപക്ഷക്കാർ മാത്രമല്ല ഇടതുപക്ഷക്കാർപോലും ധരിച്ചുവച്ച മട്ടായിരിക്കുന്നു.

സോഷ്യലിസമാണോ യഥാർത്ഥത്തിൽ പരാജയപ്പെട്ടത്? നാല്പതു വർഷക്കാലം ആ പേരിൽ അനാസ്ഥയും അഴിമതിയും ഉദാസീനതയും നാം കാണിച്ചുവെന്നത് സത്യം.

പക്ഷെ അർദ്ധപട്ടിണിക്കാരായ കൃഷീവലന്മാരും കൈത്തൊഴിലുകാരും അസംഘടിതരും, അതുകൊണ്ട് രാഷ്ട്രീയ സാമ്പത്തിക മേഖലയിലെ അധികാര വിന്യാസങ്ങൾക്ക് അകലെയായിപ്പോയി. ഉദ്പാദനത്തിലും യഥാർത്ഥ സേവനത്തിലും ഏർപ്പെട്ടിരുന്ന അവരെ, സംഘടിത പ്രസ്ഥാനങ്ങൾ തഴഞ്ഞതും വഞ്ചിച്ചതും അല്ലേ നമ്മെ പരാജയപ്പെടുത്തിയത്? പാരമ്പര്യാധിഷ്ഠിതവും ചലനവേഗത കുറഞ്ഞതുമായ സമൂഹത്തിൽ, ഇടനിലക്കാരൻ—അവൻ വ്യാപാരിയാകട്ടെ, രാഷ്ട്രീയക്കാരനാകട്ടെ, സമുദായനേതാവാകട്ടെ, കുറെക്കാലം സംതൃപ്തനായിരുന്നു. ഇന്നിനി സമ്പദ്വ്യവസ്ഥ പൂർണ്ണമായും കമ്പോളാടിസ്ഥാനത്തിൽ ആകുമ്പോൾ—ആഭ്യന്തരമോ അന്താരാഷ്ട്രമോ ആകട്ടെ—അവിടെ തഴച്ചുകൊഴുക്കുന്നതും ഇടനിലക്കാരൻ തന്നെയായിരിക്കും. അവൻ. മെനഞ്ഞെടുക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങളും.

സോഷ്യലിസത്തിൻെറ പുണ്യഭൂമിയായ റഷ്യയിൽ അയിത്തം കല്പിക്കപ്പെട്ട സോഷ്യലിസം ഇനി നമുക്കെന്തിന് എന്ന ചിന്തയും സഹതാപം അർഹിക്കുന്നു. അവിടെ നടന്നതും സോഷ്യലിസത്തിൻെറ പേരിലുള്ള ദല്ലാൾ വ്യാപാരവും അതിനുവേണ്ടിയുള്ള സ്ഥാപന വൽക്കരണവും മാത്രമാണ്. താൻ എടുക്കുന്നതിനേക്കാൾ കൂടുതൽ അല്ലെങ്കിൽ അത്രയെങ്കിലും സമൂഹത്തിന് നൽകുക എന്ന സോഷ്യലിസ്ററ് സിദ്ധാന്തവും, താൻ നൽകുന്നതിനെക്കാൾ എത്രയും അധികം തിരിച്ചെടുക്കുക എന്ന കമ്പോളസിദ്ധാന്തവും എങ്ങനെ പൊരുത്തപ്പെടുത്താം എന്ന ചിന്താക്കുഴപ്പം നമ്മെ ഇന്നലെകളിൽ ഗ്രസിച്ചിരുന്നു. ഇനി അതില്ല. ഇന്ന് ആദ്യത്തേതിനെ തള്ളിപ്പുറത്താക്കി വാതിലടച്ച് മറുവശത്ത് ആഗോളവ്യാപാരത്തിൻെറ വാതിലും തുറന്ന് കുതിച്ചുചാട്ടത്തിന് നാം തയ്യാറെടുക്കുകയാണ്.

'വിദേശനാണ്യം' എന്ന പഞ്ചാക്ഷരമന്ത്രം മാത്രമായിരിക്കുന്നു ഇന്ന് നമ്മുടെ സാമ്പത്തിക തത്വശാസ്ത്രം. ആ അടിസ്ഥാനത്തിലാകുമ്പോൾ നമുക്ക് മറെറാരു പോംവഴിയുമില്ലെന്നും സിദ്ധിക്കുന്നു. പക്ഷെ ഇത്രയധികം വിദേശനാണ്യം നമുക്ക് വേണമോ? അതാകണമോ നമ്മുടെ പരമലക്ഷ്യം?

സ്വദേശി എന്നൊരു വാക്കും സങ്കല്പവും സ്വരാജ് എന്ന മറെറാന്നിനോടൊപ്പം നമുക്ക് നൽകിയ ഒരു വൃദ്ധൻ, ഇന്ന് 'മഹാത്മാ' എന്നൊരു തുണിക്കഷണം പുതച്ച് കവലകളിൽ പ്രതിമകളായും, പുസ്തകങ്ങളിൽ വിശിഷ്ടനായും, അനുയായികളായെത്തി അരങ്ങിൽ തുടർന്ന് ആടിയവരുടെ ചെയ്തികൾകൊണ്ട് ആക്ഷേപപാത്രമായും തീർന്ന ദശകങ്ങൾ കൂടിയാണ് നാം പിന്നിട്ടത്. അധികാര വികേന്ദ്രീകരണം മാനസികമായി സജീവവും ചലനാത്മകവുമാകുമ്പോൾ, ആവശ്യത്തിൻെറ പരിധികൾ നാം ബോധപൂർവം ചുരുക്കുമ്പോൾ, പ്രകൃതിയുടെ താളവും നാദവുമായി മനുഷ്യൻ പൊരുത്തപ്പെടുമ്പോൾ, മനുഷ്യൻെറ ആന്തരികലോകവും സമൂഹജീവിതവും സ്വസ്ഥതനേടുമെന്ന് അദ്ദേഹം കണ്ടെത്തിയിരുന്നു. സ്വദേശി, സ്വരാജ്, സ്വാശ്രയത്വം, സ്വസ്ഥത ഇവയൊന്നും വെറും വാക്കുകളായിരുന്നില്ല ആ അർദ്ധനഗ്നന്. അദ്ദേഹത്തെ കാളവണ്ടിക്കാരനും പിന്തിരിപ്പനുമായാണ് നമ്മുടെ കമ്മ്യൂണിസ്ററുകാർ കണ്ടത്.

റഷ്യയുമായി വ്യാപാരവും വിധേയത്വവും നടത്തുന്നത് സോഷ്യലിസവും, അമേരിക്കയുമായോ ജപ്പാനുമായോ ആകുമ്പോൾ മുതലാളിത്തവുമായി കരുതിയത് മറെറാരു വീഴ്ച.

പടിയടച്ച് പിണ്ഡംവച്ച് 'സോഷ്യലിസ'ത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഈ വെമ്പൽ കാണുമ്പോൾ വേദനയും സഹതാപവും തോന്നുന്നു.

ഡോ. കെ.എ.കുമാർ എം.ഡി.
തിരുവനന്തപുരം മെഡിക്കൽ കോളേജ്.

കൂസാക്കുന്നില്ല-തെററ്

831-ാം നമ്പർ കലാകൗമുദി വാരികയിൽ 'ഭരണാധികാരികൾ കൂസാക്കുന്നില്ല' എന്ന് എസ്. ഇയചന്ദ്രൻനായരുടെ മുഖലേഖനത്തിൽ കണ്ടു. 'കൂസാക്കുക' എന്നൊരു പദം മലയാളത്തിൽ ഉണ്ടോ? കുചൂ(സ്യ)ക എന്നതിന് പേടിക്കുക, പതുങ്ങുക, വഴങ്ങുക എന്നൊക്കെയാണ് അർത്ഥം. കുച്ചുവിലങ്ങ് ആനയെ വഴങ്ങിക്കാൻ, നിയന്ത്രിക്കാൻ ഉള്ള വിലങ്ങാണ്. 'അധികാരികൾ കൂസുന്നില്ല', 'അധികാരികൾക്ക് കൂസലില്ല' ഇതിലൊന്നായാൽ മലയാളശൈലിക്കിണങ്ങും.

സ്നേഹാദരങ്ങളോടെ

സി.വി.വാസുദേവഭട്ടതിരി
ഗീതാഭവൻ, അയിരാണിക്കുടി പി.ഒ.
പത്തളം-689 515

സീരിയൽ കില്ലർമാരുടെ രാജ്യം

ഒരു ബാരലിൽ നാലുപുരുഷ കബന്ധം. രണ്ടു ശിരസ്സുകൾ ഒരു റഫ്രിജറേറ്ററിൽ. മറ്റ് രണ്ടെണ്ണം ഒരു ഫ്രീസറിൽ. വൃത്തിയായി വേവിച്ച നാല് ശിരസ്സുകൾ. ഒരു കെറ്റിൽ നിറയെ ജനനേന്ദ്രിയങ്ങൾ- അമേരിക്കയിലൊരു നഗരത്തിൽ ജെഫ്റി ഡാമർ എന്ന മുപ്പത്തൊന്നുകാരൻെറ മുറിയിൽ നിന്നും കണ്ടെടുത്ത ''അമൂല്യ വസ്തു''ക്കളാണിവ. പതിനേഴ് പേരെ കശാപ്പു ചെയ്ത ഡാമറിൻെറ വിനോദമാണത്രെ, തൻെറ ഇരയുടെ അസ്ഥിക്കഷണങ്ങൾ ട്രോഫിയായി സൂക്ഷിക്കുക. ഈ കണ്ടെത്തൽ ജനങ്ങളെ അമ്പരപ്പിച്ചുവെന്ന് അമേരിക്കൻ പത്രങ്ങൾ പറയുന്നു. ഈ അമ്പരപ്പിലോ ഞെട്ടലിലോ ഒന്നും കഴമ്പില്ലെന്നതാണ് സത്യം. എന്തെന്നാൽ ഇത്തരം കൊലകളിൽ പ്രാവീണ്യം അമേരിക്കൻ സമൂഹം നേടിയിട്ട് കാലമെത്രയോയായി. സീരിയൽ കില്ലർ എന്ന പൈങ്കിളി പേരിട്ടിരിക്കുന്ന ഈ കൊലപാതകങ്ങൾ ഒരു കൈത്തെറ്റൊന്നുമല്ല. വാഷിംഗ്ടണിൽനിന്നും ഫ്ളോറിഡവരെ ചോരപ്പാടുകൾ വീഴ്ത്തിക്കൊണ്ട് ഇരുപത്തിയെട്ടു സ്ത്രീകളെ കൊന്ന തിയോഡർ ബൻഡിടെഡും, മുപ്പത്തിമൂന്ന് ചെറുപ്പക്കാരെ പീഡിപ്പിച്ചു കൊന്ന് അവരുടെ ശവശരീരങ്ങൾ വീട്ടിലെ നിലവറയിൽ കുഴിച്ചിട്ട ജോൺവെയ്ൻ ഗേസിയും കാലിഫോർണിയായിൽ ഒൻപതു സ്ത്രീകളെ ബലാൽക്കാരം ചെയ്ത് കൊന്ന ആഞ്ജലോ ബൂണോയും അഞ്ച് ഭർത്താക്കന്മാരെ വിഷം കൊടുത്തുകൊന്ന നാന്നി ഡോസും സീരിയൽ കില്ലർമാരുടെ നിരയിലെ റിക്കാർഡുകാരാണ്.

●

അടുത്തകാലത്ത് ഹൈസ്കൂൾ വിദ്യാർത്ഥികളുടെ സെക്സിനെപ്പറ്റി അമേരിക്കയിൽ ഒരു പഠനം നടന്നു. പക്ഷേ അത് മുഴുവനാക്കാൻ ഫെഡറൽ ഗവൺമെൻറ് അനുവദിച്ചില്ല. എന്താണെന്നോ അതിനുകാരണം, ആ പഠന റിപ്പോർട്ട് പുറത്തുവന്നാൽ, അമേരിക്കൻ സമൂഹമണിഞ്ഞിരിക്കുന്ന മാന്യതയുടെ മുഖംമൂടി തകരും. ആണും പെണ്ണും പരസ്പര ബഹുമാനത്തോടെ സാഹ്ളാദം അദ്ധ്യയനം നടത്തുന്ന ഒരന്തരീക്ഷമാണ് അമേരിക്കയിലുള്ളതെന്ന സങ്കല്പത്തിനാണ് ഈ പഠനം മങ്ങലേല്പിച്ചിരിക്കുന്നത്. ഹൈസ്കൂൾ വിദ്യാർത്ഥിനികളിൽ പത്തിൽ എട്ടുപേരും, ആൺകുട്ടികളുടെ ബലാൽക്കാരശ്രമത്തിന് ബലിയാടുകളായിട്ടുണ്ടെന്നും, ''റേപ്പ്'' ഒരു സാധാരണ കൃത്യമായി തീർന്നിരിക്കയാണെന്നും ആ പഠനത്തിൻെറ പ്രാഥമിക റിപ്പോർട്ട് വെളിപ്പെടുത്തി.

ഈ പഠനം സംബന്ധിച്ച് അല്ലറ ചില്ലറ വിവാദങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ മറ്റൊരു സംഭവവും അവിടെ ഉണ്ടായി. ''ബ്രാ'' ഉപേക്ഷിച്ച് വനിതാ വിമോചനം തുടങ്ങിയ ധീരവനിതകളുള്ള അമേരിക്കൻ സമൂഹത്തിൻെറ പുരുഷ മേധാവിത്വത്തിൽ പ്രതിഷേധിച്ച് സമുന്നതയായ ഒരു ന്യൂറോ സർജൻ ജോലി രാജിവയ്ക്കുകയുണ്ടായി. സഹഡോക്ടർമാരിൽനിന്നുള്ള ആക്രമണം അസഹ്യമായതാണത്രെ, ആ രാജിക്ക് കാരണം.

●

അങ്ങനെ രോഗഗ്രസ്തമായ ആ സമൂഹമാണ് ഇന്ത്യയിലെ ഇടത്തരക്കാരൻെറ സ്വപ്നം.

മൾട്ടിനാഷണലുകളെ രണ്ടുകൈയും നീട്ടി സ്വാഗതം ചെയ്യാൻ ഇന്ത്യയിലെ ഭരണാധികാരികൾ കച്ചകെട്ടി നിൽക്കുന്നത് ആ സ്വപ്നം സഫലമാക്കാനാണ്. അതിനുവേണ്ടി അവർ കുഴിച്ചുമൂടാൻ പോകുന്നത് ഗാന്ധിജിയുടെ സ്വപ്നത്തെയാണ്—സ്വാഭിമാനമുള്ള ഒരു ജനതയെന്ന സ്വപ്നം.

എസ്. ജയചന്ദ്രൻനായർ

അടർന്നുവീഴാത്ത ഒരു കണ്ണീർക്കണം

വിജു വി.നായർ

ബോംബെയിൽ പാലിഹില്ലിലുള്ള അനു[illegible] അപ്പാർട്ട്മെൻറിൻെറ 303-ാം നമ്പർ ഫ്ളാററിൽ തീ പുകഞ്ഞിട്ട് ഒന്നരമാസം പിന്നിടുന്നു. ഉരിയാട്ടം നിലച്ച ആ വീടിൻെറ അകത്തളത്തിൽ എന്നീഭവിച്ച കണ്ണീർക്കണം പോലൊരു സ്ത്രീരൂപം—സത്യ.

52 വയസ്സുള്ള ഈ അമ്മയെ നിങ്ങളറിയും. സത്യയായല്ല; മിസ്സിസ് ദൊരൈസ്വാമിയായി. അവരുടെ ഏകാശ്രയമായ ഭർത്താവിൻെറ ജീവനുവേണ്ടി ഇന്ത്യാഗവൺമെൻറും കാശ്മീർ തീവ്രവാദികളും തമ്മിൽ വിലപേശുന്ന കഥയും. ക്രൂരമായ ഈ മനുഷ്യലേലത്തിൽ 84 കോടി ജനങ്ങൾ നിസ്സഹായതയോടെ കാഴ്ചക്കോലങ്ങളാവുന്ന ചരിത്രവും.

ഈ ലേഖകൻ ശ്രീമതി സത്യയെ കാണാനെത്തുമ്പോൾ ശ്രീ.ദൊരൈസ്വാമിയെ തട്ടിക്കൊണ്ടുപോയിട്ട് നാല് പതുദിവസങ്ങൾ കഴിഞ്ഞിരുന്നു. ഇക്കഴിഞ്ഞ ജൂൺ 26-നാണ് ഇന്ത്യൻ ഓയിൽ എക്സിക്യൂട്ടീവ് ഡയറക്ടറായ അദ്ദേഹം ശ്രീനഗറിനു വിമാനം കയറിയത്. മഞ്ഞുപൊഴിയുംകാലത്ത് കാശ്മീർ താഴ്വരയിൽനിന്ന് ശ്രീനഗർ ഒററപ്പെട്ടുപോകുന്നതിനാൽ അവിടേക്ക് എണ്ണയെത്തിക്കാൻ നിവർത്തിയില്ലാതാവുന്നു. ഈ പ്രശ്നം പരിഹരിക്കാൻ ഇന്ത്യൻ ഓയിൽ കമ്പനി നടത്തുന്ന പണി ത്വരിതപ്പെടുത്താൻവേണ്ടി ശ്രീനഗറിലെത്തിയ ദൊരൈസ്വാമി ജീവനക്കാരുടെ ഒരു യോഗം വിളിച്ചു. ജൂൺ 28-ന് യോഗം നടന്നുകൊണ്ടിരിക്കെ ഇക്വാൻ-ഉൾ-മുസ്ളീമീൻ സംഘടനക്കാരെന്നു സ്വയം പരിചയപ്പെടുത്തിയ ഒരു സംഘം തോക്കുധാരികളെത്തുന്നു. എക്സിക്യൂട്ടീവ് ഡയറക്ടറെ തിരക്കുന്നു. പറഞ്ഞില്ലെങ്കിൽ മററുള്ളവരെ വെടിവച്ചു കൊല്ലുമെന്ന് ഭീഷണി ലഭിച്ചതോടെ ദൊരൈസ്വാമി സ്വയം മുന്നോട്ടുവന്നു കീഴടങ്ങുന്നു.

ദൊരൈസ്വാമിയുമായി സ്ഥലംവിട്ട ഇക്വാൻ-ഉൾ-മുസ്ളീമീൻ സംഘക്കാർക്ക് ലക്ഷ്യങ്ങൾ പലതുണ്ടായിരുന്നു. ജയിലിൽ കിടക്കുന്ന പല തീവ്രവാദികളെയും നിരുപാധികം വിട്ടുകിട്ടണം. അവർ ഗവൺമെൻറിനു ലിസ്ററു കൊടുക്കുന്നു. ഇടനിലക്കാരൻ എന്ന നിലയിൽ ഒരു സിദ്ദിക്കി വരുന്നു. തീവ്രവാദികളുടെ ലിസ്ററിൻപ്രകാരമുള്ള തടവുപുള്ളികളെ സുരക്ഷിതമായി കൈമാറിയതോടെ ഇക്വാൻ-ഉൾ-മുസ്ളീമീൻ കാലുമാറുന്നു. കൂടുതൽപേരെ വിട്ടുകിട്ടണം. ഇതിനിടെ ഇടനിലക്കാരനെയും പൊടുന്നനെ ''കാണാതായി.'' തീവ്രവാദികൾ അയാളെയും തട്ടിയെടുത്തതാണെന്നൊരു കഥയും പ്രചരിച്ചു. ഇതോടെ ഗവൺമെൻറുഭാഗം പിടിമുറുക്കി. തീവ്രവാദികളുടെ നെറിയില്ലാത്ത നിലപാട് ഇനി വിശ്വസിക്കാനാവില്ലെന്നാണു ഗവൺമെൻറുപക്ഷം.

ഗവൺമെൻറ് വഴങ്ങുന്നില്ലെന്നു കണ്ടതിനാൽ ദൊരൈസ്വാമിയുടെ കൈകാലുകൾ വെട്ടിക്കളയുമെന്നതാണ് തീവ്രവാദികളുടെ ഏററവുമൊടുവിലത്തെ ഭീഷണി. നിരപരാധിയായ ഒരു മനുഷ്യൻെറ ജീവൻവച്ചുള്ള ഈ ചൂതാട്ടത്തിന് ദയനീയമായ മറെറാരു വശമുണ്ട്.

ഇന്ത്യാഗവൺമെൻറ് ഇതേവരെ തീവ്രവാദികളുമായി ബന്ധപ്പെട്ടിട്ടില്ല. ബന്ധം പുലർത്തിവരുന്ന, ദൊരൈസ്വാമിയെ ഉടനെ മോചിപ്പിക്കും എന്നൊക്കെ പാലർമെൻറിനുള്ളിൽ സ്പെഷൽ പ്രൊട്ടക്ഷൻ ഫോഴ്സിൻെറ ബന്തവസ്സിൽനിന്നുകൊണ്ട് മന്ത്രികേസരികൾ ഇളക്കുന്ന വീമ്പു മാത്രമാണു നാം കേൾക്കുന്നത്. വാസ്തവമെന്താണ്?

തീവ്രവാദികളുടെ വക്താവ് എന്നവകാശപ്പെട്ട് ആരെങ്കിലുമൊരാൾ കാശ്മീരിലെ ഏതെങ്കിലുമൊരു പത്രമോഫീസിൽ ഫോൺ ചെയ്തുപറയുന്ന വിവരങ്ങളാണ് ഗവൺമെൻറ് ഔദ്യോഗികക്കുറിപ്പായി അടുത്ത ദിവസമിറക്കുന്നത്. ഈ 'ഔദ്യോഗിക' വിവരമറിയാനാണെങ്കിൽ എസ്.ബി.ചവാനും കൃഷ്ണകുമാറും ലക്ഷങ്ങൾ മുടക്കി ശ്രീനഗർ 'സന്ദർശിക്കേണ്ട'തില്ല. വീട്ടിലിരുന്നാലും പത്രം കിട്ടുമല്ലോ.

ദൊരൈസ്വാമിയെക്കുറിച്ചു വിവരങ്ങളറിയാൻ ഗവൺമെൻറുമായി ബന്ധപ്പെടാൻ പോലും ആ മനുഷ്യൻെറ കുടുംബത്തെ ഇതേവരെ അനുവദിച്ചിട്ടില്ല. വിവരം വല്ലതുമുണ്ടെങ്കിൽ അങ്ങോട്ടറിയിക്കാം എന്ന മുഖമടച്ച മറുപടി മാത്രമാണ് ഒരുമാസം മുമ്പ് കേന്ദ്ര ആഭ്യന്തരമന്ത്രാലയം ശ്രീമതി സത്യയ്ക്കു നൽകിയത്. മാത്രമല്ല, ഒരു ജനതയുടെയും അവരുടെ ഗവൺമെൻറിൻെറയും ഗുരുതരമായ കഴിവുകേടും ചരിത്രപരമായ നെറികേടുകളുംകൊണ്ട് ഈ നാട്ടിലെ ഒരു സ്ത്രീക്കുണ്ടായ കൊടിയ ദുഃഖത്തിൽ ഒരു നല്ലവാക്കോതാൻപോലും ഒരൊററ മന്ത്രിയോ രാഷ്ട്രനേതാവോ ഇതേവരെ മനസ്സുകാട്ടിയതുമില്ല.

മുൻ കേന്ദ്രമന്ത്രി മുഫ്തി മുഹമ്മദിൻെറ മകളെ തട്ടിയെടുത്തപ്പോഴും, എന്തിന് എസ്.ബി. ചവാൻെറ നന്ദാഡിലുള്ള പഴയ വീട്ടിൽ ആളില്ലാത്തപ്പോൾ ആരോ കക്കാൻ കയറിയെന്നു കേട്ടപ്പോഴുമൊക്കെ കേന്ദ്രമന്ത്രിമാർ പാഞ്ഞെത്തിയത് നാം കണ്ടതാണ്. സോണിയാഗാന്ധിയുടെ പര്യമ്പുറത്തുനിന്ന് ഇപ്പോഴും മന്ത്രിപ്രവാഹമൊഴിഞ്ഞിട്ടില്ല. ഈ പശ്ചാത്തലത്തിൽവേണം ദൊരൈസ്വാമി എന്ന ഇന്ത്യൻ പൗരൻെറ ഭാര്യയോടുള്ള നമ്മുടെ സമീപനവും അളക്കേണ്ടത്.

രാഷ്ട്രീയക്കാരനല്ലെങ്കിൽ ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് യാതൊരു പരിഗണനയുമുണ്ടാവില്ലെന്നതിൻെറ നഗ്നമായ തെളിവല്ലേയിത്?

ദൊരൈസ്വാമിയെ തട്ടിക്കൊണ്ടുപോയതോടെ ഇന്ത്യൻ ഓയിൽ ഉദ്യോഗസ്ഥരും ഭീതിയിലായി. അവരുടെതന്നെ മറെറാരു എക്സിക്യൂട്ടീവ് ഡയറക്ടറെ ഡെൽഹിയിൽവച്ച് തട്ടിയെടുക്കാൻ ശ്രമം ഇക്കഴിഞ്ഞമാസം നടന്നു. ഇതെല്ലാമായിട്ടും കലാപബാധിത പ്രദേശങ്ങളിലുള്ള ഉദ്യോഗസ്ഥരെയും ടാർജററാവാൻ സാധ്യതയുള്ള മററുള്ളവരെയും സംരക്ഷിക്കാൻ യാതൊരു നടപടിയും ഗവവൺമെൻറിൻെറ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ''ഞങ്ങൾ ഞങ്ങളുടേതായ രീതിയിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ ശ്രമിക്കുന്നു'' എന്നാണ് ഇന്ത്യൻ ഓയിലിൻെറ പബ്ളിക് റിലേഷൻസ് ഓഫീസർ ശ്രീ.സഹായി പറഞ്ഞത്.

ഈ രണ്ടു വസ്തുതകളും ഗവൺമെൻറിന് രാഷ്ട്രീയക്കാരല്ലാത്ത ജനവിഭാഗത്തോടുള്ള നിലപാടിൻെറ ഉള്ളു വ്യക്തമാക്കുന്നു. ഇതൊക്കെയല്ലാതെ പിന്നെ ഞങ്ങളെന്തു ചെയ്യാനാണെന്നു ചോദിച്ച് ഉള്ളുപ്പില്ലാതെ കൈമലർത്തുന്നവരാണ് നമ്മുടെ ഭരണാധികാരികൾ.

എന്നാൽ, ആലംബമായി മക്കളോ മാതാപിതാക്കളോ ഇല്ലാത്ത 52-കാരിയായ സത്യാ ദൊരൈസ്വാമി എന്ന ചോദ്യചിഹ്നത്തിനു മുമ്പിൽ മനഃസാക്ഷിയുള്ള ഒരിന്ത്യാക്കാരൻെറയും നാവു പൊന്തില്ല. സ്പന്ദിക്കുന്ന ഒരു കണ്ണീർക്കണമായിരിക്കുന്ന ആയമ്മയ്ക്കു മുമ്പിൽ വാക്കുകൾ വിലക്കുമ്പോൾ മനസ്സു പറഞ്ഞു—വരേണ്ടിയിരുന്നില്ല. സത്യത്തിൻെറ

ദൊരസ്വാമി



ശ്രീമതി ദൊരസ്വാമിയും അമ്മയും നടുക്ക് സൂസി എന്ന നായ്ക്കുട്ടിയും

തീക്ഷ്ണതയ്ക്കു മുമ്പിൽ എന്നും ഒളിച്ചോടാൻ ശ്രമിക്കുന്ന നമ്മുടെ മനസ്സ്. വാസ്തവത്തിൽ, ഈ മഹാരാജ്യം നടത്തിയ ഹീനമായ ഒരൊളിച്ചോട്ടത്തിൻെറ ദാരുണപരിണതിയല്ലേ കൺമുമ്പിൽ നിരാലംബയായിരിക്കുന്ന ഈ അമ്മ?

കാശ്മീർ പ്രശ്നത്തിന് വർഷങ്ങളുടെ പഴക്കമുണ്ടെങ്കിലും അത്രയും വ്യാപകമായ ഭീകരപ്രവർത്തനമാരംഭിക്കുന്നത് രണ്ടുവർഷം മുമ്പു മാത്രമാണ്. ബൊഫോഴ്സ് അപവാദച്ചൂടിൽ ഇന്ത്യ അമർന്നിരിക്കുമ്പോഴായിരുന്നു തുടക്കം. പിന്നീട് പൊതുതിരഞ്ഞെടുപ്പും ന്യൂനപക്ഷ വിവാദങ്ങളും ശ്രദ്ധാകേന്ദ്രങ്ങളായപ്പോൾ കാശ്മീരിലെ ചോരക്കറ ലേശം മങ്ങിപ്പോയി. എന്നാൽ ഈ നേരമെല്ലാം കാശ്മീരിൻെറ പേരിൽ എണ്ണമററ ജീവനും പൊതുസമ്പത്തും ഇന്ത്യയുടെ സൽപ്പേരും നിഷ്കരുണം ചീന്തയെറിയപ്പെടുകയായിരുന്നു. ശത്രുക്കൾക്കുപോലും വരരുതാത്ത ധമനീസ്തംഭനമാണ് ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥയെ ശ്രദ്ധിച്ചത്. ഈ സാമൂഹ്യവ്യാധി ഒരു പകർച്ചവ്യാധിയാണെന്നതിന് നമ്മുടെതന്നെ ചരിത്രപാഠങ്ങൾ സാക്ഷി.

സത്യത്തിൽ രോഗബീജത്തിൻെറ പിറവി ഒരു പഴയ ഇന്നലെയിലാണ്. കൃത്യമായി പറഞ്ഞാൽ 1949 ജനുവരി ഒന്നിന്. അന്നാണ് നാം ഇന്ത്യാക്കാർ, നമ്മുടെ കാശ്മീരിലെ ശേഷക്കാരോട് ആദ്യത്തെ വഞ്ചന കാട്ടിയത്. താൽക്കാലികമായ ഒരു വെടിനിർത്തലിനു വേണ്ടി ജവഹർലാൽനെഹ്റു കാശ്മീരികാർക്കൊരു വാഗ്ദാനം കൊടുത്തു—റഫറൻഡം. ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതു സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ഹിതപരിശോധന നടത്താമെന്ന്. ആ വാക്കു പാലിക്കാൻ നെഹ്റുവിനോ പിൻഗാമികൾക്കോ കഴിഞ്ഞില്ല. എന്നുമാത്രമല്ല, പിന്നീടുവന്ന പൊതുതിരഞ്ഞെടുപ്പുകളിൽ നമ്മുടെ ഭരണാധികാരികൾ തന്നെ കാശ്മീരിൽ അതിക്രമങ്ങൾ യഥേഷ്ടം നടത്തി അവരവരുടെ കസേരയുറപ്പിച്ചു. ഇതിനൊക്കെപ്പുറമെ, അസന്തുലിത

തട്ടിക്കൊണ്ടുപോയവർ
പുറത്തുവിട്ട ദൊരസ്വാമിയുടെ ചിത്രം

വികസന നയങ്ങളുടെ ഭാഗമായുണ്ടായ തൊഴിലില്ലായ്മയും കാശ്മീരികളെ തോക്കെടുപ്പിച്ചെങ്കിൽ അദ്ഭുതമില്ല.

ഇന്ത്യൻ മനഃസാക്ഷിയിൽ വീണ ഈ രക്തത്തുള്ളി ആരാണു മായ്ക്കുക? നെഹ്റുവും ഇന്ദിരയും പിൻഗാമികളുമെല്ലാം ഒന്നുപോലെ മൂടിവച്ച ഈ കരിമുറിവാണ് സത്യാദൊരൈസ്വാമിയുടെ ദുരോഗത്തിൻെറയും കാതൽ.

വിദേശശക്തികളുടെ പിൻബലത്തിലാണ് ചില തീവ്രവാദികൾ കലാപമുയർത്തുന്നതെന്ന് പറഞ്ഞ് തടിതപ്പാനാണ് കേന്ദ്രഗവൺമെൻറുകൾ ഇതുവരെ ശ്രമിച്ചത്. മുമ്പ് മലയായിൽ ചൈനയുടെ സഹായത്തോടെ ഇതേതരത്തിലൊരു ഭീകരപ്രശ്നമുണ്ടായപ്പോൾ ബ്രിട്ടീഷുകാർ കാണിച്ച പ്രായോഗിക ബുദ്ധിയാണ് ഇവിടെ നമ്മൾ ഓർക്കേണ്ടത്. മലയായുടെ ഏക ഭരണാധിപനായി ജനറൽ ടെംപ്ളറെ അവർ നിയമിച്ചു. വിവേകപൂർവ്വമായ ചരടുവലിയിലൂടെ പ്രതിലോമകാരികളെ പട്ടിണിക്കിട്ട് കീഴടക്കി ടെംപ്ളർ.

എന്നാൽ ഇതിലൊക്കെ അധികാരവും ശക്തിയുമുള്ള നമ്മുടെ നേതാക്കൾ ചെയ്യുന്നതെന്താണ്? കൂടുതൽ മുറിവുകൾ സൃഷ്ടിക്കാനല്ലാതെ, ഉള്ള മുറിവുണക്കാനോ, ടാർജററുകണ്ട് ആക്രമിക്കാനോ അവർക്ക് കഴിവില്ല. കാശ്മീർ തീവ്രവാദികൾ ആക്രമണം നടത്തുന്നത് നിശ്ചസമയങ്ങളിലും നിശ്ചിതസ്ഥലങ്ങളിലുമാണ്. തികച്ചും അപ്രതീക്ഷിതമായ ഈ ഗറില്ലാ ആക്രമണത്തിൻെറ

കേന്ദ്രം കണ്ടെത്താൻ ഗവൺമെൻറിനായിട്ടില്ല. അതേസമയം, തന്ത്രപരമായ ഒരു നിലപാട് കൂടുതൽ കൂടുതൽ അപ്രാപ്യമാക്കുന്ന മണ്ടത്തരങ്ങളുടെ ഒരു പേട്ടതന്നെയാണവർ അവലംബിക്കുന്നതും.

ഉദാഹരണമായി—ടൂറിസ്റ്റുകളെ ആശ്രയിച്ച് കഴിയുന്ന ഒരുനാടാണ് കാശ്മീർ. അക്രമം ഭയന്ന് ടൂറിസ്റ്റുകൾ വരാതായപ്പോൾ തടാകങ്ങളിലെ ബോട്ടുകാർക്കെല്ലാം സർക്കാര് പണം കൊടുത്തുതുടങ്ങി. കച്ചവടക്കാരെ രക്ഷിക്കാൻ കാശ്മീർ കമ്പോളങ്ങൾ സർക്കാര് വിലയ്ക്കെടുത്ത് ഗോഡൗണുകളിൽ കൂട്ടിവയ്ക്കുന്നു. ഒരു പണിയും ചെയ്യാതെ സർക്കാരിൻെറ പണംപററുന്ന ഈ വിഭാഗമാണ് കലാപകാരികൾക്ക് അഭയം നൽകുന്നതെന്നതാണ് ദുഃഖകരമായ വൈരുദ്ധ്യം. നാട് രക്തപൂരിതമായാലും സാമൂഹ്യജീവിതം സ്തംഭിച്ചാലും കാശ്മീരുകാർക്ക് കാശിന് പഞ്ഞമില്ലെന്നർത്ഥം. പണത്തിൻെറ ഈ ഒഴുക്കിന് ശ്രദ്ധാപൂർവ്വം കടിഞ്ഞാണിട്ടാൽ ഇനമിളകും. തൊഴിൽ ചെയ്യാനവർ നിർബന്ധിതരാകും. അതിനുള്ള സാമൂഹ്യ സാഹചര്യമില്ലാതെവന്നാൽ, അവർ തീവ്രവാദികൾക്കെതിരാകും.

നമ്മുടെ സിവിൽസർവീസ് ബുദ്ധിജീവികൾക്ക് പക്ഷേ, ഇപ്പോഴും മുസ്ലൂറി ട്രെയിനിംഗിൻെറ ഹാംഗോവറാണ്. ഭൂരിപക്ഷം വരുന്ന സമാധാനകാംക്ഷികളായ കാശ്മീർ ജനതയെ തങ്ങളുടെ വരുതിയിലാക്കാൻ ഗവൺമെൻറിന് കഴിയാഞ്ഞത് ജനസമ്പർക്കമോ നാട്ടുബുദ്ധിയോ ഇല്ലാത്ത ഈ പുസ്തക ജീവികളുടെ വിഴുപ്പ് പേറുന്നതുകൊണ്ടല്ലേ?

കാശ്മീർ പ്രദേശത്തിൻെറ പത്തിലൊൻപതു ഭാഗംവരുന്ന ലഡാക്കിലും ജമ്മുവിലും ഇലക്ഷൻ നടത്താത്തതിന് എന്ത് ന്യായമാണുള്ളത്? ഈ പ്രദേശത്തുള്ള ജനങ്ങൾ (കാശ്മീരിലെ 50% ജനസംഖ്യ) തീവ്രവാദത്തിനെതിരാണെന്നും താഴ്‌വരയിൽ മാത്രമാണ് വിഘടനവാദമെന്നും ലോകത്തെ അറിയിക്കാനുള്ള ഏകമാർഗ്ഗമാണ് ഇവിടുത്തെ ഇലക്ഷൻ. തിരഞ്ഞെടുപ്പുണ്ടായാൽ തീവ്രവാദികളുടെയും പാകിസ്ഥാൻെറയും കള്ളി വെളിച്ചത്താവുമെന്ന് എത്രവട്ടം തെളിഞ്ഞിരിക്കുന്നു. കരുവെറിഞ്ഞേ ഇരയെ കൊരുക്കാനാവൂ എന്ന ബാലപാഠംപോലുമറിയാത്തവരാണ് നമ്മുടെ അമരത്ത് എന്നറിയേണ്ടിയിരിക്കുന്നു.

സ്വന്തം അതിർത്തിപ്രദേശങ്ങളായ ബലൂചിസ്ഥാനിലും സിന്ധിലും വടക്കു പടിഞ്ഞാറൻ പ്രവിശ്യയിലും കാശ്മീരിനേക്കാൾ രൂക്ഷമായ വിഘടനപ്രശ്നം നിലവിലിരിക്കെ കാശ്മീരിനുവേണ്ടി പാകിസ്ഥാൻ ഇന്ത്യയോട് യുദ്ധംചെയ്യുമെന്ന് പ്രചരിപ്പിക്കുന്നതിലെ അസംബന്ധം ഊഹിക്കാവുന്നതേയുള്ളു. 1946 വരെ പശ്ചിമപഞ്ചാബിൽ മുസ്ലീം ഗവൺമെൻറ് എന്ന സങ്കൽപ്പമേ ഇല്ലായിരുന്നു എന്നോർക്കണം. വടക്കു പടിഞ്ഞാറൻ പ്രവിശ്യയാകട്ടെ 1946 ൽ കോൺഗ്രസ്സിന് ഭൂരിപക്ഷം നൽകിയ പ്രദേശമാണ്. പഷ്താതി മുസ്ലീങ്ങളും ഹിന്ദുക്കളും വരുന്ന സിന്ധിൽ അന്ന് 60% പേരും വിഭജനത്തിനെതിരെ വോട്ടിട്ട കഥയും മറക്കരുത്.

ഈ പശ്ചാത്തലത്തിന് മാററം വന്നിട്ടില്ലെന്നതിൻെറ തെളിവാണ് പാകിസ്ഥാനെതിരെ അവിടങ്ങളിൽ പൊന്തിവന്നിരിക്കുന്ന വിഘടനവാദങ്ങൾ. എന്നുവച്ചാൽ, പാകിസ്ഥാൻ ഒരു യുദ്ധത്തിന് മുതിർന്നാൽ അവരുടെ തന്നെ സംസ്ഥാനങ്ങളായ സിന്ധ്, ബലൂചിസ്ഥാൻ വടക്ക് പടിഞ്ഞാറൻ പ്രവിശ്യ എന്നിവിടങ്ങളിൽ വിമോചന പ്രക്ഷോഭങ്ങൾ ശക്തിപ്രാപിക്കുമെന്നർത്ഥം. നയതന്ത്രപ്രധാനമായ ഈ തിരിച്ചറിവുണ്ടാക്കിയശേഷം, കാശ്മീരിലെ ന്യൂനപക്ഷമായ വിഘടനവാദികളെ ഒററപ്പെടുത്തുകയാണ് ഇനിയിപ്പോൾ ഇന്ത്യാഗവൺമെൻറിന് ചെയ്യാവുന്ന പ്രായോഗികമായ ഏകമാർഗ്ഗം. അതിന് തയ്യാറല്ലെങ്കിൽ പണ്ട് വാഗ്ദാനംചെയ്ത റഫറൻഡം നടത്താൻ ഇന്ത്യ തയ്യാറാവണം.

ഇതൊക്കെ വീണ്ടും വീണ്ടും വിങ്ങുന്ന മുറിവാകാനുള്ള മേമ്പൊടികൾ മാത്രം. അടിസ്ഥാനപരമായ പ്രശ്നം സത്യത്തിൽ മാനസികമല്ലേ? ഭൗതികമായ അസംതൃപ്തി ഏറിവരുമ്പോൾ വ്യക്തി പ്രതികരിക്കാൻ സന്നദ്ധനാവും. ഒററപ്പെടലിൻെറ വീർപ്പുമുട്ടലിൽ അവൻ തൻെറ സത്വത്തെ ഏതെങ്കിലും

എം.പി. നാരായണപിള്ള



ഒരു സ്നേഹിതൻെറ വിയോഗം

വിജേന്ദ്രൻ

സ്വന്തമായി അച്ചടിയന്ത്രങ്ങളും ഓഫീസുകളുമൊക്കെ ഉണ്ടാവുന്നതിനുമുൻപ് പേട്ടയിലെ കേരളകൗമുദി കോംപ്ലക്സിൻെറ പിന്നിലെ ഓഫീസാക്കി മാററിയ ഒരു ഓടിട്ട വീട്ടിൽനിന്നാണ് കലാകൗമുദി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നത്.

അങ്ങോട്ടു കയറുമ്പോൾ വലതുവശത്തിട്ടിരിക്കുന്ന രണ്ടു മേശകളിൽ ഒന്നായിരുന്നു വിജേന്ദ്രൻേറത്.

ആദ്യകാലത്തെ നാലു മാനേജർമാരിൽ ഒരാളായിരുന്നു വിജേന്ദ്രൻ. ന്യൂസ്പ്രിൻറിൻെറ കാര്യങ്ങളും ബാങ്കിലെ പ്രശ്നങ്ങളും മററും നോക്കുന്ന അദ്ധ്വാനശീലനായ ഒരു ചെറുപ്പക്കാരൻ.

മാസങ്ങളല്ല, വർഷങ്ങളെടുത്തു ഈ ചെറുപ്പക്കാരൻെറ അനിതരസാധാരണമായ കഴിവുകൾ മാനേജ്മെൻറിനും സഹപ്രവർത്തകർക്കും മനസ്സിലാക്കാൻ. ഏതു പുതിയ ജോലി വന്നാലും അതെളുപ്പത്തിൽ പഠിച്ച് ഉത്തരവാദിത്വത്തോടെ സ്വയം ചെയ്യാനുള്ള ഒരു പ്രത്യേക കഴിവായിരുന്നു അത്. കലാകൗമുദി സ്വന്തമായി പ്രസ്സു വാങ്ങിയപ്പോൾ ആ പ്രസ്സിന് ബാക്കിവരുന്ന സമയം പുറത്തുനിന്നുള്ള അച്ചടിപ്പണികളെടുത്ത് ലാഭകരമായി നടത്തുന്ന രംഗത്തേക്കു വന്നു, വിജേന്ദ്രൻ. കേരളാ പബ്ളിക് സർവീസ് കമ്മിഷൻ മുതൽ സാക്ഷരതായജ്ഞക്കാരുടെ അച്ചടിജോലികളടക്കം ഒരു പുതിയ ബിസിനസ് രംഗം തന്നെ വിജേന്ദ്രൻ തുറന്നു.

ഫോട്ടോ ടൈപ്പ്സെറ്റിംഗ് തൊട്ട് പുതിയ കെട്ടിട നിർമ്മാണത്തിൻെറവരെ ചുമതല വിജേന്ദ്രനിലേക്കു മാറി. കാലക്രമേണ മറെറല്ലാ വകുപ്പുകളുടെയും ഉത്തരവാദിത്തം അദ്ദേഹത്തിനായി. മൂന്നുവർഷംമുമ്പ് ജനറൽമാനേജറായി നിയമിക്കുമ്പോൾ അദ്ദേഹം ഏറെക്കുറെ ജനറൽ മാനേജറായിത്തന്നെ പ്രവർത്തിക്കുകയായിരുന്നു.

അവിശ്വസനീയമായ അദ്ധ്വാനശീലത്തിനുപരി മാനുഷികമായ ചില ഗുണങ്ങളാണ് വിജേന്ദ്രനെ സാധാരണ മാനേജർമാരിൽനിന്നും വ്യത്യസ്തനാക്കിയത്. വിശ്വസ്തത, സത്യസന്ധത തുടങ്ങിയ കാര്യങ്ങളിൽ നൂറുശതമാനം മാർക്കു കിട്ടുന്നയാൾ. അതേസമയം, ഉടമസ്ഥന്മാർക്കും പത്രാധിപന്മാർക്കും സഹപ്രവർത്തകർക്കും തൊഴിലാളികൾക്കും തുറന്ന് പെരുമാറാവുന്ന പ്രകൃതം. ഒരാൾക്കും അന്യനാണെന്ന് തോന്നാത്ത തരത്തിലുള്ള ഒരു വിശ്വാസം ഇനിപ്പിക്കാനുള്ള കഴിവ്.

ഇതെല്ലാംകൂടി കലാകൗമുദി ഗ്രൂപ്പിൻെറ മാനേജ്മെൻറ് വിഭാഗത്തിൻെറ ആരൂഢമായി മാറി, വിജേന്ദ്രൻ.

കലാകൗമുദി ഒരു ദിനപത്രമായി ബോംബെക്ക് വന്നപ്പോൾ കേരളത്തിലെ കാര്യങ്ങളൊട്ടുമുക്കാലും അദ്ദേഹത്തിൻെറ ചുമതലയിലായിരുന്നു. ബോംബെയിൽത്തന്നെ സങ്കീർണ്ണമായ പ്രശ്നങ്ങളെന്തെങ്കിലും വരുമ്പോൾ ഇവിടെ വന്നതു പരിഹരിക്കുന്ന ചുമതലയും അദ്ദേഹത്തിനായിരുന്നു.

ബീഹാറിൽ ജോലിചെയ്തിരുന്ന കാലത്ത് വിജേന്ദ്രന് ഒരു അമീബിക് ഡിസൻട്രി വന്നു. പലതരം ചികിത്സകൊണ്ടും അതു മാറിയില്ല. രണ്ടുവർഷംമുമ്പ് പുകവലിയടക്കമുള്ള എല്ലാ അപഭ്രംശങ്ങളും നിറുത്തി 100 ശതമാനം ചിട്ടയായിട്ടുള്ള ഒരു ജീവിതചര്യ അദ്ദേഹമാരംഭിച്ചു. ആരോഗ്യം പെട്ടെന്നു മെച്ചപ്പെട്ടു. കുറച്ചുമാസം മുമ്പ് കണ്ടപ്പോൾ എന്നോടു പറഞ്ഞു- ഇപ്പോഴാണ് ശരിക്കും ജീവിക്കാൻ തുടങ്ങിയതെന്ന്.

43 വയസുമാത്രം പ്രായമുള്ള വിജേന്ദ്രൻ കലാകൗമുദിയുടെ ഏററവും വിലപ്പെട്ട സ്വത്തായിരുന്നു. അദ്ദേഹത്തിൻെറ കൈയിൽ ഈ സ്ഥാപനത്തിൻെറ ഭാവി സുരക്ഷിതമാണെന്ന് ഉടമസ്ഥന്മാർക്കും സഹപ്രവർത്തകർക്കും തൊഴിലാളികൾക്കും ഒരുപോലെ ഉറപ്പായി മാറിയ വേളയിലാണ് അപ്രതീക്ഷിതമായി വിധി ഇടപെടുന്നത്. പനിക്ക് ചികിത്സിക്കാൻ ആശുപത്രിയിൽ ചെന്ന വിജേന്ദ്രൻെറ രോഗം രക്താർബുദമാണെന്നു കണ്ടുപിടിച്ചു. പിന്നെ വിളക്കണയാനുള്ള ദിവസങ്ങൾ എണ്ണിക്കിടക്കുകയായിരുന്നു. അത് തിങ്കളാഴ്ച (ആഗസ്ററ് 5) വെളുപ്പിന് സംഭവിച്ചു.

അന്നുച്ചയ്ക്ക് ശവസംസ്കാരവും. അദ്ദേഹത്തിൻെറ ഭാര്യ അനിലകുമാരിക്കും അച്ഛനെ നഷ്ടപ്പെട്ട പിഞ്ചോമനകൾക്കും അനുശോചനമറിയിക്കുമ്പോൾ അവരെപ്പോലെ തന്നെ ഈ നഷ്ടത്തിൽ ദുഃഖിക്കുന്ന അനേകം സുഹൃത്തുക്കൾ കലാകൗമുദിയുമായി ബന്ധപ്പെട്ടവർക്കിടയിലുണ്ട്. പലപ്പോഴും ഏററവും വേണ്ടപ്പെട്ടവരെയാണല്ലോ ദൈവം ഏററവും നേരത്തെ കൊണ്ടുപോകുന്നത്.

കൂട്ടവുമായി സമഞ്ജസിപ്പിക്കാൻ ശ്രമിക്കും. വംശത്തിലും ദേശത്തിലും ജാതിയിലുമൊക്കെ മനസ് ആവേശിച്ചുപോവുന്നത് ഇവിടെവച്ചാണ്. സ്വാഭാവിക ചോദനകൾക്ക് ആക്കം കൂട്ടാൻ സാമൂഹികപീഡകൾ കൂടിയെത്തുമ്പോൾ (ഗവൺമെൻറുകളുടെ പക്ഷപാതം ഒരു ഉദാഹരണം) വംശപ്രേമവും ദേശപ്രേമവുമൊക്കെ ഫണ്ടമെൻറലിസത്തിൻെറ തലത്തിലേക്ക് വളരുന്നു. താനാരെന്നും എന്തെന്നുമുള്ള തിരിച്ചറിവിൻെറ സ്ഥാനം വ്യക്തിമനസ്സിൽ നഷ്ടമാവുന്നു. വ്യക്തികൾ സ്വയം ദേശവും വംശവും ഒക്കെയായി 'മാറു'മ്പോൾ മനുഷ്യനും അവൻെറ അന്തഃസത്തയും നിസ്സാരങ്ങളാവുന്നു. പരിഷ്കൃതരെന്നഭിമാനിക്കുന്ന നമ്മൾ ഓരോരുത്തരും ഉള്ളിൽ പേറുന്ന ഈ മൗലികവാദശകലങ്ങളല്ലേ വാസ്തവത്തിൽ ഹിമവാൻെറ കണ്ണീരും ചെനാബിൻെറ വേപഥുവും സൃഷ്ടിച്ചത്? ബോംബെ പാലി ഹില്ലിലെ 303-ാം നമ്പർ വീട്ടിൽ മൗനിയായിരിക്കുന്ന ആ അമ്മയെ ജീവച്ഛവമാക്കിയത്? ഇപമാലയും അഗ്നിഹവിസും ശക്തിസ്പർശമേൽപ്പിച്ച സ്നേഹമാണ് ഈ മണ്ണിൻേറതെന്ന് ഊററംകൊള്ളുന്ന ഭാരതീയർ സ്വയം ചോദിക്കേണ്ട ചോദ്യമാണിത്.

ജോസ് ജേക്കബ്

കേരളത്തിലെ വൈദ്യുതി: ലഭ്യതയും വിതരണവും

കേരളത്തിലെ ജലസ്രോതസ്സുകളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടാവുന്ന വൈദ്യുതി സംസ്ഥാനത്തിൻെറ വികസനാവശ്യങ്ങൾ നേരിടാൻ മതിയാവുകയില്ലെന്നും അതിനാൽ ആണവനിലയം തന്നെ ശരണമെന്നുമുള്ള വെളിപാട് നമുക്കു ലഭിച്ചത് അടുത്ത കാലത്താണ്. എന്നാൽ ഭാഗ്യമെന്നു പറയട്ടെ, വടികിട്ടാൻ വൈകിയതുകൊണ്ടടികിട്ടാൻ വൈകി എന്നുപറഞ്ഞതുപോലെ, പ്രസ്തുത വെളിപാടിൻെറ പ്രഭാവത്തിൽ നിലവിലിരുന്ന പ്രത്യേക രാഷ്ട്രീയ അന്തരീക്ഷത്തിൽ ആണവനിലയനിർമ്മാണം ഏറെയൊന്നും മുന്നോട്ടുപോയില്ല. ഇതിനിടെ അങ്ങിങ്ങെങ്കിലും ചില ആണവവിരുദ്ധ ശബ്ദങ്ങളൊക്കെ കേട്ടിരുന്നു. പുതിയ രാഷ്ട്രീയ പശ്ചാത്തലം നിലവിൽ വന്നതോടെ ആണവനിലയം യാഥാർത്ഥ്യമാക്കിയേ അടങ്ങൂ എന്ന മട്ടാണ്.

ആണവനിലയങ്ങളുടെ പരിസ്ഥിതിപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളിലേക്കല്ല, മറിച്ച് ആണവനിലയങ്ങൾ നിലവിലുള്ള സാഹചര്യങ്ങളിൽ കേരളത്തിനൊഴിവാക്കാനാവാത്തതാണോ എന്നതിലേക്കൊരു അന്വേഷണത്തിനാണിവിടെ മുതിരുന്നത്.

കേരള രൂപീകരണം മുതലുള്ള ചരിത്രം പരിശോധിച്ചാൽ, ഏതാണ്ട് 1970-കളുടെ രണ്ടാം പകുതിവരെ നാം ഒരു വൈദ്യുതി മിച്ച സംസ്ഥാനമായിരുന്നു എന്നു കാണാം. വൈദ്യുതിയുടെ മററു സംസ്ഥാനങ്ങളിലേക്കുള്ള കയററുമതി പ്രധാന വരുമാന സ്രോതസ്സുകളിലൊന്നുമായിരുന്നു. 1970-കളുടെ രണ്ടാംപകുതി മുതൽ നാം വൈദ്യുതിക്ഷാമം നേരിടാൻ തുടങ്ങി. എന്നാൽ വൈദ്യുതി-ജലസേചനരംഗത്ത് സംസ്ഥാനം വിനിയോഗിച്ചിട്ടുള്ള ആസൂത്രിതച്ചെലവിൻെറ വിഹിതം പരിശോധിക്കുമ്പോൾ ഈ ദൗർലഭ്യത്തിൽ പ്രകടമായ വൈരുദ്ധ്യമുള്ളതായി കാണാം.

പട്ടിക-ഒന്ന്

കേരളത്തിൻെറ പഞ്ചവത്സരപദ്ധതികളിൽ വൈദ്യുതി-ജലസേചനരംഗത്ത് ചെലവഴിച്ച വിഹിതം

പദ്ധതികൾ	പദ്ധതി വിഹിതം (ശതമാനം)
ഒന്നാം പദ്ധതി	60.48
രണ്ടാം പദ്ധതി	40.04
മൂന്നാം പദ്ധതി	41.87
വാർഷിക പദ്ധതികൾ (1966-69)	37.69
നാലാം പദ്ധതി	44.74
അഞ്ചാം പദ്ധതി	39.33
വാർഷിക പദ്ധതി (1979-80)	35.50
ആറാം പദ്ധതി	34.91
ഏഴാം പദ്ധതി	38.74

അവലംബം: കേരള സംസ്ഥാന ആസൂത്രണ ബോർഡ്, ഇക്കണോമിക്സ് റിവ്യൂ (വിവിധ വർഷങ്ങൾ)

പഞ്ചവത്സര പദ്ധതിച്ചെലവിൻെറ സിംഹഭാഗവും വിനിയോഗിക്കപ്പെട്ട മേഖലയാണെങ്കിലും 1975-76-നുശേഷം ഇതുവരെയുള്ള ഒന്നരപ്പതിററാണ്ടു കാലഘട്ടത്തിൽ വൈദ്യുതി ഉല്പാദനരംഗത്ത് കാര്യമായ നേട്ടമൊന്നും നമുക്ക് കൈവരിക്കാനായില്ല. 1975-76-ലെ 1011.5 മെഗാവാട്ട് ഉല്പാദനശേഷി 1989-90 ആയപ്പോഴേക്ക് 1478.5 മെ.വാട്ടായി—നാല്പത്തിയാറു ശതമാനം—വർദ്ധിച്ചു എങ്കിലും യഥാർത്ഥ വൈദ്യുതി ഉല്പാദന വർദ്ധനവ് 44706 ലക്ഷം യൂണിററിൽ നിന്നും 45500 ലക്ഷം—യൂണിററ്—അതായത് 1.78 ശതമാനം—മാത്രമായിരുന്നു. ഇതിൻെറ പ്രധാന കാരണങ്ങളിലൊന്ന് നിർമ്മാണഘട്ടത്തിലിരുന്ന പതിനെട്ടോളം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടാതിരുന്നതും വൈദ്യുതി മേഖലയിലെ അനിയന്ത്രിതമായ ഉല്പാദനവിതരണ നഷ്ടവുമായിരുന്നു.

കേരളത്തിലിന്നോളം ഒരു ജലവൈദ്യുത പദ്ധതിപോലും ആദ്യം തയ്യാറാക്കുന്ന അടങ്കലനുസരിച്ചോ, നിശ്ചയിക്കപ്പെട്ട കാലഘട്ടത്തിനുള്ളിലോ പൂർത്തിയാക്കപ്പെട്ടിട്ടില്ല, എന്നെടുത്തു പറയേണ്ടതുണ്ട്. ഈ പ്രതിഭാസം കഴിഞ്ഞ ഒന്നര ദശാബ്ദക്കാലത്ത് ഏറെ കൂടുതലായിരുന്നു. ഇതിൽ കോൺട്രാക്ററിംഗ് കമ്പനികൾക്കും സർക്കാരിനും കാര്യമായ പങ്കുണ്ട്.

വിതരണം

കുറഞ്ഞ മൂലധനംകൊണ്ട് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന മേഖലകൾക്ക് വൈദ്യുതി നല്കുന്നതിനുപകരം ചില വൻകിട വ്യവസായങ്ങൾക്ക് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നല്ലൊരു പങ്കും വിതരണം ചെയ്യുന്ന നയമാണ് കേരളം പിന്തുടരുന്നത്. ചെറുകിട-ഇടത്തരം വ്യവസായങ്ങൾ കാർഷികമേഖലയോടൊപ്പം കേരളത്തിൻെറ വികസനത്തിൻെറ അടിത്തറയാകേണ്ടതുണ്ട്. ഇതിനാകട്ടെ ഊർജ്ജമടക്കമുള്ള സാമൂഹ്യ വിഭവങ്ങൾ കൂടുതലായി അവയ്ക്ക് ലഭ്യമാകണം. എന്നാലിന്ന് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ചെറിയൊരു പങ്ക് മാത്രമേ മേല്പറഞ്ഞ മേഖലകളിലേക്ക് വിതരണം ചെയ്യുന്നുള്ളൂ—ചെറുകിട—ഇടത്തരം വ്യവസായങ്ങൾക്ക് ആകെ വൈദ്യുതിയുടെ ഏഴു ശതമാനത്തിൽ താഴെ മാത്രവും, ജലസേചനത്തിനായി അഞ്ചു ശതമാനത്തിൽ താഴെയും. വൻകിട വ്യവസായമേഖലയ്ക്കാകട്ടെ ആകെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 44-45 ശതമാനത്തോളമാണ് നല്കിക്കൊണ്ടിരിക്കുന്നത്. പട്ടിക രണ്ട് നോക്കുക:

പട്ടിക-രണ്ട്

വിവിധ മേഖലകളുടെ ഊർജ്ജ വിഹിതം, 1988-89

മേഖല	ആകെ ഉപയോഗത്തിൻെറ വിഹിതം (ശതമാനം)
1. ഗാർഹികം	28.58
2. വാണിജ്യം	10.17
3. ചെറുകിട-ഇടത്തരം വ്യവസായം	6.56
4. വൻകിട വ്യവസായം	43.06
5. ജലസേചനം	4.26
6. തെരുവുവിളക്ക്	1.87
7. ജലവിതരണം	2.65
8. മററിനം	2.85
ആകെ	100.00

അവലംബം:- കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, ഇക്കണോമിക്സ് റിവ്യൂ 1989

ഇതോടൊപ്പം ശ്രദ്ധേയമായ മറെറാരു കാര്യമുണ്ട്. മററ് ഉപഭോക്താക്കളെ അപേക്ഷിച്ച് വളരെ കുറഞ്ഞ വിലയ്ക്കാണ് വൻകിട വ്യവസായങ്ങൾക്ക് വൈദ്യുതി നൽകുന്നത്. യഥാർത്ഥത്തിൽ വൻകിട വ്യവസായങ്ങളിൽനിന്നും ഈടാക്കുന്ന വിലയുടെ 160 ശതമാനം തെരുവു വിളക്കിൻെറ വൈദ്യുതി ഉപഭോഗത്തിനും 124 ശതമാനം ചെറുകിട ഇടത്തരം വ്യവസായങ്ങളിൽനിന്നും ഈടാക്കപ്പെടുന്നു. (കേരളത്തിനനുയോജ്യമായത് വൻകിട വ്യവസായങ്ങളല്ല, ചെറുകിട-ഇടത്തരം വ്യവസായങ്ങളാണെന്ന് കെ.എൻ. രാജ്, എം.എ. ഉമ്മൻ തുടങ്ങിയ സാമ്പത്തിക വിദഗ്ദ്ധരുടെ പഠന നിഗമനങ്ങൾ ഇവിടെ ഓർമ്മിക്കപ്പെടേണ്ടതുണ്ട്.)

ആകെ വൈദ്യുതി ഉപയോഗത്തിൽ ചെറുകിട-ഇടത്തരം മേഖലയുടെ വിഹിതം 6.56 ശതമാനവും തെരുവു വിളക്കുകളുടേത് 1.87 ശതമാനവുമാണല്ലോ. എന്നാൽ സംസ്ഥാന വൈദ്യുതി ബോർഡിൻെറ ആകെ വരുമാനത്തിൽ ഈ മേഖലയുടെ പങ്ക് യഥാക്രമം 8.18 ശതമാനവും 3 ശതമാനവുമാണ്. ചുരുക്കിപ്പറഞ്ഞാൽ ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കും കാർഷികമേഖലയ്ക്കും കൂടുതൽ വിലയ്ക്ക് കുറവു വൈദ്യുതിയും വൻകിടമേഖലയ്ക്ക് കുറഞ്ഞ വിലയ്ക്ക് കൂടുതൽ വൈദ്യുതിയും നല്കുകയാണ് സർക്കാർ ചെയ്യുന്നത്.

പട്ടിക-മൂന്ന്

പ്രധാന ഇന്ത്യൻ സംസ്ഥാനങ്ങളിൽ വൈദ്യുതിയുടെ ചെറുകിട വൻകിട വ്യാവസായിക ഉപഭോഗത്തിന് ഈടാക്കുന്ന വില (പൈസ/കിലോവാട്ട് ഔവർ)

സംസ്ഥാനം	ചെറുകിട വ്യവസായം	വൻകിട വ്യവസായം
ആന്ധ്രപ്രദേശ്	76.86	99.07
ആസ്സാം	79.00	112.00
ബീഹാർ	143.00	65.05
ഗുജറാത്ത്	105.94	76.41
ഹരിയാന	73.00	105.00
ഹിമാചൽ പ്രദേശ്	58.00	74.00
കർണ്ണാടക	111.13	98.06
മധ്യപ്രദേശ്	79.00	74.64
കേരളം	67.07	54.07
മഹാരാഷ്ട്ര	80.00	126.05
ഒറീസ്സ	65.50	93.88
പഞ്ചാബ്	64.00	67.06
തമിഴ്നാട്	100.00	90.07
ഉത്തർപ്രദേശ്	101.00	89.36
ശരാശരി	85.96	87.58

അവലംബം: സെൻറർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി (സെപ്ററംബർ 1990)

പ്രധാന ഇന്ത്യൻ സംസ്ഥാനങ്ങളിൽ വൻകിട വ്യാവസായിക വൈദ്യുതി ഉപയോഗത്തിൽ ഏററവും കുറഞ്ഞവില ഈടാക്കുന്ന സംസ്ഥാനമാണ് കേരളം. വൻകിട വ്യവസായങ്ങളുടെ വൈദ്യുത ഉപഭോഗത്തിന് അഖിലേന്ത്യാ ശരാശരി നിരക്ക് യൂണിറെറാന്നിന് 87.58 പൈസയും, അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ യഥാക്രമം 90.07, 98.06, 99.07 പൈസ ഈടാക്കുമ്പോൾ കേരളത്തിലെ നിരക്ക് കേവലം 54.07 പൈസയാണ് എന്ന വസ്തുത തന്നെ ഈ രംഗത്തിലെ നമ്മുടെ സമീപനത്തിലെ അപാകതയും വൈകല്യവും വിളിച്ചോതുന്നതാണ്.

വൈദ്യുതി വിഴുങ്ങികൾ

പൊതുവിൽ വൻകിട വ്യവസായ മേഖലയെ പ്രീണിപ്പിക്കുന്നതോടൊപ്പം പ്രസ്തുത മേഖലയിലെ തന്നെ ചില വൻകിട കമ്പനികളെ കൂടുതൽ പ്രീണിപ്പിക്കാനും നാം ശ്രമിക്കുന്നുണ്ട്. 1987-88-ലെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ആകെ അഞ്ഞൂററിമുപ്പതോളം വൻകിട ഉപഭോക്താക്കളുണ്ടായിരുന്നു. (അതായത്, ഹൈടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ വൈദ്യുതി ഉപയോഗിക്കുന്ന കമ്പനികൾ) ഇതിൽ കേവലം 28 കമ്പനികളാണ് പ്രസ്തുതവർഷം സംസ്ഥാനത്ത് ആകെ വിതരണം ചെയ്ത വൈദ്യുതിയുടെ 36 ശതമാനത്തോളവും ഉപയോഗിച്ചത്. വൻകിട വ്യവസായ മേഖലയ്ക്കായി പ്രസ്തുത വർഷം ലഭ്യമാക്കിയ വൈദ്യുതിയുടെ 71 ശതമാനം വരും ഇത്.

കുറച്ചുകൂടി സൂക്ഷ്മമായി കണക്കുകൾ പരിശോധിക്കുമ്പോൾ കേവലം അഞ്ചു കമ്പനികളാണ് ഇവിടെ വിതരണം ചെയ്യുന്ന വൈദ്യുതിയുടെ നല്ലൊരു പങ്ക് തിന്നുമുടിക്കുന്നതെന്ന് കാണാനും വിഷമമില്ല. ആലുവയിലെ ഇന്ത്യൻ അലൂമിനിയം കമ്പനി, എഫ്.എ.സി.ററി, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻററ് ലിമിററഡ്, ചിങ്ങവനത്തെ ഇലക്ട്രോ കെമിക്കൽസ് കമ്പനി എന്നിവയാണീ അഞ്ചു ഭീമന്മാർ.

ഇതിൽ ഏററവും മുൻപന്തിയിൽ നില്ക്കുന്നത് ആലുവയിലെ ഇന്ത്യൻ അലൂമിനിയം കമ്പനിയാണ്. 1985-86 വർഷത്തിൽ 3386 ലക്ഷം യൂണിററ് വൈദ്യുതിയാണ് ഇന്ത്യൻ അലൂമിനിയം കമ്പനി ഉപയോഗിച്ചത്. പ്രസ്തുത വർഷം മൊത്തം 19,860 ലക്ഷം യൂണിററ് ഹൈ ടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ വൈദ്യുതിയാണ് ലഭ്യമായിരുന്നത്. സംസ്ഥാനത്തെ ആകെ വൈദ്യുതി ഉപയോഗം 37760 ലക്ഷം യൂണിററും അതായത് വ്യവസായ മേഖലയ്ക്കായി വിതരണം ചെയ്ത മൊത്തം വൈദ്യുതിയുടെ 15 ശതമാനത്തിലേറെയും, കേരളത്തിലെ ആകെ വൈദ്യുതി ഉപയോഗത്തിൻെറ 9 ശതമാനത്തോളവും ഇന്ത്യൻ അലൂമിനിയം കമ്പനി കൈക്കലാക്കി എന്നർത്ഥം. സംസ്ഥാനത്ത് ആകെ വിതരണം ചെയ്യുന്ന വൈദ്യുതിയുടെ 25 ശതമാനത്തിലേറെയും ഇന്ത്യൻ അലൂമിനിയം കമ്പനിയടക്കം മേല്പറഞ്ഞ അഞ്ചു കമ്പനികൾ ഉപയോഗിക്കുന്നുവെന്ന് പട്ടിക നാല് വ്യക്തമാക്കുന്നു.

കേരളത്തിലിന്ന് വിതരണം ചെയ്യുന്ന വൈദ്യുതിയുടെ നാലിലൊന്നു തിന്നുതീർക്കുന്ന മേൽ സൂചിപ്പിച്ച അഞ്ചു വ്യവസായ ശാലകളിൽ ഒരെണ്ണം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് മാത്രമാണ് കേരള സർക്കാർ ഉടമസ്ഥതയിലുള്ളത്. എഫ്.എ.സി.ററിയും, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറും കേന്ദ്രസർക്കാർ ഉടമസ്ഥതയിലും, ഇന്ത്യൻ അലൂമിനിയം കമ്പനി, ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് എന്നീ വ്യവസായശാലകൾ മറുനാടൻ മുതലാളിമാരുടെ ഉടമസ്ഥതയിലും പ്രവർത്തിക്കുന്നു. അതായത് ഇവിടത്തെ വൈദ്യുതി ചുരുങ്ങിയ വിലയ്ക്ക് തട്ടിയെടുത്ത് ഉല്പാദനം നടത്തി നേടുന്ന ലാഭത്തിൻെറ ഏറിയ പങ്കും കേന്ദ്ര സർക്കാർ ഖജനാവിലേക്കും അഖിലേന്ത്യാ മുതലാളിമാരുടെ പണപ്പെട്ടികളിലേക്കുമാണ് ഒഴുകുന്നതെന്ന് സാരം.

ഏററവും അധികം വൈദ്യുതി ഉപയോഗിക്കുന്ന ഇന്ത്യൻ അലൂമിനിയം കമ്പനിയാകട്ടെ,

പട്ടിക-നാല്

വൻകിട വ്യവസായങ്ങളുടെ വൈദ്യുതി ഉപയോഗം (1985-86)

വ്യവസായശാല	ഉപയോഗിച്ച വൈദ്യുതി (ലക്ഷം യൂണിററ്)	ആകെ ഹൈ ടെൻഷൻ എക്സ്ട്രാ ഹൈ ടെൻഷൻ വൈദ്യുതിയുടെ പങ്ക് (ശതമാനം)	മൊത്തം വ്യവസായ മേഖലയുടെ വൈദ്യുതി ഉപയോഗത്തിൽ പങ്ക് (ശതമാനം)	സംസ്ഥാനത്ത് ആകെ വൈദ്യുതി ഉപയോഗത്തിൽ പങ്ക് (ശതമാനം)
1. ഇന്ത്യൻ അലുമിനിയം കമ്പനി ആലുവ	3386	17.04	15.09	8.97
2. എഫ്.എ.സി.റ്റി	2907	14.63	12.95	7.10
3. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്	1598	8.04	7.12	4.23
4. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ്	1524	7.67	6.79	4.04
5. ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ്	1041	5.24	4.63	2.76

അവലംബം: സംസ്ഥാന വൈദ്യുതിബോർഡ് പവ്വർ സ്റ്റാറ്റിസ്റ്റിക്സ്

അൽക്കാൻ ലിമിററഡ് എന്ന കനേഡിയൻ വൻകിട കമ്പനിയുടെ ഇന്ത്യൻ കീഴ്ഘടകമാണ്. ലാഭവിഹിതമായും, സാങ്കേതികവിദ്യാ കൈമാററത്തിനുള്ള പ്രതിഫലമായും വലിയൊരു തുക ഈ വ്യവസായശാല വഴി പുറത്തേക്കു ചോരുന്നു. അതുപോലെതന്നെ സാൻഡ്‌വെൽ ആൻഡ് കമ്പനിയെന്ന ബഹുരാഷ്ട്രകമ്പനിയുടെ സാങ്കേതിക സഹകരണത്തോടെയാണ് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ഫാക്ടറി പ്രവർത്തിക്കുന്നത്. വലിയൊരു തുക ഇതിനകം സാൻഡ്‌വെൽ ആൻഡ് കമ്പനിക്ക് ഈ വ്യവസായശാല കൈമാറിയിട്ടുണ്ട്.

എല്ലാററിനുമുപരി മേല് പറഞ്ഞ വ്യവസായശാലകളെല്ലാംതന്നെ വമ്പിച്ച പ്രകൃതിനാശം വരുത്തുന്നവയാണ്. ഇവിടത്തെ വെള്ളവും വായുവും മലിനപ്പെടുത്തുന്നതിൽ ഇവ മുന്നിൽ നില്ക്കുന്നു. ന്യൂസ്പ്രിൻറ് ഫാക്ടറിയാകട്ടെ ഇതോടൊപ്പം ഈററ, മുള എന്നീ പ്രകൃതി വിഭവങ്ങൾക്കായി വൻതോതിൽ വനനശീകരണവും നടത്തുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഈ അഞ്ച് വ്യവസായശാലകളെ നിലനിർത്താനായി കേരളീയ സമൂഹം വമ്പിച്ച വിലകൊടുക്കുന്നു.

അപ്പോൾപ്പിന്നെ ഏതു രീതിയിലാണ് ഈ വ്യവസായശാലകളെ നമുക്ക് നീതീകരിക്കാനാവുക? ഈ വ്യവസായശാലകൾ തുറന്നു തരുന്ന തൊഴിലവസരങ്ങളുടെ പേരിലോ? എന്നാൽ കേവലം 11,000-ൽ താഴെ തൊഴിലാളികളാണ് ഈ അഞ്ച് വ്യവസായശാലകളിൽ ജോലി ചെയ്യുന്നത് എന്നത് ശ്രദ്ധേയമാണ്. മറിച്ച് ഈ അഞ്ചു വ്യവസായശാലകളും അടച്ചിട്ടാൽ 10456 ലക്ഷം യൂണിററ് വൈദ്യുതി ഓരോ വർഷവും നമുക്ക് മിച്ചം പിടിക്കാനാവും.

കേരളത്തിലെ ചെറുകിട-ഇടത്തരം വ്യവസായശാലകളുടെ ശരാശരി വാർഷിക വൈദ്യുതി ഉപയോഗം 4980 യൂണിററു മാത്രമാണ്. അതായത് മേല്പറഞ്ഞ അഞ്ചു വ്യവസായശാലകളുടെ സ്ഥാനത്ത് രണ്ടു ലക്ഷത്തിൽപ്പരം ചെറുകിട-ഇടത്തരം വ്യവസായശാലകൾ ആരംഭിക്കാൻ പുതുതായി ഒരൊററ യൂണിററ് വൈദ്യുതിപോലും ഉല്പാദിപ്പിക്കാതെ നമുക്ക് കഴിയും. മേല്പറഞ്ഞ അഞ്ചു വ്യവസായശാലകളിലെ തൊഴിലാളികളെ പൂർണ്ണമായും പുനരധിവസിപ്പിക്കുക മാത്രമല്ല ലക്ഷക്കണക്കിനു പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ചെറുകിട-ഇടത്തരം വ്യവസായശാലകളുടെ ഇത്തരമൊരു ശൃംഖലയ്ക്ക് കഴിയുമെന്ന് തീർച്ച.

വിതരണ നഷ്ടം

ഇന്ത്യയിലെ പ്രധാനപ്പെട്ട 17 സംസ്ഥാനങ്ങളിൽ വൈദ്യുതി വിതരണരംഗത്ത് ഏറ്റവും കൂടുതൽ നഷ്ടം നേരിടുന്ന സംസ്ഥാനമാണ് കേരളം. ശാസ്ത്രസാങ്കേതിക പുരോഗതിയുടെ ഫലമായും വർദ്ധിച്ചുവരുന്ന ആവശ്യത്തിൻെറ സമ്മർദ്ദം കൊണ്ടും വിതരണനഷ്ടം കുറഞ്ഞുവരേണ്ട സ്ഥാനത്ത് വർഷാവർഷം ഇത് വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. 1977-78-ൽ ഈ നഷ്ടം 10.41 ശതമാനമായിരുന്നെങ്കിൽ 1982-83ൽ 14.06 ശതമാനവും 1983-84-ൽ 14.36 ശതമാനവും 1988-89ൽ 28.33 ശതമാനവുമായി വർദ്ധിച്ചു. വൈദ്യുതി ലഭ്യമാക്കാൻ കഴിയാതെ വ്യവസായശാലകൾ പൂട്ടി തൊഴിലാളികളെ പട്ടിണിക്കിടുകയും മുതലാളിയെ പാപ്പരാക്കുകയും ജനങ്ങളെ 'ഇരുട്ടുകുത്ത്' കളിപ്പിക്കുകയും ചെയ്യുമ്പോഴും വർഷംതോറും ഉയർന്നുകൊണ്ടിരിക്കുന്ന ''പ്രേഷണവിതരണനഷ്ടം'' എന്ന പ്രതിഭാസത്തിൻെറ കാരണങ്ങളാരായുന്നതിനോ അതൊഴിവാക്കുന്നതിനോ ഉള്ള യാതൊരു പ്രായോഗികതന്ത്രങ്ങളും നാളിതുവരെ സംസ്ഥാനത്ത് ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല എന്നതിലെ വൈരുദ്ധ്യം നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

വർദ്ധിച്ചുവരുന്ന വൈദ്യുതി നഷ്ടത്തിലേക്കുള്ള പ്രാഥമികാന്വേഷണം തന്നെ കേരളത്തിലെ വൈദ്യുതി ഉൽപ്പാദനവിതരണരംഗത്ത് നിലനിൽക്കുന്ന അമ്പരപ്പുളവാക്കുന്ന അനവധാനതയിലേക്കാണ് വിരൽചൂണ്ടുന്നത്. ഒരു കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഏതുളവിൽ, എവിടെയെല്ലാം വിതരണം ചെയ്യണം എന്നതിനെക്കുറിച്ച് വൈദ്യുതി ബോർഡിന് വ്യക്തമായ ധാരണയില്ല. ഫലത്തിൽ ഓരോ ഉൽപ്പാദന കേന്ദ്രത്തിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി വിതരണത്തിനായി വിവിധ സബ്സ്റ്റേഷനുകളിലേക്കയയ്ക്കുന്നു. ഉൽപ്പാദനകേന്ദ്രങ്ങളിൽ നിന്നും എത്ര അളവിൽ വൈദ്യുതി ഏതേതു സബ്സ്റ്റേഷനുകളിലേക്കയച്ചു എന്നറിയാൻ ഉപാധികളൊന്നുമില്ല. സബ്സ്റ്റേഷനുകളിൽ വിവിധ ഉൽപ്പാദനകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ ''കെ.വി. മാഗ്നിറ്റ്യൂഡി''ൽ മാറ്റംവരുത്തി ഉപഭോക്താക്കൾക്കു വിതരണം ചെയ്യുന്നു. ഓരോ സബ്സ്റ്റേഷനിലും ഏതേതു ഉൽപ്പാദനകേന്ദ്രങ്ങളിൽ നിന്നും എത്ര അളവുവൈദ്യുതി ലഭിച്ചു എന്നറിയാനും മാർഗ്ഗങ്ങളൊന്നും സ്വീകരിച്ചിട്ടില്ല.

ഉൽപ്പാദനവിതരണനഷ്ടം കണക്കാക്കുന്നതുതന്നെ ഓരോ ഉൽപ്പാദനകേന്ദ്രത്തിലും ആകെ ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെയും ഉപഭോക്തൃ പോയിൻറുകളിൽ രേഖപ്പെടുത്തുന്ന വൈദ്യുതിയുടെയും അന്തരത്തിലൂടെയാണ്. എത്ര വൈദ്യുതി ഉപയോഗിച്ചു എന്ന് കണക്കാക്കുന്നതാകട്ടെ ഓരോ സബ്സ്റ്റേഷൻ അതിർത്തിയിൽ നിന്നും സമാഹരിക്കുന്ന ഉപഭോക്തൃവിലയുടെ അടിസ്ഥാനത്തിലും. വൈദ്യുതിബോർഡിൻെറ കണക്കനുസരിച്ചു കേരളത്തിലെ വൈദ്യുതമീറ്റർ റീഡിംഗ് 1 മുതൽ 39 വരെ മാസങ്ങൾ മുടങ്ങിക്കിടക്കുകയാണ്. ആ നിലയ്ക്ക് ഒരു ''കുട്ടത്താപ്പിന്'' ഈടാക്കിക്കൊണ്ടിരിക്കുന്ന വൈദ്യുതി ഉപഭോക്തൃവിലയുടെ അടിസ്ഥാനത്തിലുള്ള ഈ കണക്കുതന്നെ അബദ്ധജഡിലമാണ്. വൈദ്യുതിബോർഡിൻെറ കണക്കനുസരിച്ചു തന്നെ മുപ്പതുശതമാനം ഉപഭോക്തൃ മീറ്ററുകൾ പ്രവർത്തനരഹിതമായിക്കിടക്കുന്നു എന്ന വസ്തുത കേരളത്തിലെ വൈദ്യുതി ഉൽപ്പാദനവിതരണ മേഖലയിലെ കുത്തഴിഞ്ഞതും അശാസ്ത്രീയവുമായ മാനേജ്മെൻറിൻെറ പ്രത്യക്ഷോദാഹരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്.

1967 ആഗസ്റ്റിൽ സംസ്ഥാനത്തെ വൈദ്യുതി പ്രേഷണത്തെക്കുറിച്ചും വിതരണത്തെക്കുറിച്ചും പഠിക്കുവാൻ നിയോഗിക്കപ്പെട്ട ഏകാംഗകമ്മീഷൻെറ ഏറ്റവും പ്രധാനപ്പെട്ട ശുപാർശ വൈദ്യുതിപ്രേഷണവിതരണ നഷ്ടം 15 ശതമാനത്തിനുള്ളിലൊതുക്കണമെന്നതായിരുന്നു.

കേന്ദ്ര വൈദ്യുതി അതോറിറ്റി ആകട്ടെ 15 ശതമാനം പ്രേഷണവിതരണനഷ്ടമെന്നത് ഒരു സംസ്ഥാനത്തിനു വരുത്താവുന്ന പരമാവധി നഷ്ടമായി കണക്കിലെടുക്കുകയും പ്രേഷണവിതരണ നഷ്ടം 10 ശതമാനത്തിലധികമാകാതിരിക്കാൻ തീവ്രമായ ശ്രമം നടത്താൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ 29 ശതമാനത്തോളം വരുന്ന പ്രേഷണവിതരണനഷ്ടം അഖിലേന്ത്യാ ശരാശരിക്കടുത്തുമെങ്കിലും കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞാൽ തന്നെ ഇതിനെ സംബന്ധിച്ച് വിശ്വസനീയമായ വിവരങ്ങൾ ലഭ്യമായ അവസാനത്തെ വർഷമായ 1987-88ലെ കണക്കുകൾപ്രകാരം പ്രതിവർഷം 4124.4 ലക്ഷം യൂണിറ്റോളം വൈദ്യുതി ലഭിക്കാം. ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ ശരാശരി ഉപഭോഗത്തിൻെറ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, ഇത് ഏതാണ്ട് 80,000 ത്തോളം വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതിയാണ്. കേന്ദ്രവൈദ്യുതി അതോറിറ്റിയുടെ നിബന്ധനപ്രകാരം 15 ശതമാനത്തിലേക്കെങ്കിലും കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞാൽ 1.4 ലക്ഷം ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ 7120.6 ലക്ഷം യൂണിറ്റുവൈദ്യുതിയും ലഭ്യമാകും.

പുതിയ ഊർജ്ജ ഉറവിടങ്ങൾ തേടുകയല്ല ഇപ്പോഴത്തെ ആവശ്യം. ലഭ്യമായ സൗകര്യം എങ്ങനെ കാര്യക്ഷമവും കുറ്റമറ്റതുമാക്കാം എന്നുവേണം ഇപ്പോൾ ആലോചിക്കേണ്ടത്.

വൈദ്യുതിയുടെ കയറ്റുമതി

കേരളം ഒരു വൈദ്യുതിക്കമ്മി സംസ്ഥാനമായി പരിണമിച്ച 1980 കളിൽ, ഏറ്റവും രൂക്ഷമായ വരൾച്ചയുടെയും വൈദ്യുതി ഉൽപ്പാദനക്കുറവിൻേറയും കർശനമായ വിതരണ നിയന്ത്രണങ്ങളുടെയും വർഷങ്ങളിൽപ്പോലും കേരളത്തേക്കാൾ വ്യാവസായിക ഉൽപ്പാദനം, പ്രതിശീർഷവരുമാനം, സർവ്വോപരി ആളോഹരി വൈദ്യുതി ഉപയോഗം എന്നിവയിലൊക്കെത്തന്നെ മുൻപിൽ നില്ക്കുന്ന തമിഴ്നാട്, കർണ്ണാടകം, പോണ്ടിച്ചേരി എന്നീ അയൽസംസ്ഥാനങ്ങളിലേക്ക് വൈദ്യുതി കയറ്റുമതി ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതിലെ യുക്തിയും ന്യായവാദങ്ങളും സാധാരണക്കാരൻെറ ബുദ്ധിക്കു നിരക്കാത്തതാണ്.

പട്ടിക-ആറ്

കേരളത്തിൻെറയും അയൽ സംസ്ഥാനങ്ങളുടെയും പ്രതിശീർഷ വൈദ്യുതി ഉപഭോഗം-(1985-86)

സംസ്ഥാനം	പ്രതിശീർഷ ഉപഭോഗം(KWH)
മഹാരാഷ്ട്ര	313
പോണ്ടിച്ചേരി	249
തമിഴ്നാട്	213
കർണ്ണാടകം	187
ആന്ധ്രാപ്രദേശ്	183
അഖിലേന്ത്യാ ശരാശരി	178
കേരളം	140

കയറ്റുമതി ചെയ്യപ്പെടുന്ന വൈദ്യുതിക്ക് ഈടാക്കുന്ന വിലയോ ആഭ്യന്തര ഉപഭോഗത്തിന് സംസ്ഥാനത്തെ ജനങ്ങളിൽ നിന്ന് ഈടാക്കുന്നതിനേക്കാൾ പലപ്പോഴും തുച്ഛവും.

1976-ൽ പോണ്ടിച്ചേരിയിലേക്ക് നൽകിയ വൈദ്യുതിക്ക് യൂണിറ്റൊന്നിന് ഈടാക്കിയ വില കേവലം ഒൻപത് പൈസയായിരുന്നു. പ്രസ്തുതവർഷം ഒരു യൂണിറ്റ് വൈദ്യുതിയുടെ സംസ്ഥാനത്തെ ഉൽപ്പാദനച്ചെലവ് 20 പൈസയും. ഇക്കാര്യം 1981-82 ലെ കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ റിപ്പോർട്ടിൽപ്പോലും പ്രത്യേകം പരാമർശിക്കപ്പെട്ടിട്ടുണ്ട്.

1983-84 സാമ്പത്തിക വർഷത്തിൽ അയൽ സംസ്ഥാനങ്ങളിലേക്കുള്ള വൈദ്യുതിക്കയറ്റുമതിയിൽ നിന്നും ലഭ്യമായത് യൂണിറ്റൊന്നിന് 24.5 പൈസയും സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളിൽ നിന്നും 35.82 പൈസയും വാണിജ്യഉപഭോക്താക്കളിൽ നിന്ന് 40.99 പൈസയും പൊതുജനത്തിനു വെളിച്ചം പകരുന്ന തെരുവുവിളക്കിനുള്ള വൈദ്യുതി ഉപഭോഗത്തിന് 67.21 പൈസയും വൻകിട വ്യവസായി ഉപഭോക്താക്കളിൽ നിന്നും 9.5 പൈസയുമായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സംസ്ഥാനം സ്വന്തം ജനങ്ങളുടെ ഗാർഹിക ഉപഭോഗത്തിനും ഈടാക്കിയത് തെരുവുവിളക്കിനും, അയൽസംസ്ഥാനങ്ങൾക്കു വിറ്റ വൈദ്യുതിക്ക് ഈടാക്കിയ വിലയുടെ 146 ശതമാനവും 274 ശതമാനവുമായിരുന്നു. 1983-84നു ശേഷം സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യപ്പെട്ട വൈദ്യുതിയുടെ വിലയെ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടതായി കാണുന്നില്ല. ഇത് കൂടുതൽ സംശയങ്ങൾക്ക് കാരണമാകുന്നു.

1979-80ൽ ആകെ ലഭ്യമായ വൈദ്യുതിയുടെ 43.6 ശതമാനവും സംസ്ഥാനത്തിനു പുറത്തേക്കു കയറ്റുമതി ചെയ്യപ്പെട്ടു. ഗാർഹിക ഉപഭോഗത്തിനുപോലും വൈദ്യുതി ലഭ്യതയ്ക്കുള്ള കേരളത്തിലെ അപേക്ഷകർ വർഷങ്ങളായി കാത്തിരിക്കുമ്പോഴാണീസ്ഥിതി എന്നോർക്കണം. പ്രസ്തുതവർഷം ചെറുകിട-ഇടത്തരം വോൾട്ടേജ് വ്യാവസായിക ഉപഭോക്താക്കൾക്ക് ആകെ നൽകിയത് 10 ശതമാനവും ഗാർഹികമേഖലയ്ക്ക് 13.3 ശതമാനവും വൻകിട വ്യവസായമേഖലയ്ക്ക് 61 ശതമാനവും ഇലസേചനാവശ്യത്തിന് 4 ശതമാനവും വൈദ്യുതിയായിരുന്നു.

1980-81 മുതൽ 85-86 വരെയുള്ള വർഷങ്ങളിലെ വൈദ്യുതിക്കയറ്റുമതി സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വോൾട്ടേജ് വ്യാവസായിക ഉപഭോഗത്തിൻെറ യഥാക്രമം 410, 395, 186, 43, 140, 140 ശതമാനമായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ കേരളം നേരിട്ട കടുത്ത വരൾച്ചയെ തുടർന്നും മറ്റും 1988-89 ഈ സ്ഥിതിക്കു മാറ്റം വന്നെങ്കിലും 1989-90 മുതൽ വീണ്ടും കയറ്റുമതി ശക്തിപ്രാപിച്ചു വരുകയാണ്.

ഭാവിസാധ്യതകളും ആവശ്യങ്ങളും

കേരള സംസ്ഥാനത്തിന് രണ്ടായിരാമാണ്ടാകുമ്പോഴേക്കുള്ള വൈദ്യുതി ആവശ്യം

പട്ടിക അഞ്ച്

വൈദ്യുതിവിതരണനഷ്ടം (ശതമാനക്കണക്കിൽ)

സംസ്ഥാനം	വർഷം 1977-78	1982-83	1988-89
പഞ്ചാബ്	20.91	19.01	18.23
മഹാരാഷ്ട്ര	15.26	14.47	14.29
തമിഴ്നാട്	19.09	18.53	18.54
കേരളം	10.41	14.06	28.33
അഖിലേന്ത്യാ ശരാശരി	21.97	21.31	20.79

അവലംബം:
1. കേരള സംസ്ഥാന ആസൂത്രണബോർഡ് ഇക്കണോമിക്സ് റിവ്യൂ
2. സംസ്ഥാന വൈദ്യുതി ബോർഡ് പവ്വർ സിസ്റ്റം സ്റ്റാസ്റ്റിക്സ്
3. സെൻറർഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി

യുവത്വത്തെ നിലനിർത്തിയ നാഗാർജുനന്റെ കഥ!

നാഗാർജ്ജുന ആയുർവ്വേദ ഔഷധശാല

H.O. തൊടുപുഴ

കേരളത്തിലെങ്ങോളവും 150ൽപ്പരം ഏജൻസികൾ.

A Project of NAGARJUNA HERBAL CONCENTRATES LTD.

വിവിധ ഏജൻസികൾ കണക്കാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും ആധികാരികത സ്വാഭാവികമായും കല്പിക്കപ്പെടേണ്ടത് സംസ്ഥാന ആസൂത്രണബോർഡിന്റെ കണക്കുകൾക്കാണല്ലോ. അതനുസരിച്ച് 1995-96ൽ 110800 ലക്ഷം യൂണിറ്റും 2000-01ൽ 159800 ലക്ഷം യൂണിറ്റും വൈദ്യുതി ആവശ്യമായി വരും. ഇതിന്റെ വെളിച്ചത്തിൽ നമ്മുടെ വൈദ്യുതി ലഭ്യത ആവശ്യം നിറവേറ്റാൻ പര്യാപ്തമായിരിക്കുമോ എന്നു പരിശോധിക്കാം.

ഇപ്പോൾത്തന്നെ നിർമ്മാണത്തിനുവേണ്ടി പ്രാരംഭജോലികൾ പൂർത്തീകരിക്കപ്പെടുകയോ നിർമ്മാണഘട്ടത്തിലിരിക്കുകയോ ചെയ്യുന്ന ജലവൈദ്യുതപദ്ധതികളിൽ നിന്നും രണ്ടായിരമാണ്ടാകുമ്പാഴേക്ക് 38800 ലക്ഷം യൂണിറ്റുവൈദ്യുതിയും, കൽക്കരി, പെട്രോളിയം എന്നിവ ഉപയോഗിച്ചുള്ള പദ്ധതികളിൽ നിന്നും 30450 ലക്ഷം യൂണിറ്റും കേന്ദ്ര വിഹിതമായി 22200 ലക്ഷം യൂണിറ്റും ലഭിക്കും. ഈ ലക്ഷ്യം സഫലീകരിക്കുന്നതിന് പദ്ധതികൾ സമയക്ളിപ്തതയോടെ പൂർത്തീകരിക്കപ്പെടാൻ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനം ആവശ്യമാണെന്നു മാത്രം.

കേന്ദ്രവിഹിതം

തമിഴ്നാട്ടിൽ നിന്നും ആന്ധ്രാപ്രദേശിൽ നിന്നും കേരളത്തിനു ലഭിക്കേണ്ട കേന്ദ്ര വൈദ്യുതി വിഹിതം പ്രസ്തുത സംസ്ഥാനങ്ങളുടെ പ്രേഷണശൃംഖലയിലൂടെയാണ് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഈ പ്രേഷണശൃംഖല പ്രസ്തുത സംസ്ഥാനങ്ങളുടെ ആവശ്യത്തിനുതന്നെ വിനിയോഗിക്കേണ്ടിവരുമ്പോൾ കേരളത്തിലേക്കുള്ള വൈദ്യുതി പ്രേഷണം നിർത്തിവയ്ക്കുന്നു. അതിനാൽ നമുക്കു ലഭിക്കേണ്ട വിഹിതം മുഴുവൻ കൃത്യമായും പൂർണ്ണ അളവിലും ലഭ്യമാകുന്നില്ല. കൂടാതെ എത്ര വൈദ്യുതി കേന്ദ്രവിഹിതമായി ലഭിച്ചു എന്നറിയാൻ നമുക്ക് വ്യക്തമായ സംവിധാനമില്ലാത്തതിനാൽ കണക്കുപറഞ്ഞു വാങ്ങാനും കഴിയാറില്ല. അതിനാൽ കേന്ദ്ര വൈദ്യുതിവിഹിതം തടസം കൂടാതെയും കൃത്യമായും ലഭ്യമാകുന്നതിനാവശ്യമായ സ്വന്തമായ പ്രേഷണസംവിധാനവും, മീറ്ററിംഗ് ഉപാധിയും അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

കേരളത്തിലെ വൈദ്യുതി ദൗർലഭ്യത എന്നത് തികച്ചും ആപേക്ഷികമായ ഒരു പ്രതിഭാസമാണെന്നു പറയേണ്ടിയിരിക്കുന്നു. വിതരണക്രമം സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസംവിധാനം ചെയ്തുകൊണ്ടും വൈദ്യുതി കയറ്റുമതിയെ സംബന്ധിച്ച് വ്യക്തമായ ദീർഘകാല നയരൂപീകരണം നടത്തിക്കൊണ്ടും, വിതരണത്തിലെ അലംഭാവവും കെടുകാര്യസ്ഥതയും മൂലം സംഭവിക്കുന്ന വിതരണനഷ്ടം പരിഹരിച്ചുകൊണ്ടും, കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് അർഹമായ വൈദ്യുതി കൃത്യമായി ലഭ്യമാകാനുള്ള സംവിധാനമേർപ്പെടുത്തിക്കൊണ്ടും, ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചുകൊണ്ടും, പരിസ്ഥിതിപരവും സാമ്പത്തികവുമായ ബാധ്യതകൾ വരുത്തിവയ്ക്കാത്ത ചെറുകിട-തരികിടി പദ്ധതികളും ആഭ്യന്തരമായി ലഭ്യമായ ഊർജ്ജസ്രോതസ്സുകളും വിനിയോഗിച്ചുകൊണ്ടും മറ്റും വേണം ഈ പ്രശ്നത്തിന് ഉത്തരം നേടാൻ.

ഇത്തരുണത്തിൽ എടുത്തുപറയേണ്ട വസ്തുത പുതിയ ഊർജ്ജ ഉറവിടങ്ങൾ തേടുന്നതിനേക്കാളുപരി ആവശ്യം ഇപ്പോൾ ലഭ്യമായത് എങ്ങനെ കുറ്റമറ്റരീതിയിലും കാര്യക്ഷമമായും പ്രയോജനപ്പെടുത്താമെന്ന് ചിന്തിക്കുകയാണ്.

പട്ടിക ഏഴ്

2000-മാണ്ടാകുമ്പോഴേക്ക് ഇപ്പോൾ നിർമ്മാണഘട്ടത്തിലിരിക്കുന്ന പദ്ധതികളിൽ നിന്നും ലഭ്യമാകാവുന്ന വൈദ്യുതി

സ്രോതസ്സ്	നിക്ഷിപ്ത ശേഷി (മെ.വാട്ട്)	വൈദ്യുതി (ലക്ഷം യൂണിറ്റ്)
1. 1989-90ൽ ലഭ്യമായത്	1853	77300
2. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളിൽ നിന്നും ലഭിക്കാവുന്നത്	1363	38800
3. കൽക്കരി ഉപയോഗിച്ചുള്ള നിലയങ്ങളിൽ നിന്ന്	453	25000
4. പെട്രോളിയം ഉപയോഗിച്ചുള്ള നിലയങ്ങളിൽ നിന്ന്	90	5450
5. കേന്ദ്രവിഹിതം	409	22200
ആകെ	4174	168750

അവലംബം: കേരള സംസ്ഥാന വൈദ്യുതിബോർഡ് പവ്വർ ഡവലപ്മെന്റ് ഇൻ കേരള, 1989

പട്ടിക-എട്ട്

2000-മാണ്ടോടെ പൂർത്തീകരിക്കാവുന്ന ജലവൈദ്യുത പദ്ധതികൾ

	പദ്ധതി	നിക്ഷിപ്ത ശേഷി (മെ.വാട്ട്)	ലഭ്യമാകുന്ന വൈദ്യുതി (ലക്ഷം യൂണിറ്റ്)	പൂർത്തീകരിക്കപ്പെടുമെന്ന് കണക്കാക്കിയിരിക്കുന്നവർഷം
1	മാനന്തവാടി	360	6220	2000
2	ലോവർ പെരിയാർ	180	4930	1992
3	ആതിരപ്പള്ളി	160	3640	1995
4	കക്കാട്	50	2620	1992
5	അച്ചൻകോവിൽ	60	2410	2000
6	കുറ്റിയാടി	50	1930	1992
7	പമ്പയാർ	30	1650	1997
8	പെരിങ്ങൽക്കുത്ത്	16	740	1994
9	ഭൂതത്താൻകെട്ട്	30	600	1998
10	അടൂത	50	570	1992
11	കല്ലട	15	530	1991
12	ആനയിറങ്ങൽ	10	390	1992
13	കുറ്റിയാർ	2.5	370	1991
14	മലങ്കര	6	360	1992
15	ആനക്കയം	8	340	1995
16	വഴിക്കടവ്	2.5	240	1993
17	പന്നിയാർ	2.5	200	1991
18	കുറ്റിയാടി (ടെയിൽ റെയ്സ്)	2.5	140	1991
19	പേപ്പാറ	3.0	115	1992
20	വടക്കേപ്പുഴ	2.5	120	1992
21	ചിമ്മിണി	2.5	65	1992
22	മാട്ടുപ്പെട്ടി	2	64	1991
23	മലമ്പുഴ	2	56	1991
24	മിനിപദ്ധതികൾ	375	10500	2000
	ആകെ	1362.5	38800	

അവലംബം:

1. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് പവ്വർ ഡവലപ്മെന്റ് ഇൻ കേരള, 1989
2. കേരള സംസ്ഥാന ആസൂത്രണ ബോർഡ്, ഇക്കണോമിക്സ് റിവ്യൂ 1989.

നൂറിന്റെ ചൈനാ ഡയറി

ചൈനീസ് കമ്മ്യൂ.പാർട്ടി നേതാവ് ജിയാങ് സെമിൻ (വലത്തുനിന്നും രണ്ടാമത്) കൃഷിക്കാർക്കിടയിൽ

വിദ്യാർത്ഥി കലാപത്തിനു ശേഷം

രണ്ട്

ബെയ്ജിങ്ങിൽ വേനൽക്കാലമായിരുന്നു. മുപ്പതുമുതൽ മുപ്പത്താറു ഡിഗ്രിവരെ താപനില ഉയർന്നിരുന്നു. ചൈനയുടെ കിഴക്കുമുതൽ കൊടിയ മഴയെത്തുടർന്ന് പ്രളയത്തിൽ മുങ്ങിയപ്പോൾ തെക്കും, മദ്ധ്യ ചൈനയും വററിവരളുകയായിരുന്നു. ദെങ് സിയാ ഒപെങിനെപ്പോലുള്ള സീനിയർ നേതാക്കൾ ഗ്രീഷ്മകാല വസതികളിൽ വിശ്രമിക്കുകയായിരുന്നു. സജീവ രാഷ്ട്രീയ ജീവിതത്തോട് വിടപറഞ്ഞ ദെങ് സുഹൃത്തുക്കളുമൊത്ത് ബ്രിഡ്ജുകളിച്ചും, നീന്തിയും സമയം ചെലവാക്കിയിരുന്നു. ദെങിന് ബ്രിഡ്ജിലുള്ള താൽപ്പര്യം കാരണം ബെയ്ജിങിലും, മററു പല സ്ഥലങ്ങളിലും ബ്രിഡ്ജിനെക്കുറിച്ചുള്ള വർത്തമാന പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ടായിരുന്നു. തീരപ്രദേശമായ ബെയ്ബെഹി നിലായിരുന്നു വിശ്രമിച്ചിരുന്നതെങ്കിലും, ചൈനയിലെയും, ലോക രാജ്യങ്ങളിലെയും സംഭവവികാസങ്ങളുമായുള്ള സമ്പർക്കം അദ്ദേഹം വിഛേദിച്ചിരുന്നില്ല. രാജീവ് ഗാന്ധിയുടെ വധസംബന്ധമായ എല്ലാ വിവരങ്ങളും അദ്ദേഹത്തിന് അയച്ചുകൊടുത്തിരുന്നു. രാജീവിനോട് അദ്ദേഹത്തിന് വാത്സല്യമുണ്ടായിരുന്നു. 1988-ൽ രാജീവ് ചൈന സന്ദർശിച്ചപ്പോൾ, കൂടിക്കാഴ്ചാവേളയിൽ ദെങ് നൽകിയ ഹസ്തദാനം വളരെ നീണ്ടതായിരുന്നു. ചൈനയിലെ സർവ ശക്തനായ ജനറൽ സെക്രട്ടറി ജിയാങ് സെമിനും, പ്രധാനമന്ത്രി ലിപെങിനും പക്ഷേ, മററുള്ളവരെപ്പോലെ വിശ്രമിക്കാൻ കഴിയുമായിരുന്നില്ല. ഒരു ഗ്രാമത്തിൽനിന്നും മറെറാരു ഗ്രാമത്തിലേക്കും ഒരു പ്രവിശ്യയിൽനിന്നും മറെറാന്നിലേക്കും നിരന്തരമായി സഞ്ചരിച്ചിരുന്ന ജിയാങ് സെമിൻ പുതിയ സാമ്പത്തിക പരിഷ്കാരങ്ങളെപ്പററി ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുകയും അവരുടെ ആക്ഷേപങ്ങളും അവശതകളും മനസ്സിലാക്കുകയും ചെയ്തിരുന്നു. വിദേശത്തുനിന്നുള്ള പ്രമുഖരെ സ്വീകരിക്കുന്നതിൽ വ്യാപൃതനായിരുന്നു പ്രധാനമന്ത്രി ലി പെങ്. ജിയാങ് സെമിനെയും ലിപെങിനെയും പോലുള്ള നേതാക്കൾക്ക് വിശ്രമിക്കാൻ കഴിയാതെ പോയതിന് കാരങ്ങളുണ്ടായിരുന്നു. എൺപത്താറുകാരനായ ദെങിന് വിശ്രമിക്കാമായിരുന്നു. കമ്മ്യൂണിസ്ററ് പാർട്ടിയുടെയോ ഭരണ കൂടത്തിൻെറയോ ദൈനംദിനപ്രവർത്തനങ്ങളുമായി അദ്ദേഹത്തിന് ബന്ധമൊന്നുമില്ലായിരുന്നു. എന്നാൽ തിയാനെൻ മെൻ സ്കയർ സംഭവത്തിനുശേഷം, ഇനിയും അത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്ന് കമ്മ്യൂണിസ്ററ് പാർട്ടി നേതാക്കൾ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെ അവർ അത്തരം അവസരങ്ങൾ ഒഴിവാക്കാൻ ശ്രദ്ധാലുക്കളായി. ജനങ്ങളുമായി നിരന്തര സമ്പർക്കത്തിലേർപ്പെടാനും, സംഭവവികാസങ്ങൾ അവരെ അറിയിക്കാനും തീരുമാനിച്ചത് ആ അടിസ്ഥാനത്തിലായിരുന്നു: നേതൃത്വവും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധത്തിൻെറ തകർച്ചയായിരുന്നു വിദ്യാർത്ഥി കലാപത്തിന് വഴിതെളിയിച്ചതെന്ന് അവർ മനസ്സിലാക്കുകയുണ്ടായി. വിദേശശക്തികൾ, വിശേഷിച്ച് അമേരിക്കയും അവരുടെ ചാര സംഘടനയായ സി.ഐ.എ.യും ഈ കലാപത്തിൽ പ്രത്യക്ഷത്തിൽ ഇപെട്ടിരുന്നുവെന്നത് നിസ്തർക്കമായിരുന്നു. ബെയ്ജിങ് യൂണിവേഴ്സിററികളിലും, മററു ചില യൂണിവേഴ്സിററികളിലും വിദ്യാർത്ഥികൾക്കിടയിൽ നുഴഞ്ഞുകയറിയിരുന്ന അവർ കുറേക്കാലമായി കമ്മ്യൂണിസ്ററ് നേതൃത്വത്തെ വെല്ലുവിളിക്കാൻ വിദ്യാർത്ഥികളിൽ സ്വാധീനം ചെലുത്തിയിരുന്നു. കമ്മ്യൂണിസ്ററ് നേതൃത്വം മനുഷ്യാവകാശത്തെ ധ്വംസിക്കുകയാണെന്നും, പുറം ലോകത്തെ ജനങ്ങൾ സർവതന്ത്ര സ്വതന്ത്രരാണെന്നും അവർ വിദ്യാർത്ഥികളെ പറഞ്ഞു ബോധ്യപ്പെടുത്തിയിരുന്നു. വിദ്യാർത്ഥികൾക്കു പുറമേ, ബുദ്ധിജീവികളെയും ഉദ്യോഗസ്ഥമേധാവികളെയും, പത്രപ്രതിനിധികളെയും സൈനിക നേതാക്കളെപ്പോലും ഈ വിധം സ്വാധീനിക്കാൻ ശ്രമം നടന്നിരുന്നു. നിരവധി മാസങ്ങൾ നടന്നിരുന്ന ഈ നീക്കങ്ങൾ ചൈനയിലെ ചാരസംഘടനകൾക്കു മണത്തറിയാൻ സാധിച്ചില്ല.

ചൈനീസ് നേതൃനിരയുടെ മൂന്നു തലമുറകൾ–മാവോ, ദെങ്, ജിയാങ് സെമിൻ



ബെയ്ജിങ്ങിലെ ഒരു മന്ദിരത്തിലെ ചിത്രപ്പണികൾ

അങ്ങനെ പൊടുന്നനെ, 1989 ജൂൺ നാലാംതീയതി വിദ്യാർത്ഥി കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ ബെയ്ജിങിലെ അധികാര കേന്ദ്രങ്ങൾ അക്ഷരാർത്ഥത്തിൽ ഞെട്ടി അമേരിക്കയിലെയും മററു പാശ്ചാത്യ രാജ്യങ്ങളിലെയും പത്രപ്രതിനിധികളും നയതന്ത്ര പ്രതിനിധികളും പുതിയ സംഭവവികാസങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ കൗതുകത്തോടെ കുത്തിരുന്നു. തിയാനെൻ മെൻ സ്കയറിനടുത്തുള്ള ഹോട്ടലുകളിലെ മട്ടുപ്പാവുകളിൽ മുഴുക്കെ അമേരിക്കൻ ടെലിവിഷൻ യൂണിററുകൾ തമ്പടിച്ചു കാത്തു കിടന്നു. കലാപത്തിൽ ബെയ്ജിങ് ഭരണം നിശ്ചേതനമാവുകതന്നെ ചെയ്തു. ബെയ്ജിങിൽ നിന്നും ഷാങ്ഹായിയിലേക്കും, മററു പ്രധാന കേന്ദ്രങ്ങളിലേക്കും കലാപം പടരുമോ എന്നുപോലും ഭരണാധികാരികൾ ആശങ്കിച്ചു. അവസാനം കലാപം അടിച്ചമർത്തപ്പെട്ടു. അതോടൊപ്പംനിരവധി ''ശിരസ്സു''കളും നിലത്തുവീണു. നിരവധി പ്രമുഖ കമ്മ്യൂണിസ്ററ് നേതാക്കൾ പുറത്തായി. പത്രാധിപൻമാർ ഉൾപ്പെടെ നിരവധി പത്രപ്രതിനിധികൾ പുറത്താക്കപ്പെട്ടു. യൂണിവേഴ്സിററി കാമ്പസിലെ നേതാക്കളെ അറസ്ററ് ചെയ്തു. ഇതിനിടയിൽ പലരും അമേരിക്ക ഉൾപ്പെടെ വിദേശ രാജ്യങ്ങളിലേക്ക് ഒളിച്ചു കടന്നിരുന്നു.

ദെങ് സിയാ ഒ പെങ് നേരിട്ട് നേതൃത്വത്തിൽ നടത്തിയ അഴിച്ചുപണിയാണ് സ്ഥിതിഗതികളെ സാധാരണ നിലയിലാക്കിയത്. വിദ്യാർത്ഥികളും ജനങ്ങളുമായുണ്ടായിരുന്ന ബന്ധം പുതുക്കാൻ പുതിയ നേതൃത്വത്തിന് പെട്ടെന്ന് കഴിഞ്ഞതായി പല പത്രപ്രതിനിധികളും നയതന്ത്ര പ്രതിനിധികളും എന്നോടു പറഞ്ഞു. 'ഗ്രേററ്‌വാൾ' പോലുള്ള പ്രധാനപ്പെട്ട ചരിത്ര സ്മാരകങ്ങൾ പിടിച്ചെടുക്കാനും വിദ്യാർത്ഥിനേതാക്കൾക്ക് പരിപാടി ഉണ്ടായിരുന്നുവത്രെ. സ്ഥിതിഗതികൾ നിയന്ത്രണാധീനമായതോടെ ഗവൺമെൻറിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ജനങ്ങൾ മുന്നോട്ടുവന്നു. ഗവൺമെൻറ് പിന്തുടർന്നുവരുന്ന സാമ്പത്തിക നയങ്ങൾക്കും സാമൂഹ്യ പരിഷ്കാരങ്ങൾക്കുമുള്ള ജനകീയ പിന്തുണയായിരുന്നു അതെന്ന് ഷാവോ എന്നോടു പറഞ്ഞു. ഇതിനെത്തുടർന്ന് രാഷ്ട്ര വ്യാപകമായി ഒരു ചർച്ച നടന്നു. അതിൽ കലാപകാരികളായ വിദ്യാർത്ഥികളെ കുററപ്പെടുത്തുകയുണ്ടായി. ഇതൊക്കെയൊണെങ്കിലും ചില യൂണിവേഴ്സിററികളിൽ, പ്രത്യേകിച്ച് ബെയ്ജിങിൽ ചില മുറുമുറുപ്പുകൾ തുടരുന്നുണ്ട്. ഇക്കൊല്ലം ജൂൺ നാലാംതീയതിയായപ്പോൾ പഴയ സംഭവത്തിൻെറ ഓർമ്മ പുതുക്കാൻ വിദ്യാർത്ഥികൾ പ്രകടനങ്ങൾ നടത്തുന്നത് തടയാൻ അധികൃതർ മുൻകരുതലുകളെടുത്തിരുന്നു. തിയനെൻ മെൻ സ്കയറിലും മററു സ്ഥലങ്ങളിലും ബാരിക്കേഡുകൾ ഉയർന്നുവന്നിരുന്നു. അസ്വാസ്ഥ്യങ്ങളുടെ മുളയെങ്കിലും പൊട്ടി ഉയരുന്നുണ്ടോ എന്നറിയാൻ പാശ്ചാത്യ പത്രക്കാരും ടി.വി.ക്കാരും അന്ന് ബെയ്ജിങ് മുഴുവൻ അരിച്ചുപെറുക്കി. മാവോയുടെ വിധവ ആത്മഹത്യചെയ്തവിവരം പുറത്തുവന്നപ്പോൾപ്പോലും ജനങ്ങൾക്കിടയിൽ വലിയ ചലന

ഗൾഫ് മലയാളികളോട്

നാട്ടിലുള്ള നിങ്ങളുടെ കുഞ്ഞുങ്ങൾ പഠിക്കുന്നുണ്ടോ? അവർക്ക് ഏററവും മികച്ചജോലി ലഭിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അവർ കഴിവുള്ളവരും സ്വഭാവ ശുദ്ധിയുള്ളവരുമായി വളരണമെന്ന ആഗ്രഹം നിങ്ങൾക്കില്ലേ?

അകലെയിരുന്നുകൊണ്ട് അവർക്ക് വേണ്ടത്ര മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? മഹാപണ്ഡിതന്മാരും വിദ്യാഭ്യാസ വിചക്ഷണരും നിങ്ങൾക്ക് വേണ്ടി അത് ചെയ്യുന്നു. — കരിയർ മാഗസിനിലൂടെ.

കുഞ്ഞുങ്ങളുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുന്ന രക്ഷകർത്താക്കൾ കഴിഞ്ഞ ഏഴു വർഷങ്ങളായി കുട്ടികൾക്ക് കരിയർമാഗസിൻ മുടങ്ങാതെ വാങ്ങി നല്കുന്നത് അതിനാലാണ്.

ഇപ്പോൾ നാട്ടിലുള്ള മിത്രങ്ങൾക്ക് കരിയർ മാഗസിൻ സൗജന്യമായി ലഭിക്കുന്ന ഒരു പദ്ധതിയാണ് വി. ഐ. പി. സബ്സ്ക്രിപ്ഷൻ സ്കീം.

VIP SUBSCRIPTION

ഇപ്പോൾ 'കരിയർമാഗസിൻ', കൊല്ലം എന്ന പേരിൽ മാറാവുന്ന 500 രൂപയുടെ ഡ്രാഫ്ററ്, മാനേജർ, കരിയർ മാഗസിൻ, കൊല്ലം — 691 012 എന്ന വിലാസത്തിൽ അയച്ചുതരിക. അതോടൊപ്പം ഇന്ത്യയ്ക്കുള്ളിൽ മാസിക അയച്ചുകൊടുക്കേണ്ട ആളിന്റെ വിലാസവും നിർദ്ദേശിക്കുന്ന വിലാസത്തിൽ കരിയർ മാഗസിൻ (മലയാളം പതിപ്പ്) അഞ്ചുവർഷം അയച്ചുകൊടു ക്കുന്നതും അഞ്ചുവർഷം കഴിയുമ്പോൾ 500 രൂപ തിരികെ നല്കുന്നതുമാണ്.

ഗ്യാരണ്ടി — ഇന്ദിരാവികാസ് പത്ര

അഞ്ചുവർഷം കഴിഞ്ഞ് പണം തിരികെ നല്കും എന്നതിനുറപ്പായി ഡ്രാഫ്ററ് കിട്ടി 10 ദിവസത്തിനുള്ളിൽ 500 രൂപ മുഖവിലയുള്ള 'ഇന്ദിരാവികാസ്പത്ര' അയച്ചുതരുന്നതാണ്. നിങ്ങൾക്കോ നിങ്ങൾ നിർദ്ദേശിക്കുന്ന വ്യക്തിക്കോ ഇന്ത്യയിലെ ഏതു പോസ്ററാഫീസിൽ നിന്നും മാറി എടുക്കാവുന്ന ഇന്ത്യഗവൺമെൻറിന്റെ ഗ്യാരണ്ടി! അഞ്ചുവർഷം കഴിയുമ്പോൾ 'ഇന്ദിരാവികാസ് പത്ര' മടക്കി അയച്ചുതന്ന് നേരിട്ടോ ഏതെങ്കിലും പോസ്ററ് ഓഫീസിൽ നില്കിയോ 500 രൂപ തിരികെ വാങ്ങാവുന്നതാണ്.

വേഗമാകട്ടെ.

ഇന്ന് തന്നെ 500 രൂപയുടെ ഡ്രാഫ്ററ് അയച്ച് ഒരു. വി. ഐ. പി. വരിക്കാരനാകുക.

വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും പൊതു വിജ്ഞാനം ലഭ്യമാക്കാൻ കരിയർ മാഗസിൻ സഹായകമാകും.
ശ്രീ. കെ. കരുണാകരൻ, മുഖ്യമന്ത്രി

കരിയർ മാഗസിൻ വളരെ പ്രയോജനകരമാണ്. വല്ലതും പഠിച്ച് തൊഴിലി ല്ലാതെ കഴിഞ്ഞുകൂടുന്ന ഒരു സംഖ്യയുമുണ്ടല്ലോ നമ്മുടെ നാട്ടിലുണ്ടല്ലോ? അവർക്കിതൊരു പ്രായോഗിക വഴികാട്ടിയാകും.
ശ്രീ. അച്യുതമേനോൻ, മുൻ മുഖ്യമന്ത്രി

Navajeevan

മുണ്ടായില്ല. സാംസ്കാരിക വിപ്ളവത്തിന്റെ സൂത്രധാരയായിരുന്ന അവരെ -ജനങ്ങളിൽ നല്ലൊരു ഭാഗം വെറുത്തിരുന്നു എന്നതാണ് യാഥാർത്ഥ്യം.

ചൈനീസ് നേതൃത്വത്തിൽ മാററങ്ങളുണ്ടാകുമെന്ന് പല പാശ്ചാത്യ തന്ത്രപ്രതിനിധികളും വിശ്വസിക്കുന്നുണ്ട്. പക്ഷേ, അത്തരമൊരു സാദ്ധ്യതലീപെങ് തള്ളിക്കളയുന്നു. ''അടുത്ത കൊല്ലം പാർട്ടി കോൺഗ്രസ് വിളിച്ചുകൂട്ടാൻ ഒരു പരിപാടിയുമില്ല.'' അദ്ദേഹം പറഞ്ഞു.

മുൻനയ പരിപാടികളെ കീഴ്മേൽ മറിച്ചു കൊണ്ടുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ കൊണ്ട് ചുടുപിടിച്ച സാമ്പത്തിക ജീവിതത്തിൽ കുളിർകാററ് കടത്തിവിടാൻ കർക്കശമായ ചെലവു ചുരുക്കൽ പരിപാടി ദെങിന്റെ ഗ്രീഷ്മകാല വിശ്രമവസതിയിൽ വച്ചായിരുന്നു ആവിഷ്കരിച്ചത്. അതോടൊപ്പം നിരവധിയാഥാസ്ഥിതിക നേതാക്കൾ രംഗം വിടാൻ നിർബന്ധിതരായി. അവരുടെ സ്ഥാനം ഏറെറടുത്തത് പരിഷ്കരണ വാദികളായിരുന്നു.

സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാനും ചൈനയുടെ കവാടങ്ങൾ പുറംലോകത്തിന് തുറന്നിടാനുമാണ് നേതൃത്വം ശ്രമിക്കുന്നത്. ഗൾഫ് യുദ്ധകാലത്ത് ചൈനയുടെ പങ്ക് വളരെ അപ്രധാനപ്പെട്ടതായിരുന്നു. ലിപെങിന്റെ നേതൃത്വത്തിലൊരു സംഘം പശ്ചിമേഷ്യയിൽ പര്യടനം നടത്തിയത്, ആ ഭൂവിഭാഗത്തിലെ രാജ്യങ്ങളുമായി വിശേഷിച്ച് സൗദി അറേബ്യയും കുവൈററുമായി കൂടുതൽ അടുക്കാൻ വേണ്ടിയായിരുന്നു. ഒരു ന്യൂക്ളിയർ പ്ളാൻറ് രഹസ്യമായി സ്ഥാപിക്കാൻ ഇറാക്കിനെ ചൈന സഹായിക്കുകയാണെന്ന് വാഷിംഗ്ടൺ കുററപ്പെടുത്തിയത് അക്കാലത്താണ്. എന്നാൽ പാകിസ്ഥാനും മററ് രാജ്യങ്ങൾക്കും ഹ്രസ്വദൂര മിസൈലുകൾ ചൈന വിൽക്കുകയാണെന്ന് എല്ലാവർക്കും അറിവുള്ളതാണ്. വിദേശ വകുപ്പിലെ ഏഷ്യാധിവിഷൻ ഡയറക്ടർ മാധം ഷെങ്ലാനുമായി സംസാരിക്കുന്നതിനിടയിൽ ഞാനിക്കാര്യം ഉന്നയിച്ചു.

''ഒരു പരമാധികാര രാജ്യമായി ഞങ്ങൾക്ക് പാകിസ്ഥാന് മിസൈലുകൾ വിൽക്കാനുള്ള എല്ലാ അവകാശവും ഞങ്ങൾക്കുണ്ട്. ഇന്ത്യയാണെങ്കിൽ ഹ്രസ്വദൂര—ദീർഘദൂര മിസൈലുകൾ നിർമ്മിക്കുന്നുണ്ട്. അതിൽ നിങ്ങൾ സ്വയം പര്യാപ്തരുമാണ്, '' അവർ പറഞ്ഞു. ഒരുരാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ ഞങ്ങൾക്കാഗ്രഹമില്ല. ആ നയത്തിൽ മാററം വരുത്തുകയുമില്ല—അവർ കൂട്ടിച്ചേർത്തു.

കഴിഞ്ഞ കൊല്ലമാണ് ചൈനീസ് കറൻസിയായ യുവന്റെ വില ഇരുപതുശതമാനം വെട്ടിക്കുറച്ചത്. ലോക ബാങ്കിന്റെയും ഐ.എം.എഫിന്റെയും സമ്മർദ്ദമായിരുന്നു അതിനു കാരണം. ഡോളറും യുവാനുമായുള്ള അനുപാതത്തിൽ സമീകൃതമാക്കാൻ ഇതു സഹായിച്ചു. അതുകൊണ്ടുതന്നെ ഡോളറിന്റെ കരിഞ്ചന്ത കുറയുകയും ചെയ്തു. ഇതൊക്കെയാണെങ്കിലും ചൈനയുടെ ആഭ്യന്തരസാമ്പത്തിക സ്ഥിതിഗതികൾ അങ്ങേയററം പ്രശ്നങ്ങൾ നിറഞ്ഞതാണ്. കഴിഞ്ഞ കൊല്ലത്തെ കമ്മി 2.7 ബില്യൺ ഡോളറായിരുന്നു. വൻതോതിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഏറെറടുക്കേണ്ടി വന്നതുകൊണ്ടും വ്യാവസായിക യൂണിററുകൾ പുതുക്കേണ്ടിവന്നതുകൊണ്ടും മാത്രമല്ല, കാഷികരംഗത്ത് നിരവധി വികസന പ്രോജക്ടുകൾ നടപ്പാക്കിയതുകൊണ്ടുമാണ് ഈ കമ്മിയെന്ന് ധനമന്ത്രിവാങ് ബിനോയർ പറഞ്ഞു. എന്നാൽ ഇതിൽനിന്നെല്ലാം വ്യത്യസ്തമായൊരു നില പാടാണ് പ്രധാനമന്ത്രി ലിപെങിന്റേത്. ചൈനയുടെ സാമ്പത്തിക ജീവിതത്തിനേററ ആഘാതത്തിൽ നിന്നും കരയേറുകയും അനുകൂലമായ സാഹചര്യത്തിലേക്കു നീങ്ങുകയും ചെയ്യുകയാണെന്നാണ് അദ്ദേഹം പറയുന്നത്. ഇക്കൊല്ലം പകുതിയായപ്പോൾത്തന്നെ വ്യവസായിക വളർച്ച പത്തു ശതമാനമായി ഉയർന്നത് ഇതിനു ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടി. ഈഅവസ്ഥയെ സഹായിക്കുന്നതിനായി തുടർച്ചയായി രണ്ടുകൊല്ലം നല്ല വിളവെടുപ്പും ചൈനയ്ക്കു കൈവന്നു.

(തുടരും)

ഒ.എൻ.വി.കുറുപ്പ്

അപരാഹ്നം

കൂരിരുട്ടിൽ നടന്നുഴറുമ്പോൾ
സൂര്യ! നീയായിരുന്നെൻ മനസ്സിൽ
സ്നാനഘട്ടത്തിലെത്തെളിനീററിൽ
ഞാനിറങ്ങിക്കുനിഞ്ഞുനില്ക്കുമ്പോൾ
നിൻതുടുത്ത മുഖച്ഛായ താഴെ
കണ്ടുകൈകളാൽ കോരിയെടുത്തു
ധ്യാനലീനമൊരുമാത്രനിന്നു
ഞാനെറിഞ്ഞു മുകളിൽ; കിഴക്കേ
വാനമാകെത്തുടുത്തു; പ്രപഞ്ച-
വീണ ഭൂപാളരാഗമുതിർത്തു.

ഇന്നലെയതുപോലെൻ മനസ്സിൽ-
നിന്നുനിന്നെ ഞാൻ കോരിയെടുത്തു
ഈയിരുട്ടിലലയുന്ന നിസ്വ-
ജീവിതങ്ങളിലേക്കായെറിഞ്ഞു.
നിയവരിലെരിഞ്ഞുപടർന്നു;
നിയവർതന്നുണർവ്വായുണർന്നു;
പൂർവദിക്കിലൊരുപാതിരാവിൽ
സൂര്യ! നീയുദിക്കുന്നതും കണ്ടു.
ഇജ്ജ്വലമൊരു ഭൈരവീരാഗം
ഇജ്ജ്വഗജ്ജീവനിൽനിന്നുയർന്നു.

ഞങ്ങളാശിച്ചു: വററിവരണ്ട
ഗങ്ഗ വീണ്ടുമുയിർത്തുമദിക്കും;
ബോധിശാഖി തളിർക്കും; മനുഷ്യ-
ഗാഢതൻപൊരുൾ സാകേതമോർക്കും;
ഏകലവ്യന്മാർ വില്ലുകുലയ്ക്കും;
'മേഘമൽഹർ' ഈ മണ്ണുനനയ്ക്കും;
ശ്യാമവർണ്ണരാം കൊച്ചുകിടാങ്ങൾ
സാമഗീതങ്ങൾ പാടാൻ പഠിക്കും;
ദളിതർ, തൻവിധി താനേതിരുത്തും;
'പതിതപാവനർ' ഭൂമിയെനേടും....

ഞങ്ങൾമോഹിച്ചു: ഭിത്തികൾ കെട്ടി
തുണ്ടുതുണ്ടായ് പകുക്കാത്ത ലോകം!
തുങ്ഗശീർഷരായ് നിർഭയരായി-
ട്ടെങ്ങുനില്ക്കുവാനാവുമാലോകം!
എങ്കിലെ, ന്തിരുകർണ്ണവും ചേദി-
ച്ചമ്മ കൈനീട്ടി നില്ക്കുകിൽമാത്രം
കൈവരിക്കാം സ്വതന്ത്രതയെന്ന
കൈതവത്തിന്നിവരടിപ്പെട്ടു.
വക്കിൽരക്താപുരണ്ടപാത്രത്തിൽ
വച്ചുനീട്ടുമമൃതല്ലി നേടി?....

ഈയമൃതിലുണ്ടമ്മതൻ രക്തം!
ഈയമൃതിൽ സഹജാതരക്തം!
ഇതു രുചിപ്പോർ രുചിപ്പതു രക്തം!
ഇതു ഭുജിച്ചോർക്കു രക്തത്തിനാർത്തി!
ദിക്കുകൾ ബലിക്കല്ലുകളാകു;-
ന്നൊക്കെരക്താഭിഷിക്തമാവുന്നു!
അമ്മ തന്നങ്ഗമോരോന്നുമിപ്പോൾ
പങ്കിടാൻ ഞങ്ങൾ മത്സരിക്കുന്നു!
ഞങ്ങൾ വർണ്ണങ്ങളായ് തിരിയുന്നു!
ഞങ്ങൾ വംശങ്ങളായ് പിരിയുന്നു!

ആരെയാർ കൊന്നു? സൂര്യ! നട്ടുച്ച-
നേരവുമന്ധകാരമായല്ലോ!
ഒരുപകൽ ഞങ്ങൾ സൃഷ്ടിച്ചുവെങ്കിൽ
ഇനിയതിൻ അപരാഹ്നമാകുന്നു!
പടിയിറങ്ങുന്നുവോ നീ? പതുക്കെ
കടലുമല്പാല്പമായ് തുടുക്കുന്നു.
ഒടുവിലീ ഭൂവിൽനിന്നിവർ താനേ
കുടിയൊഴിക്കപ്പെടാൻ തുടങ്ങുന്നു.

ഒരു ദിനമിനി നീവരുമ്പോളാ-
പരമഭീകര ശാന്തതനോക്കി
വെറുതെയോർത്തിടാം:
''സ്രഷ്ടാവിനോളം
വലിയൊരാളിവിടുണ്ടായിരുന്നു!
അവനമൃതം ലഭിച്ചവൻ; പക്ഷേ
അവനുശത്രു അവനായിരുന്നു....''

സ്പെഷ്യൽ ഓഫർ സ്കീം

ഇനി മുതൽ 357 രൂപ വിലയ്ക്കുള്ള കലാകൗമുദി പ്രസിദ്ധീകരണങ്ങൾ 240 രൂപയ്ക്കു ലഭിക്കും

കലാകൗമുദി, കഥ ദ്വൈവാരിക, വിമൻസ് മാഗസിൻ എന്നിവയാണ് സ്പെഷ്യൽ ഓഫർ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സ്കീം പ്രകാരം വരിക്കാരായാൽ കലാകൗമുദിക്കും കഥയ്ക്കും വിമൻസ് മാഗസിനും കൂടി ഒരു വർഷത്തേക്ക് 240 രൂപ അടച്ചാൽ മതി. 1991 സെപ്തംബർ ആദ്യവാരം മുതൽ ഒരു കൊല്ലക്കാലം കലാകൗമുദിയും കഥയും വിമൻസ് മാഗസിനും വരിക്കാർക്ക് എത്തിച്ചുകൊണ്ടിരിക്കും. ഈ മൂന്നു പ്രസിദ്ധീകരണങ്ങളുടെ വിലയിൽ കാലാകാലം ഉണ്ടാകുന്ന വർദ്ധനവ് ഈ സ്കീമിൽ ചേരുന്നവർക്ക് ബാധകമല്ല. വിശേഷാൽ പ്രതികളും പോസ്റ്റേജിനത്തിൽ വരുന്ന അധിക ചെലവും സൗജന്യമായിരിക്കും. 1991 ആഗസ്റ്റ് 31-ാംതീയതിവരെ ലഭിക്കുന്ന കൂപ്പണുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. മലയാളത്തിലെ മൂന്നു മികച്ച പ്രസിദ്ധീകരണങ്ങളുടെ ഒരു വർഷത്തെ ലക്കങ്ങൾ സ്വന്തമാക്കാനുള്ള ഏറ്റവും ലാഭകരമായ ഈ പദ്ധതി പ്രയോജനപ്പെടുത്തുക. ഇന്ത്യയ്ക്കു പുറത്തുള്ളവർക്ക് ഈ പദ്ധതി ബാധകമല്ല. എങ്കിലും നാട്ടിലുള്ള ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ വേണ്ടി വിദേശ മലയാളികൾക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

ഇതോടൊപ്പമുള്ള കൂപ്പൺ പൂരിപ്പിച്ച് 'മാനേജർ, കലാകൗമുദി'ക്ക് 240 രൂപയുടെ ക്രോസ് ചെയ്ത ഡ്രാഫ്റ്റോ പോസ്റ്റൽ ഓർഡറോ ചെക്കോ അല്ലെങ്കിൽ മണിയോർഡറോ അയയ്ക്കുക.

സർക്കുലേഷൻ മാനേജർ,
കലാകൗമുദി പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്,
കൗമുദി ബിൽഡിംഗ്സ്, പേട്ട,
തിരുവനന്തപുരം-695 024.

സ്പെഷ്യൽ ഓഫർ 1991

കലാകൗമുദിയും കഥയും വിമൻസ് മാഗസിനും 1991 സെപ്തംബർ ആദ്യവാരം മുതൽ ഒരു കൊല്ലത്തേക്ക് എനിക്ക് തപാലിൽ അയച്ചുതരുന്നതിനായി 240 രൂപയുടെ ഡ്രാഫ്റ്റ് / പോസ്റ്റൽ ഓർഡർ / ചെക്ക് / മണിയോർഡർ ഇതു സഹിതം 'മാനേജർ, കലാകൗമുദി'ക്ക് അയയ്ക്കുന്നു.

പേര്: മി/മിസ് / മിസ്സിസ്: _____

വാരികകൾ കിട്ടേണ്ട വിലാസം: _____

മാധവിക്കുട്ടി

നീർമാതളം പൂത്തകാലം

മുപ്പത്

കൽക്കത്തയിലെ ന്യൂ മാർക്കറ്റിൽ ഉണങ്ങിയ മുന്തിരി, ഈന്തപ്പഴം, അത്തിപ്പഴം, വോൽനട്, ബദാം, കശുവണ്ടി മുതലായ പദാർത്ഥങ്ങൾ വിൽക്കുന്ന ഒരു ആർമീനിയന്റെ കടയുണ്ടായിരുന്നു. ഈത്തപ്പഴത്തിന്റെ കുരു നീക്കി പകരം ആ വിടവിൽ ഒരു ബദാം പ്രതിഷ്ഠിച്ച് ആ മഹാൻ വില്ക്കാറുണ്ടായിരുന്നു. അത്തരം ഈത്തപ്പഴത്തിന്റെ ഒരു വലിയ പെട്ടി അച്ഛൻ എല്ലാ വർഷവും വാങ്ങിക്കൊണ്ടുവന്ന് അമ്മാമന് സമ്മാനിക്കാറുണ്ടായിരുന്നു. അമ്മാമന് ഈത്തപ്പഴം സമ്മാനിക്കൽ അലംഘനീയമായ ഒരു കൃത്യനിർവഹണമായി അച്ഛൻ കരുതിപ്പോന്നു. അതിന് കാരണമുണ്ട്. ഒരിക്കൽ പട്ടാളക്കാരുടെ ക്ഷേമനിധിയിലേക്ക് പണം പിരിക്കുവാൻ ഗവർണ്ണറുടെ ധർമ്മപത്നിയും മററു പതിവ്രതകളുംകൂടി ചില ചെടികൾ ലേലത്തിൽ വില്ക്കുകയുണ്ടായി. അച്ഛൻ ഭീമമായ ഒരു സംഖ്യകൊടുത്ത് അവരിൽനിന്ന് വാങ്ങിയ ഒരീത്തപ്പനച്ചെടി നനഞ്ഞ മണ്ണോടെ കൊണ്ടുവന്ന് അച്ഛൻ അമ്മാമന് സമ്മാനിക്കുകയുണ്ടായി. ആ ചെടി നാലപ്പാട്ടെ കിണററിന്റെ കിഴക്കുവശത്ത് കുട്ടികൾ, വേലക്കാർ,അയൽക്കാർ,പടിക്കൽക്കൂടി പോവുന്നവർ മുതലായവർ നോക്കിനില്ക്കെ അമ്മാമൻതന്നെ കിളച്ച് മൃദുവാക്കിയ മണ്ണിൽ നടുകയുമുണ്ടായി. അത് വളർന്ന് മരമായി, പനയായി, നാലപ്പാട്ടുള്ളവർക്ക് മധുരിക്കുന്ന ഈത്തപ്പഴം പ്രദാനം ചെയ്യുന്ന കാലത്തെപ്പററി അച്ഛനും അമ്മാമനും സ്വപ്നം കണ്ടു. ആ ചെടിക്ക് നാലപ്പാട്ട് മറെറാരു ചെടിക്കും കിട്ടാൻ കഴിയാത്ത വാത്സല്യം ലഭിക്കുകയും ചെയ്തു. എന്നും കുളിക്കുവാൻ കുളിമുറിക്കുമെതിയടി ധരിച്ച് നടന്നുവരുമ്പോൾ അമ്മാമന്റെ കാലുകൾ ആ ചെടികളെ സമീപിച്ചു. അതിന് ഒരു ഗ്ളാസ് വെള്ളം ഒഴിച്ചുകൊടുക്കുവാൻ അമ്മാമൻ ഉത്സാഹം പ്രകടിപ്പിച്ചു. ഈത്തപ്പനയുടെ ചെടിക്ക് ചുററും നിന്നിരുന്ന ചെടികളും മരങ്ങളും ഋതുഭേദമനുസരിച്ച് തളിർക്കുകയും കായ്ക്കുകയും ചെയ്തു. പന കേവലം ഒരുമുഴം നീളത്തിൽ മുരടിച്ച് നിന്നു. അതിന്റെ വളർച്ചയ്ക്കായി അഭ്യുദയകാംക്ഷികളുടെ ഉപദേശങ്ങൾ അമ്മാമൻ ചെവിക്കൊണ്ടു. പാല്, കരിക്കിൻവെള്ളം മുതലായവകൊണ്ട് അഭിഷേകം ചെയ്തു. ഫലമുണ്ടായില്ല. മണലാരണ്യത്തിന്റെ പ്രതീതികിട്ടുവാൻ പൂഴിമണ്ണ് അതിന്റെമേൽ വിതറുകയും ചെയ്തു. പന മുരടിച്ചുതന്നെ നിലകൊണ്ടു. അച്ഛൻ അവധിക്കു വരുമ്പോൾ അതിന്റെ രൂപം കണ്ട് അസ്വസ്ഥനായി. പാലിക്കാത്ത വാക്കെന്നപോലെ, ലംഘിച്ച വാഗ്ദാനമെന്നപോലെ ആ മുരടൻചെടി കിണററിൻകരയിൽ അവശേഷിച്ചു. അതിനു പിന്നിൽ മടത്തിൻ കാളി പൂത്തു, കായ്ച്ചു. വടുകപ്പുളിമരങ്ങൾ നിർലോഭം കായ്ച്ചു. കൂവളവും കായ്ച്ചു.

ചുറ്റും രാമത്തുളസിയും കാട്ടുതുളസിയും കൃഷ്ണതുളസിയും അവയുടെ മൃദുഗന്ധങ്ങൾ കാറ്റിൽ പരത്തി. പനയെ നോക്കുന്നവർക്ക് മനസ്താപം അനുഭവപ്പെട്ടു.

''ഈ കുരുത്തംകെട്ട ചെടി വളരൂല്യേ?'' കലി നാരായണൻ നായർ ഒരു ദിവസം ചോദിച്ചു. അയാൾക്ക് അതിന്റെ കടയ്ക്കൽ നനച്ച് നനച്ച് സഹികെട്ടു കഴിഞ്ഞിരുന്നു.

മരുഭൂമിയിൽ വളരുന്ന പനക്ക് വെള്ളം കൊടുക്കരുതെന്ന് അമ്പാഴത്തേൽ കുഞ്ഞുണ്ണിമേനോൻ പ്രസ്താവിച്ചു.

''മത്സ്യത്തിനെ പിടിച്ച് പുൽപ്പായിൽ വെയ്ക്കോ? ഓരോന്നിനും അതിന്റേതായ ഒരു ജീവിതരീതി ഉണ്ടാവും'' കുഞ്ഞുണ്ണിയേട്ടൻ പറഞ്ഞു.

ആ പന സമ്മാനിച്ച നൈരാശ്യത്തെ ലഘൂകരിക്കുവാൻ മാത്രമായിരുന്നു അച്ഛൻ ന്യൂമാർക്കററിലെ ആർമീനിയന്റെ കടയിൽ നിന്ന് ബദാംവെച്ച ഈത്തപ്പഴം തീവില കൊടുത്തും വാങ്ങിച്ചിരുന്നത്. അമ്മാമൻ അച്ഛൻ കൊണ്ടുവന്നതെന്തും രുചിയോടെ തിന്നുകയും ചെയ്തു. അമ്മമ്മയുടെ ഓഹരിയിൽനിന്ന് വേലക്കാർ, പൊട്ടിപ്പെണ്ണ് മുതലായവർ സ്വാദ് നോക്കി.

അമ്മാമന് പ്രമേഹക്കുരു പഴുത്ത് കിടക്കാൻ വയ്യാതായപ്പോൾ അദ്ദേഹം കുന്നംകുളം ആസ്പത്രിയിൽ അകപ്പെട്ടു. പിന്നീട് ഒരിക്ക



ലും അമ്മാമൻ മധുരം ഭക്ഷിച്ചിട്ടില്ല. പിന്നീട് നാലപ്പാട്ടുവീട്ടിൽ ശർക്കരയും തേങ്ങയും ഉള്ളിൽവച്ച് ആവിയിൽ വേവിക്കുന്ന അട, കുമ്പളപ്പം, കാരോൽപ്പം മുതലായവയൊന്നും ആരും ഉണ്ടാക്കിയിട്ടുമില്ല. വാസ്തവത്തിൽ ആ വീട്ടിൽ ഉണ്ടാക്കിയതെന്തുംതന്നെ അമ്മാമനെ ഉദ്ദേശിച്ച് ഉണ്ടാക്കിയതായിരുന്നു. അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ അന്വേഷിച്ചും അനുസരിച്ചും മാത്രമെ ബാക്കിയുള്ളവർ പ്രവർത്തിച്ചിരുന്നുള്ളു. സ്വകുടുംബത്തിൽ അത്രകണ്ട് സ്നേഹാദരങ്ങൾ ലഭിച്ച മറ്റൊരാൾ ആ നാട്ടിലൊന്നും ഉണ്ടായിരുന്നില്ല. അമ്മാമനോടു സംസാരിക്കുമ്പോൾ കുടുംബാംഗങ്ങളുടെ സ്വരങ്ങൾ സൌമ്യങ്ങളായി.

നാലപ്പാട്ടെ മരങ്ങളിൽ ഓരോന്നും ജീവിക്കുന്ന കുടുംബാംഗങ്ങളെപ്പോലായിത്തീർന്നിരുന്നു. ചാഞ്ഞ കൊമ്പുള്ള പ്ളാശിൽ എത്ര തലമുറകൾ ഓടിക്കയറി. ഒരററം അൽപ്പം കൂർത്ത് വിചിത്രങ്ങളായ നെല്ലിക്കകൾ സമ്മാനിച്ച നെല്ലി, കുളിക്കുവാൻ വാക ചെത്തി എടുത്തിരുന്ന വാകമരം, പടിക്കലെ പൂവരശ്, നാരകം, മുരിങ്ങ, കരിമ്പന....

ഒരിക്കൽ ഞാൻ നാട്ടിൽ വന്നപ്പോൾ പല മരങ്ങളും അപ്രത്യക്ഷങ്ങളായിക്കഴിഞ്ഞിരുന്നു. എന്റെ ഹൃദയം പിടച്ചു. ആ മരങ്ങളില്ലാത്ത ഒരു ലോകത്തിൽ ഞാൻ ഏകാകിനിയും അനാഥയുമാണെന്ന് അന്ന് എനിക്ക് തോന്നി.

അച്ഛനും അമ്മയും ഞങ്ങളും നാട്ടിൽ നിന്ന് അവധിക്കാലത്തിന്റെ അവസാനത്തിൽ മടങ്ങുമ്പോൾ തീവണ്ടിയിൽവച്ച് അച്ഛൻ ഒരിക്കൽ പറഞ്ഞു.

''ആമി, നിന്റെ മലയാളം ഇംപ്രൂവ് ചെയ്യാൻ നീ എന്നും മാതൃഭൂമി വായിക്കണം.'' നഗരത്തിൽ ജീവിക്കുന്ന തന്റെ കുട്ടികൾക്ക് മലയാളഭാഷ കൈകാര്യം ചെയ്യാനറിയണമെന്ന് അച്ഛൻ ശഠിച്ചു. അച്ഛന്റെ നിർബന്ധം കാരണമാവാം ഞങ്ങൾ മാതൃഭൂമി ആഴ്ചപ്പതിപ്പ് സ്ഥിരമായി വായിച്ചത്. പൊററക്കാട്ടിന്റെ നീണ്ട ചെറുകഥകൾ എനിക്ക് ഇഷ്ടപ്പെട്ടു. എന്റെ ജ്യേഷ്ഠന് പ്രേമകഥകൾ വായിക്കുവാൻ താൽപ്പര്യമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വായന ശാസ്ത്ര കഥകളിലും വീരേതിഹാസങ്ങളിലും ഒതുങ്ങിനിന്നു.

അന്ന് പുന്നയൂക്കുളത്ത് തക്കാളി,മൊട്ടക്കുസ്,പച്ചപ്പട്ടാണി മുതലായ മലക്കറികൾ കിട്ടിയിരുന്നില്ല. ഒരുതവണ ഒരു പരന്ന മരപ്പെട്ടി നിറയെ കൽക്കത്തയിൽ കിട്ടുന്ന മലക്കറികൾ അച്ഛൻ നാട്ടിലേക്കു കൊണ്ടുവന്നു. അപരിചിതങ്ങളായ അവയെ കണ്ട് എന്റെ മുത്തശ്ശി പൊട്ടിച്ചിരിച്ചു. എലിയങ്ങാട്ടിലേക്കും അമ്പാഴത്തേൽ വീട്ടിലേക്കും മാരാത്തട്ടിലേക്കും ഹെഡ്മാസ്ററുടെ മാത്തിലേക്കും അയച്ചുകഴിഞ്ഞപ്പോൾ നാലപ്പാട്ടുകാർക്ക് ഒരു നേരത്തെ കൂട്ടാൻ വെക്കുവാൻ മാത്രമുള്ള പച്ചക്കറികൾ അവശേഷിച്ചു. വിതരണം ചെയ്യുവാൻ ഏററവും താൽപ്പര്യം പ്രകടിപ്പിച്ചത് അമ്മമ്മയായിരുന്നു. ഒരു വെല്ലം ശർക്കര തിന്നുമ്പോഴും അവർ അതു പൊട്ടിച്ച് ചുററും നില്ക്കുന്നവർക്കു കൊടുത്തതിനുശേഷമേ സ്വാദ് നോക്കിയുള്ളു. അച്ഛനും ദാനശീലനായിരുന്നു. തനിക്ക് വലിക്കുവാനായി കൊണ്ടുവന്ന ഗോൾഡ് ഫ്ളേയ്ക്ക് സിഗരററുകൾ പാടെ സന്ദർശകർക്കും, പരിചാരകർക്കും ഭിക്ഷക്കാർക്കും വിതരണം ചെയ്തുകഴിഞ്ഞാൽ ഗ്രാമച്ചന്തയിൽ കിട്ടുന്ന സിഗരററ് വാങ്ങിച്ച് വലിക്കുവാനും അച്ഛൻ മടിച്ചില്ല. ക്ഷുരകനായ ചാത്തു എല്ലായ്പ്പോഴും അച്ഛന്റെ മഹാമനസ്കതയെ പുകഴ്ത്തി സംസാരിക്കാറുണ്ടായിരുന്നു. ''ഏമാന്റെ സിഗ്രററ് പോലെ വീര്യളളത് ഇബടങ്ങളില് കിട്ടാൻ പ്രയാസാ.'' ചാത്തു പറഞ്ഞു.

''മുന്ന്യേ സീക്രട്ട് വലിച്ച് അതൊരു ശീലാക്കണ്ട, ചാത്ത്യോ. ഏമാൻ കൽക്കത്തേക്കു മടങ്ങുമ്പൊ വീര്യളള സീക്രട്ട് വലിക്കാൻ കിട്ടാണ്ടെ ചാത്തൂന് എടങ്ങാറാവും.''മാധവിയമ്മ പറഞ്ഞു.

''ഇയ്ക്കും ഏമാൻ തരാറ്ണ്ട്. പക്ഷേ, ഞാൻ അതു പൂഴിക്കള്ളേ കൊണ്ടോയി വിററ് കാശാക്കും. ഇയ്ക്ക് വലിയ്ക്കാൻ വീടി ധാരാളം മതി. സായിപ്പമ്മാര് വലിയ്ക്കണ സീക്രട്ട് വലിയ്ക്കണ്ടത്ര ഞാൻ വല്തായിട്ടില്യെടോ'' കലി നാരായണൻനായർ പറഞ്ഞു. ആ വാക്കുകൾ ശരങ്ങൾപോലെ ചാത്തുവിനെ വേദനിപ്പിച്ചു. അയാൾ സിഗരററ് മാവിൻമേൽ തട്ടി കെടുത്തി തന്റെ ചെവിക്ക് പിന്നിൽ തിരുകി.

''കൊറച്ച് ചായടെ വെള്ളണ്ടാവൊ?'' ചാത്തു മാധവിയമ്മയോട് ഭവ്യതയോടെ ചോദിച്ചു.

''ഇബടെ ചായടെ സമയൊക്കെ കഴിഞ്ഞു, ചാത്ത്യോ. കൊറച്ച് നേർത്തെ പറഞ്ഞിട്ടുണ്ടെങ്കി തരായിർന്നു. ഇപ്പൊ ചായക്കിണ്ടീല് ഒരൊററ തുള്ളീം വാക്കിണ്ടാവില്യ.'' മാധവിയമ്മ പറഞ്ഞു.

''ഏമാന്റെ മുടി വെട്ട്േറ്ന്ന്. ചായ കുടിക്കാൻ സായിച്ചില്യ.'' ചാത്തു പിറുപിറത്തു.

കൊറച്ച് ചായക്ക് വെള്ളം വെയ്ക്കടോ കലി നാരായണൻ നായരേ. ഒരാള് വെള്ളം ദാഹിച്ചിട്ട് ചോയിക്കുമ്പൊ എങ്ങനെയാ കൊട്ക്കാണ്ടെയിരിയ്ക്കാ?'' മാധവിയമ്മ അടുക്കളയിലേക്ക് എത്തിച്ചുനോക്കിക്കൊണ്ട് ചോദിച്ചു.

''ഇതെന്താ, ഓട്ടലാ? വരണോർക്കും പോണോർക്കും ചോയിക്കുമ്പൊ ചായ തെളപ്പിച്ച് കൊട്ക്കാൻ ഇത് ഓട്ടലാ? ഓട്ടലാച്ചാ അയിന്റെ പേര് കട്ടിളപ്പടിമ്മല് എഴ്തി വെച്ചിട്ട്ണ്ടാവില്യേ? ഇബടെ വല്ല പേരും എഴ്തി വെച്ച്ട്ട്ണ്ടാ? ഇല്യലോ? അതാ ഞാൻ പറഞ്ഞ് ഇത് വരണോർക്കും പോണോർക്കും ചായ കൊടുക്കണ ഓട്ടലല്ലാന്ന്.'' ഇരുട്ടിൽ നിന്ന് കലിയുടെ അശരീരി മുഴങ്ങി.

''ദാഹിച്ചിട്ടല്ലേ നാരായണൻ നായരേ?''മാധവിയമ്മ ചോദിച്ചു.

''ദാഹിച്ചാ ചായ കുടിക്കണംന്ന് നെയമണ്ടാ? കെണററ്ന്ന് വെള്ളം കോരിത്തരാം. കുടിച്ചോളൊടൊ. വയറ് നെറയണവരെ കെണററിലെ വെള്ളം കുടിച്ചോളൊ.'' കലി നാരായണൻ നായരുടെ ശബ്ദം ഉയർന്നു.

''ഈ കുരുത്തംകെട്ട തന്ത ഈ അട്ക്കള്ളേല് വാഴണ കാലം ഇബടെ എപ്പഴും ദാരിദ്ര്യാ!'' മാധവിയമ്മ താഴ്ന്ന സ്വരത്തിൽ പറഞ്ഞു.

''ഞാൻ കണ്ണ് പൊട്ടനൊന്ന്വല്ല. ഇയ്ക്ക് ചെവീം നല്ലൊണം കേക്കാം. ഇങ്ങടെ മോന്തയോണ്ട് ഒരൂട്ടം കാണിക്കണത് ഇബ്ടെ നിന്നാ കാണാം. ഇങ്ങള് പറേണതൊക്കോം ഞാൻ കേട്ടൂട്ടാ.'' കലി നാരായണൻ നായർ വിളിച്ചു പറഞ്ഞു.

''ചാത്തൂന് മൂപ്പര് എത്ര കാശ് തന്നു?'' മാധവിയമ്മ ചോദിച്ചു.

''ഇയ്ക്ക് ഏമാൻ അഞ്ചു രൂപ്യ തന്നു. പെര കെട്ടിട്ടില്യാന്ന് പറഞ്ഞപ്പൊ കീശേന്ന് എട്ത്ത് തന്നതാ.'' ചാത്തു തന്റെ സ്വന്തം ശിരസ് വാത്സല്യത്തോടെ തടവിക്കൊണ്ടിരുന്നു.

''അമ്പട മിടുക്കാ. അഞ്ചു രൂപ്യാ കിട്ടീട്ടാ ഇബടെ വന്നിട്ട് ദാഹിക്കുന്നു, ചായ വേണംന്ന് പറേണ്! പോയി ആ താമന്റെ പീട്യേന്ന് ചായേം പരിപ്പുവടേം മേടിക്കടൊ. നാലണടെ കാശ് ചെലവായിക്കിട്ടട്ടെ. താനൊരു പിശുക്കനാടൊ ചാത്ത്യോ. താൻ ചാവുമ്പൊ ഈ കാശ് കൂടെ കൊണ്ടുവ്വൊ? ഇല്യലൊ? എന്നാ ഇപ്പൊ ആറ്റ് പൊറത്തുപോയി താമന്റെ പീട്യേന്ന് വല്ലും മേടിച്ച് കുടിയക്ക്ടൊ'' മാധവിയമ്മ പറഞ്ഞു.

മാധവിയമ്മയുടെ വാക്കുകൾ കേട്ടിട്ടാവും മാമ്പുള്ളി കൃഷ്ണന്റെ സഹധർമ്മിണിയായ വള്ളി ചിരിച്ചുകൊണ്ട് വടക്കെ മുററത്തേക്ക് ധൃതിപിടിച്ചു വന്നത്.

''മാധവി അമ്രാള് പറേണതാ ശെരി. കായിണ്ടെങ്കി താമന്റെ പീടികേച്ചെന്ന് ഒരാപ്പ് ചായേം രണ്ട് ഉണ്ടപ്പോം വാങ്ങോ.....ഇബടെ നിന്നാ നാരായണൻ കമ്മള് ഒന്നും തരാൻ പോണില്യ'' വള്ളി പ്രസ്താവിച്ചു. വള്ളിയുടെ ചുവന്ന വായിലേക്കു ചാത്തു കണ്ണോടിച്ചു.

അയാൾ കോലായിൽ തോർത്തു വിരിച്ച് ഇരുന്നു.

''കൊറച്ച് വെററിലേം കൊറച്ച് നീററടയ്ക്കേം ശെകലം പൊകലേം....ഇന്റെ വായ ആകെ വാണ്ടടക്കുന്നു. മുറുക്കിയ കൊറച്ച് നീരോട്ടം വരുന്നോ ഇയ്ക്ക് തോന്നണ്.'' ചാത്തു വള്ളിയോടായി പറഞ്ഞു.

''അവിടെ പോയി പിള്ളേര്ടെ തന്തയോട്

ചോയിച്ച് വാങ്ങിൻ. ഇന്റെ കൈയില് എവ്ട്ന്നാ വെററിലേം പൊകലേം?'' വള്ളി ചോദിച്ചു.

''അഞ്ചുറുപ്യ മടീല് തിരുകിട്ട് വാക്കിള്ളോരോട് ചായേം മുറുക്കാനും ഒക്കേം എരക്കണൊ, ചാത്ത്യോ?''മാധവിയമ്മ ചോദിച്ചു.

''അഞ്ചുറുപ്യാ?'' വള്ളി ആശ്ചര്യത്തോടെ ചോദിച്ചു.

''ഏമാന്റെ തലോടി മുറിച്ചു'' ചാത്തു പറഞ്ഞു.

തമ്പ്രാന്റെ മുടി മുറിയ്ക്കണേന്ന് അഞ്ചു രൂപ്യോ? എന്തായീ കേക്ക്ണ്! തമ്പ്രാന് ഇബ്ടത്തെ സമ്പ്രാദായൊന്നും അറില്യാച്ചിട്ട് ഇങ്ങള് പററിക്ക്യോ? മുടി മുറിയ്ക്കണേന്ന് നാലണടെ കാശല്ലേന്നും വാങ്ങണ്ട്?'' വള്ളി ചോദിച്ചു.

''പെര കെട്ടീട്ടില്യാന്ന് പറഞ്ഞപ്പൊ ഏമാൻ കീശേന്ന് എട്ത്ത് തന്നതാ. ഞാൻ ആരേം പററിയ്ക്കാറില്യ.'' ചാത്തു മുരണ്ടു.

''മൂപ്പര് കൈനെറയെ കൊട്ക്കണേന് ചാത്തൂനെ പറഞ്ഞിട്ടെന്താ? മൂപ്പര് തെണ്ടിച്ച് ഉണ്ടാക്കണ കാശാ. ചാത്തൂനോ കോന്തൂനോ ആർക്ക് വേണമെങ്കിലും മൂപ്പര് അത് എട്ത്ത് കൊടുത്തോട്ടെ. നൊമ്മക്ക് എന്താ ചേതം?'' മാധവിയമ്മ എല്ല്യവരോടുമായി ചോദിച്ചു.

ചാത്തു തേഞ്ഞ:തെങ്കിലും നീണ്ട പല്ലുകൾ പ്രദർശിപ്പിച്ചു ചിരിച്ചു.

''ഇയ്ക്ക് തൊണ്ടേല് ആകെക്കൂടി ഒരെടങ്ങറ്. കൊറച്ച് ചായടെ വെള്ളം കിട്ടിയാ കൊറച്ച് സുഹംകിട്ടും.'' അയാൾ പറഞ്ഞു.

ആ പ്രസ്താവന കേട്ടില്ലയെന്ന് എല്ലാവരും നടിച്ചു. അതുകൊണ്ട് കുറച്ചുനേരം തൂണും ചാരിയിരുന്നതിനുശേഷം ചാത്തു എഴുന്നേററ് തോർത്തു കുടഞ്ഞ് അരയിൽ കെട്ടി വടക്കോട്ട് നടന്നു, അപ്രത്യക്ഷനായി.

(തുടരും)

പി.എഫ്. മാത്യൂസ്



വെളിച്ചമില്ലാത്ത ഒരിടം

മരിക്കുന്നതിന്റെ തലേനാൾ ഉറക്കത്തിൽനിന്ന് അയാൾ ഞെട്ടിയുണർന്ന് അവളെ തോണ്ടിവിളിച്ചിട്ടു ചോദിച്ചു:

''നീയിപ്പൊ പെരയ്ക്ക് തീപിടിച്ച സ്വപ്നം കണ്ടോ?''

''ഉം... കണ്ടു.'' അവൾക്ക് അതിശയമായി. ''നിങ്ങക്കെങ്ങനെ മനസ്സിലായി?''

''ഓലകത്തണമണം...''

കൂടുതൽ എന്തെങ്കിലും പറയും മുമ്പ് അയാൾ ഉറങ്ങിയിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ മകൻ പേടിച്ചുനിലവിളിക്കാൻ തുടങ്ങി. പിന്നെ നേരം വെളുക്കുവോളം അവളുറങ്ങിയില്ല. ഉണർന്നുപ്പോഴാകട്ടെ അയാൾ പൊയ്ക്കഴിഞ്ഞിരുന്നു. അന്നു മുഴുവൻ രാത്രിയിലെ സ്വപ്നത്തേക്കുറിച്ച് ഓർക്കാൻ അവൾ ശ്രമിച്ചു. എന്നാൽ പ്രധാന ഭാഗങ്ങളെല്ലാം മറന്നുകഴിഞ്ഞിരുന്നു.

സന്ധ്യയായപ്പോൾ അയാളുടെ ശവം വീട്ടിലെത്തി. ശരീരം മുഴുവൻ ഇരുകൈപ്പടവും കൊണ്ട് അവൾ തൊട്ടനുഭവിച്ചു. ദേഹമാസകലം ചോരയിൽ മുങ്ങിക്കുളിച്ചിരുന്നു. തോട്ടികൾ വന്ന് പൊതുശ്മശാനത്തിലേക്കുകൊണ്ടുപോകുന്ന നേരത്ത് ഒരാശയേ ഉണ്ടായിരുന്നുള്ളൂ. ആ മുഖം ഒന്നു കാണാൻ മാത്രം ഒരു നൊടി നേരത്തേക്കെങ്കിലും കാഴ്ച കിട്ടണേ...

മകന്റെ വലിയ നിലവിളികളോടൊപ്പം ശവം പടിയിറങ്ങിപ്പോകുന്നത് അറിഞ്ഞു. പഴയ തീവണ്ടിയാപ്പീസിന്റെ തകർന്നടിഞ്ഞ ചെങ്കൽക്കൂനകൾക്കിടയിലൂടെ തീവണ്ടിപ്പാത മുറിച്ചുകടന്ന് ഉണങ്ങിക്കരിഞ്ഞ പാടത്തിലൂടെ അയാളെ കൊണ്ടുപോകുന്നത് അവളുടെ കാതുകളറിഞ്ഞു. അന്ന് അവൾ കരഞ്ഞതേയില്ല. അടക്കിവച്ച സങ്കടങ്ങളെല്ലാം മകന്റെ കണ്ണീരായൊഴുകി. കരഞ്ഞുകരഞ്ഞ് അത്താഴമുണ്ണാതെ അവനുറങ്ങിപ്പോയി.

അന്നു മുതൽ ഒരുപാടു സന്തോഷമുണ്ടാകുന്ന വേളകളിൽ തള്ളയ്ക്കു പേടിയാകുമായിരുന്നു. എല്ലാ ചെറിയ സന്തോഷങ്ങളും വലിയ സങ്കടങ്ങളുടെ നിഴലുകൾ മാത്രമാണ്. ആ വീട് അത്തരം നിഴലുകളുടെ കൂടാരമായിരുന്നു. അവിടെ നിന്ന് അച്ഛന്റെ വഴികളിലേക്കു തന്നെ മകനും ഇറങ്ങിപ്പോയി. ചില രാത്രികളിൽ ഒരുപാടു പണമുള്ള തുകൽപേഴ്സുകളും സ്വർണ്ണാഭരണങ്ങളുമായി അവൻ വന്നിരുന്നു. ചില ദിവസം അവനെ കണ്ടതേയില്ല. ചില പകലുകളിൽ അവനെ തിരക്കി പൊലീസുകാർ വന്നിരുന്നു. ഒടുവിൽ ഇടി കൊണ്ട് എല്ലുനുറുങ്ങി ഇഴഞ്ഞിഴഞ്ഞ് അവൻ വരും.

ഇന്നിപ്പോൾ അവൻ വന്നിട്ട് ദിവസം മൂന്നുകഴിഞ്ഞിരിക്കുന്നു ഈ ദിവസമൊന്നും അവൾ ആഹാരത്തിന്റെ രുചിയറിഞ്ഞിട്ടില്ല. ഇന്നലെ വൈകിട്ട് ഒരു കവിൾ കാപ്പികുടിച്ചു. തെക്കേലെ സാറയുടെ മകൾ വെറോനിക്കയാണ് കാപ്പിയും പുളിയാത്തപ്പവുമായി വന്നത്. അവൾ ഇവിടെ വരുന്നത് അവനെ തേടിമാത്രമാണ്. സന്ധ്യയായപ്പോൾ കുറേ പൊലീസുകാരും വന്നു പോയി. പാതിരാവോളം അടുത്തുള്ള പള്ളിയിലെ പ്രാർത്ഥന കേട്ട് അവൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. ഇന്നവൾക്കു മുഴുപ്പട്ടിണിയാണ്. ഒരിറക്കു ജലവും തൊണ്ടയിലൂടെ കടന്നുപോകുമ്പോൾ വേദന കൊണ്ടുപുളഞ്ഞിരുന്നു. ആ വ്രണത്തിനു വർഷങ്ങളുടെ പഴക്കമുണ്ട്. അതിനാൽ എത്ര വിശപ്പുണ്ടായാലും ആഹാരത്തോട് ആർത്തിയില്ല.

കുരിശുപള്ളിയിൽ വലിയ ബുധനാഴ്ചയുടെ പ്രാർത്ഥനകൾ നടക്കുന്ന നേരത്താണ് അവൻ ഇറങ്ങിപ്പോയത്. അതിനുശേഷം ദുഃഖവെള്ളിയാഴ്ചയും കടന്ന് ശനിയാഴ്ചയായിരിക്കുന്നു. ദുഃഖവെള്ളിയാഴ്ച വീടിനു മുന്നിൽ ക്രിസ്ത്യാനികൾ കുരിശുപിടിച്ചു കൂട്ടംകൂടി സങ്കടസ്വരത്തിൽ പ്രാർത്ഥിക്കുന്നത് അവൾ കേട്ടിരുന്നു. പ്രാർത്ഥനകഴിഞ്ഞ് ആൾത്തിരക്കിലെ സ്വരങ്ങളും മരമണിയും അകന്നകന്നുപോയപ്പോൾ അവൾക്കു നേരിയ വിഷമമുണ്ടായി. മകന് എന്തോ അപകടം നേരിട്ടിരിക്കുന്നതായി അവൾക്കു തോന്നിയിരുന്നു. ശനിയാഴ്ച ആയിട്ടും ആ തോന്നൽ ശമിച്ചില്ല. പാതിരാ കുർബ്ബാന കൂടാൻ വഴിയിലൂടെ നടന്നുപോകുന്നവരുടെ സംസാരം അവൾ കേട്ടു. ഈ നേരംവരേയും അരയാലിലകളിൽ കാററൂതുന്നസ്വരം മാത്രമായിരുന്നു. പാതിരാവിൽ വയസ്സായ ഒരില ഞെട്ടററുവീണാൽ പോലും അവർ അറിഞ്ഞിരുന്നു. കുറേ കഴിഞ്ഞപ്പോൾ പള്ളിയിൽ നിന്ന് പ്രാർത്ഥനകളുയരാൻ തുടങ്ങി. ഇനി നേരം വെളുക്കുവോളം ഉറക്കമുണ്ടാവില്ല.

തണുത്ത കാററുവീശുന്നു. മഴപെയ്യാനുള്ള കാററാണിത്. മനസ്സിൽ അതു വിചാരിച്ചതേയുള്ളൂ മഴപെയ്തു. വെയിലേററ് ഉണങ്ങിക്കരിഞ്ഞ മണ്ണിന്റെ നനഞ്ഞമണം മത്തുപിടിപ്പിക്കുന്നു. മേൽക്കൂരയിലെ പാട്ടത്തകിടിൽ മഴപെയ്യുന്ന സ്വരം കേട്ട് അവർ ചിരിച്ചു. മകൻ ഇന്നുവരികയാണെങ്കിൽ നനഞ്ഞുചീഞ്ഞതു തന്നെ. മാറിയുടുക്കാൻ കുപ്പായമില്ലാത്തതിനാൽ അടുപ്പിന്റെ പോട്ടത്തുവച്ച് ഉണക്കേണ്ടിവരും. നാളെ പകലെങ്കിലും അവനോടു കിടന്നുറങ്ങാൻ പറയണം.

നിരപ്പലക മറകൾയ്ക്കിടയിലൂടെ ഈർപ്പമുള്ള കാററുവീശി. തള്ള തണുത്തുവിറച്ചു. കൈയ്യെത്തിച്ചു മകന്റെ പിഞ്ഞിയ കൈലിയെടുത്തുപുതച്ചു. തണുപ്പുകുറയുന്നില്ലെന്നു കണ്ടപ്പോൾ മൂലയിലിരിക്കുന്ന തകരപ്പെട്ടി വലിച്ചുവച്ചിട്ട് അതിൽ കൂട്ടിയിട്ടിരുന്ന ഏററവും മുഴുപ്പുള്ള ബീഡിത്തുണ്ട് തപ്പിയെടുത്തു. തീപ്പെട്ടിയുരയ്ക്കുന്നതിലാണ് ഏററവും ശ്രദ്ധ വേണ്ടത്. ഓരോ തവണയും കോലുരയ്ക്കുമ്പോൾ പഴയ പുരകത്തുന്ന സ്വപ്നം ഓർമ്മവരും. അബദ്ധത്തിൽ പുരയ്ക്കെങ്ങാനും തീപിടിച്ചാൽ മകനു കിടന്നുറങ്ങാൻ ഒരിടമില്ലാതാകും.

പെട്ടെന്ന് ചുററുപാടും എന്തൊക്കെയോ പൊട്ടിത്തകരുന്ന സ്വരമുണ്ടായി. കാതോർത്തപ്പോൾ പള്ളിയിൽ ഓലപ്പടക്കം പൊട്ടുകയാണെന്നു തിരിച്ചറിഞ്ഞു. പള്ളിമണികളും മുഴങ്ങാൻ തുടങ്ങിയിരുന്നു. ദൈവങ്ങൾക്ക് എല്ലാം എത്ര എളുപ്പമാണ്. മരണവും ഉയിർപ്പുമെല്ലാം എടുപിടീന്നുകഴിയും. രണ്ടോ മൂന്നോ മുറിബീഡി വലിച്ചുകഴിഞ്ഞപ്പോൾ തൊണ്ട കഴച്ചു. വായിൽ വാട കുമിഞ്ഞു. മഴ ശമിച്ചെങ്കിലും തണുപ്പുണ്ട്. തെരുവിലൂടെ ആളുകൾ ഉല്ലസിച്ചുപോകുന്ന സ്വരംകേട്ടു. നേരം വെളുക്കാൻ ഇനി ഏറെ നേരമില്ലെന്ന് തള്ള കണക്കുക്കൂട്ടി. ആ നേരത്ത് അകലെ നിന്ന് ഒരു തീവണ്ടിയുടെ ചൂളംവിളി അടുത്തേക്കെത്തി. വിചാരങ്ങൾ പോലും കീറിമുറിച്ചുകളയുന്ന നിലവിളി.

ഉറങ്ങിയത് അറിഞ്ഞതേയില്ല. ദേഹത്തു ചുററിയിരുന്ന തുണി ആരോ പിടിച്ചുവലിച്ചെടുക്കുന്നതുപോലെ തോന്നി. ഉണർന്നപ്പോൾ അടുത്തുനില്ക്കുന്നത് ആരാണെന്നു മനസ്സിലായി. അവന്റെ മണം കേട്ടാലറിയാം. ചവിട്ടടിസ്വരം അകലെ നിന്നേ തിരിച്ചറിയാം. തള്ള പുതച്ചിരുന്ന കൈലി അവൻ വലിച്ചെടുത്തു. തള്ളയ്ക്ക് അരിശമായി.

''എവ്ടേര്ന്നടാ ഇത്രേം ദെവ്സം?'' തള്ള ചോദിച്ചു.

അനക്കമില്ലാതായപ്പോൾ അവൾക്ക് ആശങ്കയായി. ആ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ് അവൻ.

ഒരു നെടുവീർപ്പ്.

അവനെന്തോ സംഭവിച്ചിട്ടുണ്ട്.

''നീ മഴ നനഞ്ഞോ?''

മറുപടി ഒരു ദീർഘശ്വാസം മാത്രമായിരുന്നു. തള്ളയ്ക്കു വേവലാതിയായി.

''മോനേ...''

അവൻ അടുക്കളയിലൂടെ നടന്നുപുറത്തേക്കിറങ്ങി. കുറെ കഴിഞ്ഞപ്പോൾ കുളിക്കുന്നതിന്റേയും തുണി തിരുമ്മുന്നതിന്റേയും ഒച്ച കേട്ടു.

എത്ര നേരമായി അവൻ തുണി തിരുമ്മാൻ തുടങ്ങിയിട്ട്. ഒരു ഷർട്ടും മുണ്ടും കഴുകാൻ ഇത്രയും നേരം വേണോ...

''വന്നേള്ളാ?'' പുറത്ത് വെറോനിക്കയുടെ സ്വരം.

''ഉം...'' മകന്റെ സ്വരത്തിന് പതിവില്ലാത്ത ഗൗരവമുള്ളതായി തള്ളയ്ക്കു തോന്നി. അവർ ചെവിവട്ടം പിടിച്ചു.

അവൻ ചുമയ്ക്കുന്നു. തൊണ്ട ശരിയാക്കുകയാണ്.

''എന്നെ കണ്ടൂന്നാരോടും പറേണ്ടാ...'' അവൻ പറഞ്ഞു.

''ഉം... എന്താ പറഞ്ഞാല്...'' വെറോനിക്കയ്ക്ക് അവന്റെ ഗൗരവം മനസ്സിലായിട്ടില്ല.

''പറേണ്ടന്ന്ച്ചാ പറേണ്ട... അത്രേള്ളൂ... കൂടോലൊന്നും അന്നേഷിക്കണ്ട.''

അവന്റെ സ്വരത്തിലെ ദ്വേഷ്യം വെറോനിക്കയും തിരിച്ചറിഞ്ഞിരിക്കുന്നു. അടുക്കളമുററത്തുനിന്നു മൗനം കയറിവരികയാണ്. തള്ളയ്ക്ക് അസഹ്യമായി. ഇവന് എന്തുപററി. ഇറങ്ങിച്ചെന്നു വഴക്കുപറഞ്ഞാലോ എന്നാലോചിച്ചു. പിന്നെ വേണ്ടെന്നുവച്ചു. കഴിഞ്ഞ ദിവസം വന്ന പൊലീസുകാരുടെ സ്വരത്തിലും ഇതേ ഗൗരവമുണ്ടായിരുന്നുവെന്നു തോന്നി.

''ദെന്താ ഷർട്ടില് ചോര.'' വെറോനിക്കയുടെ സ്വരത്തിൽ സ്നേഹത്തിന്റെ ആകാംക്ഷ നിറഞ്ഞിരുന്നു. ഞെട്ടിയതുപോലെ അവൻ ചോദിച്ചു.

''ങേ... എവ്ടെ?''

വീണ്ടു തുണി തിരുമ്മുന്ന സ്വരം.....

''വേണേൽ ഞാനലക്കിത്തരാം.''

''വേണ്ട.''

''മുറിഞ്ഞതാണോ?'' അവൾ ചോദിച്ചു. അവൻ മിണ്ടിയില്ല.

''എവ്ട്യേ മുറിഞ്ഞത്?''

''ഒന്നുപോകാമോ...'' അവൻ അലറുകയാണ്. തള്ളയ്ക്ക് അതിശയമായി വെറോനിക്കയോട് ഇന്നേവരെ അവനിങ്ങനെ പെരുമാറിയിട്ടില്ല.

പിന്നെ സംസാരമുണ്ടായില്ല. അവൻ വീണ്ടും മുറിയിലേക്കുകയറിവന്നു. തിരുമ്മിയ തുണികൾ തകരപ്പെട്ടിമേൽ വിരിച്ചിടുകയാണ്. ചില കാര്യങ്ങൾ അവനോടു ചോദിക്കണമെന്നുണ്ട്. പക്ഷേ ഇതു പററിയ സമയമല്ലെന്ന് അവർക്കു തോന്നി.

അവൻ വാതിൽപ്പടിയോളം നടന്നിട്ടു തിരിച്ചുവന്നു. പിന്നെ പഴയതുപോലെ നടപ്പു തുടർന്നു. ദീർഘനിശ്വാസം. ബീഡിക്കു തീ കൊളുത്തുന്ന സ്വരം കേട്ടപ്പോൾ തള്ളയ്ക്കു കൊതിയായി. പക്ഷേ ചോദിച്ചില്ല. മൂന്നോ നാലോ കൊള്ളികൾ ഉരച്ചുകഴിഞ്ഞപ്പോഴാണ് ബീഡിയിൽ നിന്നു പുകവന്നത്. എന്നും ബീഡി കത്തിക്കുവാൻ അവന് ഒരു കൊള്ളി

(ശേഷം 30 -ാം പേജിൽ)



പ്രവാചകന്റെ വഴി

ഒ.വി. വിജയൻ



അദ്ധ്യായം—17

അവസാനങ്ങൾ

ശിവാസ് വീക്‌ലി അടച്ചുപൂട്ടാൻ തീരുമാനമായി. ഇന്ത്യൻ ഹാസ്യചിത്രം മരിക്കുന്നു, നാരായണൻ സ്വയം പറഞ്ഞു. വാരികയുടെ പ്രവർത്തകർക്ക് കൊടുത്ത വിരുന്നിനുശേഷം രണ്ടുദിവസം കഴിഞ്ഞ് ശിവൻപിള്ള നാരായണനെ വീട്ടിലേക്ക് തനിച്ചു ക്ഷണിച്ചു. വീടിന്റെ മുൻവശത്തെ വിശാലമായ പുൽമുറ്റത്ത് ശിവൻപിള്ളയും നാരായണനും ഉദ്യാനക്കസേലകളിൽ ഇരുന്നു. സന്ധ്യ ചുകന്നു, ആ വീടിനെത്തുടർന്ന് പരന്ന വെളിമ്പുറങ്ങളിൽനിന്ന് പുൽക്കാറ്റ് നനുത്തു വീശി. വെള്ളക്കയ്യുറയിട്ട പരിചാരകൻ നാരായണന്റെ അടുത്തുവന്ന് ആദരവോടെ കുനിഞ്ഞ് അന്വേഷിച്ചു, ''സാബിന് എന്താണ് കൊണ്ടുവരേണ്ടത്?''

''വിഷമിക്കേണ്ട, രാധ്യേശ്യാം. ഒരു 'പഞ്ച്', അകത്തുചെന്ന് ഞാൻ തന്നെ അതുണ്ടാക്കാം.''

നാരായണൻ എഴുന്നേറ്റ് വീടിനകത്തുള്ള മദ്യശേഖരം തുറന്ന്, തന്റെ പാനീയവുമായി തിരിച്ചുവന്നു. ശിവൻപിള്ള തന്റെ പതിവായ സൺഡൗണർ സവിശ്രമം ആസ്വദിച്ചു. പത്രാധിപന്റെ അടുത്തുചെന്ന് ഗ്ളാസുകൾ മുട്ടിച്ച് നാരായണൻ നേർന്നു, ''ചേട്ടന്റെ ആരോഗ്യത്തിന്!'' ശിവൻപിള്ള ചിരിച്ചു.

''എന്നെ നീ കുറ്റപ്പെടുത്തുമോ, നാരായണാ?'' ഹാസ്യകലയുടെ നിരവധി വേദികളിൽ ആടിത്തളർന്ന നാട്യാചാര്യൻ തന്റെ എണ്ണമറ്റ കാണികളിലൊരുവനോട് ചോദിക്കുകയായിരുന്നു.

നാരായണൻ പറഞ്ഞു, ''ഇന്നലെ വന്ന ഞാൻ അങ്ങയോട് എന്തു പറയാനാണ്?''

''വാരികയെ വിലയ്ക്കുവാങ്ങാൻ പലരും മുന്നോട്ടുവരുന്നുണ്ട്—''

''അതിൽ എനിക്കും തൃപ്തിയില്ല.''

''പ്രധാനമന്ത്രി സഹായം തരാമെന്ന് പറഞ്ഞിരിക്കുന്നു—''

''വിരോധാഭാസം.''

ശിവൻപിള്ള തന്റെ പൈപ്പിൽ പുകയില നിറച്ച് അതിൽ തീ കാണിച്ച്, പഴങ്കാലങ്ങളെ ഓർത്തുകൊണ്ട് പറഞ്ഞു, ''ജനാധിപത്യം നിയമത്തിലുമുപരി ഒരു ശീലമായ സമൂഹത്തിനേ ഹാസ്യചിത്രം താങ്ങാനാവൂ. ബ്രിട്ടീഷുകാർ ഇവിടെ ഉണ്ടായിരുന്നപ്പോൾ നമുക്ക് ജനാധിപത്യമുണ്ടായിരുന്നു, വെസ്റ്റ് മിൻസ്റ്റർ മാതൃക, സായ്പന്മാർ നമ്മുടെ മേൽ അടിച്ചേൽപ്പിച്ചത്! ലൺഡണിൽ ചെന്നാണ് ഇന്ത്യാലീഗ് സ്വാതന്ത്ര്യത്തിനുവേണ്ടി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചതെന്നോർക്കണം. ബ്രിട്ടീഷു ഭരണകാലത്ത് എന്റെ ആരാധകൻമാർ ആരൊക്കെയായിരുന്നുവെന്ന് നിനക്കറിയാമോ? വൈസെറോയ്, അദ്ദേഹത്തിന്റെ കൗൺസിൽ അംഗങ്ങൾ, പിന്നെ—''

പിന്നെ, പാശ്ചാത്യ ജനാധിപത്യത്തിന്റെ പോക്കുവെയിലിൽ സന്ദേഹിയായി നിന്ന തന്റെ നേതാവും സുഹൃത്തുമായിരുന്ന ചരിത്രപുരുഷൻ.

''അദ്ദേഹമല്ലേ അതു പറഞ്ഞത്,'' നാരായണൻ ഓർമ്മിപ്പിച്ചു, ''എന്നെ ഒഴിവാക്കരുത്, എന്നെ നോക്കിയും ചിരിക്കൂ എന്ന്?''

ശിവൻപിള്ള നെടുവീർപ്പിട്ടു, പിൽക്കാലങ്ങളുടെ കാറ്റിൽ തെറ്റിപ്പോകാനിരുന്ന ഓർമ്മകൾ, ''ഉദാരമായ ചിന്തകൾ എല്ലാവർക്കും ഉണ്ടാകും, എനിക്കും നിനക്കുമടക്കം. അവയെ വാക്കുകളാക്കിയിട്ടും എഴുതിവെച്ചിട്ടും കാര്യമില്ല, പ്രവൃത്തിക്കു പകരം അഭിനയമുദ്രകൾ കൊണ്ട് കാലം തള്ളിനീക്കിയാൽ ജനങ്ങളിൽനിന്ന് അകലാൻ തുടങ്ങും. അദ്ദേഹത്തിനും അതു സംഭവിക്കുകയായിരുന്നു. പ്രസംഗത്തിന്റെ മുദ്രകൾ ജനങ്ങൾക്കും താളലയങ്ങൾ സായ്പ്പിനും വേണ്ടിയായിരുന്നു. ഈ വിരോധാഭാസം അദ്ദേഹത്തെ ഒട്ടേറെ ക്ഷീണിപ്പിച്ചിരിക്കണം.''

സൺഡൗണറിന്റെ ഒരിറക്കുകൂടി നുണഞ്ഞ്, കെട്ടുപോയ പൈപ്പ് ശിവൻപിള്ള വീണ്ടും കത്തിച്ചു. ഒരു തളികയിൽ കശുവണ്ടിപ്പരിപ്പുമായി ശിവൻപിള്ളയുടെ ഭാര്യ അവിടെയെത്തി.

''ഇത് നാട്ടിൽനിന്നാണ്, നാരായണാ, ഞങ്ങളുടെ തോട്ടത്തിൽനിന്ന് പറിച്ചത്,'' സ്നേഹമയിയായ ഒരമ്മയെപ്പോലെ ശിവൻപിള്ളയുടെ ഭാര്യ നാരായണന്റെ കസേലയ്ക്കരുകിൽവെച്ച ചെറുകിണ്ണത്തിലേക്ക് കശുവണ്ടിപ്പരിപ്പ് വിളമ്പി. ''കഴിയ്ക്കൂ.''

ഒരു കസേല വലിച്ചടുപ്പിച്ച് ശ്രീമതി അതിൽ ഇരുന്നു, ഭർത്താവിന്റെ മുഖത്തേക്ക് ഏറെനേരം ഉറ്റുനോക്കി.

''കണ്ടില്ലേ, നാരായണാ,'' ശ്രീമതി പറഞ്ഞു, ''മുഖത്തെ പാരവശ്യം?''

''ചേട്ടന് ഇത്തിരി വിശ്രമം ആവശ്യമാണ്,'' നാരായണൻ പറഞ്ഞു. ''ചേട്ടന്റെ പതിവിൻ പടി സോച്ചിയിലോ താഷ്ക്കെന്റിലോ അല്ല. നാട്ടിൽ. ഈ കശുവണ്ടിത്തോട്ടത്തിൽ. ചേച്ചി നിർബന്ധിക്കണം.''

''ഞാൻ പറഞ്ഞാൽ അവിടെ ബോധ്യമാവില്ല. ആരുടെ വാക്കെങ്കിലും ഇത്തിരി ശ്രദ്ധിക്കുന്നത് വിക്രമന്റെയായിരുന്നു. വിക്രമൻ ഉപദേശിയാവുകയും ചെയ്തു.''

ദേഹണ്ണത്തിന്റെ മേൽനോട്ടം തുടരാൻ ശ്രീമതി വീട്ടിനകത്തേക്കു തിരിച്ചു പോയി.

ശിവൻപിള്ള വാത്സല്യത്തോടെ പറഞ്ഞു, ''വാരിക പൂട്ടുന്നതിൽ വിഷമം പെണ്ണിനാണ്,'' എന്നിട്ട് തന്റെ സ്മരണിക തുടർന്നു, ''ഞാൻ പറഞ്ഞത്—എന്റെ നേതാവ് സ്വാതന്ത്ര്യം കൊണ്ടുദ്ദേശിച്ചത് താൻ, വെള്ളക്കാരനായി മാറുന്ന ഒരു പുനർജനിയായിരുന്നു. അലഹബാദിൽ, അദ്ദേഹത്തിന്റെ അച്ഛൻ പണിത വീട്ടിൽ പകൽ നൂൽനൂൽപ്പും സത്യഗ്രഹവുമാണെങ്കിൽ, രാത്രി ഒരു യൂറോപ്യൻ രാജകൊട്ടാരത്തിന്റെ ആർഭാടമായിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ—''

ഒരു 'റെനൈസാൻസ്' രാജകുമാരനെന്നായിരുന്നു പലപ്പോഴും അച്ഛനെ അദ്ദേഹം വിശേഷിപ്പിച്ചതും ഏതോ വിലക്കപ്പെട്ട സംതൃപ്തി അനുഭവിച്ചതും. എന്നാൽ, പിതൃലോകത്തിന്റെ സന്ധ്യയിൽ, ഭഗീരഥന്റെ വിസ്മൃതീതടങ്ങളിൽ, ഈ റെനൈസാൻസ് രാജകുമാരന്റെ മുമ്പേ പോയവൻ, മുത്തച്ഛൻ, മോക്ഷം കിട്ടാതെ നിലവിളിച്ചു നടന്നു. അയാൾ പേരക്കുട്ടിയുടെ കണ്ണിൽപ്പെട്ടില്ല, കാരണം അയാൾ ദില്ലിയിലെ ഒരു പൊലീസു ചൗക്കിയിലെ 'കൊത്തവാൾ' മാത്രമായിരുന്നു, ആ എളിമ എന്തുകൊണ്ടോ ഈ സാമ്യവാദിക്ക് മുതൽക്കൂട്ടായില്ല—

''യോർക്ക് റോഡിലെ പഴയ ബംഗ്ളാവിനെയോർക്കുമ്പോൾ എനിക്ക് ആത്മനിന്ദ തോന്നുന്നു,'' ശിവൻ പിള്ള ചുരുളഴിഞ്ഞു, ''അഞ്ചാറു കിടപ്പറകൾ, സ്വീകരണമുറി, ആപ്പീസുമുറി, ചുറ്റിലും പുൽനിലവും മരവും. കുടിനീരുപോലുമില്ലാത്ത ഈ ദരിദ്രരാഷ്ട്രത്തിന്റെ ഭരണാധിപന് അതുമതിയായിരുന്നു. അത്രപോലും വേണ്ടായിരുന്നു—''

യോർക്ക് റോഡിലെ ബംഗ്ളാവിൽനിന്ന് അദ്ദേഹം ബ്രിട്ടീഷു സർവ്വസൈന്യാധിപൻ ഒഴിഞ്ഞുപോയ അരമനയിലേക്ക് പരകായപ്രവേശം ചെയ്തു. തീൻമൂർത്തിയിലെ ഈ അരമനയിൽ, ഓർമ്മകളിരുണ്ട അതിന്റെ കോണുകളിൽ, വെള്ളപ്പട്ടാളത്തിന്റെ വാദ്യസംഗീതം ഒരു മഹാജീർണ്ണതയുടെ തരംഗങ്ങളായി തങ്ങിനിന്നു. ഒരു ഗ്രാമത്തിനത്രയും ഉല്ലാസയാത്ര നടത്താൻ ഇടമുണ്ടായിരുന്ന പുൽനിലങ്ങൾ, രാജാവും പടനായകനും ഉലാത്തിയ ആ സ്ഥലങ്ങളെ എങ്ങനെ വിനിയോഗിക്കണമെന്ന് റെനൈസാൻസ് രാജകുമാരന്റെ മകനും കൊത്തവാളിന്റെ പേരമകനുമായ വിപ്ളവകാരിക്ക് അറിഞ്ഞുകൂടായിരുന്നു. ആ പുൽനിലങ്ങളുടെ അന്നീതി അദ്ദേഹത്തെ നോവിച്ചു, പുൽനിലങ്ങൾ വിഭ്രാന്തിയും ദുഃഖവുമായി, ഭഗീരഥന്റെ ഇരുൾപ്പരപ്പായി, കൊത്തവാളത്തിന്റെ വനരോദനമായി. ബഹുരൂപിയായ അസ്തിത്വഭയത്തെ നേരിടാനാവാതെ അദ്ദേഹം വിപ്ളവകാരിയുടേയും സാമ്രാജ്യപ്രഭുവിന്റേയും

വേഷക്കോപ്പുകൾ കൂട്ടിക്കലർത്തി, ചുട്ടികുത്തി, കരടിക്കുട്ടികളേയും പുലിക്കിടാങ്ങളേയും കളിപ്പിച്ചുകൊണ്ട് പുൽപ്പറമ്പിലൂടെ ഇടറി നടന്നു.

''ഉപ്പുകാച്ചാൻ എന്റെ കൂടെ ഡൺഡിയിലേക്കു നടന്ന സഖാവല്ല ഇത് എന്ന് വേദനയോടെ ഞാൻ മനസ്സിലാക്കി,'' ശിവൻപിള്ള പറഞ്ഞു, ''മറ്റനേകം മനുഷ്യരെപ്പോലെ ഞാനും അദ്ദേഹത്തെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ മകളും പേരക്കിടാവും വഴി തെറ്റിയതു കണ്ട് കോപിയ്ക്കാനും എനിക്ക് കഴിയുന്നില്ല, സ്നേഹം യുക്തിയെ ദുർബലപ്പെടുത്തുന്നു—''

ഇരുളടഞ്ഞ, വിശക്കുന്ന, ജ്ഞാനം നിറഞ്ഞ, അഗാധഭൂതകാലങ്ങളുടെ നിധികാക്കുന്ന നിരവധി നാടുകളിലും ഇതുതന്നെ സംഭവിച്ചു, അവിടേയും സ്നേഹം യുക്തിയെ മറികടന്നു. ഇതുകണ്ട് കിഴവൻ ദുഃഖിച്ചു, കിഴവൻ ഉപവസിച്ചു, മറ്റുള്ളവരുടെ ദുരകൾക്കായി സ്വന്തം മാംസത്തെ പീഡിപ്പിച്ചു, പ്രാർത്ഥിച്ചു, കൊലയാളിയുടെ ഉണ്ടകൾക്ക് നെഞ്ചിൽ ഇടംകരുതിവെച്ച് പോംവഴി തേടി. ഇനിയും ഉപ്പുകാച്ചിയെങ്കിലോ? വയ്യ. ഡൺഡിയിലേക്കുള്ള പാത, ആളൊഴിഞ്ഞ് കുണ്ടും കുഴിയുമായിക്കിടന്നു, പ്രവാചകന്റെ നിമിഷം കടന്നുകളഞ്ഞിരുന്നു. എന്നിട്ടും കിഴവൻ അവരോടു പറഞ്ഞു, നിങ്ങൾ അരമനകളെ കൊതിക്കാതിരിക്കുവിൻ, കുടിലുകളിൽ കഴിഞ്ഞുകൂടുവിൻ. നേതാക്കൻമാർ, പുതിയ രാജാക്കൻമാർ, കിഴവനിൽനിന്ന് മുഖംതിരിച്ച് ചിരിയമർത്തി, ലോകത്ത് മറ്റെവിടെയും നടത്തിയിട്ടില്ലാത്ത ഒരു പരീക്ഷണമാവും ഇത്, പിതാവേ, തങ്ങളുടെ പരിഹാസം വിദഗ്ദ്ധമായി മറച്ചുകൊണ്ട് അവർ പറഞ്ഞു, ഗ്രാമം മരിച്ചുകൊണ്ടിരിക്കുന്നു, ഗ്രാമീണത കിരാതമായി മാറുന്നു. അപ്പോൾ ആകാശങ്ങൾ പിളർന്ന് മനുഷ്യൻ ഇതുവരെ അറിഞ്ഞിട്ടില്ലാത്ത പ്രസരങ്ങൾ ഭൂമിയിലേക്ക് ഒഴുകിവീണു. പ്രസരം പ്രളയമായി, പ്രളയത്തിനു മീതേ പാറിയ പേടകങ്ങൾക്കകത്ത് ജാതികളും ഗോത്രങ്ങളും ആത്മരക്ഷ തേടി. ഭയാനകമായി ബഹിരാകാശങ്ങളുടെ ഇടിമുഴങ്ങി, അവിടെനിന്ന് കുതിച്ചു വീഴുന്ന കിരണങ്ങൾ ഭൂതലത്തിൽ ഇരതേടി. പ്രാകൃത ഗോത്രങ്ങളുടെ കരിന്തൊലിയിൽത്തട്ടി കിരണങ്ങൾ തെന്നിത്തെറിച്ചു. ഒടുങ്ങി. എന്നാൽ ലോകത്തിലെ സമ്പന്ന ഗോത്രങ്ങളെ രക്ഷിക്കാൻ അവരുടെ വലിയ ഉടലുകൾക്കോ രതിപൂർണിമയ്ക്കോ, കഴിഞ്ഞില്ല, കുറുപ്പിന്റെ കവചമില്ലാതെ, ചർമ്മമില്ലാത്ത ശരീരങ്ങളെപ്പോലെ, അവർ കിരണങ്ങൾക്ക് ഇരയായി, അവർ എരിഞ്ഞുചത്തു. അവർ കൊട്ടിപ്പാടി അപമാനിച്ച പ്രവാചകന്റെ വഴിക്കിരുവശവും അവരുടെ സംസ്കൃതീചക്രത്തിന്റെ കളിപ്പാട്ടങ്ങൾ പൊട്ടിയും പൊടിഞ്ഞും കിടന്നു.

''എവിടെയോ ഞാൻ പരാജയം അറിയുകയാണ്,'' ശിവൻപിള്ള പറഞ്ഞു. ''എനിക്കു മതിയായി. തിരിഞ്ഞുനോക്കുമ്പോൾ തോന്നുന്നു, എന്റെ അവസാനത്തെ ആസ്വാദകൻമാർ വൈസെറോയിമാരായിരുന്നു എന്ന്.''

''വരൂ,'' ശ്രീമതി അവരെ ക്ഷണിക്കാനെത്തി, ''ഊണ് ഒരുങ്ങി.''

കൊത്തവാളിന്റെ നിലവിളിയിൽനിന്ന്, കുറ്റപ്പെടുത്തുന്ന പിതൃസ്വരങ്ങളിൽനിന്ന്, അവയുടെ സ്നേഹവേദനകളിൽനിന്ന്, അകലാൻ അദ്ദേഹം തന്റെ ഏകാന്തതയിലൂടെ പലായനം ചെയ്തു. പലായനത്തിന്റെ സ്ഥൂലദൃശ്യം അശിക്ഷിതരായ കാണികളെ മത്തുപിടിപ്പിച്ചു. അവർ കോരിത്തരിച്ചുകൊണ്ടു പറഞ്ഞു. ആർക്കും പിടിച്ചുകെട്ടാനാവാത്ത ഭാരതത്തിന്റെ യാഗാശ്വം! പ്രിയമുള്ളവരേ, ദാഹംവരട്ടിയ ശബ്ദത്തിൽ അദ്ദേഹം വിളിച്ചുപറഞ്ഞു, ഞാൻ ഒന്നുമല്ല, പട്ടിണിക്കാരുടെ രാജവേഷമണിഞ്ഞ ഒരു സാധുമാത്രമാണ് ഞാൻ, ഭാരതത്തെ കണ്ടെത്തിയെന്ന് അവകാശപ്പെട്ട ഞാൻ നാർസിസ്സിനെപ്പോലെ ഗംഗയുടെ ഒഴുകുന്ന കണ്ണാടിയിൽ എന്റെ വൃദ്ധമായ മുഖം കാണുകയായിരുന്നു, ഗംഗേ, അമ്മേ, മകളേ, സഹോദരീ, കാമുകീ, എന്റെ മുഖത്തെ ചുളിവുകൾ നീ മായ്ക്കാതിരിക്കുന്നതെന്തുകൊണ്ട്? ഞാൻ ഒന്നും കണ്ടെത്തിയില്ലല്ലോ, ദൈവമേ, എന്നെയൊഴിച്ച്, എന്റെ പുത്രിയ്ക്കും പൗത്രനും വേണ്ടി ഞാൻ പണിത സിംഹാസനമൊഴിച്ച്, ദൈവമേ, പൊറുക്കുക. ആത്മപ്രശംസയില്ലാതെ ഒരു വിപ്ളവത്തിനും നിലനിൽപ്പില്ല, ഞാൻ കണ്ട ലോകചരിത്രദൃശ്യങ്ങൾ എന്നെ ഭയപ്പെടുത്തുന്നു. പ്രവാചകന്റെ വേദനയിൽ കല്ലും മുള്ളും കുണ്ടും കുഴിയുമായി മാറിയ വഴിത്താരയിലൂടെ അദ്ദേഹം ഓടി. വഴിത്താരയ്ക്കിരുവശവും നിന്ന ആട്ടിൻപറ്റങ്ങൾ കുതുകികളായി, അവരുടെ നിരക്ഷരങ്ങളായ നാവുകൾ ഉതിർത്ത സ്വരതാളങ്ങളിൽ വാക്കുകൾ ഉരുത്തിരിഞ്ഞു, അവർ പറഞ്ഞു, ഭാരതത്തിന്റെ യുഗസൂര്യൻ, ആട്ടിൻപറ്റങ്ങളുടെ രാജാവ്! പലായനം ചെയ്യുന്ന ഏകാകി പറഞ്ഞു, സഹജീവികളേ, ഞാൻ ഒന്നുമല്ല, ഞാൻ എന്റെ മൂത്തച്ഛന്റെ നിലവിളിയിൽ നിന്ന്, ദരിദ്രതയിൽ നിന്ന്, അയാളുടെ പോലീസുചട്ടയുടെ ദീനമായ വിയർപ്പുമണത്തിൽനിന്ന് ഓടിയകലാൻ ശ്രമിക്കുകയാണ്, അതിൽനിന്നു മാത്രമല്ല, അതിനും പുറകിലുള്ള എന്റെ പാവപ്പെട്ട തലമുറകളിൽനിന്ന്, എവിടെ നിന്നോ വന്ന് കുടിയേറിയ പുഴയോരത്തുകാർ, എന്റെ പൂർവ്വികൻമാർ, പുഴയോരത്തിന്റെ പേർ തറവാട്ടുപേരായി സ്വീകരിച്ചവർ, കടത്തുവഞ്ചിക്കാർ, മത്സ്യബന്ധികൾ, സ്വപ്നങ്ങളിൽ വയർ നിറയെയശിപ്പോർ; അവരുടെ വിശപ്പുതയും വിരുന്നുകളുടെ മധുരമാക്കി ഞാൻ മാറ്റി; വഴിത്താരയ്ക്കിരുവശവും നിന്നവർ കൈകൊട്ടി താളംപിടിച്ചു, പട്ടിണിക്കാരുടെ രാജാവേ, അവർ പറഞ്ഞു, അങ്ങ് ഇനിയും വിരുന്നുകൾ കൊടുക്കുക, ചക്രവർത്തിമാരുടെ നാവുകൾ മധുരിക്കുന്നത് എങ്ങനെയെന്ന് ഞങ്ങൾ അറിയട്ടെ. ഓടിത്തളർന്ന്, വൃദ്ധനായി, ശ്ളഥമനസ്ക്കനായി അദ്ദേഹം വീണുമരിച്ചപ്പോൾ ജനാവലി ദുഃഖിച്ചു, ആ പ്രിയജഡം അതിന്റെ അന്ത്യയാത്ര തുടങ്ങിയപ്പോൾ കറുത്ത ആകാശം മഴചുരത്തുകയും ഭൂമികുലുങ്ങുകയും ചെയ്തു.

ഒരു കലാപ്രദർശനത്തിന് പോകുംവഴി അന്നുരാവിലത്തെ പത്രവാർത്തയെക്കുറിച്ച് നാരായണൻ സുജാൻസിംഗിന്റെ പ്രതികരണമാരാഞ്ഞു. മൂമ്പിൽ നീണ്ടുകിടന്ന പാതയിലൂടെ വഴിതെറ്റി നടക്കുന്നവരെ ശ്രദ്ധിച്ച് സുജാൻസിംഗ് വണ്ടിയോടിച്ചു. നാരായണ

ൻെറ അന്വേഷണം ചവച്ചും തികട്ടിയും ഏതാനും നിമിഷങ്ങൾ നീക്കി സുജ്ഞാൻസിംഗ് പറഞ്ഞു, ''എന്ത് പറയാനാണ്, സാബ്? ഹിന്ദുവും മുസൽമാനും ഇസായിയും ഒക്കെയായ ശരാശരി ഇന്ത്യക്കാരൻെറ സ്ഥിതിയാണിത്. അടിച്ചുവരുന്ന വാർത്തയെ അവിശ്വസിക്കാൻ അവൻ പഠിച്ചിട്ടില്ല.''

''അനുഭവങ്ങൾ പഠിപ്പിച്ചുകൊള്ളും.''

''അപ്പോഴേക്ക് വർഷങ്ങൾ കഴിഞ്ഞിരിക്കും, വൈകിയെത്തുന്ന അറിവ് പ്രയോജനമില്ലാത്ത ഒരു ഭാരമായി അവിടെക്കിടക്കും.''

താൻസെൻ മാർഗിലുള്ള പ്രദർശനശാലയുടെ മുമ്പിൽ വണ്ടിനിന്നു.

''വണ്ടി പൂട്ടി സുജ്ഞാൻസിംഗും അകത്തേക്ക് വരുന്നുവോ? അഞ്ചുനിമിഷത്തെ പണിയേ ഉള്ളൂ. അതിനുശേഷം നമുക്ക് സ്വല്പം കാപ്പിയും കുടിച്ച് മടങ്ങാം.

''വേണ്ട, സാബ്. ഞാൻ ഇതിനകത്തിരുന്നുകൊള്ളാം. ഒറ്റയ്ക്കിരിക്കുമ്പോൾ പതുക്കെ പാടാൻ തോന്നും, സംഗീതജ്ഞനായ എൻെറ ഗുരു വേണ്ടതിലധികം വചനങ്ങൾ സംഗീതമാക്കി ഞങ്ങൾക്കു തന്നിട്ടുണ്ട്.''

വണ്ടിയിൽ നിന്നിറങ്ങി നാരായണൻ ഗ്യാലറിയിലേക്കു നടന്നു.

''സുവർണ്ണ'' ചിത്രകാരി കൈ തന്ന് സ്വയം പരിചയപ്പെടുത്തി.

''നാരായണൻ, ശിവാസ് വീക്ലിയിൽ നിന്ന്.''

''പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.''

നാരായണൻ ഗ്യാലറിയിൽ ചുറ്റിനടന്ന് ചിത്രങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ ശ്രമിച്ചു. സുവർണ്ണ കൂടെ നടന്നു. വലിയൊരു ക്യാൻവാസിൻെറ മുമ്പിൽ നാരായണൻ സ്വല്പനേരം നിന്നു. കുറേ ചുരുട്ടിയ മുഷ്ടികൾ, നായ്ക്കൾ കടിച്ചുകീറി വലിക്കുന്ന ശവങ്ങൾ. ചിത്രമെഴുത്ത് മോശമായിരുന്നില്ല. ചിത്രത്തിൻെറ തലക്കെട്ട് 'ടംഗേയ്ൽ' എന്നായിരുന്നു.

''അത് ബംഗ്ളാദേശിലെ ഒരു സ്ഥലമല്ലേ? കുറേ ഗറിലാ പ്രതിരോധമുണ്ടായ ചുരുക്കം സ്ഥലങ്ങളിലൊന്ന്?''

''അതെ.''

''സുവർണ്ണ യുദ്ധത്തിന് മുമ്പോ പിമ്പോ അവിടെ പോയിരുന്നുവോ?''

''ഇല്ല. പത്രവായനയും ഇത്തിരി ഭാവനയും—''

നാരായണന് ചെറിയൊരു കുസൃതി തോന്നി. അയാൾ ചോദിച്ചു, ''ഈ മുഷ്ടികൾ പ്രതിരോധത്തിൻെറ പ്രതീകങ്ങളാവും, അല്ലേ?''

''അതെ.''

''മറിച്ചും ആയിക്കൂടെ? ഉദാഹരണത്തിന് ഈ മുഷ്ടികൾ തന്നെ എടുക്കാം. അവ സംയുക്ത പാക്കിസ്ഥാൻെറ രക്തസാക്ഷികളായ റസാക്കർമാരുടെ കൈകൾ ആയിക്കൂടെ? കലയിൽ ചോദ്യമില്ല എന്നിരിക്കലും—''

ഒരു ചർച്ചയ്ക്ക് സുവർണ്ണ തയ്യാറായിരുന്നില്ല. അവൾ പറഞ്ഞു, ''പിക്കാസോവിൻെറ 'ഗുയെർണ്ണിക്ക' എൻെറ പ്രചോദനമാണ്. ഗുയെർണ്ണിക്കയുടെ സിംബലുകൾ ആരെയെങ്കിലും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടോ?''

''ഗുയെർണ്ണിക്കയിൽ ഒരു സിംബലും ഇല്ല, രാത്രിയിൽ ഉടലറ്റ് പാറി നടക്കുന്ന കാളത്തലയും തെരുവ് വിളക്കും പത്രക്കടലാസും ഒന്നിൻേറയും സിംബലല്ല, അല്ലെങ്കിൽ ഏതു തരം പ്രതീകാത്മകതയും അതിൽ വെച്ചുകെട്ടുകയും ചെയ്യാം. മനുഷ്യനെ കളിപ്പിച്ച് മറയ്ക്കുപിന്നിൽ ഇരുന്ന് പിക്കാസോ ചിരിച്ചിരിക്കണം.''

നാരായണൻ ടംഗേയ്ലിൻെറ ക്യാൻവാസിൽ നിന്ന് നടന്നുനീങ്ങി, ഒപ്പം സുവർണ്ണയും. നാരായണൻ പറഞ്ഞു, ക്ഷമിക്കണം, ഞാൻ വെറതേ തമാശ പറഞ്ഞെന്നേയുള്ളൂ. പക്ഷെ സുവർണ്ണ മുഷിയില്ലെങ്കിൽ ഞാൻ ഗുയെർണ്ണിക്കയെ വിലയിരുത്താം, ഒരൊറ്റ വാക്കിൽ—''

പിന്നെ, എന്തുകൊണ്ടോ നാരായണൻ സ്വയം വിലക്കി.

''പറയൂ, ഞാൻ മുഷിയില്ല.''

''പ്രിറ്റെൻഷിയസ്സ്.''

നാരായണൻെറ ആകാംക്ഷയെ ശമിപ്പിച്ചുകൊണ്ട്, മാറ്റുകുറയാത്ത സ്വരപ്രസാദത്തോടെ സുവർണ്ണ പറഞ്ഞു, ''എൻെറ ഭർത്താവും ഇതൊക്കെത്തന്നെ പറയുന്നു. ലോകം ഭിന്നരുചിയല്ലേ? എൻെറ വഴി തെളിഞ്ഞതാണ്, പ്രതിബദ്ധത. ഒരു മാർക്സിസ്റ്റിന് സന്ദേഹങ്ങളില്ല. ഞാൻ ബംഗ്ളാദേശ് യുദ്ധത്തിൽ സൈനികസേവനം അനുഷ്ഠിക്കാൻ തയ്യാറാണെന്ന് ജനറൽ മനെക്ഷായ്ക്ക് എഴുതിയിരുന്നു.''

ഒരായിരം സുവർണ്ണമാർ പടയ്ക്കിറങ്ങിയിരുന്നെങ്കിൽ ഇന്ത്യൻ സൈന്യത്തിൻെറ ഗതി എന്താകുമായിരുന്നു, ഒരുൾച്ചിരിയോടെ മനസ്സിനകത്ത് നാരായണൻ കണക്കുകൂട്ടി; ദൈവം തുണച്ച് ചിത്രമെഴുത്തിൽത്തന്നെ നിൽക്കാൻ സുവർണ്ണയ്ക്ക് തോന്നട്ടെ. നാരായണൻ ചോദിച്ചു, ''സർവ്വ സൈന്യാധിപൻെറ മറുപടി കിട്ടിയോ?''

ചിരിച്ചുകൊണ്ട് സുവർണ്ണ പറഞ്ഞു, ''ഇല്ല. അതിന് എൻെറ ഭർത്താവ് തന്ന വിശദീകരണം കേൾക്കണോ? സൈന്യാധിപൻ എൻെറ മേൽവിലാസം കണ്ട് വേണ്ടെന്നു വെച്ചതായിരിക്കുമെന്ന്.''

''എന്താണ് മേൽവിലാസം?''

''ഗോൾഫ് ലിങ്ക്സ്.''

ഇപ്പോൾ നാരായണനും ചിരിച്ചു.... തിരിച്ചു വന്ന് കാറിൽ കയറിയ നാരായണൻ വൈകിയതിന് സുജ്ഞാൻസിംഗിനോട് ക്ഷമ ചോദിച്ചു. വണ്ടി വീണ്ടും വിടുമ്പോൾ സുജ്ഞാൻസിംഗ് പറഞ്ഞു, ''അങ്ങ് ഗ്യാലറിയിലായിരുന്നപ്പോൾ ഞാൻ ആ പത്രവാർത്ത ഒരാവർത്തികൂടി വായിച്ചു. നാം മുമ്പുപറഞ്ഞ എന്തൊക്കെയോ കാര്യങ്ങൾ ഓർത്തുപോയി. വെടിവച്ചതിനും ചത്തതിനും ദൃക്സാക്ഷികളില്ല, ഒരിക്കലും ഉണ്ടാകാറില്ല. പതിനേഴ് വയസ്സായ ഒരു ശിവഭീകരൻ ഒരേറ്റുമുട്ടലിൽ മരിച്ചുവെന്ന് പോലീസ് പത്രങ്ങളോടു പറയുന്നു, പിറ്റേന്ന് അത് അച്ചടിയാവുന്നു. ദൃക്സാക്ഷികളില്ലാത്ത മരണം. ഞാൻ അതിൻെറ വ്യാപ്തി അറിയാതിരിക്കാൻ ശ്രമിക്കയാണ്—''

''ബംഗ്ളാദേശ് യുദ്ധം ആസന്നമായിരിക്കുന്നു, സുജ്ഞാൻസിംഗ്.''

''ബംഗ്ളാദേശ് യുദ്ധമോ? അത് കഴിഞ്ഞില്ലേ?''

''രാജ്ഞാവിന്, നേതാവിന്, ഊറ്റംകൊള്ളാൻ പറ്റിയ യുദ്ധങ്ങളായിരുന്നു പൊതുവേ എല്ലാ യുദ്ധങ്ങളും. ബംഗ്ളാദേശെന്നത് ഒരു പേരു മാത്രം.''

സുജ്ഞാൻസിംഗ് അസ്വസ്ഥനായി. അയാൾ ചോദിച്ചു, ''എൻെറ യുദ്ധങ്ങളെപ്പറ്റിയും അങ്ങ് അത് പറയുമോ?''

''ഫാഷിസത്തിനെതിരേയുള്ള പ്രതിരോധത്തിന് അർത്ഥമില്ലെന്ന് ആരും പറയുകയില്ല, അതുപോലെതന്നെ ഇന്ത്യൻ ദേശീയ സേനയ്ക്കും. പക്ഷെ—''

പക്ഷെ,' യുദ്ധത്തിൻെറ പ്രകടനാത്മകതയെ മറികടക്കാൻ കഴിഞ്ഞ സേനാധിപതികളോ ഭരണകർത്താക്കളോ ഇല്ല. ആത്മഹത്യയിലൂടെ, അല്ലെങ്കിൽ ഗോത്രഹത്യയിലൂടെ, നഗരങ്ങളെ എരിച്ചും രാജ്യങ്ങളെ നാമാവശേഷമാക്കിയും, പടനായകനും നേതാവും ഭീമമായ കോലങ്ങളായി പടർന്നുയരുന്നു. സുജ്ഞാൻസിംഗിൻെറ രണ്ടു പടനായകൻമാരും തിരോധാനത്തിൻെറ രതിയിൽ ആണ്ടുമറഞ്ഞു. ഹിറ്റ്ലറുടെ മുങ്ങിക്കപ്പൽ മുതൽ ഐ.എൻ.എ. വരെ നീണ്ടുനിന്ന വ്യർത്ഥപ്രയത്നം ഇങ്ങനെ ഒരു മാസ്മരാകർഷണമായി. വിൻഗെയ്റ്റിൻെറ അവസാനത്തെ ആകാശയാത്രയും അപ്രകാരം തന്നെയായിരുന്നു. ഒരു പഴയ ഡക്കോട്ട വിമാനം പറപ്പിച്ചുകൊണ്ട് വിൻഗെയ്റ്റ് തൻെറ ചിൻഡിറ്റുകളുടെ വ്യോമവീഥിയിലൂടെ കടന്നുവന്നു. അകലെ ഇടിയും മിന്നലും, മിന്നലിൻെറ അലുക്കുകൾ പണിത ഒരു പക്ഷിക്കൂട്. വിൻഗെയ്റ്റ് ചിരിച്ചു, വിൻഗെയ്റ്റ് അലറി, അതാ തൻെറ മുന്നിൽ ഏതു ചരിത്രകഥയേയും വെല്ലുന്ന ആദിമദൃശ്യം! വിൻഗെയ്റ്റ് അതിലേയ്ക്ക് പറന്നു.

''ഒരു ആഭ്യന്തര ബംഗ്ളാദേശ് യുദ്ധം നടത്തി ജയിച്ചാൽ ഭരിക്കുന്നവരുടെ സ്വാധീനം ഇത്തിരി കാലത്തേക്കെങ്കിലും ഉറപ്പാകുമെന്ന് തോന്നുന്നില്ലേ, സുജ്ഞാൻസിംഗ്?''

''സുവർണ്ണ ക്ഷേത്രത്തിലോ?''

''എന്നുവെയ്ക്കുക.''

സുജ്ഞാൻസിംഗിൻെറ പരിചിതമായ രോഷം കണ്ടില്ല. പകരം പലായനത്തിൻെറ അമ്പരപ്പ്, തുടക്കവും ചലനവും സമാപ്തിയുമില്ലാത്ത മനസ്സിൻെറ പലായനം, ഇരുണ്ട ഗോത്ര രഹസ്യം.

''സുവർണ്ണക്ഷേത്രത്തിനകത്ത് സൈന്യം കയറിയാൽ താങ്കൾ എന്തു ചെയ്യും, സുജ്ഞാൻസിംഗ്?''

സുജ്ഞാൻസിംഗിൻെറ സ്വരം ഇടറി, ''ഈ രാജ്യം എൻെറയല്ലാതാകും, സാബ്.''

''താങ്കൾ എവിടെ പോകും?''

''എൻെറ പ്രവാചകൻെറ വിജനതയിലേക്ക്.''

(തുടരും)

പി. സുബ്രഹ്മണ്യപിള്ള

ഇതാ ഒരു സിനിമാഗാനം

മാന്യമഹാജനങ്ങളേ.

ക്ഷമിക്കുക. ക്ഷമിക്കുക. എന്നും എന്തെല്ലാം ക്ഷമിക്കുന്നവരാണു നിങ്ങൾ. എത്ര ക്ഷമിക്കുന്നവരാണ്. ഞാൻ ഇനി നന്നാകാനുള്ള പ്രായവുമല്ലല്ലോ.

എനിക്കങ്ങനെ ഒരാഗ്രഹമുണ്ടായാൽ എന്നെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. നിങ്ങൾ ക്ഷോഭിച്ചിട്ടും ഫലമില്ല.

ആഗ്രഹം പണ്ടേയുണ്ടായിരുന്നു. ഇന്നും ഉണ്ട്. നടന്നു കിട്ടുന്നതുവരെ അതുണ്ടായിരിക്കും. വെള്ളിത്തിരയിൽ ഒന്നു കടന്നുകൂടണം.

സിനിമാസംവിധായകനാകാൻ എനിക്കു കഴിവില്ല. വേണ്ട. കഴിവുള്ളവർ അതു ചെയ്തുകൊള്ളട്ടെ. സിനിമാനിർമ്മാതാവാകാൻ എനിക്കു പണമില്ല. വേണ്ട. പണവും നിണവും (ചോരത്തിളപ്പ്, ഫൈമിൻ) ഉള്ളവർ അതു ചെയ്തുകൊള്ളട്ടെ. സിനിമാനടനാകാൻ ആരും എന്നെ വിളിക്കുന്നില്ല. മോഹൻലാലും മമ്മൂട്ടിയും ജീവിച്ചുപൊയ്ക്കൊള്ളട്ടെ. അവരുമായി മത്സരിക്കാനുള്ള കാലമല്ല, എനിക്ക്. വേണ്ട.

എൻെറ ആഗ്രഹം സിനിമാപ്പാട്ടെഴുതാനാണ്. ഉഗ്രമായ ഒരു സിനിമാപ്പാട്ടെങ്കിലും എഴുതി, ചലച്ചിത്രകലയെ ഒന്നു സമ്പുഷ്ടമാക്കിയെങ്കിലേ പറ്റൂ. അങ്ങനെ എൻെറ പേരും വെള്ളിത്തിരയിൽ വരട്ടെ. എനിക്കു ജന്മസാഫല്യം, ലഭിക്കട്ടെ. അല്ലെങ്കിൽ, മരിച്ചാൽപ്പോലും എൻെറ ആത്മാവിനു ശാന്തി ലഭിക്കില്ല. പറഞ്ഞേക്കാം.

ഞാൻ എന്തൊക്കെയോ എഴുതി ബഹുമാനപ്പെട്ട വായനക്കാരെ വകവരുത്തിയിട്ടുണ്ട്. സമ്മതിക്കുന്നു. എന്നാൽ ഒരു കാര്യം ഓർമ്മിക്കുക. ഒരുവരി കവിതപോലും എഴുതി ഞാൻ നിങ്ങളെ ദ്രോഹിച്ചിട്ടില്ല. ഇനി ദ്രോഹിക്കയില്ലെന്നും വാക്കുതരുന്നു. എന്നാൽ സിനിമാപ്പാട്ടിൻെറ കാര്യത്തിൽ നിങ്ങളെ ഞാൻ വിടാൻ പോണില്ല. ഒരു വിട്ടുവീഴ്ചയുമില്ല. ഞാൻ സിനിമാപ്പാട്ടെഴുതും. ഞാൻ അതു സംവിധാനം ചെയ്യും. ഒരു പക്ഷേ ഞാൻ തന്നെ അതു പാടി റെക്കാർഡാക്കുകയും ചെയ്യും. പടുപാട്ടൊന്നു പാടാത്ത കഴുതയില്ലെന്ന് എന്തിനാ മഹാകവി എഴുതി വച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട ഭാസ്ക്കരൻ മാഷോ ഒ.എൻ.വിയോ ദയവുചെയ്തു എന്നോടു മുഷിയരുത്. അവരെ ബീറ്റാക്കണമെന്നു തല്ക്കാലം എനിക്കുദ്ദേശമില്ല. എൻെറ ഫീൽഡു വേറെയാണ്. മോഡേൺ സിനിമാപ്പാട്ടുകളാണ് ഞാൻ എഴുതാൻ പോകുന്നത്. അവിടെ അവർക്കൊന്നും സ്ഥാനമില്ലല്ലോ. സലാം സലാം.

പിന്നെ കഴിവിൻെറ കാര്യം. കാലുപിടിത്തമാണു മിസ്റ്റർ ഇന്നത്തെ മനുഷ്യൻെറ ഏറ്റവും വലിയ കഴിവ്. ഇന്നത്തെ രാഷ്ട്രീയം പോലും 'കാൽ' രാഷ്ട്രീയമല്ലേ?

വളരെനാൾ ആലോചിച്ച് കാളയുടെ വളഞ്ഞ കൊമ്പിനകത്തു തലകൊണ്ടിട്ടു നാനാവിധമായ നമ്പുരിയുടെ ചേലില്ല ഞാൻ ആലോചിച്ചതും ഇറങ്ങിത്തിരിച്ചതും. ഒട്ടേറെ മാസങ്ങളായി വിശദമായ പഠനവും ഗവേഷണവും നിരീക്ഷണവും നടത്തിയിട്ടുണ്ട് ഇക്കാര്യത്തിൽ. ഇന്നത്തെ സിനിമാപ്പാട്ടുകളിൽ നിർബ്ബന്ധമായും പാലിക്കേണ്ട നിയമങ്ങൾ വായനക്കാരുടെ അറിവിനായി താഴെക്കൊടുക്കുന്നു.

വരികളോ പദങ്ങളോ ഒന്നും പാട്ടിൽ പ്രധാനമല്ല. ഉപയോഗിക്കുന്ന പദങ്ങൾക്ക് അർത്ഥം വേണമെന്നില്ല. ശബ്ദമാണു പാട്ടിൽ പ്രധാനം. ശബ്ദഘോഷമാണാവശ്യം. സർവ്വത്ര ബഹളമായിരിക്കണം പാട്ട്.

ഒരിക്കലും, ഒരു രംഗത്തിൽ, പാടി അഭിനയിച്ചു തീർക്കാവുന്നതാകരുത് ഇന്നത്തെ സിനിമാപ്പാട്ട്. ഒരു പാട്ടു പാടിത്തീർക്കുവാൻ കുറഞ്ഞതു പതിനഞ്ചു രംഗങ്ങളെങ്കിലും വേണം. കാട്, കടൽ, പൂന്തോട്ടം, കൊട്ടാരം, ഡൈനിംഗ്ഹാൾ, ഏണിപ്പടികൾ, ഫോറിൻ കാർ ഇവയെല്ലാം ഒരു പാട്ടുപാടി അഭിനയിക്കാൻ അവശ്യംവേണ്ടുന്ന രംഗങ്ങളാണ്.

നായകനോ നായികയോ ഇവർ രണ്ടുപേരുമോ മാത്രം പോരാ ഒരു പാട്ടുപാടി അഭിനയിക്കാൻ. കഥയുമായി യാതൊരു ബന്ധവുമില്ലെങ്കിലും ഒരു വലിയ സംഘം യുവതിയുവാക്കൾ വേണം. ഒരു സൈന്യമാണെങ്കിൽ അത്രയും നന്ന്!

കാറിനകത്തിരുന്നും, ടോപ്പിലും ബോണറ്റിലും ഡിക്കിയിലും ചാടിക്കയറിയും ഉരുണ്ടും പിരണ്ടും പാടണം. പടി കേറിപ്പാടണം. കടൽക്കരയിൽ ഓടിപ്പാടണം. വെള്ളത്തിൽ ചാടിപ്പാടണം. ഒരിടത്തും കുത്തിയിരുന്ന് അഭിനയിച്ച് ഒരു വരിപോലും പാടരുത്. എപ്പോഴും നെടുകെ ഓടിപ്പാടണം. ചുറ്റിയോടിപ്പാടണം. തലകീഴ്മറിഞ്ഞു പാടണം. പാട്ടിനു പത്തു നൃത്തമെങ്കിലും വേണം. സ്ത്രീകൾ, ശരീരത്തിലെ പറയാൻ മടിയുള്ള ഭാഗങ്ങൾ തുള്ളിച്ചുകൊണ്ടുവേണം ഓടാനും നൃത്തം ചെയ്യാനും. ആട്ടവും ഓട്ടവും കൊണ്ട് ഭൂതാവേശം വന്ന മട്ടുകാണിക്കണം. അറുകൊലവിളിയുടെ ശബ്ദമുണ്ടായിരിക്കണം. പാടുമ്പോൾ, ജൂന്നിവരണം. ഒടുവിൽ കേൾവിക്കാർ ഞെട്ടിവിറയ്ക്കണം. നൂറായിരം സംഗീതോപകരണങ്ങൾ ഏതു ചെറിയ പാട്ടിനും ഉണ്ടായിരിക്കണം.

ഒരേ വേഷത്തിൽ ഒരു പാട്ടുപാടിത്തീർക്കാമെന്നു കരുതുന്നത് ഉച്ചക്കിറുക്കാണ്. ഒരു പാട്ടുപാടിത്തീർക്കുന്നതിനിടയിൽ ധരിക്കാൻ നടിക്കും നടനും 15 സെറ്റു വേഷമെങ്കിലും കൂടിയേ കഴിയൂ. ഏണിപ്പടികേറാൻ ഒരു വേഷം. കടപ്പുറത്തോടാൻ ഒരു വേഷം. കാറിനകത്തിരുന്നു പാടാൻ ഒരു വേഷം. പുറത്തു പാടുമ്പോൾ മറ്റൊരു വേഷം. ഇങ്ങനെ ഓരോ രംഗത്തും ഓരോ സെറ്റുവേഷം മാറിധരിച്ചുവേണം പാട്ടുമുന്നോട്ടു പോകാൻ

ഇപ്പോൾ നിങ്ങൾ ഒരു കാര്യം ശ്രദ്ധിച്ചിരിക്കണം. എഴുത്തല്ല, സംവിധാനമാണ് സിനിമാഗാനത്തിൽ പ്രധാനം. ഏതു പദവും ഏതു വരിയും നമുക്ക് അതുപോലെ സ്വീകരിക്കാം, വിവരമുള്ളവർ എഴുതിയിട്ടുള്ളത്. വാളല്ലല്ലോ വാളുകൊണ്ടുള്ള വെട്ടല്ലേ പ്രധാനം. വാളുണ്ടാക്കിയ കൊല്ലനല്ല അതുകൊണ്ടു യുദ്ധം ചെയ്യുന്ന പടയാളിയാണു പ്രമുഖൻ. അതുപോലെ സിനിമാഗാനത്തിലും സംവിധായകനാണു പ്രമുഖൻ. എനിക്കു സംവിധായകനായാൽ മതി!

കവിതയിലും സിനിമാഗാനത്തിലുമെല്ലാം കോപ്പിയടി നടക്കുന്നുവെന്നു പറയുന്നതു തെറ്റാണ്. കാരണം മലയാളത്തിലെ വാക്കുകളൊന്നും ഒരു കവിയുടെയോ പാട്ടുകാരൻെറയോ കുടുംബസ്വത്തല്ല. സൗകര്യത്തിനു വേണ്ടി അതേവാക്കുകൾ അതേവരിയിൽ അതേക്രമത്തിൽ ചേർത്ത് [illegible]രാളിനു സ്വന്തം കവിതയേ[illegible] [illegible]ശിദ്ധപ്പെടുത്താം.

ഈ മഹത്തായ ആദർശങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ട് മഹാകവി ചങ്ങമ്പുഴ എഴുതിയിട്ടുള്ള രമണൻ എന്ന കാവ്യത്തിലെ ചില വരികൾ സ്വീകരിച്ച്, ഞാൻ ഇതാ ഒരു മോഡേൺ സിനിമാഗാനം തയ്യാറാക്കിയിരിക്കുന്നു. ആസ്വദിച്ചാലും. സ്വീകരിച്ചാലും.

പാട്ട്

രംഗംഒന്ന്

വെട്ടിത്തെളിച്ചുമൊട്ടയടിച്ച കാട്. ഒരറ്റ

ത്തുകാണുന്ന ഞണലില്ലാത്ത മരത്തിൻെറ ചുവട്ടിൽ രമണനും മദനനും. രണ്ടുപേരുടെയും വേഷം വെള്ളജുബ്ബയും പൈജാമയും ഹാവായ് ചെരിപ്പും. കൈയിൽ ഓരോ ഓടക്കുഴലുമുണ്ട്. പിന്നെ ആടുമേയ്ക്കാൻ ഓരോ നീണ്ടവടിയും. ആകാശത്തുനോക്കി മലർന്നുകിടക്കുന്നു രമണൻ. വടിചുഴറ്റിക്കൊണ്ട് രമണനെ തുറിച്ചു നോക്കി നില്ക്കുന്നു, മദനൻ.

മദ:– രമണാ നീയെന്നിൽ നിന്നാരഹസ്യ–
മിനിയും മറച്ചു പിടിക്കയാണോ
ടേ രമണാ.

വരികൾ ആവർത്തിക്കുന്നു. കള്ളനെക്കണ്ട പൊലീസിനെപ്പോലെ രമണൻ എഴുന്നേറ്റു വേഗത്തിൽ ഓടുന്നു. മദനൻ വടിയും ചുഴറ്റി പുറകെ ഓടുന്നു. രണ്ടുപേരും ഓടുന്നു. ഓടുന്നു.

രമണൻ നില്ക്കുന്നു. അതുകൊണ്ടു മദനനും നില്ക്കുന്നു.

രമണൻ: പറ്റിപ്പോയി മദനാ.

ശരദ്രവീഥിയിലുല്ലസിക്കും
ഒരു വെള്ളിനക്ഷത്രമെന്തുകൊണ്ടോ
ആഹഹാ!
അനുരക്തയായിപോൽ പൂഴിമണ്ണിൽ
അമരുമൊരു ചെറുപുൽക്കൊടിയിൽ.

(ദൂരെനോക്കി ''ആടേ, ആടേ'' എന്നു വിളിച്ചുകൊണ്ടു രണ്ടുപേരും ഓടിമറയുന്നു.)

രംഗം രണ്ട്

ചന്ദ്രികയുടെ പാലസിൻെറ മുന്നിലെ പാർക്ക്. പോർട്ടിക്കോയിൽ ഒരു കോണ്ടസാകാർ, ചന്ദ്രികയും രമണനും.

ചന്ദ്രികയുടെ വേഷം തിളങ്ങുന്ന മാക്സി. രമണൻെറ വേഷം പാൻറ്സും ബനിയനും കൈയിൽ ഓടക്കുഴലുമുണ്ട്. ചന്ദ്രിക പുല്ലിൽ ഇരിക്കുന്നു. രമണൻ ഭവ്യനായി അടുത്തു നില്ക്കുന്നു. തുള്ളൽവരുമ്പോലെ കാലുകൾ ചലിപ്പിക്കുന്നു.

രമണൻ: തുച്ഛനാമെന്നെ നീ സ്വീകരിച്ചാൽ
ഡാഡിക്കും മമ്മിക്കുമെന്തു തോന്നും.

(ചിന്ദ്രിക എഴുന്നേറ്റു ചുറ്റിയോടുന്നു! പിറകെ രമണനും ഓടുന്നു. ഓടുന്നു. ഓടുന്നു.)

ഒടുവിൽ ചന്ദ്രിക തിരിഞ്ഞുനിന്ന്:
കൊച്ചുമകളുടെ രാഗവായ്പിൽ
അച്ഛനുമമ്മയ്ക്കും കുന്തം തോന്നും.

(രണ്ടുപേരും ഡാൻസു തുടങ്ങുന്നു. നൂറായിരം ഉപകരണങ്ങളുടെ വാദ്യഘോഷം)

രംഗംമൂന്ന്

ചന്ദ്രികയുടെ പാലസ്സിൽ രണ്ടാംനിലയിലേക്കുള്ള ഏണിപ്പടികളിലൂടെ ചന്ദ്രികയും ഭാനുമതിയും ഒരുസംഘം തോഴിമാരും ''അഹഹാ. അഹഹാ'' എന്നു പാടിക്കൊണ്ട്, ആടിക്കൊണ്ട്, ഓടിക്കേറുന്ന രംഗം. ബെഡ്റൂമിനകത്തു കടന്ന് എല്ലാവരും കൂടി നൃത്തം ചെയ്യുന്നു. വേഷം എല്ലാവർക്കും മിഡി.

ചന്ദ്രിക: കണ്ടിട്ടില്ല ഞാനീവിധം മലർ–
ച്ചെണ്ടുപോലൊരു ജീവിതം.
അഹഹാ അഹഹാ.

ഭാനുമതിയും തോഴിമാരും:
കാട്ടുപൂങ്കുളിർചോലയെപ്പോലെ
പാട്ടുപാടുന്ന ജീവിതം.
അഹഹാ അഹഹാ.

രംഗം നാല്

കാട്. ഇടയന്മാരുടെ ഗായകസംഘം. ഗുരുജിയുടുപ്പും മുണ്ടും തോളത്തു തുണിസഞ്ചിയും എല്ലാവർക്കുമുണ്ട്. കൈയിൽ ഓരോ വടിയും. അവർ കൂടിനിന്നു നൃത്തം തുടങ്ങുന്നു.

ഗായകസംഘം:
നാശമായി.
(ഭീകരമായ വാദ്യഘോഷങ്ങൾ)
ഏകാന്തകാമുകാ നിൻെറ വേലത്തരം
ലോകംമുഴുവനറിഞ്ഞുപോയി.
കുറ്റപ്പെടുത്തലിൻ ബുള്ളറ്റുകൊള്ളാതെ
മെറ്റലുടുപ്പു ധരിച്ചുകൊള്ളു.
(ചെവിപൊട്ടിക്കുന്ന വാദ്യഘോഷങ്ങൾ.)

രംഗം അഞ്ച്

പെരുവഴി. ഓടുന്ന ബസ്സുകളുടെയും കാറുകളുടെയും ഓട്ടോറിക്ഷകളുടെയും ബഹളം.

ചുരീദാറും കമ്മീസും ധരിച്ച് ഡാൻസു മോഷനിൽ വഴിവക്കത്തു കാത്തുനില്ക്കയാണു ചന്ദ്രിക.

അകത്തുകയറ്റിയിട്ട ഫുൾഷർട്ടും പൃഷ്ഠം കാണിക്കുന്ന പാൻറ്സും ധരിച്ച്, കൈയിൽ ഇടയന്മാരുടെ വടിയുമായി രമണൻ.

ചന്ദ്രിക: ഹേ ചേട്ടാ.
കാനനച്ചോലയിലാടുമേയ്ക്കാൻ
ഞാനും വരട്ടെയോ തൻെറ കൂടെ.
ഓഹോഹോ. ഓഹോഹോ.

രമണൻ: ഷെയിം.
പാടില്ല പാടില്ല നമ്മെ നമ്മൾ
പാടെ മറന്നൊന്നും ചെയ്തുകൂടാ.

(രമണൻ തിരക്കിലൂടെ ഓടുന്നു. ''ഞാനും വരും'' എന്നു പറഞ്ഞു പിറകെ ചന്ദ്രികയും ഓടുന്നു. രണ്ടുപേരും ഓടുന്നു. ഓടുന്നു)

---

24 ാം പേജിൽ നിന്നും തുടർച്ച

മതി. അവൻ ചുമച്ചുതുടങ്ങിയിരിക്കുന്നു. ഇപ്പോൾ അവർക്കു തീർച്ചയായി. അവനെന്തോ സംഭവിച്ചിരിക്കുന്നു.

തള്ളയുടെ നേരെ മുന്നിൽ വന്ന് ഒരുനിമിഷം അവൻ നിന്നു. പിന്നെ വീണ്ടും നടക്കാൻ തുടങ്ങി. അവനെന്തോ ചോദിക്കാനുണ്ടെന്ന് അവർക്കു തോന്നി. ചുമച്ചു തൊണ്ട ശുചിയാക്കി. വീണ്ടും നെടുവീർപ്പ്. പെട്ടെന്ന് അവൻ ചോദിച്ചു. ''ഇവ്ടാരെങ്കിലും വന്നിര്ന്നാ?''

ചോദ്യത്തിലെ ഉത്കണ്ഠ മനസ്സിലായെങ്കിലും ശ്രദ്ധിക്കാത്തമട്ടിൽ അലസമായി തള്ള പറഞ്ഞു.

''പതിവൊള്ളവരക്ക വന്നിര്ന്നാ?''

അവൻ ഞെട്ടി. ഇത്രയും നേരമായിട്ടും അവൻ ഒരു ചായപോലും വാങ്ങിത്തന്നില്ലല്ലോ എന്ന് ആലോചിക്കുന്ന നേരത്താണ് അവൻെറ സ്വരം ഉയർന്നത്.

''പൊലീസു വന്നാ?''

ഓ... അപ്പോൾ അതാണു പ്രശ്നം. അവൻ പൊലീസുകാരെ പേടിച്ചുതുടങ്ങിയിരിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ മോഷണത്തിനുപകരം ഭയങ്കരമായ മറ്റെന്തോ അവൻ ചെയ്തിരിക്കുന്നു.

അച്ഛൻെറ ശവം വഴിയരികിലെ കാട്ടുചീരപ്പടർപ്പിൽ കിടക്കുമ്പോൾ വാവിട്ടുകരഞ്ഞ ചെറുക്കനാണിത്. അന്ന് ആ ശവം ഒററയ്ക്കു പൊക്കിയെടുത്ത് പുരയിൽ കിടത്താനുള്ള ത്രാണി അവനുണ്ടായിരുന്നില്ല. കൂടിയാൽ കാലിൽ പിടിച്ചുവലിച്ചിഴച്ചുകൊണ്ടുവരാനേ അവനാകുമായിരുന്നുള്ളൂ. അത്രയ്ക്കു മെലിഞ്ഞ് അവശനായിരുന്നു. സന്ധ്യയായപ്പോൾ പൊലീസുകാരാണ് ശവം ഉമ്മറപ്പടിയിലേക്കു തള്ളിവച്ചത്.

''ചോയിച്ച കേട്ടില്ലേ... പൊലീസുവന്നാന്ന്...'' അവൻ കലിതുള്ളുകയാണെന്നു തള്ളയ്ക്കു മനസ്സിലായി.

''ഉം... വന്ന്.''

''എന്തു ചോദിച്ച്?''

''നീ എന്ത്യേയ്ന്ന്.''

''എന്നട്ട് എന്തു പറഞ്ഞു?'' അവൻ കിതയ്ക്കുന്നുണ്ടെന്നു തോന്നി.

''നീ ഇല്ലാന്നു പറഞ്ഞ്.''

''തൊലച്ച്!'' അവൻ തറയിൽ ആഞ്ഞു തൊഴിച്ചു. ആ തൊഴിമുഖത്താണു വീഴേണ്ടിയിരുന്നത്. അതിനുള്ള മനസ്സ് ഇനിയും അവനായിട്ടില്ല.

''നീയില്ലാത്ത നേരത്ത് ഒണ്ടെന്ന് പറേണാ?''

അവൻ നിശ്ശബ്ദനായി. ഏറെ നടന്നശേഷം അവൻ നനഞ്ഞ കുപ്പായം എടുത്ത് അണിഞ്ഞു. അവനെ തടുക്കണമെന്നുണ്ടായിരുന്നു. പിന്നെ വേണ്ടെന്നുവച്ചു.

പെട്ടെന്നു തള്ളയ്ക്കു സങ്കടംവന്നു. എന്നാൽ അതു കരച്ചിലായിമാറാതിരിക്കാനുള്ള പ്രാപ്തി അവർക്കുണ്ട്. കാഴ്ചയില്ലാത്ത കണ്ണുകൾ അവരുടെ വികാരങ്ങളെ പുറമേക്കു പ്രതിഫലിപ്പിച്ചതുമില്ല.

''മോനേ...''

വീണ്ടും നെടുവീർപ്പ്. പുറത്തേക്കുള്ള വാതിൽ തുറന്നുവച്ച് നില്ക്കുകയാണ് അവൻ.

''മോനേ...''

അവൻ തിരിഞ്ഞുനോക്കിയെന്ന് അവർക്കു തോന്നി. ശേഷി സംഭരിച്ച് അവർ ചോദിച്ചു.

''നീ ആരേണ് കൊന്നത്?''

പെട്ടെന്നു വാതിലടഞ്ഞു. തള്ള ഇരുട്ടിലായി. അവൻ നടന്നുമറയുകയാണെന്ന് അവർക്കു മനസ്സിലായി. ചെങ്കല്ലിൻെറ അവശിഷ്ടങ്ങളും തീവണ്ടിപ്പാതയും മുറിച്ചുകടന്ന് ഉണങ്ങിവരണ്ട പാടത്തിലൂടെ അവനും പോയിട്ടുണ്ടാകും. ചിലപ്പോൾ ഇനിയൊരിക്കലും മടങ്ങിവന്നേക്കില്ല.

അവർ പൊട്ടിക്കരയുവാൻ തുടങ്ങി.

നിത്യചൈതന്യയതി

ഉന്മാദത്തെപ്പറ്റി

രണ്ട്

ദ്രവ്യഗണനയിൽ മനസ്സുണ്ട്. വൈശേഷികർക്ക് മനസ്സ് ദ്രവ്യമാണ്. ആയുർവേദവും അങ്ങനെ കരുതുന്നു. ഗുണകർമ്മങ്ങൾക്ക് ആശ്രയമാണ് ദ്രവ്യം. മനസ്സിന് ഗുണവുമുണ്ട്, കർമ്മവുമുണ്ട്. അപ്പോൾ മനസ്സ് ദ്രവ്യമാണ് എന്നു വന്നുപോകുന്നു. ആകാശം, കാലം, ദിക്ക് ഇവയും ദ്രവ്യമാണ് എന്ന അർത്ഥത്തിലാണ് മനസ്സിനെ ദ്രവ്യമെന്ന് പറയുന്നത്.

ദ്രവ്യം പദാർത്ഥമാണ്. ആകയാൽ സാമാന്യം, വിശേഷം, സമവായം, ഗുണം, കർമ്മം ഇവയൊക്കെ ദ്രവ്യസംബന്ധികളാണ് എന്നു പറയാം, മനസ്സുമായും ബന്ധപ്പെടുന്നു എന്നും പറയാം. അറിയപ്പെടാവുന്നതാണ് പദാർത്ഥം. അറിയാനുള്ള ഉപകരണമാണ് മനസ്സ്. ആകയാൽ മനസ്സിന് എല്ലാ പദാർത്ഥങ്ങളുമായും ബന്ധമുണ്ടാകാം. അതു നിഷേധിക്കുന്നില്ല.

ചോദ്യം: രോഗത്തിന് മനസ്സൊരു കാരണമാണോ?

ഉത്തരം: മനസ്സെന്ന വിവക്ഷയെ താഴെ പറയുന്നവിധം ഡോ:അഗ്നിവേശ് പറയുന്നു:

മനസ്സു ദുഷിക്കുന്നു എന്നു പറയുമ്പോൾ അവിടെ മനസ്സ് സമവായികാരണമായിരിക്കണം. ആ നിലയ്ക്ക് മനോവികാരങ്ങൾക്ക് മനസ്സ് സമവായികാരണമെന്ന് പറയാം.

മനസ്സിൻെറ ഗുണകർമ്മങ്ങളാണ് മനോരോഗ കാരണമെന്നുവന്നാലും ധർമ്മത്തിൻെറ ഫലങ്ങൾ ധർമ്മിയിൽ ആരോപിച്ചുപറയുന്നത് ലൗകികവ്യവഹാരത്തിലും ശാസ്ത്രവ്യവഹാരത്തിലും പതിവുണ്ടുതാനും. എന്നതിനാൽ മനസ്സ് മനോരോഗകാരണമാണ് എന്നു പറയാം.

ചിന്തിക്കുക എന്നത് മനസ്സിൻെറ കർമ്മമാണ്. ചിന്ത ഏറിയാൽ രോഗമുണ്ടാവും. മനോരോഗവുമുണ്ടാകാം, ശാരീരികരോഗവുമുണ്ടാകാം. ചിന്തകൊണ്ട് വാതം വർദ്ധിക്കുമെന്ന് അഷ്ടാംഗഹൃദയം നിദാന സ്ഥാനം 17–ാം അദ്ധ്യായത്തിൽ കാണാം. ഗുണകർമ്മങ്ങൾ ദ്രവ്യനിഷ്ഠമാകയാൽ ഗുണകർമ്മങ്ങളിൽ ആരോപിതമായ ധർമ്മവും ദ്രവ്യത്തിൻേറതാണ്. മനസ്സ് വൈശേഷികമതമനുസരിച്ച് ദ്രവ്യമാണല്ലോ. ഗുണങ്ങളിൽ കർമ്മത്വവും മററും ആരോപിക്കുന്നത് കേവലം സാഹചര്യോപചാരം കൊണ്ടാണ്. അതിനാൽ മനസ്സിന് രോഗണകാരണത്വം കല്പിക്കാം.

ചോദ്യം: മനസ്സിനും ആത്മാവിനും തമ്മിലുള്ള ബന്ധമെന്താണ്?

ഉത്തരം: ആത്മാവ് നിർവ്വികാരവും നിത്യവുമാണ്. എന്നാൽ പഞ്ചമഹാഭൂതങ്ങളോടും ഭൂതഗണമായ ശബ്ദാദികളോടും ചക്ഷുശ്രോത്രാദി ഇന്ദ്രിയങ്ങളോടും ബന്ധപ്പെട്ട് മനസ്സിൽ സ്ഫുരിക്കുന്നതിനെയെല്ലാം ആത്മാവ് സ്വപ്രകാശത്താൽ ദീപ്തമാക്കുന്നതിനാൽ മനസ്സിൻെറ സാക്ഷിയാണ് ആത്മാവെന്ന് പറയുന്നു.

ചോദ്യം: ആത്മാവ് നിത്യശുദ്ധമുക്തവും നിർവ്വികാരവുമായിരിക്കുന്നതിനാൽ അത് മനോരോഗമുണ്ടാക്കുവാനിടയില്ല. അപ്പോൾ പ്പിന്നെ മനസ്സിനെ രോഗഗ്രസ്തമാക്കുന്നത് ഇന്ദ്രിയങ്ങൾക്ക് വിഷയമാകുന്ന രൂപരസഗന്ധാദികളാണോ?

ഉത്തരം: ഇന്ദ്രിയത്തിന് രണ്ടംശമുണ്ടല്ലോ. ഒന്ന് മനസ്സിൻെറ ചേതനോന്മുഖതയോടും മറേറത് പഞ്ചമഹാഭൂതങ്ങളാൽ ശരീരസ്കന്ധത്തോട് ചേർന്നിരിക്കുകയാൽ ശാരീരികദോഷങ്ങളായ വാതപിത്തകഫങ്ങൾ മാനസിക ദോഷങ്ങളായ രജസ്തമസ്സുകളെ ചോദിപ്പിച്ച് രോഗം ഉണ്ടാക്കുവാനിടയാക്കുന്നു. മാനസികദോഷങ്ങളായ രജസ്തമസ്സുകൾ അജ്ഞാനം, അധൈര്യം, വിസ്മൃതി എന്നിവയുണ്ടാക്കുകയാൽ അതുകൊണ്ടുവരുന്ന രോഗങ്ങൾ വിജ്ഞാനം, ധൈര്യം, സ്മൃതി, സമാധി എന്നിവയാൽ ശമിക്കുകയും ചെയ്യുന്നതാണ്.

ചോദ്യം: എന്നാൽപ്പിന്നെ മാനസികമായി വരുന്ന രോഗങ്ങൾക്ക് ജ്ഞാനോപദേശം ചെയ്യുകയും ധ്യാനം മുതലായ അദ്ധ്യാത്മ സാധനങ്ങൾ അനുഷ്ഠിക്കുകയും ചെയ്താൽ പോരേ?

ഉത്തരം: ഗുണത്രയത്തോട് ബന്ധപ്പെട്ടിരിക്കുന്നതായ വാതം, പിത്തം, കഫം എന്നിവയ്ക്ക് ശരീരം മഴുവൻ നിറഞ്ഞുനിൽക്കുവാൻ കഴിയുന്നതുകൊണ്ട് ദ്രവ്യങ്ങൾ കൊണ്ടുള്ള ചികിത്സ ആവശ്യമാണ്. വാതത്തിൽ രൂക്ഷം, ശീതം, ലഘു, സൂക്ഷ്മം, ചലം, വിശദം. ഖരം എന്നീ ഗുണങ്ങളിരിക്കുന്നതുകൊണ്ട് അവയ്ക്ക് വിപരീതമായിവരുന്ന സ്നിഗ്ദ്ധം ഉഷ്ണം, ഗുരു, സ്ഥൂലം, സ്ഥിരം, പിച്ഛിലം, ശ്ളഷ്ണം എന്നീ ഗുണങ്ങളോടുകൂടിയ ദ്രവ്യങ്ങൾകൊണ്ട് ചികിത്സിപ്പിക്കേണ്ടിയിരിക്കുന്നു. അതുപോലെ പിത്തത്തിൽ ഈഷൽ സ്നേഹം ഉഷ്ണം, തീക്ഷ്ണം, ദ്രവം, അമ്ളം, സരം, എരിവ് എന്നീ ഗുണങ്ങളിരിക്കുകയാൽ അവയ്ക്ക് വിപരീതമായ ദ്രവ്യങ്ങളാൽ അതായത് സ്നേഹം, ശീതം, മന്ദം, സാന്ദ്രം, ചവർപ്പ്, സ്ഥിരം, മധുരം, അഥവാ കയ്പ് എന്നിവകൾ കൊണ്ട് ചികിത്സിക്കണം.

> ചിന്തിക്കുക എന്നത് മനസ്സിൻെറ കർമ്മമാണ്. ചിന്ത ഏറിയാൽ രോഗമുണ്ടാകും. മനോരോഗവുമുണ്ടാകാം, ശാരീരിക രോഗവുമുണ്ടാകാം. ചിന്തകൊണ്ട് വാതം വർദ്ധിക്കുമെന്ന് അഷ്ടാംഗഹൃദയത്തിൽ കാണാം.

കഫത്തിൻെറ ഗുണങ്ങളായി പറയുന്നത് ഗുരു, ശീതം, മൃദു, സ്നിഗ്ദ്ധം, മധുരം, സ്ഥിരം, പിച്ഛിലം എന്നിവയാകയാൽ അവയുടെ വിപരീതഗുണങ്ങളായ ലഘു, ഉഷ്ണം, കഠിനം, രൂക്ഷം, എരിവ്, ചലം, വിശദം എന്നീ ഗുണങ്ങളുള്ള ദ്രവ്യങ്ങളെക്കൊണ്ട് കഫത്തെ ശമിപ്പിക്കേണ്ടതാണ്.

മധുരവും പുളിയും ഉപ്പും വാതത്തേയും ചവർപ്പും മധുരവും കയ്പും പിത്തത്തേയും എരിവും കയ്പും ചവർപ്പു കഫത്തേയും ശമിപ്പിക്കുമ്പോൾ എരിവ്, ഉപ്പ്, പുളി എന്നിവ പിത്തത്തേയും ചവർപ്പും, എരിവ്, കയ്പ് എന്നിവ വാതത്തേയും മധുരം, പുളി, ഉപ്പ് എന്നിവ കഫത്തേയും കോപിപ്പിക്കുന്നു എന്നു പറയുന്നു.

ചോദ്യം: ഭഗവദ്ഗീതയിലെ 17–ാം അദ്ധ്യായം 8, 9, 10 എന്നീ ശ്ളോകങ്ങൾ ആഹാരത്തിലെ ശ്രദ്ധാത്രയം ആയുർവേദത്തിൽ പറയുന്ന മാതിരിയാണോ?

ഉത്തരം:

അയുഃസത്ത്വബലാരോഗ്യ
സുഖപ്രീതി വിവർദ്ധനാഃ
രസ്യാഃ സ്നിഗ്ദ്ധഃ സ്ഥിര, ഹൃദ്യ
ആഹാരഃ സാത്ത്വികപ്രിയാഃ
കട്വമ്ളലവണാത്യുഷ്ണ തീക്ഷ്ണരൂക്ഷ
വിദാഹിനഃ
ആഹാരാ രാജസസ്യേഷ്ടാ ദുഃഖശോകാ–
മയപ്രദാഃ
യാതയാമം ഗതരസം പൂതി പര്യുഷിതം ച
യത്
ഉച്ഛിഷ്ടമപി ചാമേധ്യം ഭോജനം
താമസപ്രിയം

(ഭഗവദ്ഗീത അ:xvii ശ്ളോ· 8,9,10)

(ആയുസ്സ്, ധൈര്യവീര്യാദികളോടുകൂടിയ അന്തഃകരണം, ശക്തി, കാര്യം ചെയ്യുവാനുള്ള സാമർത്ഥ്യം, രോഗമില്ലായ്മ, സുഖം, സന്തോഷം ഇവയെ വർദ്ധിപ്പിക്കുന്നവയും സ്വാദുള്ളവയും സ്നിഗ്ദ്ധമായതും അധികകാലം ദേഹത്തിൽ ചേർന്ന് നിൽക്കുന്നവയും ഹൃദ്യങ്ങളുമായ ആഹാരങ്ങൾ സാത്ത്വിക ശ്രദ്ധയോടുകൂടിയവർക്ക് പ്രിയപ്പെട്ടിരിക്കും.

അധികമായ എരിവ്, പുളി, ഉപ്പ്, ചൂട്,

തീക്ഷ്ണത ഇവ ചേർന്നവയും സ്നിഗ്ദ്ധമല്ലാത്തതും പുളിച്ചുതേട്ടലുണ്ടാക്കുന്നവയും ബാഹ്യവും ആഭ്യന്തരവുമായ ദുഃഖങ്ങളും രോഗങ്ങളും ഉണ്ടാക്കുന്നവയുമായ ആഹാരവസ്തുക്കൾ രാജസുശ്രദ്ധയുള്ളവർക്ക് ഇഷ്ടങ്ങളാകുന്നു.

പാകം ചെയ്തതിൻെറ ശേഷം യാമം കഴിഞ്ഞതും, സ്വാദ് പോയതും, നാററമുള്ളതും, രാത്രികഴിഞ്ഞതും, എച്ചിലായതും മേധക് പററാത്തതുമായ ആഹാരങ്ങൾ തമോനിഷ്ഠമായ ശ്രദ്ധയോടുകൂടിയവർക്ക് ഇഷ്ടപ്പെട്ടവയാണ്.)

ഭഗവദ്ഗീതയിലെ ഈ ശ്ളോകങ്ങളുടെ പ്രസക്തി ആയുർവേദത്തിൽ എങ്ങനെയെന്നു ഡേ:അഗ്നിവേശ് പറയുന്നു:

''ഭഗവദ്ഗീതയിൽ സത്വരജസ്തമസ്സുകളിലോരോന്നിൻെറയും ആധിക്യം മനുഷ്യൻെറ ആഹാരശൈലിയിൽ വരുത്തുന്ന മാററങ്ങൾ അഥവാ മഹാഗുണങ്ങൾ ആഹാരശീലവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് പറയുന്നത്. വാതപിത്തകഫങ്ങളിൽ രസങ്ങളുടെയും മററും ഉപയോഗം എങ്ങനെ വാതപിത്തകഫങ്ങളെ വർദ്ധിപ്പിക്കുന്നു, അല്ലെങ്കിൽ കുറയ്ക്കുന്നു എന്നു ചരകാദികൾ പറയുന്നു. രണ്ടും രണ്ടായി കരുതണം. ഒരാളുടെ ഭക്ഷണശൈലികണ്ട് അയാളിലുള്ള ഗുണാധിക്യം തിരിച്ചറിയാമെന്നോ ഭക്ഷണശൈലി മനുഷ്യരെ സാത്വികാദികളായി വിവേചിക്കുന്നു എന്നോ ഭഗവദ്ഗീത അർത്ഥമാക്കുന്നു. ഇത് ആയുർവേദ സമ്മതമാകുമോ എന്ന് പരിശോധിക്കാം.

വാതപിത്തകഫങ്ങളും സത്വരജസ്തമസ്സുകളും തമ്മിലുള്ള ബന്ധം നോക്കാം. വാതദോഷം രാജസമാണ് എന്നാണ് പറയപ്പെടുന്നത്. വാതം ചലഗുണമുള്ളതാണ്. രജസും ചലനാത്മകമാണ്. ആ നിലയിൽ വാതം രാജസമാണെന്നനുമാനിക്കാം. വാതാധികൻ രാജസനായിരിക്കുമെന്ന് വരുമ്പോൾ രജസന് ഇഷ്ടമായ ആഹാരങ്ങൾ വാതികന് ഇഷ്ടമാകണമല്ലോ. ഭഗവദ്ഗീതയിൽ എരിവും പുളിയും ഉപ്പുമേറിയതും അത്യധികം ഉഷ്ണവും തീക്ഷ്ണവും രൂക്ഷവും വിദാഹിയുമായ ആഹാരം രാജസന് ഇഷ്ടമാണ് എന്നു കാണുന്നു. വാതികൻ മധുരാമ്ള പടുഷ്ണകാംക്ഷിയായിരിക്കുമെന്ന് അഷ്ടാംഗഹൃദയം പറയുന്നു. (ശാരീരം അ.3)

രാജസപ്രിയം	വാതികപ്രിയം
എരിവ്	x
പുളി	✓
ഉപ്പ്	✓
ചൂട്	✓
തീക്ഷ്ണം	x
രൂക്ഷം	x

ഇവയിൽ പുളി, ഉപ്പ്, ചൂട് എന്നിവ വാതശമനമാകയാലും എരിവ്, തീക്ഷ്ണം, രൂക്ഷം എന്നിവ വാതവർദ്ധകമാകയാലും വാതികന് യഥാക്രമം പ്രിയവും അപ്രിയവുമായിരിക്കുന്നു. ഏതു ദോഷമാണോ വർദ്ധിച്ചിരിക്കുന്നത് ആ ദോഷത്തിൻെറ വിപരീത ഗുണങ്ങളിലാണ് ആഗ്രഹം ഉണ്ടാവുക.

''കുർവതേ ഹി രുചിം ദോഷാഃ
വിപരീത സമാനയോഃ
വൃദ്ധാ ക്ഷീണാശ്ച ഭൂയിഷ്ഠം
ലക്ഷയന്ത്യബുധാസ്തു ന''

(അ:ഹൃ:സൂ: 11, 43)

ഒരു ദോഷം വർദ്ധിച്ചാൽ അതിൻെറ വിപരീത ഗുണങ്ങളിലും ക്ഷയിച്ചാൽ സാമാന്യഗുണങ്ങളിലും ആഗ്രഹമുള്ളവനായിരിക്കും. ചികിത്സ ഇതനുസരിച്ച്:

''യദന്നം ദ്വേഷ്ടി യദപി പ്രാർഥയേതാ
വിരോധി തു
തത്തത്ത്യജൻ സമശ്നംശ്ച തൗ തൗ
വൃദ്ധിക്ഷയൗ ജയേത്''

(അ:ഹൃ:സൂ:അ 11, 42)

രോഗി വെറുക്കുന്ന അന്നത്തെ ഒഴിവാക്കിയും ആഗ്രഹിക്കുന്ന അന്നത്തിൽ രോഗവിരോധകമല്ലാത്തതു നൽകിയും വേണം ചികിത്സ നിർവഹിക്കാൻ. ഇനി വാതമല്ല പിത്തമാണ് രജോഗുണത്തോടടുത്തു നിൽക്കുന്നത് എന്നു കരുതാനും നിവർത്തിയില്ല. പിത്തളൻ എരിവ്, ചൂട് ഇവ ഒട്ടും സഹിക്കാത്തവനാണ്. അപ്പോൾ തീക്ഷ്ണോഷ്ണകടുമ്ള പടുക്കളിൽ അയാൾക്കു അഭിരുചിയുണ്ടാകുന്ന പ്രശ്നമേയില്ല. കഫമാണ് രജസിന് സമാനം എന്നു കരുതിക്കൂടാ. ദൃഢവും അചലവും (inert) ആയ കഫമെവിടെ? കർമ്മോന്മുഖമായ, പ്രേരകമായ, ചാലകമായ രജസെവിടെ?

ആകയാൽ ഭഗവദ്ഗീതയിലെ ഭക്ഷണഭേദമനുസരിച്ചുള്ള രാജസാദിഭേദം ആയുർവേദവുമായി ഇണങ്ങുന്നതായി കരുതാൻ വയ്യ. മാത്രമല്ല രജസിനെ വർദ്ധിപ്പിക്കുന്നവ രാജസനിഷ്ടമാണ് എന്ന് ആയുർവേദം കരുതുകയില്ല. മറിച്ച് രജസനെ വർദ്ധിപ്പിക്കുന്ന അന്നങ്ങൾ തമസിനെ വർദ്ധിപ്പിക്കുന്ന അന്നങ്ങൾ എന്നിങ്ങനെ പഠിച്ചാൽ ആയുർവേദത്തിന് അംഗികരിക്കാവുന്നതാണ്. അവ അതതു ഗുണപ്രകൃതികൾക്ക് ഇഷ്ടമായിരിക്കുകയില്ല.

ഒന്നുകൂടി, ആയുർവേദം വ്യക്തികളെ താമസർ, രാജസർ, സാത്വികർ എന്നു തിരിക്കുന്നുണ്ട്. സുശ്രുത സംഹിത ശാരീരം 4-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ഈ വിവരണങ്ങളിൽ ഗീതയിൽ പറയുന്ന ഭക്ഷണസ്വഭാവം വിവരിച്ചു കാണുന്നില്ല.

ചോദ്യം: ഇതിൽനിന്നും മനുഷ്യരുടെ രസം അവരിലെ ഗുണങ്ങളോട് ബന്ധപ്പെട്ടവയാണെന്ന് ബോദ്ധ്യമാകുന്നില്ലേ?

ഉത്തരം: ആയുർവേദത്തിൽ ദോഷങ്ങൾ എന്നു പറഞ്ഞിരിക്കുന്നത് ദോഷങ്ങളായി ഭവിക്കുന്നതുവരെ ഗുണകരങ്ങളാണ്. അതായത് വാതം, പിത്തം, കഫം എന്നിവയെല്ലാം ശരീരത്തെ നിലനിറുത്തുന്ന മുഖ്യ ഘടകങ്ങളാണ്. അവ ദുഷിക്കുമ്പോഴേ ദോഷങ്ങളായി തീരുന്നുള്ളൂ. അതുപോലെ സാംഖ്യത്തിൽ പറയുന്ന ഗുണത്രയത്തിൽ സത്വം മാത്രമേ എപ്പോഴും ഗുണമായിരിക്കുന്നുള്ളൂ. എന്നാൽ സത്വംപോലും ആനന്ദത്തിൽ ആസക്തി യുണ്ടാക്കുകയാൽ അതു മമതയും സംഗവും വർദ്ധിപ്പിക്കും. അതുകൊണ്ട് യഥാർത്ഥത്തിൽ സാംഖ്യത്തിലേതു ഗുണത്രയമല്ല ദോഷത്രയമാണ്. ജീവൻെറ വ്യക്തിത്വമഹിമയിലെ സൂക്ഷ്മായിരിക്കുന്ന ചില ഗുണങ്ങളെ ചോദിപ്പിക്കുവാനും രസങ്ങളെ ഉണർത്തുവാനും അവ സഹായിക്കുന്നതുപോലെ, രസങ്ങളെ വർദ്ധിപ്പിച്ച് ഉന്മാദത്തെ ഉണ്ടാക്കുവാനും അവ ഇടയാക്കുന്നു. ഗീതയിലെ ശ്രദ്ധാത്രയവിഭാഗയോഗം വായിച്ചു നോക്കിയാൽ ഗുണത്രയത്തിൻെറ സ്വാധീനം കൊണ്ട് എന്തെല്ലാം മാനസികമായ ദോഷങ്ങളാണ് മനുഷ്യന് വന്നുചേരുന്നതെന്ന് കാണുവാൻ കഴിയും.

ഈശ്വരൻ ജീവികളുടെ ഹൃദയത്തിൽ അവസ്ഥിതനായിരിക്കുന്നു എന്നു പറയുന്ന കൃഷ്ണൻ തന്നെ ശാസ്ത്രസംസ്കാരമല്ലാതെ രജസ് തമസ് സത്വങ്ങൾക്ക് വിധേയരായിപ്പോകുമ്പോൾ അവരെന്തെല്ലാം ചെയ്യുന്നു എന്ന് ഈ അദ്ധ്യായത്തിൽ എടുത്തുപറയുന്നു. ഈ ശ്ളോകങ്ങൾ നോക്കുക:

അശാസ്ത്രവിഹിതം ഘോരം തപ്യന്തേയേ
തപോ ജനാ:
ദംഭാഹംകാരസംയുക്താ: കാമരാഗബലാ
ച്ചിതാഃ
കർശയന്തഃ ശരീരസ്ഥം ഭൂതഗ്രാമമചേതസഃ
മാം ചൈവാന്തഃ ശരീരസ്ഥം താൻ
വിദ്ധ്യാസുര നിശ്ചയാൻ

(അ: xvii ശോ: 5, 6)

(ദംഭം, അഹങ്കാരം, കാമം, രാഗം, ബലം ഇവയുടെ ഊക്കുകൊണ്ട് വിവേകം കെട്ട് ശരീരത്തിൻെറ ഉള്ളിലിരിക്കുന്ന ചക്ഷുരാദി ഇന്ദ്രിയങ്ങളേയും എന്നെത്തന്നെയും ക്ളേശിപ്പിച്ച് ശാസ്ത്രത്തിന് നിരക്കാത്ത ക്രൂരമായ തപസ്സു ചെയ്യുന്നവരെ അസുരന്മാരെപ്പോലെ പരപീഡയിലുറച്ച് നിൽക്കുന്നവരായി നീ അറിയേണ്ടതാകുന്നു.)

വാതപിത്തകഫങ്ങൾ കോപിച്ച് മനുഷ്യമനസ്സിലും ശരീരത്തിലും എന്തെല്ലാം ആപത്തുണ്ടാക്കും എന്നു മനസ്സിലാക്കുന്നതിന് ചരകസംഹിത സൂത്രസ്ഥാനത്തിലെ 18, 19, 20 എന്നീ അദ്ധ്യായങ്ങളായ ത്രിശോഥീയദ്ധ്യായം, അഷ്ടോദരീയം അദ്ധ്യായം, മഹാരോഗാദ്ധ്യായം എന്നിവ വായിച്ചുനോക്കുക.

ചോദ്യം: സാംഖ്യത്തിലെ ഗുണത്രയത്തെപ്പോലെയും ആയുർവേദത്തിലെ ത്രിദോഷങ്ങളെപ്പോലെയും മനുഷ്യൻെറ മനസ്സിനെ മഥിക്കുന്നതല്ലേ നവരസങ്ങൾ?

ഉത്തരം: നിശ്ചയമായും നവരസങ്ങളിൽ പ്രധാനം ശൃംഗാരമാണ്. മനുഷ്യജീവിതത്തിൽ ആ രസം പർവ്വതശൃംഗംപോലെയോ കുററൻ കാളയുടെ കൊമ്പുപോലെയോ ഉയർന്നു നിൽക്കുന്നതുകൊണ്ടാണ് ശൃംഗരസം എന്ന അർത്ഥത്തിൽ ശൃംഗാരത്തെ പറഞ്ഞിരിക്കുന്നത്. ശൃംഗാരത്തിൻെറ സ്ഥായീഭാവമാണ് രതി. ശൃംഗാരത്തെ രാജസം നിരുദാത്തമാക്കി ശൃംഗാരിയിൽ അഹന്ത വർദ്ധിപ്പിക്കുമ്പോഴാണ് ശൃംഗാരം ഹാസ്യമായി തീരുന്നത്. തൻെറ കാമത്തിന് ഫലസിദ്ധി വരികയില്ലെന്ന് തോന്നുമ്പോൾ രതിയുടെ സ്ഥാനത്ത് ക്രോധം വരികയും ഹാസ്യത്തിന് വിധേയനായവൻ രൗദ്രം കാണിക്കുകയും ചെയ്യുന്നു. തന്നെപ്പോലെ തന്നെ ക്രോധവാനായ വേറൊരുവൻ ശൃംഗാരത്താൽ പ്രേരിതമായ വീര്യം തന്നോട് കാട്ടുമ്പോൾ തൻെറ രൗദ്രം പോയിട്ട് അവിടെ ഭയമുണ്ടാകുന്നു. തന്മൂലം വരുന്ന മാനക്കേട് ശൃംഗാരത്തെ ഉദ്ദീപിപ്പിച്ച വിഷയത്തിൽ ജുഗുപ്സയുണർന്ന് അവിടെ ബീഭത്സം കാണുന്നു. എന്നാൽ തന്നിൽ ശൃംഗാരവും ക്രോധവും ഭയവും ഉളവാക്കിയ പാത്രത്തിൽ നിരതിശയമായ സ്വഭാവഗുണം കാണുമ്പോൾ താൻ ചെയ്തുപോയ തെററോർത്ത് ശോകം തോന്നുകയും കരുണം തൻെറ രസമായി തീരുകയും ചെയ്യുന്നു. ഈ ജീവിത നാടകത്തിൻെറ ആകെ സ്വഭാവം മനസ്സിലാകുമ്പോൾ വിസ്മയമുളവാകുന്നു. ആ അത്ഭുതം കൊണ്ട് തൻെറ മനസ്സിൻെറ കോപം ശമിച്ചിട്ട് ശാന്തരസം വരുകയും ചെയ്യുന്നു.

വിൻസൻറ് വാൻഗോയുടെ ക്രൗസ് ഓവർ എ വിറ്റ് ഹീൽഡ്

ചോദ്യം: മനസ്സിൻെറ നവരസപ്രധാനമായ മാററങ്ങളെ ശ്രദ്ധിച്ചുപഠിക്കുന്നത് സാഹിത്യകാരനാണെന്നു തോന്നുന്നു. അവരെ ഉന്മാദരഹസ്യം തികച്ചും മനസ്സിലാക്കിയിട്ടുള്ള പണ്ഡിതന്മാരെന്ന് പറഞ്ഞുകൂടേ?

ഉത്തരം: അതിന് സംശയമില്ല. ഉന്മാദത്തിൻെറ എത്രയെത്ര ഉദാഹരണങ്ങളാണ് നമുക്ക് വാല്മീകിയുടെ രാമായണത്തിലും വ്യാസൻെറ മഹാഭാരതത്തിലും കാണാവുന്നത്. അതുപോലെതന്നെ കാളിദാസകൃതികളിലും ഭാസൻെറ നാടകങ്ങളിലും ഗ്രീക്കു നാടകകൃത്തുക്കളായ ഏസ്കിലസ്, സോഫോക്ളിസ്, യൂറിപ്പൈഡിസ് എന്നിവരുടെ കൃതികളിലും ഷേക്സ്പീരിയൻ നാടകങ്ങളിലും മുള്ളിയർ, വിക്ടർ യൂഗോ, മോപ്പസാങ്, ചെക്കോവ്, മാക്സിം ഗോർക്കി, ദസ്തയോവ്സ്കി, ബർനാഡ്ഷാ, റൊമാങ് റോളാങ്, വെർജ്ജീനിയ വുൾഫ് തുടങ്ങി പാശ്ചാത്യരും പൗരസ്ത്യരുമായ സാഹിത്യകാരന്മാർ നിരീക്ഷണം ചെയ്തു നമുക്ക് നൽകിയിരിക്കുന്ന രസങ്ങളും രസാഭാസങ്ങളും നോക്കിയാൽ അവർ നമുക്ക് ജീവകഥാനുഗായികൾ മാത്രമല്ല ജീവിതത്തെ പ്രിയങ്ങളിൽനിന്ന് പിന്തിരിപ്പിച്ച് ഹിതങ്ങളിലേക്ക് കൊണ്ടുവരുവാൻ ഉത്തേജനം നൽകിയിട്ടുള്ള ഗുരുക്കന്മാരുമാണെന്ന് പറയാം.

നവരസങ്ങളെപ്പററി പറയുമ്പോൾ നാല്പത്തിയൊമ്പത് ഭാവങ്ങൾ കൂടി ഭോജരാജാവിനെപ്പോലെയുള്ള നിരൂപകന്മാർ എടുത്തു കാണിക്കുന്നുണ്ട്. ഓരോ ഭാവം മനസ്സിൽ ഉറച്ചുകഴിഞ്ഞാൽ അതിന് സ്ഥായീഭാവമുണ്ടായി അതും രസമായിത്തീരും. രസങ്ങളോ ഭാവങ്ങളോ ഒന്നും കവികൾക്കും കഥാകൃത്തുക്കൾക്കും വർജ്ജ്യമല്ല. കാരണം രസവൈകൃതവും ഭാവവൈകൃതവും കലാവിഷ്കാരത്തിൽ വരുമ്പോൾ അതിൻേറതായ സൗന്ദര്യവും ആകർഷണവുമുണ്ട്. അമേരിക്കയിലും മററും ഒട്ടനേകം യുവാക്കന്മാർ അവരുടെ ദുഷ്ടമായ ഭാവങ്ങളേയും അഹന്തയേയും വ്യക്തിത്വമഹിമയായി കാണിച്ച് സാമൂഹ്യദ്രോഹികളായിജീവിക്കാറുണ്ട്. അവിടത്തെ പ്രസിദ്ധരായ ഹെമിങ്വേയേപ്പോലുള്ള ചില സാഹിത്യകാരന്മാർതന്നെ വ്യക്തിക്കും സമൂഹത്തിനും ഒരുപോലെ ദോഷമുണ്ടാക്കുന്ന രസങ്ങളേയും ഭാവങ്ങളേയും സാഹിത്യത്തിൽ തന്മയത്വത്തോട് വരച്ചുകാട്ടി മഹാകണ്ഠകന്മാരെപ്പോലും വീര്യവാന്മാരും ധീരന്മാരുമായി ചിത്രീകരിച്ചുകാണിക്കുമ്പോൾ ആ വഴിക്ക് പോകാനാണ് യുവതിയുവാക്കന്മാരുടേയും താല്പര്യം. അതുകാരണം ഇന്ന് ലോകത്തിൽ ഏററവും ഉന്മാദികളുള്ളത് അമേരിക്കയിലാണെന്ന് പറയാം.

ചോദ്യം: ആയുർവേദത്തിൽ ഉന്മാദത്തെപ്പററി മാത്രം വിസ്താരമായി പറയുന്ന ശാസ്ത്രഭാഗങ്ങളുണ്ടോ?

ഉത്തരം: ചരകസംഹിതയുടെ നിദാനസ്ഥാനത്തിലെ ഏഴാം അദ്ധ്യായം നോക്കുക. അതു ഉന്മാദനിദാനമാണ്. അതിലിങ്ങനെ പറയുന്നു: 'ഉന്മാദം അഞ്ചുവിധത്തിലുണ്ടാകുന്നു. അതെപ്രകാരമെന്നാൽ വാതം, പിത്തം, കഫം, സന്നിപാതം, ആഗന്തുകം എന്നിങ്ങനെയാണ്. ഭീരുക്കൾക്കും രജസ്തമോഗുണങ്ങളാൽ ഉപഹതമായ മനസ്സോടുകൂടിയവർക്കും ദോഷങ്ങൾ വർദ്ധിച്ചവർക്കും മാലിന്യം കൊണ്ട് ദോഷഭൂയിഷ്ഠമായ ആഹാരം കഴിക്കുന്നവർക്കും ആഹാരം എത്ര കഴിക്കണം എപ്പോൾ കഴിക്കണം എങ്ങനെ കഴിക്കണം എന്ന കാര്യത്തിൽ നിഷ്ഠയില്ലാത്തവർക്കും ഭയഭീതിയുളവാക്കുന്ന അന്തരീക്ഷത്തിലും സനേഹവിഹീനമായ പശ്ചാത്തലത്തിലും ജീവിക്കുന്നവർക്കും, ശരീരം അതിയായി ക്ഷീണിച്ചവർക്കും രോഗത്തിൻെറ ആവേഗം കൊണ്ട് മനസ്സ് ക്ഷീണിച്ചവർക്കും കാമം, രാഗം, ക്രോധം, ലോഭം, ഹർഷം, ഭയം, മോഹം, ആയാസം, ശോകം, ചിന്ത, ഉദ്വേഗം മുതലായവകളാൽ വീണ്ടും വീണ്ടും മനസ്സിന് ക്ഷതം സംഭവിക്കുന്നവർക്കും മനസ്സിന് പീഡയുണ്ടാകുമ്പോൾ ബുദ്ധിക്ക് ചാഞ്ചല്യമുണ്ടായി, അതിയായി വർദ്ധിച്ച വാതാദിദോഷങ്ങൾ കോപിച്ച് അവർ വേഗത്തിൽ രോഗത്തിനിരയാകുന്നു.വാതാദിദോഷങ്ങൾ വർദ്ധിക്കുമ്പോൾ ആ ദോഷങ്ങൾ ഹൃദയത്തെ പ്രാപിച്ചിട്ട് മനസ്സിനെ വഹിക്കുന്ന സ്രോതസ്സുകളെ ആവരണം ചെയ്തിട്ട് ഉന്മാദത്തെയുണ്ടാക്കുന്നു. ഉന്മാദം എന്നാൽ മനസ്സ്, ബുദ്ധി, സംജ്ഞ, നാമം, ഭക്തി, സ്മൃതി, ശീലം, ചേഷ്ട, ആചാരം ഇവയ്ക്ക് സംഭവിക്കുന്ന വിഭ്രമമാണെന്നറിയണം. ഇതാണ് ഉന്മാദത്തിൻെറ സ്വഭാവം.

(തുടരും)

വി. വിനയകുമാർ, എസ്.എ. ഷുജാദ്

കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച

മാർത്താണ്ഡവർമ്മയുടെ ഭൂമിശാസ്ത്രം

പത്മനാഭന്റെ നഗരം

മാർത്താണ്ഡവർമ്മയിലെ ഭൂമിശാസ്ത്രത്തെ പ്രധാനമായും മൂന്നായിട്ടാണ് തിരിക്കേണ്ടത്. ഭൂതകാലസംഭവങ്ങളിലൂടെ നോവലിൽ അനാവരണം ചെയ്യപ്പെടുന്ന ഭൂപ്രദേശങ്ങളാണ് ആദ്യത്തേത്. ഒന്നാം അധ്യായത്തിൽ വർണ്ണിക്കപ്പെടുന്ന കള്ളിയങ്കാടിന്റെ പശ്ചാത്തലം വർത്തമാനകാലത്തിൽ നിന്നുകൊണ്ടാണെങ്കിലും, നോവലിന്റെ ഫ്ലാനവച്ചുനോക്കുമ്പോൾ ആ ഭൂപ്രദേശം എപ്പോഴും വായനക്കാരന്റെ മനസ്സിൽ പ്രത്യക്ഷപ്പെടുന്നത് ഭൂതകാലമായിട്ടാണ്. അനന്തപത്മനാഭന്റെ 'മരണവൃത്താന്ത'മായാലും നീലിക്കഥയായാലും മറ്റുള്ളവരുടെ സംഭാഷണങ്ങളിലൂടെയാണ് വെളിപ്പെടുന്നത്.

രണ്ടാമത്തെ ഭൂപശ്ചാത്തലം പത്മനാഭപുരം കൊട്ടാരവും ചുറ്റുപാടുമാണ്. മാർത്താണ്ഡവർമ്മയുടെ കാലത്ത് രാജധാനിയായിരുന്ന ഈ പ്രദേശം സി.വിയുടെ മനസ്സിൽ ഗൃഹാതുരത്വം കലർന്ന ഓർമ്മകളിലൂടെ രൂപംകൊണ്ടതു കൂടിയാണ്. ഒരു നൂറ്റാണ്ടിനിപ്പുറം നിന്ന് ഈ നോവൽ വായിക്കുന്നവന്, ഇന്നു തമിഴ്നാടിന്റെ ഭാഗമായിക്കഴിഞ്ഞ പഴയ രാജധാനിയെക്കുറിച്ചുള്ള ഗൃഹാതുരത്വം ഇരട്ടിച്ചിട്ടേയുള്ളു.

സി.വി രാമൻപിള്ളയുടെ കാലത്ത് തിരുവിതാംകൂറിന്റെ രാജധാനി തിരുവനന്തപുരമായിരുന്നു. നോവലിൽ പ്രത്യക്ഷപ്പെടുന്ന മൂന്നാമത്തെ ഭൂവിഭാഗം ഇതാണ്. പത്മനാഭസ്വാമി ക്ഷേത്രത്തെ കേന്ദ്രീകരിച്ചു വളർന്ന ഈ നഗരത്തെക്കുറിച്ചു പറയുമ്പോൾ സി.വിയും ആ കേന്ദ്രീകരണം തന്നെ സമർത്ഥമായി ഉപയോഗിക്കുന്നുണ്ട്. ''തിരുവനന്തപുരത്ത് പത്മനാഭസ്വാമി ക്ഷേത്രത്തിനു പടിഞ്ഞാറുള്ള ഭാഗങ്ങളിൽ അക്കാലങ്ങളിൽ....'', ''പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്നു മിത്രാനന്ദപുരം ക്ഷേത്രത്തിലേക്കുള്ള മാർഗ്ഗത്തിനു കുറച്ചു തെക്കുമാറി.....'', 'പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്നു ഒരു നാഴിക കിഴക്കു ആണ്ടിയിറക്കം....''—ഇങ്ങനെ ഒരു സ്ഥലത്തേക്ക് സി.വി. വായനക്കാരനെ നയിക്കുന്നത് പത്മനാഭന്റെ അടുത്തുനിന്നാണ്. നോവലിലെ കാലത്തിനും ശേഷമാണ് യഥാർത്ഥത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് പള്ളിവാൾ അടിയറവച്ച് തൃപ്പടിദാനം നിർവ്വഹിക്കുന്നത്. പക്ഷേ സി.വിയുടെ മനസ്സിലുള്ളത് പത്മനാഭദാസന്മാരായ വഞ്ചിഭൂപന്മാർ ഭരണം നടത്തുന്ന തിരുവനന്തപുരമാണ്.

''തിരുവനന്തപുരത്ത്'' പത്മനാഭ സ്വാമി ക്ഷേത്രത്തിന് പടിഞ്ഞാറുള്ള ഭാഗങ്ങളിൽ അക്കാലങ്ങളിൽ നമ്പൂതിരിമാർ, പോറ്റിമാർ, തിരുമുല്പാടന്മാർ, അമ്പലവാസികൾ, നായന്മാർ ഇവരുടെ ഗൃഹങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പടിഞ്ഞാറോട്ട് ഒരു രാജപാതയും അനേകം ഇടവഴികളുമല്ലാതെ സഞ്ചാരത്തിനു സൗകര്യമുള്ളതായ റോഡുകളില്ലാതിരുന്നു. ഇടവഴികൾ മിക്കതും ശുചിയില്ലാതെയും വിസ്താരംകുറഞ്ഞും ഇരുന്നിരുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാർ ഈ പട്ടണത്തെ പത്മനാഭപുരത്തെപ്പോലെ തന്നെ ഒരു രാജധാനിയാക്കി വച്ചിരുന്നു. എങ്കിലും ഒരു സംസ്ഥാനത്തിന്റെ തലസ്ഥാനത്തിനുവേണ്ട ബഹിരാഡംബരങ്ങളില്ലായിരുന്നു''—തിരുവനന്തപുരം തലസ്ഥാനമാണെന്നുള്ള സി.വി.യുടെ വർത്തമാനകാല ബോധത്തിൽ നിന്നാണ് ആഡംബരങ്ങളെക്കുറിച്ചുള്ള പരാതിപറച്ചിലുകൾ ഉയരുന്നത്. പഴയ വേണാട് തിരുവിതാംകൂർ ആയി വികസിക്കുകയും മൈസൂരുമായുള്ള യുദ്ധം കഴിയുകയും ചെയ്തതിൽ പിന്നിടാണ് (ധർമ്മരാജാവിന്റെ കാലത്ത്) തിരുവിതാംകൂർ തലസ്ഥാനമായി വികസിക്കുന്നത്. നോവൽ മാർത്താണ്ഡവർമ്മയെക്കുറിച്ചാണെങ്കിലും, ഏതൊരു എഴുത്തുകാരനേയും പോലെ സി.വിക്ക് സമകാലികമായ ഭൂമിശാസ്ത്രപ്രശ്നങ്ങളിൽ നിന്ന് ഓടിയൊളിക്കുവാനാകുന്നില്ല. ഇവിടെ കുഴഞ്ഞുമറിയുന്നത് കാലബോധം മാത്രമല്ല ഭൂമിശാസ്ത്രവും കൂടിയാണ്. (ഭൂമിശാസ്ത്രം എഴുത്തുകാരനെ സ്വാധിനിക്കുന്നതിനെ കുറിച്ച് പഠനം നടത്തേണ്ടകാലം കഴിഞ്ഞിരിക്കുന്നുവെന്നും നാം ഓർമ്മിക്കേണ്ടിയിരിക്കുന്നു. ഇടശ്ശേരിയേയും, പിയേയും വൈലോപ്പിള്ളിയേയും പുതിയ അർത്ഥത്തിൽ അറിയാൻ അത്തരം സമീപനങ്ങൾ ഉപകരിച്ചേക്കും).

നഗരത്തിന്റെ അവശേഷിക്കുന്ന പ്രാചീനതയിൽ മുഴുകുന്നതോടൊപ്പം തന്നെ, ആധുനികമായ മാറ്റമില്ലായ്മകളിൽ സി.വി. ഖേദിക്കുന്നുമുണ്ട്. ''പൂർവ്വസ്ഥിതികളെ ഭേദപ്പെടുത്തിയാലും അതുകളുടെ മാതൃകയ്ക്കുമാത്രമായി വല്ല അവശിഷ്ടങ്ങളേയും സൂക്ഷിച്ചു രക്ഷിക്കുന്ന ഒരു നടപ്പ് ചില ദേശങ്ങളിലുണ്ടല്ലോ. അനന്തൻകാട് എന്നു പ്രസിദ്ധിയുള്ള വനത്തിലെ ചില വൃക്ഷങ്ങളെ ഇന്നും നിറുത്തി പൂജിച്ചുവരുന്നതായി കേൾക്കുന്നുണ്ട്.'' പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ബിംബപ്രതിഷ്ഠയ്ക്കടുത്തായി ഇന്നും ഒരു ഇലിപ്പമരത്തിന്റെ തടിയുണ്ട്. ഇതിനെയാണ് സി.വി ഇവിടെ സൂചിപ്പിക്കുന്നത്. ക്ഷേത്രോല്പത്തിയുമായി ബന്ധപ്പെട്ട ഒരു കഥയിൽ നിന്നാണ് ഈ ഇലിപ്പമരത്തിന്റെ ഉത്ഭവം. 'പുറംകൈകൊണ്ടുതട്ടിയാൽ വിട്ടുപോകും' എന്ന വ്യവസ്ഥയിൽ ബ്രാഹ്മണഗൃഹത്തിൽ പാർത്തിരുന്ന പത്മനാഭൻ, വ്യവസ്ഥതെറ്റിക്കപ്പെട്ടപ്പോൾ അനന്തൻകാട്ടിലെത്തിയെന്നും ബ്രാഹ്മണൻ പിറകെ തേടിയെത്തിയെന്നും, അപ്പോൾ വിറകുശേഖരിക്കാൻ വന്ന ഒരു പുലയിപ്പെണ്ണ് ഒടിച്ച ഇലിപ്പമരത്തിന്റെ ചില്ലയിൽ ചോരപൊടിയുന്നതുകണ്ടെന്നും ആണ് കഥ. ആ മരത്തിന്റെ കഷ്ണമാണത്രേ ഇന്നും അവിടെയുള്ളത്. ഇങ്ങനെയുള്ള ഒരു സംരക്ഷണമാണ് നഗരപ്രദേശങ്ങളുടെ കാര്യത്തിലും നിലനിൽക്കുന്നത് എന്ന് സി.വി. ആക്ഷേപിക്കുന്നുണ്ട്.

''അപ്രകാരം തന്നെ തിരുവനന്തപുരം പട്ടണത്തിന്റെ പൂർവ്വസ്ഥിതി ഗ്രഹിക്കുന്നതിന് താൽപ്പര്യമുള്ളവരുടെ അഭീഷ്ട സാധ്യത്തിനായി മറ്റു ഭാഗങ്ങളെപ്പോലെ ആവശ്യമുള്ള റോഡുകളും മറ്റുംകൊണ്ട് അലങ്കോലപ്പെടുത്താതെ ശ്രീവരാഹം, പെരുന്താന്നി, പാൽക്കുളങ്ങര എന്നീ പ്രദേശങ്ങളെ കഴിയുന്നതും സംരക്ഷിച്ചിരിക്കുന്നു. ഈ സ്ഥലങ്ങളിൽ കാണപ്പെടുന്നതുപോലെ ഉള്ള ഇടവഴികളും കയ്യാലകളും ഭവനങ്ങളുമാണ് അന്ന് തിരുവനന്തപുരം കൊട്ടാരത്തിനും പത്മനാഭസ്വാമിക്ഷേത്രത്തിനു ചുറ്റും ഉണ്ടായിരുന്നത്. ഇടവഴികളിലെ മുട്ടോളം പുതയുന്ന മണലിൽ അനേകം ദിവ്യനിക്ഷേപങ്ങളെ ദിവസംപ്രതി ജനങ്ങൾ സ്ഥാപിച്ചുപോന്നിരുന്നു. അതിനാൽ—ആ—പ്രദേശങ്ങളിൽ രോഗാദിസമ്പത്തുകളും വർദ്ധിച്ചുവന്നിരുന്നു''— ഇത് യഥാർത്ഥത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തെ അവസ്ഥയല്ല, സി.വിയുടെ കാലത്തെ അവസ്ഥ തന്നെയാണെന്നതിന് തെളിവാണ് നോവലിന്റെ പീഠികയിൽ സി.വി നൽകിയിരിക്കുന്നത്. ''ഈ പുസ്തകത്തിൽ മൂന്നാമദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് ശ്രീവരാഹം, പെരുന്താന്നി, മുതലായ സ്ഥലങ്ങളെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് ആ ഭാഗം അച്ചടിച്ചുതീർന്നതിന്റെ ശേഷം സർക്കാരിന്റെ കൃപ ഹേതുവായി കുറച്ചുഭേദഗതി വന്നിട്ടുള്ളതിനെ സന്തോഷപൂർവ്വം പ്രസ്താവിച്ചു കൊള്ളുന്നു''—ഇന്ന് ഈ പ്രദേശത്തു നിന്നു കയ്യാലകൾ അപ്രത്യക്ഷമായിക്കഴിഞ്ഞു. പക്ഷേ തിരുവനന്തപുരത്തം കൊണ്ട് പ്രസിദ്ധമായ 'മുടുക്കുകൾ' (ഇടവഴികൾ) ധാരാളം ഉള്ള പ്രദേശമാണ് ഇന്നും ഇവിടം.

മണക്കാടാകട്ടെ സി.വിയുടെ വിവരണത്തിൽ മരുഭൂമിയായിരുന്നു. ''തിരുവനന്തപുരം പട്ടണത്തിന്റെ തക്ഷിണഭാഗമാകുന്ന മണക്കാടെന്നതിക്കിൽ, മുകിലന്റെ ആക്രമണകാലത്ത് സുന്നത്ത് ചെയ്തു മുഹമ്മദീയരാക്കപ്പെട്ട ചില കുടുംബങ്ങളുടെ വാസസ്ഥലങ്ങൾക്ക് സമീപിച്ച് കണ്ടൻകത്തിരി, തകര മുതലായ പാഴ്ചെടികൾ നിറഞ്ഞിട്ടുള്ളതായി കുറെ സ്ഥലം മരുഭൂമിയായി കിടന്നിരുന്നു. ഈ ഭൂമി വെട്ടിത്തെളിച്ച് രാമവർമ്മ മഹാരാജാവിന് ആലസ്യം തുടങ്ങിയ ഇടയ്ക്ക്, പാണ്ഡിദേശത്തുനിന്ന് വന്ന ഒരു മഹമ്മദീയ വ്യാപാരയോഗം അവിടെ പാളയം സ്ഥാപിച്ചിരുന്നു''. തിരുവനന്തപുരത്തെ പലഭാഗങ്ങളും ശരിക്കും കാടുകളായിരുന്നെങ്കിൽ മണക്കാടാകട്ടെ മണൽക്കാടായിരുന്നു. മുഗൾ സർദാർ എന്നു പറയാറുള്ള സാഹസികനായ ഒരു മുസ്ളീം ഉമയമ്മറാണിയുടെ കാലത്ത് (1677-1684) വേണാടിന്റെ തെക്കൻഭാഗം ആക്രമിക്കുകയും മണക്കാട് താളവമടിക്കുകയും ചെയ്തതായി എ. ശ്രീധരമേനോൻ പറയുന്നുണ്ട്. മുകിലൻ തിരുവനന്തപുരത്ത് ആരെയും മുഹമ്മദീയരാക്കിയിട്ടില്ലെന്നാണ് ശങ്കുണ്ണിമേനോൻ അഭിപ്രായപ്പെടുന്നത്. എങ്കിലും ഇന്നും മുസ്ളീം ഭൂരിപക്ഷപ്രദേശമാണ് മണക്കാട്. പഴയ 'വ്യാപാരയോഗ'ത്തിന്റെ തുടർച്ചയെന്ന പോലെ ഇന്നും നഗരത്തിലെ ഏറ്റവും പഴക്കംചെന്ന ചന്തകളിലൊന്നായി മണക്കാട് നിലനില്ക്കുന്നു. ഐതിഹ്യങ്ങളിലൂടെ കുപ്രസിദ്ധമായ കളിപ്പാൻകുളം മണക്കാട്ടാണ്.



പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വടക്കേ നടയിലുള്ള ഉത്സവമഠം —ഇന്നത്തെ ദൃശ്യം.

കല്ലറയ്ക്കൽ വീട്—ഇന്നത്തെ രൂപം

പോക്കുമൂസ്സാപുരവും കല്ലറയ്ക്കൽ വീടും

തെക്കൻ തിരുവിതാംകൂറിന്റെ ഓരോ കാട്ടുപ്രദേശത്തും മാർത്താണ്ഡവർമ്മയുടെ കാൽപ്പാടുകൾ പതിഞ്ഞിട്ടുണ്ടെന്നാണ് പഴമക്കാർ പറയുന്നത്. എട്ടുവീട്ടിൽ പിള്ളമാരുടെയും മാടമ്പിമാരുടെയും ആക്രമണത്തിൽ നിന്ന് രക്ഷപെട്ട് കള്ളിയങ്കാട്, പത്മനാഭപുരം വഴി ഓടിയ യുവരാജാവായി മാർത്താണ്ഡവർമ്മ ഒടുവിൽ പൂവാറെത്തി. അന്ന് 'പോക്കുമൂസാപുരം' എന്നായിരുന്നു ഈ സ്ഥലത്തിന്റെ പേര്. മറ്റു പലപ്രദേശങ്ങളെയും പോലെ ഇവിടവും കാടുപിടിച്ചു കിടക്കുകയായിരുന്നു. കിലോമീറ്ററുകൾക്കുള്ളിൽ ഒരു വീട് ഉണ്ടെങ്കിലായി.

തൊട്ടുപുറകെ മാടമ്പിമാരുണ്ടായിരുന്നു. അടുത്തുകണ്ട വീട്ടിലേക്ക് മാർത്താണ്ഡവർമ്മ ഓടിക്കയറി. കല്ലറയ്ക്കൽ വീട് എന്ന് പ്രസിദ്ധമായ മുസ്ളീം ഭവനമായിരുന്നു അത്. ചാണകം മെഴുകിയ നിലവും നാലു കെട്ടുപോലുള്ള വീടും. മുറ്റത്തുനിന്ന സ്ത്രീയോട് മാർത്താണ്ഡവർമ്മ കാര്യങ്ങൾ പറഞ്ഞു. അവർ യുവരാജാവിനെ വീട്ടിനകത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ, പെറ്റുകിടക്കുന്ന സ്ത്രീയുടെ മഞ്ഞൾപുരണ്ട വസ്ത്രങ്ങൾക്കിടയിൽ അദ്ദേഹത്തെ ഒളിപ്പിച്ചു. പിറകെ വന്ന മാടമ്പിമാർ കല്ലറയ്ക്കൽ വീട് ഒരു മുസ്ളീം ഭവനമാണെന്ന് മനസ്സിലാക്കുകയും അയിത്തം കല്പിച്ചുകൊണ്ട് ഒഴിഞ്ഞുപോവുകയും ചെയ്തു.

കല്ലറയ്ക്കൽ കുടുംബത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം ചെന്ന കുഞ്ഞുമൂസാക്കുഞ്ഞ് പറയുന്നു.

''പിന്നീട് മാർത്താണ്ഡവർമ്മ രാജാവായപ്പോൾ ഈ കുടുംബത്തിനു ധാരാളം സഹായങ്ങൾ നൽകി. അഞ്ചേകാലും കോപ്പും അനുവദിച്ചു. ഈ അടുത്തകാലത്തുവരെയും കല്ലറയ്ക്കലിൽ വിവാഹമോ മറ്റെന്തെങ്കിലും ആഘോഷങ്ങളോ നടന്നാൽ കൊട്ടാരത്തിൽ നിന്ന് കുതിരയും മറ്റും അയയ്ക്കുമായിരുന്നു..... അന്നത്തെ പഴയവീടൊക്കെ പൊളിച്ച് പുതിയ വീട് വച്ചു. കുറെക്കാലത്തിനുമുമ്പ് അതിനെയുമിടിച്ച് ഇപ്പോഴത്തെ രണ്ടുനിലവച്ചു.... കാലമൊക്കെമാറി. ഇവിടമൊക്കെ കാടായിരുന്നു എന്നുപറഞ്ഞാൽപ്പോലും ഇന്നാരും വിശ്വസിക്കയില്ല.''

പോക്കുമൂസാപുരം പൂവാറായതും ഈ കഥയുമായി ബന്ധപ്പെട്ടാണ്. രാവിലെ ഉണർന്നെണീറ്റ യുവരാജാവ് മുഖം കഴുകാനായി ആറ്റിലേക്ക് നോക്കിയപ്പോൾ, വെള്ളം നിറയെ പൂക്കൾ ഒഴുകിനടക്കുന്നു. അന്ന് അവിടങ്ങളിൽ ധാരാളമായുണ്ടായിരുന്ന 'കോവളം' എന്ന ചെടിയുടെതായിരുന്നു ആ പൂവ്. ഇതു കണ്ട രാജാവ് ''ഇതെന്താ 'പൂ ആറോ'? എന്ന് ചോദിച്ചുവത്രെ. അങ്ങനെയാണത്രെ 'പൂവാർ' എന്ന പേരുണ്ടായത്.

ഉമയമ്മറാണിയുടെ ആറുപുത്രന്മാരിൽ അഞ്ചുപേരെയും ശത്രുക്കൾ കളിപ്പാൻകുളത്തിൽ മുക്കിക്കൊന്നു എന്ന് ഒരുകഥയുണ്ട്. ഈ കഥ സി.വി. വിശ്വസിച്ചിരുന്നു എന്ന് നോവലിലെ വിവരണങ്ങളിൽ തെളിയുന്നു. എന്നാൽ അടിസ്ഥാനരഹിതമാണ് ഈ കഥയെന്നാണ് ടി.കെ. വേലുപിള്ള തിരുവിതാംകൂർ മാനുവലിൽ പറയുന്നത് (Vol 2) ഉമയമ്മറാണിക്ക് മക്കളില്ലായിരുന്നു എന്നാണ് കേണൽമൺറോ ശേഖരിച്ച തെളിവുകളിൽ നിന്ന് അറിയാൻ കഴിയുന്നത്. പക്ഷേ സി.വി മരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടായിരുന്നു കളിപ്പാൻകുളം സംഭവം ചരിത്രഭാഗമായി വിശ്വസിച്ചിരുന്നത് ശരിയല്ലെന്ന് തെളിഞ്ഞത്.

നോവലിൽ സജീവ കഥാപാത്രങ്ങളാകുന്ന രണ്ടു ഗൃഹങ്ങളുണ്ട്. ഒന്ന് ചെമ്പകശ്ശേരി വീടും രണ്ടാമത്തേത് കുടമൺപിള്ളയുടെ വീടും. രണ്ടു വീടുകളുടെയും സ്ഥാനം സി.വി. വിവരിച്ചിരിക്കുന്നത് ഭൂമിശാസ്ത്രപരമായ യാഥാർത്ഥ്യബോധത്തോടെയാണെങ്കിലും ഗൃഹങ്ങൾ നോവലിസ്റ്റിന്റെ സങ്കല്പസൃഷ്ടികൾ മാത്രമാണ്. ''പത്മനാഭസ്വാമിക്ഷേത്രത്തിൽ നിന്ന് മിത്രാനന്ദപുരം ക്ഷേത്രത്തിലേക്കുള്ള മാർഗത്തിനു കുറച്ച് തെക്കുമാറി പടിഞ്ഞാറോട്ട് ഒരു ഇടവഴി കുറച്ചു വിസ്താരവും ശുചിയും ഉള്ളതായി കാൺമാനുണ്ടായിരുന്നു. ഈ വഴി കുറച്ചു പടിഞ്ഞാറോട്ട് ചെന്ന് ഒരു ഭവനത്തോട് അവസാനിച്ചിരുന്നു. മരിച്ചുപോയ ഉഗ്രൻ കഴക്കൂട്ടത്തുപിള്ളയുടെ ഭാര്യയുടെ ഗൃഹമായ പ്രസിദ്ധിയുള്ള ചെമ്പകശ്ശേരി വീട് ഇതാണ്.'' ഭൂമിശാസ്ത്രവിവരണങ്ങളുടെ കൃത്യതകൊണ്ടായിരിക്കാം ഈ ഭവനം യഥാർത്ഥമാണെന്ന സങ്കല്പത്തിൽ അതു കാണാൻ പല

സത്യം ചിലപ്പോൾ അവിശ്വസനീയം!

വിഐപി ബുക്ക്ക്ലബിന്റെ ഉദാരമായ വ്യവസ്ഥകൾ മനസ്സിലാക്കുമ്പോൾ നിങ്ങൾക്ക് ഇങ്ങനെ തോന്നിയേക്കാം. പുസ്തക പ്രേമികൾ ഇത്രയേറെ ഇഷ്ടപ്പെടുന്ന മറ്റൊരു സംവിധാനവും ഇന്ന് നിലവിലില്ല എന്ന്. കൂടുതൽ അറിയണമെന്നുണ്ടോ?

എഴുതുക

കറൻറ് ബുക്സ്, കോട്ടയം

സന്ദർശകരും സി.വിയുടെ കാലത്ത് ഗ്രാമപ്രദേശങ്ങളിൽ നിന്ന് എത്തിയിരുന്നുവത്രേ. കുടമൺപിള്ള എന്ന് പ്രസിദ്ധനായ എട്ടു വീട്ടിൽ പിള്ളമാരിൽ പ്രമാണിയുടെ ഗൃഹം, ''പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്ന് ഒരു നാഴികകിഴക്ക്, ആണ്ടിയിറക്കം എന്ന് പേരു പറയപ്പെടുന്ന സ്ഥലത്ത് രാജപാതയ്ക്ക് കുറച്ച് വടക്കുമാറി'' ആയിരുന്നു. ആണ്ടിയിറക്കം ദേശത്തെ രണ്ടായിവിഭജിക്കുന്ന രാജപാതയുടെ വടക്കരികിലായിട്ട് നില്ക്കുന്ന വടവൃക്ഷത്തെക്കുറിച്ചും, വളരെ അകലെയല്ലാതുള്ള ഉത്സവമഠം എന്ന അക്ഷയവിഭവശാലയെക്കുറിച്ചും നോവലിൽ പരാമർശമുണ്ട്. പത്മനാഭസ്വാമിക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടയിലും വടക്കെ നടയിലും ഓരോ ഉത്സവമാങ്ങളുണ്ട്. പടിഞ്ഞാറെ നടയിലെ കെട്ടിടത്തിന്റെ താഴത്തെനില ഇന്ന് ക്ഷേത്രം ട്രസ്റ്റിന്റെ സ്റ്റോർറൂമും മുകളിലത്തെ നില ടെലിക്കമ്മ്യൂണിക്കേഷൻ സിന്റെ ഓഫീസുമാണ്. വടക്കെ നടയിലുള്ള ഉത്സവമാമാകട്ടെ, പണ്ട് ഉത്സവാവശ്യത്തിനുള്ള പലവ്യഞ്ജനങ്ങൾ സൂക്ഷിച്ചിരുന്ന കലവറയായിരുന്നു. ഇന്ന് അനേകം ഓഫീസുകൾ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

''കുടമൺപിള്ളയുടെ ഗൃഹത്തിൽ നിന്ന് സുന്ദരയ്യൻ ഏകനായി പുറപ്പെട്ടു. രാജവീഥിയിലായപ്പോൾ ഏകദേശം അർദ്ധരാത്രിയായിരുന്നു. പൂർവ്വരാത്രിയിലെ മഴ നിന്ന് നക്ഷത്രങ്ങൾ ആകാശത്ത് പ്രകാശിക്കുന്നുണ്ടെങ്കിലും വടക്കുപടിഞ്ഞാറു നിന്ന് ശൈത്യമുള്ള വായു കഠിനമായി വീശുന്നുണ്ട്. കാറ്റിന്റെ ചീറ്റവും ആറന്നൂർ എന്നു വിളിക്കപ്പെടുന്ന പാടത്തിൽ നിന്നും പുറപ്പെടുന്ന മണ്ഡൂകഗീതങ്ങളും വടക്കുപടിഞ്ഞാറ് ചെന്തിട്ടക്കാട്ടിലും തെക്കുകിഴക്ക് നെടുങ്കാട് എന്ന് പറയപ്പെടുന്ന പ്രദേശത്തും കാടന്മാർ മേളിച്ചാർക്കുന്ന ഘോഷവും ചീവീടുകളുടെ മുരളിപ്രയോഗഭേദങ്ങളും അല്ലാതെ മറ്റൊരു ശബ്ദവും കേൾപ്പാനില്ല....'' സി.വി. വിവരിക്കുന്ന ഈ പ്രദേശങ്ങൾ ഇന്ന് ആകെ മാറിയിരിക്കുന്നു. നെടുംകാടും ചെന്തിട്ടയും ഇന്ന് കാടല്ല. അവ നഗരഭാഗമായി വികസിച്ചു കഴിഞ്ഞിരിക്കുന്നു. നോവലിന്റെ അവസാനഭാഗത്ത് (അദ്ധ്യായം 25) നടക്കുന്ന ഘോരയുദ്ധം ആറന്നൂർ പാടത്തിൽ വെച്ചാണ് നടക്കുന്നത്. ആറന്നൂരും ഇന്ന് നഗരഭാഗമായി മാറിയെങ്കിലും അല്പം ഏലാ ബാക്കിയുണ്ട്.

ചരിത്രത്തിൽ. മാർത്താണ്ഡവർമ്മ ഭരണം ഏറ്റെടുത്തശേഷം നടക്കുന്ന ഗൂഢാലോചനകൾ പലതും നോവലിൽ യുവരാജാവായിരിക്കുമ്പോഴാണ് നടക്കുന്നത്. വെങ്ങാനൂരിലെ ഒരു പൊതുസ്ഥത്തിൽ വച്ച് എട്ടു വീട്ടിൽപിള്ളമാരും യോഗക്കാരും നടത്തിയ ഗൂഢാലോചനയിലെ രഹസ്യങ്ങൾ ചോർത്തപ്പെട്ടതും അതിനെ തുടർന്ന് തമ്പിമാരും എട്ടുവീട്ടിൽപ്പിള്ളമാരും വധിക്കപ്പെടുന്നതും 'തിരുവിതാംകൂർ ചരിത്ര'ത്തിൽ പി. ശങ്കുണ്ണിമേനോൻ പറയുന്നുണ്ട്. നോവലിലാകട്ടെ കുടമൺപിള്ളയുടെ വീട്ടിൽ വെച്ചാണ് രഹസ്യയോഗം കൂടുന്നത്. ''നാടുവാഴുന്ന മഹാരാജാവ് നാടുനീങ്ങി പുണ്യാഹം കഴിഞ്ഞ് ഉടവാളെടുക്കുന്നതിനായി മാർത്താണ്ഡവർമ്മ രാജാവ് തെക്കോട്ടെഴുന്നള്ളുമ്പോൾ വഴിക്കുവച്ച് എട്ടുവീടന്മാർ കൂട്ടം കൂടി അദ്ദേഹത്തെ നിഗ്രഹിക്കണം''—എന്നായിരുന്നു തീരുമാനം. യോഗക്കുറിയുമായി തമ്പിയുടെ അടുത്തേക്കു യാത്രയായ സുന്ദരയ്യൻ രാജവീഥിയിലൂടെ കിള്ളിയാറിനടുത്തെത്തി. അവിടെ വച്ചാണ്, ഒരു 'യാചകൻ' അയാളെ ആക്രമിക്കുന്നത്. കിള്ളിയാറിൽ അന്നുണ്ടായിരുന്ന കൽപ്പാലത്തിനുമുകളിൽ വെച്ചാണ് അവർ തമ്മിലുള്ള ദ്വന്ദയുദ്ധം നടക്കുന്നതായി സി.വി. പറയുന്നത്. കരമനയാറിന്റെ പ്രധാനപോഷകനദിയായ കിള്ളിയാറ് നഗരത്തിന് തെക്കുമാറിയുള്ള നടകരയിൽവച്ചാണ് കരമനയാറിനോട് ചേരുന്നത്. ''നദീജലം ഇരുകരയും മുട്ടി ചെടികളിൽ തടഞ്ഞൊഴുകുന്ന ശബ്ദ''ത്തെക്കുറിച്ച് സി.വി വർണ്ണിക്കുന്നുണ്ട്. ഇന്ന് ഇരുകരയും മുട്ടിയുള്ള ഒഴുകലൊക്കെ വളരെ അപൂർവ്വമാണ്. നഗരത്തിലെ മറ്റേത് ആറുകളെയും പോലെ പൂർണ്ണമായും അഴുക്കുചാൽ എന്ന ബഹുമതി നേടിക്കഴിഞ്ഞിട്ടില്ലെങ്കിലും കിള്ളിയാറിനും വൈകാതെ ആ പദവി ലഭിച്ചേക്കും.

○

ഭൂമിയുടെ അതിർത്തി നിർണ്ണയിക്കലുകൾ ഒരു രാജ്യത്തിന്റെ സമ്പദ്ഘടനയേയും രാജാധികാരഗർവ്വിനെയും നിർണ്ണയിച്ചിരുന്ന ചരിത്രഘട്ടമാണ് 'മാർത്താണ്ഡവർമ്മ'യിലെ കാലം. സിംഹാസനത്തിനുവേണ്ടിയുള്ള നഗ്നമായ പോരാട്ടമാണ് നോവലിൽ നടക്കുന്നത്; അതായത് ഭൂമിക്കും അതുവഴി അധികാരത്തിനും വേണ്ടിയുള്ള പോരാട്ടം.

മാർത്താണ്ഡവർമ്മ യുവരാജാവിന്റെ ധീരതയും ബുദ്ധിയും പ്രകടമാകുന്ന ഓരോ പലായനവും വെല്ലുവിളിയും അങ്കവും സൂക്ഷ്മചലനങ്ങളും, ദേശത്തിന്റെ ഇടുങ്ങലിനെ വികസിപ്പിക്കാനുതകുന്നു. ബാഹ്യമായ ഭൂമിശാസ്ത്രം തിരുവനന്തപുരത്തിന് (ഏറിയാൽ കഴക്കൂട്ടത്തിന്) വടക്കോട്ടു പോകുന്നില്ല. രാജകൊട്ടാരങ്ങളും പ്രഭുമന്ദിരങ്ങളും കാടുകളും ആണ് പ്രധാനമായും രംഗവേദി. എന്നാൽ ചടുലമായ ചലനങ്ങളോടെയുള്ള ആന്തരിക ഭൂമിശാസ്ത്രത്തിൽ, നോവലിലെ സംഭവങ്ങൾക്ക് കാലദേശാതിവർത്തിക്കൽ സംഭവിക്കുന്നതോടെ, സാർവ്വലൗകികത കൈവരുന്നു. എങ്കിലും, അപ്പോൾപ്പോലും ഈ നോവലിലെ ഓരോ കഥാപാത്രത്തെയും സംഭവത്തെയും രൂപപ്പെടുത്തിയ ഭൂമിശാസ്ത്രപശ്ചാത്തലത്തിന്റെ പ്രാധാന്യം തകരുന്നില്ല. ആ ഭൂപ്രകൃതി ഇല്ലാതെ 'മാർത്താണ്ഡവർമ്മ' എന്ന നോവൽ തന്നെ സി.വിക്ക് സങ്കല്പിക്കാൻ കഴിഞ്ഞേക്കില്ല; ഇന്ന് വായനക്കാരനും ഈ ഭൂമിശാസ്ത്രപശ്ചാത്തലത്തെ ഒഴിവാക്കി നോവലിനെ സമീപിക്കാനാവില്ല. **അവസാനിച്ചു**



ചിത്തിരതിരുനാൾ തിരുമേനി

അവസാനത്തെ നാട്ടുവാഴിയുടെ അമ്മ

ആറ്

ഭരണ സാരഥ്യം കൈയ്യേൽക്കും മുമ്പ് തന്റെ മകൻ രാജ്യം(ഭാരതം) മുഴുവൻ ചുററി സഞ്ചരിക്കണമെന്ന് അമ്മ മഹാറാണിക്കു നിർബന്ധമുണ്ടായിരുന്നു. അത്തൊരു വെറും വിനോദയാത്രയായിട്ടല്ല വിഭാവനം ചെയ്തത്. മററു സംസ്ഥാനങ്ങളിലെ ജീവിതരീതികളും ആചാരങ്ങളും പരിഷ്കാരങ്ങളും പുരോഗതിയും മകൻ മനസ്സിലാക്കണമെന്നായിരുന്നു അമ്മയുടെ ഉദ്ദേശ്യം. പുസ്തകജ്ഞാനത്തെക്കാൾ യാത്രാനുഭവങ്ങൾ അക്കാര്യത്തിൽ കൂടുതൽ പ്രയോജനകരമാണെന്ന് അമ്മയ്ക്കറിയാം.

1103-ൽ അമ്മയുമൊന്നിച്ച് മദ്രാസിലും ഊട്ടിയിലും ബോംബെയിലും കൽക്കട്ടയിലും ഡെൽഹിയിലും യാത്ര ചെയ്തു. അടുത്ത കൊല്ലം വീണ്ടും കൽക്കട്ടയിൽ പോയി. 1105-ൽ അഡ്മിനിസ്ട്രേറ്റീവ് ട്യൂട്ടറായി പി.സി. ദന്ത് ഐ.സി.എസ്സിനെ നിയമിച്ചു. ഭരണപരിചയം നേടാൻ മൈസൂർ രാജാവിന്റെ ക്ഷണപ്രകാരം ബാംഗ്ളൂർ പെന്ന് താമസിച്ചു. ഗ്രന്ഥങ്ങളിൽനിന്നും യാത്രകളിൽനിന്നും നേടിയ അനുഭവങ്ങളെപ്പററി പതിവായി ഉപന്യാസങ്ങൾ എഴുതുമായിരുന്നു. രാഷ്ട്രീയ കാര്യങ്ങളെയും മഹാൽസ്ഥാപനങ്ങളെയും മഹൽവ്യക്തികളെയും ശാസ്ത്രീയ പുരോഗതിയേയുംകുറിച്ചുള്ള കൃതികൾ വായിക്കാൻ തിരുമേനിക്ക് അതീവ താല്പര്യമായിരുന്നു. ബാംഗ്ളൂരിൽ താമസിക്കുമ്പോൾ പ്രധാനപ്പെട്ട ഗ്രാമങ്ങളിൽ സഞ്ചരിച്ച് ജനങ്ങളുമായി ഇടപഴകി അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ വലിയ കൗതുകമായിരുന്നു. കാർഷിക മേഖലകൾ, ജലസേചന പദ്ധതികൾ, വിദ്യാലയങ്ങൾ, ലാബറട്ടറികൾ, കോടതികൾ, ഗവൺമെൻറാഫീസുകൾ തുടങ്ങിയവ ആസൂത്രിത പരിപാടി അനുസരിച്ച് സന്ദർശിച്ചു വന്നു. മൈസൂർ ഭരണകൂടത്തിന്റെ എക്സിക്യൂട്ടീവ് കമ്മററി മീററിംഗുകളും നിയമസഭാ സമ്മേളനങ്ങളും ശ്രദ്ധയോടെ വീക്ഷിച്ചിരുന്നു. ഏതാണ്ട് ഒന്നരക്കൊല്ലക്കാലം ,ആ നാട്ടുരാജ്യത്തിലെ ഭരണഘടനയും ഭരണചക്രപ്രവർത്തനങ്ങളും ജീവിതരീതിയും ഗാഢമായി പഠിക്കാനുള്ള ശ്രമം നീണ്ടുനിന്നു. മൈസൂർ രാജാവ് സഹോദര നിർവ്വിശേഷമായ സ്നേഹവും താൽപ്പര്യവുമാണ് തിരുമനസ്സിനോട് കാണിച്ചിരുന്നത്.

1106(1931)ൽ തിരുമേനി തിരുവനന്തപുരത്ത് തിരിച്ചെത്തി. താൻ മൈസൂറിൽ നേടിയ അനുഭവങ്ങളുടെയും അറിവിന്റെയും വെളിച്ചത്തിൽ സ്വന്തം നാടിന്റെ സ്ഥിതിഗതികളും പ്രശ്നങ്ങളും കൂലംകഷമായി പഠിക്കാൻ തീവ്രമായ മോഹം ജനിച്ചു. മൈസൂറിൽ അനുവർത്തിച്ച പരിപാടികളുടെ തുടർച്ച എന്ന നിലയിൽ വഞ്ചിനാട്ടിലെ ഗ്രാമങ്ങളിൽ സഞ്ചരിച്ചു. വ്യവസായ മേഖലകൾ കണ്ടു. പ്രധാനപ്പെട്ട ഗവൺമെൻറ് ആഫീസുകളും ആശുപത്രികളും കലാകേന്ദ്രങ്ങളും പുണ്യസങ്കേതങ്ങളും കടലോരങ്ങളും മലയോരങ്ങളും അന്വേഷണ ബുദ്ധിയോടെ പഠനതാൽപ്പര്യത്തോടെ നടന്നുകണ്ടു. അവിടങ്ങളിലെ നേട്ടങ്ങളും കോട്ടങ്ങളും മനസ്സിലാക്കി, വരുത്തേണ്ട പരിഷ്കാരങ്ങളുടെ ഒരു രൂപരേഖ മനസ്സിൽ ,ബീജാവാപം ചെയ്ത് അനുക്രമം വികസിച്ചു വന്നിരുന്നു.

''സമുദ്രസംയാനം'' ചെയ്യുന്ന ആദ്യത്തെ തിരുവിതാംകൂർ മഹാരാജാവ് ശ്രീ ചിത്തിരതിരുനാൾ തിരുമേനിയാണ്. 1108 മീനം 21-ാം തീയതി അമ്മ മഹാറാണിയും അനുജത്തിയും അനുജനും ഒന്നിച്ച് അദ്ദേഹം കൊല്ലത്തുനിന്ന് മദ്രാസ് മെയിലിൽ പുടിപ്പിച്ചിരുന്ന സ്പെഷ്യൽ സലൂണിൽ അഭ്യുദയാകാംക്ഷികളായിരുന്ന ഒട്ടേറെ പ്രജകളുടെ മംഗളാശംസങ്ങളും വഹിച്ചുകൊണ്ട് ബോംബെക്കു പുറപ്പെട്ടു. സഞ്ചാര കാര്യദർശി ശ്രീ പി.ജി. നാരായണനുണ്ണിത്താനായിരുന്നു. അംഗര

ക്ഷകൻ ശങ്കുണ്ണി നായരുമായിരുന്നു. ഇളയ തമ്പുരാൻെറ ട്യൂട്ടറായിരുന്ന എസ്.എൻ. യൂർധ്വരയും ഒപ്പമുണ്ടായിരുന്നു. 17000 ടൺ കേവുഭാരം വഹിക്കാൻ ത്രാണിയുണ്ടായിരുന്ന എസ്.എസ്. റാവൽപ്പിണ്ടി എന്ന ആധുനിക സജ്ജീകരണ സമ്പന്നമായ മെയിൽ സ്ററീമറിലാണ് രാജകുടുംബം മീനം 27-ാം തീയതി ഉച്ചതിരിഞ്ഞ് യാത്ര പുറപ്പെട്ടത്. അതേ കപ്പലിൽത്തന്നെ മധ്യ സംസ്ഥാന ഗവർണ്ണർ സാർ മാൽക്കോം ഹൈലി, മദ്രാസ് ഗവർണ്ണർ അഡ്യക്കേററ് ജനറൽ അല്ലടി കൃഷ്ണസ്വാമി അയ്യർ, അഖിലലോക സാമ്പത്തിക സമ്മേളനത്തിൽ സംബന്ധിക്കാൻ ക്ഷണിക്കപ്പെട്ടിരുന്ന സർ സി.പി. രാമസ്വാമി അയ്യർ തുടങ്ങിയ പല പ്രമുഖ വ്യക്തികളും സഹയാത്ര ചെയ്തിരുന്നു. റേഡിയോ പരിപാടികൾ കേട്ടും മാസികകൾ വായിച്ചും പിംഗ് പാംഗ് തുടങ്ങിയ കളികൾ കളിച്ചും സുഹൃത്തുക്കളായി ചർച്ചകൾ നടത്തിയും തിരുമേനിമാർ സമയം നീക്കി. ഏപ്രിൽ 12-ാംതീയതി കൽക്കരികളുടെ നാടും സ്ഥാനമേൻമ കൊണ്ട് മർമ്മപ്രധാനവുമായ ഏഡർ പട്ടണത്തിലെത്തി. ആറുമണിക്കൂറിലെ ഇടവേളയിൽ തിരുമേനിമാർ കാറിൽക്കയറി നാടാകെ ഒരു വിഹഗവീക്ഷണം നടത്തി. പിന്നെ തുടർച്ചയായി മൂന്നു ദിവസത്തെ യാത്രയയ്ക്കുശേഷമാണ് കപ്പൽ കുറുക്കുവഴിയായ സൂയസ് തോട്ടിലെത്തിയത്. ചുങ്കസ്ഥലം കൂടിയായ പോർട്ട് സെയിദ് ഒരു വിശ്രമത്താവളം ആയിരുന്നു. കിട്ടിയ ഇടവേളയിൽ കാറിൽക്കയറി നാട്ടിലെ ഗ്രാമീണരുടെ ജീവിതരീതികൾ കണ്ടു മനസ്സിലാക്കാൻ തിരുമേനിമാർ സമയം കണ്ടെത്തി.

തുടർന്നുള്ള യാത്രയിൽ ഏട്നാ എന്ന അഗ്നിപർവ്വതം കാണാൻ കഴിഞ്ഞു. വ്യാപാരത്തിലും കരകൗശലത്തിലും പ്രസിദ്ധമായിരുന്ന വാഴ്സെയിൽ തിരുമേനിമാർ രണ്ടുദിവസം ''നോയ്ലസ്'' എന്ന പ്രസിദ്ധമായ ഹോട്ടലിൽ താമസിച്ച് നോട്രഡാല ഗാർഡ് എന്ന കത്തോലിക്ക ദേവാലയവും പ്രകൃതിഭംഗി മുററിനിൽക്കുന്ന കാൻറ, ഗ്രാസ്സ്, റവേറ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചു. കാർലോ എന്ന സുഖവാസ കേന്ദ്രം ആകർഷകമായിരുന്നു. തുടർന്ന് ആസ്ട്രിയായിലെ ഡ്യാന്യൂബ് നദിയുടെ തീരത്തുള്ള വിമോഹനമായ വിയന്നാ നഗരം കൺകുളിർക്കെ കണ്ടു. ആശുപത്രികളുടെയും കലാമന്ദിരങ്ങളുടെയും നാടാണത്. ഷോൺ ബ്രൂൺ കൊട്ടാരവും, കനോവാ മാർബിൾ മന്ദിരവും സന്ദർശിച്ചു. അവിടെ വിദഗ്ദ്ധമായി നടന്നുവന്നിരുന്ന കിൻറർ ഗാർട്ടൻ വിദ്യാലയങ്ങൾ സന്ദർശിച്ച് അവയുടെ പ്രർത്തനശൈലി വിശദമായി പഠിച്ചു. ആ പഠനം പിൽക്കാലത്ത് നാടിന് വളരെയധികം പ്രയോജനം ചെയ്തു. ആസ്ട്രിയൻ പ്രസിഡൻറ്, തിരുമേനിമാരെ ബഹുമാനിക്കാൻ വിരുന്നു നടത്തി. അവിടുത്തെ സ്കൗട്ട് പ്രസ്ഥാനക്കാരും തിരുമേനിമാരെ ബഹുമാനിച്ചു.

പിന്നെ വന്നത് ചെക്കോസ്ളോവാക്യായിലെ കാറൽസ്ബാദിലാണ്. റിച്ച്മൺ എന്ന പ്രസിദ്ധ ഹോട്ടലിലാണ് താമസിച്ചത്.

ഔഷധശക്തിയുള്ള കൈസർ ബാത്ത് സ്നാനഫ്ലട്ടങ്ങളിൽ രാജകുടുംബാംഗങ്ങൾ പതിവായി സ്നാനം ചെയ്തിരുന്നു. പ്രധാന നഗരമായ പ്രാഗിൽ പോയിരുന്നു.

''പാരിലെ സ്വർഗ്ഗ''മെന്നാരും പറയുന്ന പാരീസിലേക്കാണ് പിന്നെ പോയത്. ''മാറിസ്'' എന്ന വിഖ്യാത ഹോട്ടലിലാണ് താമസിച്ചത്. അന്നവിടെ മൈസൂർ യുവരാജാവും, കപൂർത്തല, ബറോഡ എന്നീ നാട്ടുരാജ്യങ്ങളിലെ നാടുവാഴികളുമുണ്ടായിരുന്നു. തിരുമേനിമാർ ലൂവർ മ്യൂസിയം, നോട്ടർ ഡാം പള്ളി, ഈഫൽ ടവർ തുടങ്ങിയ കേൾവികേട്ട സ്ഥാപനങ്ങൾ സന്ദർശിച്ചു. തുടർന്ന് യാത്ര പുറപ്പെട്ടത് കലേ പട്ടണത്തിലേക്കാണ്. പിന്നെ കപ്പൽ ഇംഗ്ളണ്ടിൻെറ തെക്കുകിഴക്കേ തീരത്തുള്ള ഡോവർ തുറമുഖത്ത് ഇറങ്ങി. ഇന്ത്യാ ജോയിൻറ് സെക്രട്ടറിയുടെ പ്രതിനിധി ട്രഡ്വെൽ ധര രാജകുടുംബത്തെ സ്വീകരിക്കുവാൻ കാത്തുനിന്നിരുന്നു. മനോരജ്ഞകമായ തെംസ് നദിയുടെ ഇരു കരകളിലായി വ്യാപരിക്കുന്ന സാംസ്കാരിക പാരമ്പര്യമുള്ള ലണ്ടൻ നഗരം ചേതോഹരമാണ്. എട്ടു പാലങ്ങൾ ഇരുകരകളേയും സംയോജിപ്പിക്കുന്നു. വെസ്ററ് മിനിസ്ററർ ആബി എന്ന ദേവാലയവും പാർലമെൻറ് മന്ദിരവും റീജൻസ് പാർക്ക് തുടങ്ങിയ ഉദ്യാനങ്ങളും വിഖ്യാത വിദ്യാലയങ്ങളും ആതുരാലയങ്ങളും പത്രങ്ങളുടെ ലോകമായ ഫ്ളീററ് സ്ട്രീററുമെല്ലാം തിരുമേനിമാർ സന്ദർശിച്ചു.

തിരുമേനിമാർ വിക്ടോറിയ റെയിൽവേ സ്റേറഷനിൽ എത്തിയപ്പോൾ സ്ഥലവാസികളായ നിരവധി മലയാളികളോടൊപ്പം സർ സി.പിയും മി. പ്രാട്രിക്കും, മി. വാക് ധരയും പൂച്ചെണ്ടുകളുമായി കാത്തുനിന്നിരുന്നു. ക്ളാറിസ്സ് ഇസ്സ് ഹോട്ടലിലാണ് രാജകുടുംബം താമസിച്ചത്.

തിരുമേനിമാർ ഉള്ളപ്പോഴാണ് അഖിലലോക സാമ്പത്തിക കമ്മററി ആദ്യമായി ലണ്ടനിൽ യോഗം ചേർന്നത്. വിവിധ രാഷ്ട്രങ്ങളിലെ സാമ്പത്തിക വിദഗ്ദ്ധൻമാർ പങ്കെടുത്ത സമ്മേളനമായിരുന്നു. കൂടാതെ ഇന്ത്യൻ ഭരണപരിഷ്കാര നിർദ്ദേശങ്ങൾ അടങ്ങിയ വൈറ്റ് പേപ്പർ പ്രകാശത്തെത്തുടർന്ന് ചർച്ച ചെയ്യാൻ നിയുക്തമായി സെലക്ററ് കമ്മററിയും അവിടെ യോഗം ചേരുന്നുണ്ടായിരുന്നു. ഭാഗ്യംകൊണ്ട് ഈ യോഗങ്ങളിൽ സന്നിഹിതരായ നിരവധി കേൾവികേട്ട രാജ്യതന്ത്രവിചക്ഷണൻമാരെ പരിചയപ്പെടാനും ചർച്ചകൾ നടത്താനും മഹാരാജാവു തിരുമേനിക്കും അമ്മ മഹാറാണിക്കും സന്ദർഭംകിട്ടി. ഹോട്ടലിൽവച്ച് മഹാരാജാവ് തിരു മേനി ചാൻസലർ പ്രഭുവിനും ഇന്ത്യൻ സെക്രട്ടറി സർ. സാമുവൽ ഹോറിനും മററു പ്രശസ്ത വ്യക്തികൾക്കുംവേണ്ടി ഒരു വിഭവ സമൃദ്ധമായ വിരുന്നു നൽകി. അന്നു മഹാരാജാവു തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

''ഈ രാജ്യത്തിലെ എൻെറ ആദ്യത്തെ സന്ദർശനവേളയിൽ ലോകസാമ്പത്തിക സമ്മേളനം,പാർലമെൻററി കമ്മററിയുടെ സമ്മേളനം തുടങ്ങിയ സുപ്രധാന സംഭവങ്ങൾ നടക്കുവാൻ സംഗതിയായത് സവിശേഷ ഭാഗ്യമായി ഞാൻ പരിഗണിക്കുന്നു. കഴിഞ്ഞ രണ്ടു ശതാബ്ദമായി ഇംഗ്ളണ്ടിലെ രാജവംശവുമായി എൻെറ പൂർവ്വികർ അനുസ്യൂതമായ ഭക്തിയാലും സഹകരണത്താലും ദൃഢബന്ധം പുലർത്തിവരികയാണ്. ഭാരതത്തിൻെറ ഏററവും തെക്കെ അററത്താണ് തിരുവിതാംകൂർ സ്ഥിതി ചെയ്യുന്നത്. എങ്കിലും എൻെറ ജനങ്ങൾ ആധുനികാശയങ്ങളുടെ മൂല്യം തികച്ചും അനുഭവിക്കുന്നവരാണ്. എൻെറ പൂർവ്വികന്മാർ ജനപ്രതിനിധി സ്ഥാപനങ്ങൾ ആരംഭിക്കുകയും വിദ്യാഭ്യാസം, പൊതുജനാരോഗ്യം തുടങ്ങിയവയുടെ വികസനത്തിന് നവീന പദ്ധതികൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിനാൽ സാക്ഷരത, വൈദ്യസഹായം, സ്ത്രീകൾക്ക് സമൂഹത്തിലുള്ള പദവി എന്നിവയിൽ എൻെറ രാജ്യം ഭാരതത്തിലെ ഏതു സംസ്ഥാനവുമായി കിടപിടിക്കാൻ പര്യാപ്തമാണെന്ന് അതിശയോക്തികൂടാതെ തന്നെ പറയാൻ കഴിയും. പരമ്പരാഗതമായി ഞാൻ നേടിയിട്ടുള്ള ആദർശങ്ങളെ പുഷ്ടിപ്പെടുത്തി സഫലമാക്കാൻ കഴിയുമോ എന്നാണെൻെറ ലക്ഷ്യവും പ്രാർത്ഥനയും. ആ ഉദ്ദേശത്തോടെയാണ് എൻെറ രാജ്യത്ത് കൂടുതൽ പരിഷ്കാര പരിപാടികൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്. അതിൻെറ ഭാഗമായിട്ടാണ് ഉപരിമണ്ഡലവും കീഴ്മണ്ഡലവും ഉള്ളതും ഒട്ടുവളരെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജനപ്രതിനിധികൾ ഉള്ളതുമായ നിയമസഭകൾ നിലവിൽ വന്നിട്ടുള്ളത്. ഇപ്രകാരം പ്രവർത്തിച്ചപ്പോഴും ഭാരതീയ രാജത്വത്തിൻെറ പ്രാചീനാദർശങ്ങളെ സംരക്ഷിക്കുന്നതിലും ഭാരതത്തിൻെറ യാതൊരു ഭരണഘട്ടനയിലും തങ്ങളുടെ ഭാഗം വഹിക്കത്തക്കവിധത്തിൽ തിരുവിതാംകൂറിനെ സജ്ജമാക്കുന്നതിലും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അത്തരം ഏതെങ്കിലുമൊരു ഭരണഘട്ടനയെപ്പററി വാദപ്രതിവാദം ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ തിരുവിതാംകൂറിനെപ്പോലെ കടലോരത്തു സ്ഥിതിചെയ്യുന്ന ഒരു പ്രധാന രാജ്യത്തിൻെറ പ്രത്യേക അവകാശങ്ങളെയും പ്രശ്നങ്ങളെയും ഭരണ നിർമ്മാണമാകുന്ന മഹനീയ കർത്തവ്യം നിർവ്വഹിക്കുന്നവർ പരിഗണിക്കുമെന്ന് ഉറപ്പുണ്ട്. ഇന്ത്യയുടെ മിത്രങ്ങളായ സ്റേറ്റ് സെക്രട്ടറിയെയും പാർലമെൻററി കമ്മററി ചെയർമാൻലിൻലിത്ഗോ പ്രഭുവിനെയും ജോയിൻറ് കമ്മററി അംഗങ്ങളെയും എൻെറ മററ് അതിഥികളെയും സ്വാഗതം ചെയ്യുന്നതിന് എനിക്ക് അപാരമായ സന്തോഷമുണ്ട്.''

''സ്റേറ്റ് സെക്രട്ടറി സർ. സാമുവേൽ സമുചിതമായ മറുപടിപ്രസംഗം ചെയ്തു.

''ആസ്കോട് റെയിസ് എന്ന വിഖ്യാതമായ കുതിരപ്പന്തയം തിരുമേനിമാർ കാണാൻ പോയത് ചക്രവർത്തി തിരുമനസ്സിലെ ക്ഷണപ്രകാരമായിരുന്നു. റോയൽ ബോക്സിൽ തിരുമേനിമാർക്ക് സ്ഥാനം നൽകിയിരുന്നു. ആദ്യമായി, സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിൻെറ അധിപതിയുമായി പരിചയപ്പെടുന്നത് അന്നാണ്. അടുത്തദിവസം ചക്രവർത്തി നടത്തിയ എംപയർ ഗാർഡൻ പാർട്ടിയിൽ അമ്മ മഹാറാണിയും മഹാരാജാവു തിരുമേനിയും കാർത്തിക തിരുനാൾ തമ്പുരാട്ടിയും പങ്കെടുത്തു.

പിന്നുള്ള ദിവസങ്ങൾ ലണ്ടൻ നഗരം കാണാൻ വിനിയോഗിച്ചു. പ്രസിദ്ധമായ ടവർ അഫ് ലണ്ടൻ, മാഡം ടുസാഡ്സിൻെറ മെഴുകു പ്രതിമകളുടെ അനന്യസാധാരണമായ പ്രദർശനം. വെസ്ററ് മിനിസ്ററർ അബി, ആഡർഷാട്ട് എന്ന സ്ഥലത്തു നടന്ന ബ്രിട്ടീഷ് പട്ടാളത്തിൻെറ പ്രകടനങ്ങൾ, വ്യോമസേനയുടെ പ്രകടനങ്ങൾ, നാഷണൽ പിക്ചർ ഗ്യാലറി, എംപയർ മ്യൂസിയം, ന്യൂഗാർഡൻസ് തുടങ്ങിയ വിനോദവും വിജ്ഞാനവും പകരുന്ന പലതും ദർശിക്കുകയുണ്ടായി. രാജകീയ വേഷത്തിൽ ക്യാപ്ററൻ ടെഡ്വെല്ലിൻെറ അകമ്പടിയോടെ തിരുമേനി വസന്തകാലത്തു ചേർന്ന കോർട്ടു സമ്മേളനത്തിൽ സംബന്ധിച്ചതും സ്മരണീയമായ സംഭവമാണ്. തിരുമേനിമാർ ലണ്ടൻ ബോഡ്കാസ്ററിംഗ് കമ്പനി സന്ദർശിച്ചതും ഒരു ചെറുപ്രസംഗം പ്രക്ഷേപണം ചെയ്തതും അവിസ്മരണീയമായ മറെറാരു സംഭവമാണ്. കേരളത്തിലെ റേഡിയോ സെററുകളിലും ആ സ്വരം എത്തിയിരുന്നു. സ്ഥലവാസികളായ തിരുവിതാംകൂറുകാർ തങ്ങളുടെ തിരുമേനിയെ സ്വീകരിക്കാനും മറന്നില്ല. ഷെഫിൽഡ് എന്ന ഉരുക്കു വ്യവസായശാല തിരുമേനിമാർ കാണുക മാത്രമല്ല, കണ്ടു പഠിക്കുവാൻ തന്നെ ശ്രമിക്കുകയുണ്ടായി.

ലണ്ടൻ പത്രങ്ങൾ തിരുമേനിയുടെ സന്ദർശനത്തിൽ പ്രത്യേക പ്രാധാന്യം നൽകിയിരുന്നു. വിശേഷിച്ച് ലണ്ടൻ ടൈംസ് ഒരു കുറിപ്പ് പ്രസിദ്ധപ്പെടുത്തി.

ലണ്ടൻ യാത്രകഴിഞ്ഞ് തിരുമേനിമാർ ബൽജിയത്തിൻെറ തലസ്ഥാനമായ ബസ്സൽസിൽ എത്തിച്ചേർന്നു. ബ്രസ്സൽസിലെ ''ലേസ്വർക്ക്സ്'' എന്ന സ്ഥാപനത്തിലെ വിദഗ്ദ്ധവും വൈവിദ്ധ്യവുമാർന്ന തുന്നൽവേലകൾ മഹാറാണിയെയും കാർത്തിക തിരുനാൾ തമ്പുരാട്ടിയെയും വല്ലാതെ ആകർഷിച്ചു. ചരിത്രത്തിൽ വഴിത്തിരിവു കുറിയ വാട്ടർലൂ എന്ന യുദ്ധഭൂമിയും തിരുമേനിമാർ സന്ദർശിച്ചു. തുടർന്ന് വിഖ്യാതമായ ബർലിൻ നഗരത്തിൽ ഒരാഴ്ച താമസിച്ചു. കൈസർ ചക്രവർത്തിയുടെ പുത്രനായ ക്രൗൺ പ്രിൻസുമായി തിരുമേനി പരിചയപ്പെടാൻ ഇടയായി. ബർലിനിൽ നടന്ന ഒരു പ്രശസ്തമായ ടെന്നീസ് ടൂർണ്ണമെൻറ് കാണാൻ ചെന്നപ്പോൾ വിശ്വവിഖ്യാതനായ ടിൻടണുമായി സൗഹൃദം സ്ഥാപിക്കാൻ കഴിഞ്ഞു.

തുടർന്നുള്ള യാത്രയിൽ ഇൻറർലാക്കൺ എന്ന സ്ഥലത്തു താമസിച്ച്, ആൽപ്സ് പർവ്വതനിര കണ്ടു. ജുങ്ഫ്രോ എന്ന കൊടുമുടി കേറാനും നായ്ക്കൾ വലിക്കുന്ന സ്ളെഡ്ജ് വണ്ടികളിൽക്കയറി നാടു ചുററാനും സന്ദർഭം കിട്ടി. പ്രസിദ്ധമായ ബ്ളൂലേക്ക് കാണാനും മറന്നില്ല. ജനീവാ നഗരമായിരുന്നു അടുത്ത ലക്ഷ്യം. പിക്ചർ ഗ്യാലറി അവരെ വല്ലാതെ ആകർഷിച്ചു. സെൻറ് മാർക്ക്. കത്തീഡ്രലും ഡ്യൂക്ക് പാലസ്സും കാണാൻ കഴിഞ്ഞു.

തുടർന്നുപോയത് ഇററലിയുടെ തലസ്ഥാനവും മാർപ്പാപ്പയുടെ ആസ്ഥാനവുമായ റോമിലേക്കാണ്. അവർണ്ണനീയമായ മായാലോകമാണ് വത്തിക്കാൻ പട്ടണം. ദേവാലയങ്ങളുടെ ദേവാലയമായ സെൻറ് പീററർ ദേവാലയം സന്ദർശിക്കാൻ തിരുമേനിക്ക് ഭാഗ്യം കിട്ടി. 11-ാം പീയൂസ് മാർപാപ്പ തിരുമേനിയുമായി അഭിമുഖ സംഭാഷണം നടത്താനും തിരുമേനിക്ക് സന്ദർഭം കിട്ടി. വികാസോന്മുഖമായ വഞ്ചിനാടിൻെറ വിദ്യാഭ്യാസ പുരോഗതിയിൽ സന്തുഷ്ടനായ ആ സർവ്വാരാധ്യനായ മതാദ്ധ്യക്ഷൻ ഭാവുകാശംസകളോടെ സ്വർണ്ണമുദ്ര അണിയിക്കുകയുണ്ടായി.

റോമിലെ വിസ്മയകരമായ പിക്ചർ പാലസ്സും പാന്ത്യൻ മന്ദിരവും തിരുമേനിമാർ

വത്തിക്കാനിൽ അമ്മമഹാറാണിയെയും കാർത്തികതിരുനാളിനെയും പോപ്പിൻെറ പ്രതിനിധി സ്വീകരിക്കുന്നു.

കണ്ടു. എസ്.എസ്. കോൺട്രിവേഡ് എന്ന ഇററാലിയൻ കപ്പലിൽ രാജകുടുംബം സ്വദേശത്തേക്കു പുറപ്പെട്ടു.

ബോംബെയിൽ ഊഷ്മളമായ വരവേല്പ് ലഭിച്ചു. അന്ന് രാത്രിതന്നെ മദ്രാസ് മെയിലിലെ സ്പെഷ്യൽ സലൂണിൽ യാത്ര തുടർന്നു. മദ്രാസിലെ വരവേൽപ്പ് കൂടുതൽ ഹൃദ്യമായിരുന്നു. നമ്പൂതിരി സമുദായാംഗങ്ങളുടെ വകയായി ഒരു മംഗളപത്രം സമർപ്പിക്കുകയുണ്ടായി. അതിനു നന്ദിപറഞ്ഞുകൊണ്ട് തിരുമേനി ചെയ്ത മറുപടി പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു.

.....''നിങ്ങളുടെ സംസ്കാരം മതത്തിലും ആദ്ധ്യാത്മിക പാരമ്പര്യത്തിലും അടിയുറച്ചതാണെങ്കിലും മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതികൾക്ക് അനുസരണമായി ക്രിയാത്മകവും പ്രായോഗികവും ആയ സമീപനം ആവശ്യമാണെന്ന് നിങ്ങൾ അംഗീകരിക്കുന്നതായി കണ്ട്; പ്രത്യേക സന്തോഷം തരുന്നു..... കേരള സംസ്കാരവിഷയമായി നിങ്ങളുടെ സമുദായം ചെയ്തിട്ടുള്ള സംഭാവനകളെപ്പററി അനുസ്മരിക്കാതിരിക്കാൻ തിരുവിതാംകൂർ ഭരണാധികാരികൾക്ക് നിവർത്തിയില്ല. നിങ്ങൾ പറയുംപോലെ നിങ്ങളുടെ സമുദായത്തിൻെറ അഭ്യുദയത്തിലും ഐശ്വര്യത്തിലും നാം വളരെ ഉത്ക്കണ്ഠാഭരിതരാണ്.''

മദ്രാസ് കേരള സമാജം വകയായി എഗ്മൂർ വെല്ലിംഗ്ടൺ മന്ദിരത്തിൽവച്ചും ഹൃദ്യമായ വരവേൽപ്പ് നടന്നു. ദിവാൻ ബഹദൂർ രാമചന്ദ്രയ്യരാണ് മംഗളപത്രം വായിച്ച് സമർപ്പിച്ചത്. സമൂഹത്തിൻെറ വകയായി ഒരു മംഗളംപത്രം ഷെറിഷ് ആദം ഹാജിസേട്ട് വായിച്ച് കസാൻദാസ് ഗാർഡനിൽ ചേർന്ന യോഗത്തിൽ സമർപ്പിച്ചു. തുടർന്ന് മദ്രാസ് കോർപ്പറേഷൻെറ വകയായി റിപ്പൺ മന്ദിരത്തിലും ഗംഭീരമായ ഒരു സ്വീകരണമുണ്ടായിരുന്നു. മേയർ കാമരാജ എം.എ മുത്തയ്യാ ചെട്ടിയാരാണ് മംഗളപത്രം വായിച്ച് കാസ്കററിൽ സമർപ്പിച്ചത്. അതിന് കൃതജ്ഞത പറഞ്ഞ തിരുമേനിയുടെ ഹൃദ്യമായ പ്രസംഗത്തിലെ ഒരു ഭാഗം ഉദ്ധരിക്കുന്നു.

''....രാജ്യത്തിൻെറ ബഹുമുഖമായ അഭിവൃദ്ധിയെപ്പററി-വിശേഷിച്ചു നിങ്ങളെപ്പോലെ ഞാനും വളരെ പ്രാധാന്യം കൽപ്പിക്കുന്ന സ്ത്രീവിദ്യാഭ്യാസത്തെപ്പററി മംഗളപത്രത്തിൽ സൂചിപ്പിച്ചതിൽ എനിക്ക് ചാരിതാർത്ഥ്യം ഉണ്ട്. എല്ലാ പ്രജാവിഭാഗങ്ങളുടെയും ജീവിതസൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ജനങ്ങളുടേയും അധികാരികളുടെയും സംയോജിതയത്നം കൊണ്ടും എന്തെല്ലാം സാധിക്കുമെന്ന് എൻെറയീ വിദേശ പര്യടനത്തിൽനിന്ന് പഠിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികൾക്ക് താമസസൗകര്യങ്ങൾ ഏർപ്പെടുത്തുക, ഉദ്യാനങ്ങൾ, കായികാഭ്യാസത്തിനുള്ള സജ്ജീകരണങ്ങൾ, വിനോദസ്ഥലങ്ങൾ മുതലായവ ഉണ്ടാക്കുക തുടങ്ങിയവയെപ്പററിയാണ് ഞാൻ സൂചിപ്പിക്കുന്നത്. നമ്മുടെ രാജ്യവാസികൾ നമ്മുടെ സംസ്കാരത്തിലും ആദർശങ്ങളിലും അടിയുറച്ചു നിന്നുകൊണ്ടു തന്നെ നമ്മുടെ സഹജരായ പാശ്ചാത്യരുടെ നല്ല കാര്യങ്ങൾ സ്വാംശീകരിക്കുമെന്ന് ഞാനാശിക്കുന്നു.''

അടുത്തദിവസം ട്രിവാൻട്രം എക്സ്പ്രസ് ട്രെയിനിൽ തിരുമേനിമാർ രാജധാനിയിലേക്കു യാത്രയായി. യാത്രയയ്ക്കാൻ ജസ്ററീസ് പണ്ടാല, സർ സി.പി, കൊല്ലംകോട്ടു രാജാ തുടങ്ങിയവർ നിരവധി മലയാളികളോടൊപ്പം ഉണ്ടായിരുന്നു. വഴിനീളെ വൻനഗരങ്ങളിലെല്ലാം വമ്പിച്ച വരവേൽപ്പുമുണ്ടായിരുന്നു.

രാജ്യാതിർത്തിയായ പെങ്കോട്ടയിൽവച്ച് ആദ്യത്തെ സ്വീകരണം നൽകാനുള്ള ഭാഗ്യം ശ്രീ ചിത്തിര തിരുനാൾ ഗ്രന്ഥശാലാഗംങ്ങൾക്കാണ് ലഭിച്ചത്. രാജഭക്തനായ വായനാശാല കേശവപിള്ള ബാഷ്പമാലയും പുഷ്പമാലയും ആയി കാത്തുനിന്നിരുന്നു. കൊല്ലം നഗരിയിൽ വണ്ടി എത്തിയപ്പോൾ മുനിസിപ്പൽ ചെയർമാൻ കെ.ജി. പരമേശ്വരൻ പിള്ളയാണ് ഹാരാർപ്പണം ചെയ്തത്. വണ്ടി രാജധാനിയിലെത്തിയപ്പോൾ ഒരാറാട്ടിനു കൂടുന്ന ജനസമുദ്രം റെയിൽവേ സ്റേറഷനിൽ വരവേൽപ്പു നൽകാൻ അനായാസേന എത്തിയിരുന്നു. സ്വീകരണപ്പന്തലിൽവച്ച് മംഗളപത്രം വയോ-

രണ്ടു മഹാഗ്രന്ഥങ്ങൾ

1. വിപ്ലവസ്മരണകൾ
ചെ ഗുവേര

ബൊളീവിയൻ ഡയറി' പോലെ ഒരനശ്വര ഗ്രന്ഥം! ചെ യുടെ ആത്മകഥാപരമായ ലേഖനങ്ങളുടെ ഒരപൂർവ്വ സമാഹാരമാണിത്.

പരിഭാഷ: പി.എസ്. രവീന്ദ്രൻ
വില: 30 രൂപ

ജയിൽ ഡയറി സൗജന്യം

ജയിൽ ഡയറി
ഹോ ചി മിൻ

ഈ പുസ്തകത്തെ സ്പർശിക്കുമ്പോൾ നാം മരിക്കാത്ത ഒരു ഹൃദയത്തിലാണ് കൈ വയ്ക്കുന്നത്.

പരിഭാഷ: സച്ചിദാനന്ദൻ
വില: 15 രൂപ

ഇപ്പോൾ രണ്ടു പുസ്തകങ്ങൾക്കും കൂടി 30 രൂപ മാത്രം M.O അയച്ചാൽ മതി. മടക്കതപാലിൽ പുസ്തകമയക്കുന്നു. VP ആയും ആവശ്യപ്പെടാം. VP അയക്കുമ്പോൾ 35 രൂപ. 'വിപ്ലവ സ്മരണകൾ' മാത്രം മതിയെങ്കിൽ 25 രൂപ.

കോപ്പികൾ ഉടനെ ആവശ്യപ്പെടുക
MULBERRY PUBLICATIONS,
25. ARYA BHAVAN, S.M. STREET,
RADHA THEATRE COMPOUND,
KOZHIKODE - 673 001
PHONE: 73646 P.P RESI: 423603

ധികനായ ശ്രീ വി. സുബ്ബയ്യർ വായിക്കുകയും, എന്റെ മുത്തച്ഛനായ റിട്ടയർഡ് ദിവാൻ പേഷ്കർ കണ്ടനാട്ടു നാരായണമേനോൻ അത് തൃക്കൈകളിൽ സമർപ്പിക്കുകയും ചെയ്തു. ആത്മാർത്ഥവും അർത്ഥവത്തുമായ ആ മംഗളപത്രത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നത് പ്രസക്തമാണ്.

.....''അവിടത്തെ പ്രജകൾ അങ്ങയുടെ സഞ്ചാരത്തെ അതീവ താൽപ്പര്യത്തോടെ അറിഞ്ഞുകൊണ്ടിരിക്കുകയും പത്രങ്ങളിൽ ഒരോ വേളകളിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന സഞ്ചാര വാർത്തകളെ അത്യാസക്തിയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്തിട്ടുണ്ട്. പാശ്ചാത്യ പരിഷ്കാര കേന്ദ്രങ്ങളിൽ അങ്ങേക്കു ലഭിച്ച ഹാർദ്ദവമായ സ്വീകരണങ്ങൾ, അങ്ങയോട് അടുത്തു പെരുമാറാൻ ഇടയായിട്ടുള്ളവരുടെ ഹൃദയങ്ങളെ അഭിമാനത്താലും ആനന്ദത്താലും നിറച്ചിരിക്കുന്നു.

അങ്ങയേയും രാജകുടുംബാംഗങ്ങളേയും എത്ര മതിപ്പോടെയാണ് ചക്രവർത്തി തിരുമനസ്സുകൊണ്ട് സ്വീകരിച്ചതെന്ന വാർത്ത കിട്ടിയപ്പോൾ ഞങ്ങളുടെ ആഹ്ളാദം അതിരററതായി. തിരുവിതാംകൂറിനോടു കാണിച്ച ഈ ബഹുമാനത്തിന് അത്യന്തം കൃതജ്ഞരാവുകയും ചെയ്തു.

ഈ പര്യടനം അവിടുന്ന് നിർവ്വഹിച്ചത് സ്വന്തം സന്തോഷത്തിനുവേണ്ടി മാത്രമല്ലെന്നും സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങളെ പരിഗണിച്ചുകൂടിയാണെന്നും ഞങ്ങൾക്കറിയാം. ഭരണാധികാര പ്രതിഷ്ഠാപന സംബന്ധമായ ഡർബാറിൽ അങ്ങ് ഇപ്രകാരം അരുളിച്ചെയ്തു. ''ഇന്ത്യയുടെ തെക്കേ അററത്തെ കോണിൽ സ്ഥിതിചെയ്യുന്നതും ഇന്ത്യാഭൂഖണ്ഡത്തിന്റെ മററു ഭാഗങ്ങളിൽനിന്ന് പലതുകൊണ്ടും പ്രത്യേകനില സ്വീകരിച്ചിരിക്കുന്നതുമായ തിരുവിതാംകൂർ അതിന്റെ നാനാമുഖമായ അഭിവൃദ്ധിയും അമ്പതുലക്ഷം വരുന്ന ജനസംഖ്യയും രണ്ടരക്കോടിയോളം വരുന്ന റവന്യൂവും എല്ലാം ഉണ്ടായിരുന്നിട്ടും ഇംഗ്ളണ്ടിലും ഇന്ത്യയിലും ന്യായമായി പ്രതീക്ഷിക്കാവുന്നിടത്തോളം പ്രചുരമായി അറിയപ്പെടുന്നില്ല. ഹൈദരാബാദും മൈസൂറും മാത്രം അതിലംഘിക്കുന്ന ജനസംഖ്യയോടുകൂടിയ ഈ സംസ്ഥാനം തന്റെ നില നിശ്ചിതമായും അസന്നിഗ്ധമായും അംഗീകരിച്ചുകിട്ടണമെന്ന് ആവശ്യപ്പെടുന്നത് അന്യായമാണോ?'' ഈ പ്രസംഗഭാഗത്തെ പരിഗണിച്ചുനോക്കുമ്പോൾ അവിടുന്ന് പാശ്ചാത്യപര്യടനം നിർവ്വഹിച്ചത് എന്തെല്ലാം സദുദ്ദേശത്തോടുകൂടിയാണെന്നത് സ്പഷ്ടമാകുന്നു. പ്രസ്തുത പര്യടനത്തിന്റെ ഫലങ്ങളിലൊന്നായി തിരുവിതാംകൂർ കൂടുതൽ വിശദമായി അന്യനാടുകളിൽ അറിയപ്പെടുന്നുവെന്നും ലോകത്തിന്റെ പരിഗണനയിൽ അതിന്റെ നില കൂടുതൽ ഉയർന്നിരിക്കുന്നു എന്നും ഉള്ളതിൽ ഓരോ പ്രജയും കൃതജ്ഞരായിരിക്കുന്നു. ഇന്ത്യാ സെക്രട്ടറിയെപ്പോലെയുള്ള ഒരാൾ തിരുവിതാംകൂർ ഏററവും മഹത്തായ രാജ്യങ്ങളിലെ ഒന്നാണെന്ന് സമ്മതിക്കയും അങ്ങയേയും അങ്ങ് ഈ രാജ്യത്തിന് ചെയ്തിട്ടുള്ളതിനേയുംപററി അത്യന്തം പ്രശംസാപരമായി അഭിപ്രായപ്പെടുകയും ചെയ്തത് ഏവർക്കും ചാരിതാർത്ഥ്യജനകം തന്നെ.

ഇംഗ്ളണ്ടിലെ, അങ്ങയുടെ താമസക്കാലത്ത് ജോയിന്റ് പാർലമെന്ററി കമ്മററിയുടെ യോഗങ്ങൾ നടക്കുകയായിരുന്നു എന്നുള്ളതും സംസ്ഥാനത്തിനും ഇന്ത്യയ്ക്കും ജീവപ്രധാനമായ പല സംഗതികളും അവിടെ ആലോചനാവിഷയമായിരുന്നു എന്നുള്ളതും ഞങ്ങളുടെ ഭാഗ്യമാണ്. അങ്ങയുടെ നേരിട്ടുള്ള പ്രവർത്തനങ്ങളാൽ ഈ പ്രധാനമായ സമുദ്രതീര രാജ്യത്തിന്റെ പ്രത്യേക ആവശ്യങ്ങളും വിഷമപ്രശ്നങ്ങളും ഓർമ്മയിലിരിക്കുമെന്നും ഭാരത ഖണ്ഡത്തിന്റെ ഭാവിഭരണം ഏതു രൂപം പ്രാപിച്ചാലും തിരുവിതാംകൂറിന് ന്യായമായ സ്ഥാനം ലഭിക്കുമെന്ന് ഞങ്ങൾ ആശിക്കയും വിശ്വസിക്കയും ചെയ്യുന്നു. അങ്ങയുടെ സഞ്ചാരങ്ങളിൽ ഭാവിയിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുമെന്നും ഞങ്ങൾ വിചാരിക്കുന്നു. അങ്ങയെപ്പോലെ പൊതുജന സേവനത്തിന് ജീവാർപ്പണം ചെയ്തിരിക്കുന്നതും തന്റെ പ്രജകളുടെ അഭിവൃത്തിക്കായി പ്രയത്നിക്കുന്നതുമായ ഒരു ഇന്ത്യൻ ഭരണാധികാരിക്ക് പാശ്ചാത്യ സ്ഥാപനങ്ങളെയും സമ്പ്രദായങ്ങളെയുംപററി നേരിട്ടുള്ള ജ്ഞാനം അനുപേക്ഷണീയമാണ്. എത്രതന്നെ കുറഞ്ഞ കാലത്തിലേക്കെങ്കിലും ആവിടുന്ന് യൂറോപ്യൻ പരിഷ്കാരകേന്ദ്രങ്ങളിൽ താമസിച്ചിട്ടുള്ളത് ദേശീയ ജീവിതത്തിൽ നമുക്കു പല തുറകളിലും താരതമ്യേനയുള്ള അഭിവൃദ്ധിക്കുറവിനെ പററി ഒരറിവു നൽകുന്നതിന് പര്യാപ്തമായിരുന്നിരിക്കണം. അതിനാൽ ഞങ്ങളെ അഭിവൃദ്ധി, സംസ്കാരം, ഐക്യം എന്നീ വഴികളിൽക്കൂടി മുന്നോട്ടു നയിക്കുവാനുള്ള ദൃഢനിശ്ചയത്തോടുകൂടിയാണ് അങ്ങ് തിരിച്ചെഴുന്നള്ളിയത് എന്ന് ഞങ്ങൾക്കു തീർച്ചയുണ്ട്. അങ്ങ് ഈ മഹാപ്രയത്നത്തിൽ വിജയിക്കട്ടെ എന്നാണ് ഞങ്ങളുടെ വിനീതവും ഭക്തിപൂർവ്വകവുമായുള്ള പ്രാർത്ഥന.

ജൂനിയർ മഹാറാണി, ഇളയരാജ, സഹോദരി എന്നീ തിരുമനസ്സുകൾക്കും ഞങ്ങൾക്കുള്ള മംഗളാശംസ സമർപ്പിക്കുന്നു.

അങ്ങേക്ക് വാക്കുകൾകൊണ്ട് പറഞ്ഞറിയിക്കാവുന്നതിൽ കൂടുതലായി അങ്ങ് കടപ്പെട്ടിരിക്കുന്ന അമ്മ മഹാറാണി തന്നെ ആദ്യമായി യൂറോപ്പിൽ പോയി അങ്ങേക്കുള്ള വഴി തെളിച്ചു. ആ മഹാറാണിയുടെ ദീർഘദർശനം, വിവേകം, നിരീക്ഷണശക്തി എന്നിവയ്ക്ക് അങ്ങയുടെ എളിയ പ്രജകൾ അവർക്ക് രാജഭക്തി കൊണ്ടാകട്ടെ, സ്നേഹംകൊണ്ടാകട്ടെ പ്രതിഫലം നൽകാൻ വയ്യാത്ത വിധത്തിൽ കടപ്പെട്ടിരിക്കുന്നു.''

ഹർഷപുളകിതനായ തിരുമേനി നന്ദി പറഞ്ഞുകൊണ്ടു ചെയ്ത മറുപടിപ്രസംഗത്തിൽ പ്രജകളോടുള്ള നിസ്സീമവാത്സല്യം ആദ്യന്തം സ്പന്ദിക്കുന്നു.

(തുടരും)

യശ്പാൽ

എന്റെയും നിന്റെയും കഥ അവന്റെയും

അറുപത്തിരണ്ട്

ഫെബ്രുവരി രണ്ടാംവാരം. ഉഷ തന്റെ തീസിസ് തയ്യാറാക്കുന്ന തിരക്കിലായിരുന്നു. അഞ്ചുമണിയായപ്പോൾ പരമുവിനെ വിളിച്ച് ചായയുണ്ടാക്കാൻ പറഞ്ഞു. അപ്പോഴുണ്ട്, വെളിയിൽനിന്നും വിളിക്കുന്നു—''പരമൂ.''

സിഹ്നയുടെ സ്വരം തിരിച്ചറിഞ്ഞ ഉഷയ്ക്ക് ആശ്ചര്യം. അഞ്ചുമാസമായി അദ്ദേഹത്തെ കണ്ടിട്ട്. ഏതാനും ദിവസം മുമ്പ് വർമ്മയാണു പറഞ്ഞത് സിഹ്ന ജെയിൽമുക്തനായെന്ന്. എന്നാൽ ഉഷ സിഹ്നയെ പ്രതീക്ഷിച്ചിരുന്നില്ല. പരമു അദ്ദേഹത്തെ അകത്തേക്കു കൂട്ടിക്കൊണ്ടുവന്നു.

''ഒരാഴ്ചയായി ഇങ്ങോട്ടുവരാൻ വിചാരിക്കുന്നു. അപ്പോഴെല്ലാം ഓരോ വിഷമങ്ങൾ!'' മുഖവുരയെന്നോണം സിഹ്ന പറഞ്ഞു. പിന്നെ അമറിനെക്കുറിച്ചന്വേഷിച്ചു—''ഇനിയും വന്നില്ല, അല്ലേ? ഇതിനിടയിൽ വരേണ്ടതായിരുന്നല്ലോ. ഇനി ഏതായാലും വൈകില്ല.''

''കുടിക്കാൻ ചായയോ കാപ്പിയോ?''

''കാപ്പി, കാപ്പി. നിങ്ങളുടെ കാപ്പിക്കൊരു പ്രത്യേകതയുണ്ട്. മറെറങ്ങും ആ ടേയ്സ്ററ് കിട്ടാറില്ല.''

''നല്ല വാക്കുകൾക്ക് നന്ദി. എന്നാൽ ആ ക്രെഡിററ് പോകേണ്ടത് നെസ്ലേ കാപ്പിക്കമ്പനിക്കാണ്.''

കാപ്പി കുടിച്ചുകൊണ്ട് സിഹ്ന പത്രവാർത്തകൾ ചർച്ച ചെയ്തു—''ഗാന്ധിജി വ്യക്തിസത്യാഗ്രഹത്തിന്റെ അർത്ഥശൂന്യത മനസ്സിലാക്കീട്ടാണെന്നു തോന്നുന്നു, അതു നിർത്തിവെച്ചല്ലോ. ഇപ്പോൾ ഒപ്പന്തത്തിനു ഒരുങ്ങുകയാണെന്നു തോന്നുന്നു. അലഹബാദിൽ കോൺഗ്രസ്സിന്റെ പ്രവർത്തക സമിതി യോഗം ചേരുന്നുണ്ട്. അതിൽ സന്ധിക്കാര്യത്തെ എതിർക്കാനാണു സാദ്ധ്യത... സേട്ട് വന്നാൽ എന്നെ വിവരമറിയിക്കണം, കേട്ടോ.'' പിന്നെ സ്വരം താഴ്ത്തി തുടർന്നു—''പാകിനോട് സംസാരിക്കേണ്ടതുണ്ടായിരുന്നു. എന്റെ സന്ദേശം ഒന്ന് അവിടംവരെ എത്തിക്കാമോ?''

സിഹ്ന കാപ്പി ഒരു ഗ്ളാസ്സ് കൂടി എടുത്തു. അന്തർദ്ദേശീയ സ്ഥിതിഗതികളെക്കുറിച്ച് സംസാരിച്ചുകൊണ്ട് ഒരുമണിക്കൂർ കൂടി ഇരുന്നു. എന്തെങ്കിലും സംഭവിച്ചേതീരൂ എന്ന ഉപസംഹാര വചനങ്ങളോടെ എഴുന്നേററു.

തണുപ്പുകാലം അവസാനിക്കുകയായിരുന്നു. പ്രഭാതത്തിലെ അർദ്ധ നിദ്രയിൽ ഉഷ പത്രക്കാരന്റെ സ്വരം കേൾക്കാൻ കാതോർത്തിരിക്കും. പത്രം വീഴുന്ന ശബ്ദം കേട്ടാൽ പുതപ്പ് വലിച്ചെറിഞ്ഞ് ഷാളും പുതച്ച് അങ്ങോട്ടു കുതിക്കും. ആദ്യം വായിക്കുന്നത് ജെയിലിൽനിന്നു മോചിപ്പിക്കപ്പെട്ടവരുടെ ലിസ്ററായിരിക്കും.

അന്നുകാലത്ത് പത്രം വീഴുന്ന ശബ്ദത്തിനു കാതോർത്തിരിക്കെ വരാന്തയിൽ കാൽപ്പെരുമാററമാണു കേട്ടത്. പിന്നെ ഉറക്കെയുള്ള വിളിയും—''പരമൂ! പ്രതാപ്!''

ഉഷ നിശാവസ്ത്രത്തിലായിരുന്നു. ഉടുപ്പു മാററാൻ മെനക്കെടാതെ ഓടിവന്നു. മേലെയുള്ള കൊളുത്തെടുത്ത് വാതിൽ വലിച്ചു. താഴത്തും കൊളുത്തുണ്ടെന്ന കാര്യം വിസ്മരിച്ചുപോയിരുന്നു.

അമർ കമ്പിളിപ്പുതപ്പ് മാററാൻ ശ്രമിക്കുമ്പോഴേക്കും ഉഷ കെട്ടിപ്പിടിച്ചുകഴിഞ്ഞിരുന്നു. അമർ ഉഷയെ പൊക്കിയെടുത്ത് സമാശ്വസിപ്പിച്ചു.

ഉറക്കെ വിളിക്കുന്നതാണ് അമറിന്റെ സ്വഭാവം. റോസിക്കാണെങ്കിൽ പൂച്ചയുടെ ഉറക്കവും നായയുടെ ചെവിയുമാണ്. ഉഷയുടെ വാക്കുകളിൽനിന്നു നേരത്തെതന്നെ ആശയുടെ അങ്കുരമുണ്ടായിരുന്നു. പുതപ്പും കഴുത്തിൽച്ചുററി നേരെ സ്വീകരണമുറിയിലേക്കു വന്നു.

ആലിംഗബദ്ധരായ ഭാര്യാഭർത്താക്കളെക്കണ്ട് മുഖം തിരിച്ചു. കർത്താവിന് സ്തുതി ഓതിക്കൊണ്ട് കട്ടിലിലേക്കു തിരിച്ചു.

ബറേലി ജെയിലിൽനിന്നും ഉച്ചയ്ക്കു ശേഷമാണു അമറിനെ മോചിപ്പിച്ചത്. രാത്രി പത്തുമണിക്കുള്ള പാസ്സഞ്ചർ വണ്ടിക്കു പുറപ്പെട്ടു. ജെയിലിൽനിന്നും കമ്പിളിയും മററു രോമത്തുണികളും ലഭിച്ചിരുന്നു. വി.ഐ.പി. കരുതൽത്തടവുകാരനായതുകൊണ്ട് ഒന്നാം ക്ളാസ്സ് യാത്രടിക്കററും കിട്ടിയിരുന്നു. രാത്രി മുഴുവൻ ഉറക്കം തൂങ്ങിക്കൊണ്ടു കഴിച്ചു. പുലരുമ്പോഴേക്കും വീട്ടിലെത്തുകയും ചെയ്തു. വിശാലമായ കട്ടിൽ, മൃദുവായ കിടക്ക, നെഞ്ചത്തെ ചൂടു പകരാൻ വെമ്പുന്ന പത്നി...

അമർ അച്ഛനെക്കാണാൻ പുറപ്പെടുകയായിരുന്നു. അപ്പോഴേക്കും അച്ഛനും വക്കീൽ കോഹലി, മഹേന്ദ്രൻ, മാസ്ററർജി, ഗൗരി എന്നിവരും ഒരു ജാഥയായിത്തന്നെ അവിടെ എത്തിച്ചേർന്നു. പരമു എല്ലായിടത്തും വാർത്ത എത്തിച്ചുകഴിഞ്ഞിരുന്നു. എല്ലാവരും വരാന്തയിൽ ഇളംവെയിലുംകൊണ്ട് ഇരുന്നു. അമർ അച്ഛനേയും വക്കീൽ സാഹബിനേയും പാദംതൊട്ടു വന്ദിച്ചു. പിന്നാലെ തല മറച്ചുകൊണ്ട് വന്ന ഉഷയും ഭർത്താവിനെ അനുകരിച്ചു.

ആശിർവ്വാദ വചനങ്ങൾക്കുശേഷം കോഹലി പ്രശംസാരൂപത്തിൽ പറഞ്ഞു—''മോളേ, നിന്റെ കഴിവും ധൈര്യവും അപാരം തന്നെ. നൂറ്—നൂററമ്പതു നാഴിക അകലെ തനിച്ചു ചെന്ന് അമറിനെ സന്ദർശിച്ചുവന്നിരുന്നല്ലോ.'' വികാരധീനനായ സേട്ട്ജിക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല. പൗത്രനെ മടിയിലിരുത്തി മകന്റെ പുറം തടവിക്കൊണ്ട് കസാലയിലിരുന്നു. ഗൗരിക്ക് ചേട്ടനെ വിട്ടു പോകാൻ മനസ്സില്ലായിരുന്നു. ജോലിക്കു പോകാനുള്ളതുകൊണ്ട് പോകാതിരിക്കാൻ കഴിഞ്ഞില്ല.

നരേന്ദ്രന് വണ്ടിയുള്ളതുകൊണ്ട് സൗകര്യപൂർവ്വം വന്നുകൊള്ളുമെന്ന് അമർ സമാധാനിച്ചു. റജയെ ചെന്നു കാണണം. എന്നാൽ ഉഷ വിട്ടില്ല. ''ആദ്യമായി ആശ്ചര്യപ്പെടുത്തേണ്ടത് നരേന്ദ്രൻ ചേട്ടനെയാണ്. നിങ്ങളില്ലാതിരുന്നപ്പോൾ അദ്ദേഹത്തെപ്പോലെ ശ്രദ്ധിച്ചവർ വേറെയാരുമില്ല. ആഴ്ചയിൽ മൂന്നുനാലു തവണ വരുമായിരുന്നു. ഇന്നലെയും വന്നു. ഇന്നു വരില്ലായിരിക്കും. നിങ്ങളെ ഇപ്പോൾ കണ്ടാൽ ആശ്ചര്യത്തിന് അതിരുണ്ടാവില്ല. നേരിട്ട് വിവരമറിയാൻ നാളെയാകേണ്ടിവരും.

സന്ധ്യയ്ക്ക് ഉഷ ഉടുത്തൊരുങ്ങി മുമ്പിൽ വന്നുനിന്നപ്പോൾ അമർ അന്തംവിട്ടുപോയി. പുതിയ സിൽക്കുസാരി, അതിനുമേലെ വെളുത്ത കോട്ട്, മുടിയിൽ പനിനീർ പൂക്കൾ, കാലിൽ ഹൈഹീൽഡ് ചെരിപ്പ്!

''എങ്ങിനെയുണ്ട്?'' ഭർത്താവിന്റെ മുമ്പിൽ വന്നുനിന്നുകൊണ്ട് ഉഷ ചോദിച്ചു. പൂർണ്ണവീക്ഷണത്തിനുവേണ്ടി ഒന്നു വട്ടം കറങ്ങി.

''ഇതെല്ലാം എപ്പോൾ വാങ്ങിച്ചു?'' അമർ സന്തോഷവും ആശ്ചര്യവും കലർന്ന സ്വരത്തിൽ ചോദിച്ചു.

''കോട്ട് ഞാൻ തയ്പിച്ചത്. നിങ്ങൾ സർക്കാരിനെക്കൊണ്ട് മാസംതോറും നൂറുരൂപ ചെലവിനയപ്പിച്ചിരുന്നുവല്ലോ. കുറേ സാധനങ്ങൾ വാങ്ങിച്ചു. സാരി ചേട്ടൻ പുതുവത്സരത്തിന് സമ്മാനിച്ചതാണ്. എങ്ങിനെയുണ്ട്?''

''ഇതേ നിറമുള്ള സാരി ഞാൻ വാങ്ങാൻ പറഞ്ഞപ്പോൾ നീ സമ്മതിച്ചിരുന്നില്ലല്ലോ.''

''അതെനിക്കോർമ്മയുണ്ട്. ചേട്ടനും കൂടി അതേനിറം സജസ്ററ് ചെയ്തപ്പോൾ ആവട്ടെയെന്നു കരുതി.''

''ഇനിയങ്ങോട്ട് നരേന്ദ്രനെക്കൊണ്ടു തന്നെ സെലക്ഷൻ ചെയ്യിച്ചേക്കാം.''

ഉഷ ഭർത്താവിനെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു.

നരേന്ദ്രന്റെ വീട്ടിനു മുമ്പിൽ ബൈക്ക് നിർത്തി. ആദ്യം അമർ അകത്തുകടന്നു. പിന്നാലെ ശബ്ദമുണ്ടാക്കാതെ ഉഷയും. നരേന്ദ്രന് ആശ്ചര്യം. അമറിനെ കെട്ടിപ്പി

ടിച്ചു. പിന്നെ പൊക്കിയെടുത്തു. "എന്നെ വിവരമറിയിക്കാതിരുന്നതെന്തേ? ഞാൻ സ്റേറഷനിൽ വരുമായിരുന്നല്ലോ."

പിന്നെ നൂറു നൂറു ചോദ്യങ്ങൾ! പരിതഃസ്ഥിതികളെക്കുറിച്ച് അമറിന് മാററമൊന്നും വന്നതായി തോന്നിയില്ല. ആരോഗ്യത്തിനും കുഴപ്പമൊന്നുമില്ല.

"ഉഷയുടെ ഓരോ എഴുത്തിലും നിങ്ങളെക്കുറിച്ചുള്ള പ്രശംസാവചനങ്ങൾ—ചേട്ടൻ അങ്ങിനെ, ചേട്ടൻ ഇങ്ങിനെ! സുഖത്തിൻെറ പിന്നാലെ പോകുന്ന വ്യക്തി ഇത്രയും മാറിപ്പോയോ എന്ന് അതിശയിച്ചുപോയി."

ഉഷ ചുണ്ടത്ത് വിരൽവെച്ച് ഭർത്താവിനോടു മിണ്ടാതിരിക്കാൻ ആംഗ്യം കാട്ടുകയായിരുന്നു.

"ഇതെന്താ ഒരു കഥകളി?" നരേന്ദ്രൻ ഉഷയുടെ നേരെ തിരിഞ്ഞുകൊണ്ടു ചോദിച്ചു.

"ഭാര്യാഭർത്താക്കന്മാരുടെ രഹസ്യം മററുള്ളവരോട് പറയാറില്ല." ഉഷയുടെ മുഖത്ത് കൃത്രിമമായ ഗൗരവം. ചുണ്ടുകളിൽ പുഞ്ചിരി.

വേലക്കാരൻ കാപ്പി കൊണ്ടുവന്നു. "നിങ്ങൾക്ക് ചായയുണ്ടാക്കാൻ പറയട്ടെ?" ഭർത്താവിന് കാപ്പി ഇഷ്ടമല്ലെന്നറിയാമായിരുന്ന ഉഷ ചോദിച്ചു.

"വേണ്ട, വേണ്ട. ഞാനവിടെ ചായയും പാലുമൊക്കെ കുടിക്കാറുണ്ടായിരുന്നു."

"ഇപ്പോഴല്ലേ തടിച്ചതിൻെറ രഹസ്യം പിടികിട്ടിയത്!" നരേന്ദ്രൻ തമാശയാക്കി. പിന്നെ ഉഷയുടെ നേരെ തിരിഞ്ഞുകൊണ്ടു പറഞ്ഞു—"ഇവന് ദിവസവും പാല് കൊടുത്തേക്കണം, കേട്ടോ?"

"നിങ്ങളുടെ കുട്ടിക്കളി മാറീട്ടില്ല, അല്ലേ?"

"അതെന്താ? ഞാൻ നിങ്ങളുടെ ആരോഗ്യകാര്യമാണു പറഞ്ഞത്. സർക്കാറിൻെറ പാലു കുടിച്ച് തടിച്ചിരിക്കുന്നു. എന്നിട്ട് സർക്കാറിനോടാണു സമരം!"

വിഷയം മാററി—"വലിയ രാജഭക്തനായിക്കൊണ്ട് രാജ്യത്ത് തൊഴിലവസരസാദ്ധ്യതകളെക്കുറിച്ച് ഒരു പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നുവെന്നു കേട്ടല്ലോ." അമർ പറഞ്ഞു.

"അതു നീണ്ട കഥയാണ്." നരേന്ദ്രൻ പറഞ്ഞു—"കേൾക്കാൻ ധൈര്യമുണ്ടാകുമ്പോൾ കേൾപ്പിക്കാം."

"നാളെ വൈകുന്നേരം അങ്ങോട്ടു വന്നേക്കണം." അമറും ഉഷയും ഒന്നിച്ചു ക്ഷണിച്ചു.

അമർ തിരിച്ചുവന്ന ഉത്സാഹം ഉഷയിൽ രണ്ടാം ദിവസവും നിലനിന്നു. പുതുമകൾ ഓരോന്നായി വിവരിക്കുകയായിരുന്നു, അവർ.

"ഈ ചുമരുകൾക്ക് എന്തൊരു കളറാണു കൊടുത്തിരിക്കുന്നത്! സ്ക്രീനുകൾക്കും അതേനിറം." സ്വീകരണമുറിയെക്കുറിച്ച് അമർ അസംതൃപ്തി പ്രകടിപ്പിച്ചു.

"കയററ് സോബർ കളർ! നരേന്ദ്രൻ ചേട്ടൻ സജസ്ററ് ചെയ്തതാണ്. ഡോക്ടർ റജയ്ക്കും അവിനാശിനും ഇഷ്ടപ്പെട്ടു."

"എല്ലാ കാര്യത്തിലും നരേന്ദ്രൻെറ ഇഷ്ടം നോക്കിയാൽ മതി. എൻേറയും നിൻേറയും ഇഷ്ടം പ്രശ്നമേയല്ല."

"നിങ്ങളുടേയും എൻേറയും ഇഷ്ടത്തിനു തന്നെ മുൻതൂക്കം. എന്നാൽ മററുള്ളവരുടെ കൊള്ളാവുന്ന സജഷൻസുകൂടി സ്വീകരിക്കുന്നതിൽ തെററില്ലല്ലോ. അമിതിനും ഇഷ്ടപ്പെട്ടു."

"എല്ലാവർക്കും ഇഷ്ടപ്പെട്ടിരിക്കാം. എനിക്ക് വെളുത്ത ചുണ്ണാമ്പാണിഷ്ടം. ക്രിമിനാശിനി. ഇതെല്ലാം പുതിയ ഫേഷൻ മാത്രം."

പ്രതാപ് ഉടുപ്പണിഞ്ഞാൽ അരമണിക്കൂറുകൊണ്ട് അഴുക്കാക്കും. വൈകുന്നേരം അഞ്ചുമണിക്ക് തോട്ടത്തിൽ കളിക്കുകയായിരുന്ന കുട്ടിയെ ഉടുപ്പുമാററാൻ ഉഷ പിടിച്ചുകൊണ്ടു വന്നു. കുട്ടി എതിർത്തുകൊണ്ട് നിലവിളിക്കാൻ തുടങ്ങി.

"വിട്ടേക്ക്, കളിച്ചോട്ടെ." അമർ പറഞ്ഞു.

"ഒരു മിനിററുകൊണ്ട് മാററിയേക്കാം. നരേന്ദ്രൻ ചേട്ടനെങ്ങാനും ഇവനെ ഈ വേഷത്തിൽ കണ്ടാൽ വഴക്കു പറയും."

"ഹോ എന്തു കാര്യത്തിലും നരേന്ദ്രൻെറ ഇഷ്ടം!"

"അതിലെന്തിരിക്കുന്നു! ഈ സുന്ദരക്കുട്ടനെ തോട്ടികളുടെ മക്കളെപ്പോലെ ആക്കുന്നതെന്തിനെന്നു ചോദിക്കാറുണ്ടദ്ദേഹം."

"മാററിക്കോ, മാററിക്കോ, കളിക്കാൻ വിടണ്ട. ഉടുപ്പ് അഴുക്കാകാതിരിക്കാൻ വേണമെങ്കിൽ കണ്ണാടിക്കൂട്ടിലിട്ട് പൂട്ടിക്കോ."

"കണ്ണാടിക്കൂട്ടിലൊന്നും ഇടണ്ട, അല്ലേ മോനേ?" ഉഷ മകനെ മാറോടണച്ചുകൊണ്ടു ചോദിച്ചു. എൻെറ പൊന്നുമോൻ നൂറുവട്ടം അഴുക്കാക്കിയാലും അമ്മ മാററിത്തരും."

നരേന്ദ്രൻ വന്ന ഉടനെ അമർ കമ്മ്യൂണിസ്ററുകാരുടെ നയ പരിവർത്തനത്തെ വിമർശിക്കാൻ തുടങ്ങി. മകൻ തിരിച്ചുവന്ന സന്തോഷംകൊണ്ട് സേട്ട്ജി നാടുനീളെ മധുരപലഹാരം വിതരണം ചെയ്തിരുന്നു. മകൻെറ വീട്ടിലേക്കും കുറേ കൊടുത്തയച്ചിരുന്നു. ഉഷ കാപ്പിയും മധുര പലഹാരങ്ങളും രണ്ടുപേരുടേയും മുമ്പിലുള്ള ടീപോയിൽ കൊണ്ടുവച്ചു. അടുക്കളയിലേക്കു പോയി തിരിച്ചുവരുമ്പോൾ നരേന്ദ്രൻ പറയുന്നതു കേട്ടു—"കുടിച്ചുനോക്കരുതോ" അമറിൻെറ മുഖം തുടുത്തു. ഭർത്താവ് ചായയാണു കുടിക്കാറെന്ന കാര്യംപോലും മറന്നുപോയ ഉഷ തിരുത്താൻ ശ്രമിച്ചു—"ഇപ്പഴ് കൊണ്ടുവന്നേക്കാം, ചായ. വെള്ളം തിളയ്ക്കുന്നുണ്ട്."

"വേണ്ട. ഇന്നലേയും കാപ്പിയല്ലേ തന്നത്? ഞാൻ കുടിച്ചിരുന്നില്ലല്ലോ." അമർ ദേഷ്യം കലർന്ന സ്വരത്തിൽ പറഞ്ഞു.

ഉഷ എഴുന്നേററു പോകുന്നതു കണ്ടപ്പോൾ കർക്കശ സ്വരത്തിൽ പറഞ്ഞു—"വേണ്ടെന്നു പറഞ്ഞില്ലേ? എനിക്കുവേണ്ടി ഉണ്ടാക്കണ്ട."

"കാപ്പി ഒന്നു രുചിച്ചു നോക്കെടോ" നരേന്ദ്രൻ പറഞ്ഞു.

"പുതിയ ശീലം തുടങ്ങേണ്ട കാര്യമൊന്നുമില്ല." അമർ പറഞ്ഞു.

"ഓ, ശീലത്തിലൊന്നും കാര്യമില്ല. ശീലത്തിനടിമപ്പെടരുതെന്നു മാത്രം." നനേരന്ദ്രൻ പറഞ്ഞു—"ചായ, കാപ്പി, സിഗരററ്, മദ്യം എന്നിവയൊക്കെ രുചിച്ചറിയുന്നതിൽ തെററില്ല."

"അതൊക്കെ നിങ്ങൾക്കു വിട്ടിരിക്കുന്നു." അമർ മുഖം തിരിച്ചുകൊണ്ടു പറഞ്ഞു. ഉഷ വിഷാദത്തോടെ നിശ്ശബ്ദത പാലിച്ചു.

"നമുക്കു വെളിയിൽ നടന്നുവരാം." നരേന്ദ്രൻ നിർദ്ദേശിച്ചു.

"ഇപ്പഴ് പററില്ല. എനിക്ക് ഡിസ്പെൻസറിയിൽ ജോലിയുണ്ട്."

"അപ്പഴ് മററന്നാളത്തെ കാര്യം ഉറപ്പിച്ചല്ലോ." നരേന്ദ്രൻ പുറപ്പെടുന്നതിനിടയിൽ ചോദിച്ചു. "തലസ്ഥാന നഗരിയിൽ നടക്കാനിരിക്കുന്ന ഈ പരിപാടിയിൽ പങ്കെടുക്കാൻ ഞങ്ങളെല്ലാം കുറേ ദിവസങ്ങളായി ഒരുങ്ങുകയായിരുന്നു. എന്തായാലും കാണണം."

നരേന്ദ്രൻ പോയപ്പോൾ അമറും എഴുന്നേററു. മുഖം തിരിച്ചുകൊണ്ട് ഡിസ്പെൻസറിയിലേക്ക് പോയി. ഭർത്താവിൻെറ പിണക്കമൂലം ഉഷയുടെ ഉത്സാഹവും സന്തോഷവുമെല്ലാം വെള്ളത്തിലായി. ഇന്നലെ വന്നതേയുള്ളൂ. ഇന്ന് വഴക്ക്. റോസി ഭക്ഷണം പാകം ചെയ്യുന്നതിൽ മുഴുകിയിരിക്കുന്നു. പരമു പ്രതാപിനേയും കൂട്ടി നടക്കാൻ പോയിട്ടുണ്ട്. ഉഷ ഏതോ മാസികയെടുത്ത് താളുകൾ മറിച്ചുകൊണ്ടിരുന്നു. എന്നാൽ വായിക്കാൻ മനസ്സു വന്നില്ല. ആവശ്യമില്ലാതെ ഒരു ദേഷ്യം!

ഇരുട്ട് വ്യാപിച്ചുതുടങ്ങിയിരുന്നു. ഇനി രോഗികൾ വരാനുള്ള സാദ്ധ്യതയില്ല. താനില്ലാതിരുന്നപ്പോൾ കാര്യങ്ങൾ എങ്ങിനെ നടന്നുകൊണ്ടിരുന്നുവെന്നു കമ്പൗണ്ടറോടു അന്വേഷിക്കുകയായിരുന്നു, അമർ. രോഗികളുടെ വരവിന് കുറവുണ്ടായിരുന്നില്ല. പല രോഗികൾക്കും എം ബി ബി എസ്സുകാരനായ ഡോക്ടറെക്കാൾ കമ്പൗണ്ടറെയായിരുന്നു, വിശ്വാസം. രോഗികളെ സ്വാധീനിക്കുന്നതിൽ ഇൽമദീൻ സമർത്ഥനായിരുന്നു. രോഗികളുടെ നാഡി പിടിച്ചുനോക്കുമായിരുന്നു. സ്റെറതസ്കോപ്പും ഉപയോഗിച്ചിരുന്നു. വരുമാനത്തിൽ തൻെറ ശമ്പളം കഴിച്ച് ബാക്കി സേട്ട്ജിയെ ഏല്പിച്ചിരുന്നു. "ഇനിയിപ്പോൾ നിങ്ങൾ തിരിച്ചുവന്നതുകൊണ്ട് കാര്യങ്ങളൊക്കെ ശരിപ്പെടുകൊള്ളും." ഇൽമദീൻ ആശ്വാസം പ്രകടിപ്പിച്ചു. അമറും ഇൽമദീനും ഒന്നിച്ചിറങ്ങി. അമർ കുറേദൂരം നടന്നാണു വീട്ടിലേക്കു

(ശേഷം 49 -ാം പേജിൽ)

മികച്ച പുസ്തകങ്ങൾക്ക്
മൾബെറിയിൽ
അംഗമാകുക
അംഗത്വസംഖ്യ 10 രൂപ
M.O. അയക്കുക

MULBERRY PUBLICATIONS,
25. ARYA BHAVAN, S.M. STREET,
RADHA THEATRE COMPOUND,
KOZHIKODE - 673 001
PHONE: 73646 P.P RESI: 423603

തൂലികാസൗഹൃദം

അഭിരുചിക്കിണങ്ങിയ സ്വദേശ-വിദേശ തൂലികാ സുഹൃത്തുക്കളെ (PEN — FRIENDS) സ്ത്രീ-പുരുഷഭേദമന്യേ തിരഞ്ഞെടുക്കുവാനും വിനോദ-കായിക മാസികകളുടെ ആജീവനാന്ത സൗജന്യ വരിക്കാരാകുവാനും എഴുതുക. (വിദേശത്തേക്കും മറുപടി അയക്കുന്നതാണ്)

MANAGER
EPOCH THOTTAPPALLY
PIN 688 563 KERALA

കേരള
ദിനേശ്
ബീഡി
കണ്ണൂർ

GREAT BOOKS
GREAT MAGAZINES
Classics, Bestsellers, Computer, Architecture, Popular Science, Photography etc Magazines.
ELOOR LENDING LIBRARY
I Floor, Press Club Road, Ernakulam, Opp. S. M. V. School, M. G. Road, Trivandrum, Blue Cross Chambers, Behind Kalpatharu Infantry Road Cross, Bangalore-560 001.

N.B.S. news
പുതിയ പുസ്തകങ്ങൾ
ജീവിതശിൽപ്പികൾ (പഠനം)
സി.പി. ശ്രീധരൻ 18.00
ഫിലിം ടെക്നിക്ക്
പുഡോവ്ക്കിൻ
വിവ. എം.എം.വർക്കി 30.00
അർച്ചന (നോവൽ)
ജി. അനിരുദ്ധൻ 22.00
കാക്കപ്പൊന്ന് (നോവൽ)
മാത്യു വർഗ്ഗീസ് 12.00
അക്ഷയമേഘജ്യോതിസ്സ് (ഖണ്ഡകാവ്യം)
വി. ചെല്ലപ്പൻ വാദ്ധ്യാർ 25.00
ഡോ.കെ.എൻ. എഴുത്തച്ഛൻെറ കൃതികൾ ഒരു പഠനം
ഡോ. ധർമ്മരാജ് അടാട്ട് 22.00
Modern Indian Literature
K.M. Govi 20.00
നാഷനൽ ബുക്ക് സ്ററാൾ
കോട്ടയം

ഞങ്ങൾ തെരയുന്നു

ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ നിന്നും വ്യത്യസ്തമായി ഒരു വിദ്യാലയം തുടങ്ങുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇടുങ്ങിയ സിലബസ്സും, മത്സരപരീക്ഷകളും കൊണ്ട് കുട്ടികളെ ശ്വാസംമുട്ടിക്കാത്ത പഠനം മധുരമാക്കുന്ന ഒരു വിദ്യാലയം. മുഴുവൻ സമയം ചെലവഴിക്കാൻ തയ്യാറുള്ള യുവ അദ്ധ്യാപകരെ ആവശ്യമുണ്ട്. ദമ്പതികൾക്ക് മുൻഗണന. ആരോഗ്യകരമായ ഒരു വിദ്യാഭ്യാസരീതിയെക്കുറിച്ചുള്ള നിങ്ങളുടെ സങ്കല്പവും ബയോ-ഡേറ്റയും സഹിതം എഴുതുക.
Apply to Box No: K-205
C/o. Kala Kaumudi
Pettah
Thiruvananthapuram-695024



എം. കൃഷ്ണൻനായർ

സാഹിത്യവാരഫലം

മനുഷ്യൻ ഈശ്വരനാണ്; അതേസമയം പിശാചും...ഈ വൈരുദ്ധ്യം പ്രതിപാദിക്കാത്ത വലിയ എഴുത്തുകാരില്ല.

ഇക്കാലത്തെപ്പോലെ പ്ളാസ്റ്റിക് കൂടുകളിലല്ല അക്കാലത്ത് മിൽമ പാലുവിതരണം ചെയ്തിരുന്നത്. ആകർഷകങ്ങളായ കുപ്പികളിൽ പാലുനിറച്ച് ബൂത്തിൻെറ സിലിൽ (sill) വച്ചിരിക്കും. വെണ്മയാർന്ന ആ പാല്ക്കുപ്പികൾ കാണുമ്പോഴൊക്കെ പണ്ട് ആശുപത്രികളിൽ ജോലി നോക്കിയിരുന്ന യൂറോപ്യൻ നേഴ്സുകളെ ഞാൻ ഓർമ്മിക്കും. അങ്ങനെ നിരത്തിവച്ച കുപ്പികൾക്കിടയിൽ വിരലമർത്തിക്കൊണ്ട് അവൾ—ഏതോ വീട്ടിൽ നല്ലപോലെ നിറുത്തിയിരിക്കുന്ന പരിചാരിക—''രണ്ടുകുപ്പിപ്പാല്'' എന്നു മൊഴിഞ്ഞു. നെയ്ൽ പോളിഷ് ഇട്ട വിരലുകൾ രണ്ടു കുപ്പികളിലും പനിനീർപ്പൂക്കളുണ്ടാക്കി. അതുകണ്ട ഞാൻ വിചാരിച്ചു ഇവൾ വീട്ടിൽച്ചെന്ന് ഓരോ അരിയും വിരൽകൊണ്ടു നീക്കിവയ്ക്കുകയാണെന്നിരിക്കട്ടെ. അപ്പോൾ ഓരോ അരിമണിയും ഓരോ സ്വർണ്ണമണിയായി ത്തീരില്ലേ? തീരും എന്നതിനു സംശയം വേണ്ട. മുറത്തിൻെറ ഒരററത്തേക്കു ചെല്ലുമ്പോൾ അവ വീണ്ടും അരിമണികളായി മാറും. ഫ്രിജിയൻ രാജാവ് മൈദസ് എന്തുതൊട്ടാലും സ്വർണ്ണമായി മാറും. ഇവൾക്കു താൽകാലികമായി പനിനീർപ്പൂക്കളുണ്ടാക്കാൻ കഴിയും. താൽകാലികമായി അരിമണികളെ സ്വർണ്ണമണികളാക്കാൻ കഴിയും. അനുഗൃഹീതനായ കവി വെറും വാക്കുകളെ മാന്ത്രികസ്പർശം കൊണ്ട് എല്ലാക്കാലത്തേക്കും സ്വർണ്ണമാക്കി മാററുന്നതു നോക്കുക:-

''കന്യമാർക്കു നവാനുരാഗങ്ങൾ കമ്രശോണസ്ഫടികവളകൾ/ഒന്നുപൊട്ടിയാൽ മറ്റൊന്ന്...''

വൈരുദ്ധ്യം

മനുഷ്യൻ ഈശ്വരനാണ്; അതേസമയം പിശാചും. ഒരാൾ 'മേഫ്ലസന്ദേശ'മെഴുതുകയും മററൊരാൾ നൗഖാലിയിൽ പിഞ്ചുകുഞ്ഞുങ്ങളെ ജീവനോടെ ചുവരിൽ ചേർത്തുവച്ച് ആണിയടിക്കുകയും ചെയ്യുന്ന വൈരുദ്ധ്യമല്ല ഞാൻ ലക്ഷ്യമാക്കുന്നത്. ഒരാളിൽത്തന്നെയുള്ള ഐശ്വരാംശവും പൈശാചികത്വവുമാണ് ഞാനുദ്ദേശിക്കുന്നത്. ഈ വൈരുദ്ധ്യം പ്രതിപാദിക്കാത്ത വലിയ എഴുത്തുകാരില്ല. യൂഗോയുടെ 'പാവങ്ങൾ' എന്ന നോവൽ നോക്കുക. പത്തൊൻപതുകൊല്ലം കാരാഗൃഹത്തിൽ കിടന്നിട്ട് മഞ്ഞപ്പാസ്പോർട്ടുമായി പുറത്തേക്കുപോന്ന ഷാങ്‌വൽഷാങ് തന്നെ സ്നേഹിച്ച മെത്രാൻെറ വെള്ളിപ്പാത്രങ്ങൾ മോഷ്ടിച്ചു. അയാളെ പൊലിസ് പിടിച്ചു മെത്രാൻെറ മുൻപിൽ കൊണ്ടുവന്നപ്പോൾ അദ്ദേഹം വെള്ളി മെഴുകുതിരിക്കാലുകൾ എടുത്തു കൊടുത്തിട്ട് 'ഇതും ഞാൻ നിങ്ങൾക്കു തന്നതാണല്ലോ. എന്തേ കൊണ്ടുപോകാത്തത്?' എന്നുചോദിച്ച് അയാളെ രക്ഷിച്ചു. അതോടെ തീക്ഷ്ണപ്രകാശത്തിൽപ്പെട്ടു കണ്ണുകാണാത്തവനെപ്പോലെയായി ഷാങ്‌വൽഷാങ്. ബിഷപ്പിൻെറ ഭവനത്തിൽനിന്നു തെരുവിലേക്കു പോന്ന അയാൾ ആദ്യം ചെയ്തത് ഒരു ബാലൻെറ നാണയം അപഹരിക്കുക എന്നതായിരുന്നു. മനുഷ്യസ്വഭാവത്തിൻെറ വൈരുദ്ധ്യം!

ഷാങ്‌വൽഷാങ് പിന്നീട് ഒരു നഗരത്തിൻെറ മേയറായി. മേയറായിരിക്കുമ്പോൾ അയാൾ അറിഞ്ഞു തൻെറ പേരുള്ള ഒരുത്തനെ പിടികൂടി ശിക്ഷിക്കാൻ പോകുന്നുവെന്ന്. താനാണ് കുററക്കാരൻ; നിരപരാധൻ ജയിലിൽ കിടക്കാൻ പോകുന്നു. അയാളെ രക്ഷിക്കാനായി ഷാങ്‌വൽഷാങ് പാഞ്ഞുപോകുമ്പോൾ അയാൾക്കു വേറൊരു കുതിരയെ വേണ്ടിവന്നു. അതിന് അയാളെ സഹായിച്ച ഒരു കുട്ടി പ്രതിഫലം ചോദിച്ചിട്ടും അതു കൊടുക്കാതെയാണ് അയാൾ പോയത്. അതേസമയം താൻ മേയറായ പട്ടണത്തിൽ ആരെങ്കിലും കഷ്ടപ്പെടുന്നുവെന്നറിഞ്ഞാൽ ഷാങ്‌വൽഷാങ് അവൻെറ വീട്ടിൽ ആരുമറിയാതെ ചെന്ന് സ്വർണ്ണനാണയം മേശപ്പുറത്തുവച്ചിട്ടു പോരും. ഇവിടെയും മനുഷ്യസ്വഭാവത്തിൻെറ വൈരുദ്ധ്യം കാണുന്നു നമ്മൾ.

മീഗൽ ദെ തെർവാൻറസിൻെറ (Miguel de Cervantes) ദോൺ കീ ഹോട്ടെ (Don Quixote) എന്ന നോവലിലെ രണ്ടു കഥാപാത്രങ്ങളായ ദോൺ കീ ഹോട്ടെയും സാൻചൊ പാൻതായും (Sncho Panza) ഒരു വ്യക്തിയിൽത്തന്നെയുള്ള വൈരുദ്ധ്യത്തിനാണ് പ്രാതിനിധ്യം വഹിക്കുന്നത്. പട്ടിക്കുട്ടിയെ കാറിലിരുത്തിക്കൊണ്ടു പോകുകയും പൂച്ചക്കുട്ടിയെ കൂടെക്കിടത്തുകയും ചെയ്യുന്ന വീട്ടമ്മ കോഴിയുടെ കഴുത്തു കണ്ടിച്ചു ഫ്രൈ ഉണ്ടാക്കുകയും അതു രുചിയോടെ ഭക്ഷിക്കുകയും ചെയ്യുന്നു. മഹത്ത്വമുള്ള മനുഷ്യൻ ക്രൂരനായി പെരുമാറും. ഇന്നമവാസനയ്ക്കു യോജിച്ച രീതിയിൽ എന്തും ചെയ്യുന്നവൻ യുക്തിക്കു യോജിച്ച രീതിയിൽ നൃശംസതയിൽ നിന്നു മാറിനില്ക്കും. സന്ന്യാസി ബലാത്സംഗത്തിനു ഒരുമ്പെട്ടാൽ അതിലദ്ഭുതപ്പെടേണ്ടതില്ല. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ശ്രീ.ബാലകൃഷ്ണൻ എഴുതിയ 'മൂർത്തീദമ്പതികൾ' എന്ന ചെറുകഥയിലും കാണാം ഈ വൈരുദ്ധ്യപ്രതിപാദനം. ചർക്ക കറക്കി നൂലു നൂല്ക്കുകയും ആധ്യാത്മികജീവിതം നയിക്കുകയും ചെയ്യുന്നവരാണ് മൂർത്തിയും അയാളുടെ ഭാര്യയും. പക്ഷേ സ്വന്തം പട്ടി ഒരു ചത്ത എലിയെ കടിച്ചുതിന്നപ്പോൾ ആ സ്ത്രീ അതിനെ തല്ലിക്കൊല്ലുന്നു. അവിടെ യുക്തിയല്ല, ജന്മവാസനയാണ് ജയിക്കുക. മനുഷ്യൻെറ അടിസ്ഥാനപരമായ സ്വഭാവം ഇതായതുകൊണ്ടാണ് ബുദ്ധനും ക്രിസ്തുവും ഗാന്ധിജിയും ഉദ്ബോധനങ്ങൾ നടത്തിയിട്ടും അവർ അണുപോലും വ്യതിചലിക്കാത്തത്.

ബാലകൃഷ്ണൻെറ ആശയം നന്ന്. പക്ഷേ പ്രതിപാദനം നന്നല്ല. ജീവനില്ലാത്ത ഒരു കഥയായി മാത്രം ഞാനിതിനെ കാണുന്നു. കലയെന്ന നിലയിൽ ഭാവനാത്മകമായി ആശയാവിഷ്കാരം നടത്തുമ്പോഴാണ് അനുവാചകഹൃദയം വേഗമാർന്നു സ്പന്ദിക്കുന്നത്. അത് ഈ രചനയിൽ നിന്ന് ഉണ്ടാകുന്നില്ല.

പറയുന്നത്-മനസ്സിലുള്ളത്

ഡോക്ടർ (രോഗിയോട്): ഞാൻ സ്പെഷലിസ്ററിനു എഴുത്തു തരാം. ഞാൻ തന്നെ ചികിത്സിക്കുന്നതിനെക്കാൾ നല്ലതാണത്.

[ഡോക്ടറുടെ മനസ്സിലുള്ളത്: തൻെറ രോഗമെന്തെന്ന് എനിക്ക് അറിഞ്ഞുകൂടാ. വേറൊരുത്തൻെറ അടുത്തു പോടോ.]

ഓഫീസർ (അപേക്ഷയിൽ എന്തു തീരുമാനിച്ചുവെന്നറിയാൻ വന്നവനോട്): മഴയല്ലേ സ്ററാഫ് മുഴുവനുമെത്തിയിട്ടില്ല. രണ്ടുദിവസം കഴിഞ്ഞുവരൂ.

[ഓഫീസറുടെ മനസ്സിൽ: എൻെറ കൊള്ളരുതായ്മ കൊണ്ട് എല്ലാവരും എന്നും ലീവിലാണ്. സമാധാനം ചോദിച്ചാൽ, ലീവ് കൊടുക്കാതിരുന്നാൽ അവർ എന്നെ ഫ്ലേരാവോ ചെയ്യും. ഉപദ്രവിക്കാതെ സ്ഥലം വിടടോ:]

മാന്യനായി കഴിയുന്നവൻ (കടം ചോദിക്കുന്നയാളിനോട്): ഇന്നലെ ചോദിച്ചിരുന്നെങ്കിൽ ആയിരമോ രണ്ടായിരമോ തരാമായിരുന്നു.

[മാന്യൻെറ മനസ്സിൽ: ഇന്നു ബസ്സ്കൂലിക്കു പോലും പൈസയില്ല എൻെറ കൈയിൽ. ഇന്നലെയല്ല ശതാബ്ദങ്ങളായി ഞാൻ ദാരിദ്ര്യം അനുഭവിക്കുന്നവനാണ്.]

പുരുഷൻ (തരുണിയോട്): സാരി എത്ര മനോഹരം!

[പുരുഷൻെറ മനസ്സിൽ: നിന്നെ കണ്ടിട്ട് എനിക്കു കാമവികാരമിളകുന്നു.]

ഞാൻ (അതിഥിയോട്): എൻെറ ഈ വീട് ഒഴിഞ്ഞ പ്രദേശത്താണ്. അതുകൊണ്ട് ഉപദ്രവമില്ലാതെ വായിക്കാം. എഴുതാം. മുൻവശത്തു വയൽ. നാലുചുററും മരങ്ങൾ. വീടാണെങ്കിൽ ചെലവുകുറഞ്ഞ ബേക്കർ മോഡൽ. എൻെറ ഭാഗ്യം.

[എൻെറ മനസ്സിൽ: ഒഴിഞ്ഞ പ്രദേശത്തു വാങ്ങിച്ചതുകൊണ്ട് സെൻറിന് മൂവായിരം രൂപയ്ക്കു കിട്ടി. ഈ പ്രദേശത്തേക്കു ആരും തിരിഞ്ഞുനോക്കുന്നില്ല. വയലിലെ ചെളളും കൊതുകും കടിച്ച് എനിക്ക് ഉറക്കമില്ല. മരങ്ങൾ മറിഞ്ഞുവീണ് ഏതു സമയത്തും ഞാൻ മരിക്കാം. പണം കുറവായതുകൊണ്ട് ബേക്കർ മോഡൽ. ഫലം ഞാൻ കഷ്ടപ്പെട്ടു വാങ്ങിയ പുസ്തകം മുഴുവനും ചിതൽ തിന്നുകഴിഞ്ഞു.]

ഹോട്ടൽബോയ് (കടയിൽ കയറിയവനോട്): ചൂടാന ഇഡ്ഡലി ഇരുക്ക് സാർ.

[അവൻെറ മനസ്സിൽ: ഉച്ചയ്ക്കു മിച്ചംവന്ന ചോറ് ഉടമ ഇഡ്ഡലിയാക്കി വച്ചിട്ടുണ്ട്. കഴിക്ക്. വയററുവേദന വരുത്ത്.]

നാലാങ്കൽ

നാലാങ്കൽ കൃഷ്ണപിള്ളസ്സാറ് മരിച്ചിട്ട് ഒരുമാസം തികയുന്നു ഇന്ന് (2-2-91). ഇതുവരെയും ഞാൻ അദ്ദേഹത്തെക്കുറിച്ച് എഴുതിയില്ല. അദ്ദേഹം മരിച്ചുവെന്ന് അദ്ദേഹത്തിൻെറ പുത്രൻ ഡോക്ടർ ശബരീനാഥ് എന്നെ റെറലി ഫോണിലൂടെ അറിയിച്ചിട്ടും ഞാൻ പോയില്ല. പനിപിടിച്ചു ഞാൻ കിടപ്പിലായിരുന്നു. ഒരു സഞ്ചയനത്തിനും പോകരുതെന്നു ഞാൻ വളരെക്കാലം മുൻപ് തീരുമാനിച്ചതുകൊണ്ട് സാറിൻെറ സഞ്ചയനകർമ്മത്തിനും ഞാൻ ചെന്നില്ല. അതുകൊണ്ട് എൻെറ ഗുരുനാഥനായ അദ്ദേഹത്തോട് എനിക്കു സ്നേഹമില്ല, ബഹുമാനമില്ല എന്ന് വരുന്നില്ല. ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ചില ഗുരുനാഥന്മാരിൽ പ്രധാനനാണ് നാലാങ്കൽ കൃഷ്ണപിള്ള അവർകൾ.

നാലാങ്കൽ കൃഷ്ണപിള്ള എന്ന പേരുവച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അക്കാലത്ത്—1938-ൽ—കവിതകൾ വന്ന സന്ദർഭം. ആ കവിതകൾ ഞാനും എൻെറ സുഹൃത്തുമായ ശ്രീ.ഈ.ഐ. ജോർജ്ജും വായിച്ചുരസിച്ചിരുന്നു. അങ്ങനെയിരിക്കെ ഒരുദിവസം അവയുടെ രചയിതാവ് ഞങ്ങളുടെ അധ്യാപകനായി വന്നു. ചരിത്രമാണ് സാറിൻെറ വിഷയമെങ്കിലും അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചത് ഇംഗ്ളീഷായിരുന്നു. കോൺക്രീററ് കൊണ്ടുനിർമ്മിച്ച മനസ്സുകളായിരുന്നു പല വിദ്യാർത്ഥികൾക്കും. അതിൽ ഇംഗ്ളീഷ് കവിതയുടെ പൂക്കൾ വിരിയിച്ച പ്രതിഭാശാലിയായിരുന്നു നാലാങ്കൽസ്സാറ്. ഞാനും എൻെറ കൂടെപ്പഠിച്ചവരും അദ്ദേഹത്തെ ഇന്നോർമ്മിക്കുന്നത് ആ വൈദഗ്ദ്ധ്യത്താൽത്തന്നെയാണ്.

കവിതയിലും സൗന്ദര്യത്തിൻെറ പുഷ്പങ്ങൾ വിടർത്തി അദ്ദേഹം. ആ പൂക്കൾക്കു സൗരഭ്യമുണ്ട് സൗന്ദര്യമുണ്ട്. പക്ഷേ കേരളീയർ ആ പരിമളവും ഭംഗിയും വേണ്ടപോലെ ആസ്വദിച്ചോ എന്നു സംശയം. ആസ്വദിച്ചെങ്കിൽ നാലാങ്കൽസ്സാറ് ഇന്നാർജ്ജിച്ച യശസ്സിനെക്കാൾ കൂടുതൽ യശസ്സ് ആർജ്ജിക്കുമായിരുന്നു. ഭാരതീയ സംസ്കാരത്തിൽനിന്ന് ജീവിതത്തെയും അതിനോടു ബന്ധപ്പെട്ട സത്യത്തെയും വലിച്ചെടുത്തു നമ്മുടെ മുൻപിൻ വച്ച കവിയായിട്ടാണ് ഞാൻ അദ്ദേഹത്തെ കാണുന്നത്.

മനുഷ്യനെന്ന നിലയിൽ ശുദ്ധാത്മാവ്. ഒരുദിവസം തിരുവനന്തപുരത്തെ സബ്ട്രഷറിയിൽ അദ്ദേഹം സഹധർമ്മിണിയുമായി വന്നു. ''നാലാങ്കൽസ്സാറ്, നാലാങ്കൽസ്സാറ്'' എന്ന് അദ്ദേഹത്തെ നേരിട്ടറിയാത്തവരും അടക്കിയ സ്വരത്തിൽ ബഹുമാനത്തോടെ പറയുന്നതു ഞാൻ കേട്ടു. ഒരാൾ കസേരയെടുക്കാൻ ഓടിപ്പോയി. അതു കൊണ്ടുവരുന്നതിനു മുൻപ് സാറ് ശക്തിക്കുറവുകൊണ്ട് താഴെ വീണുപോയി.

കലയെന്ന നിലയിൽ ഭാവനാത്മകമായി ആശയാവിഷ്ക്കാരം നടത്തുമ്പോഴാണ് അനുവാചകഹൃദയം വേഗമാർന്ന് സ്പന്ദിക്കുന്നത്.



യൂഗോ



നാലാങ്കൽ കൃഷ്ണപിള്ളസ്സാറ്

ശ്രീ ചിത്തിരതിരുനാൾ
മഹാരാജാവ്

കോൺക്രീററുകൊണ്ട് നിർമ്മിച്ച മനസ്സുകളായിരുന്നു പല വിദ്യാർത്ഥികൾക്കും. അതിൽ ഇംഗ്ളീഷ് കവിതയുടെ പൂക്കൾ വിരിയിച്ച പ്രതിഭാശാലിയായിരുന്നു നാലാങ്കൽസ്സാറ്....കവിതയിലും സൗന്ദര്യത്തിൻെറ പൂക്കൾ വിടർത്തി അദ്ദേഹം. ആ പൂക്കൾക്ക് സൗരഭ്യമുണ്ട്, സൗന്ദര്യമുണ്ട്. പക്ഷേ കേരളീയർ ആ പരിമളവും ഭംഗിയും വേണ്ടപോലെ ആസ്വദിച്ചോ എന്ന് സംശയം.

അവിടിരുന്നുകൊണ്ട് ''തിടുക്കമൊന്നുമില്ല. സൗകര്യംപോലെ ഡി.എ.കുടിശ്ശിക എത്രയുണ്ടെന്നു കണക്കാക്കിത്തന്നാൽ മതി'' എന്ന് പറയുന്നുണ്ടായിരുന്നു. വാർദ്ധക്യത്തോടും ശക്തിരാഹിത്യത്തോടും ചേർന്ന അസഹിഷ്ണുത അദ്ദേഹം കാണിച്ചതേയില്ല. ഞാൻ അദ്ദേഹത്തിൻെറ മുൻപിൽച്ചെന്നു കൈകൾ കൂപ്പിനിന്നു. സാറ് എൻെറ കൈകൾ ഗ്രഹിച്ച് ''കൃഷ്ണൻനായർ മാത്രമേ എന്നെക്കുറിച്ചു വല്ലപ്പോഴുമെങ്കിലും എഴുതുന്നുള്ളു. നിങ്ങൾ എൻെറ ശിഷ്യനാണെങ്കിലും താങ്ക്സ് പറയുന്നു.'' എന്നു പറഞ്ഞു.

നാലാങ്കൽസ്സാറിൻെറ ''രഥ''മെന്ന കാവ്യം മാതൃഭൂമി ആഴ്ചപ്പതിപ്പിലുണ്ട്. ചെറുപ്പക്കാർ മരണത്തെ നിഷേധിക്കും. അനുഭവസമ്പത്തുള്ള വൃദ്ധരായ കവികൾ അത് മുൻപിലെത്തിയ സത്യമായി ദർശിക്കും. ആ ദർശനമാണ് ഇക്കാവ്യത്തിലുള്ളത്. സാറ് വളരെക്കാലമായി ആ ദർശനത്തെക്കുറിച്ച് എഴുതുകയായിരുന്നു. ഇപ്പോൾ അത് സാക്ഷാത്കരിച്ച് നമ്മുടെയിടയിൽനിന്ന് അന്തർദ്ധാനം ചെയ്തിരിക്കുന്നു. വേദവേദാന്തങ്ങൾ പ്രകീർത്തനം ചെയ്യുന്ന അമരത്വത്തിനും മററും ദൗർബ്ബല്യം സംഭവിച്ച കാലയളവിലാണ് നമ്മൾ ജീവിക്കുന്നത്.

''വേദവേദാന്തങ്ങളെത്ര വായിച്ചിട്ടും
ചേതന, ജന്മൽ തുറക്കുന്നീല''

എന്നു കവി പറഞ്ഞത് എത്ര സത്യം. അതിനെക്കുറിച്ചു പര്യാലോചന ചെയ്യാൻ ആഹ്വാനം നടത്തിയിട്ട് അദ്ദേഹം പോയി. ആ നല്ല മനുഷ്യൻെറ മുൻപിൽ, നല്ല കവിയുടെ മുൻപിൽ, നല്ല ഗുരുനാഥൻെറ മുൻപിൽ ഞാൻ വിഷാദത്തോടെ നില്ക്കുന്നു.

മഹാദുഃഖത്തിലെ കലർപ്പ്

ഞാൻ രാജഭക്തനാണ്. എന്നു പറഞ്ഞാൽ 'മോണർക്കി'യോടു ഭക്തിയുണ്ടെന്നല്ല. ശ്രീചിത്തിരതിരുനാൾ മഹാരാജാവിനോടു എനിക്കു ഭക്തിയും സ്നേഹവും ബഹുമാനവും ഉണ്ടെന്ന് അർത്ഥം. കോൺഗ്രസ്സുകാരനല്ലാത്ത ഞാൻ ജവാഹർലാൽനെഹ്റുവിനെയും കമ്മ്യൂണിസ്ററല്ലാത്ത ഞാൻ ശ്രീ.ഇ.എം.എസ്സിനെയും ശ്രീ.അച്യുതമേനോനെയും സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു. ഇത് വ്യക്തിവൈശിഷ്ട്യം കണ്ടുണ്ടായ വികാരങ്ങളാണ്. നാടുനീങ്ങിയ മഹാരാജാവിൻെറ ഹൃദയനൈർമല്യം, പ്രജാസ്നേഹം, പതിത കാരുണ്യം ഇവ ആരെയും ആകർഷിച്ചിരുന്നു. ആ നിലയിൽ ഞാനും ആ മഹാവ്യക്തിയുടെ ആരാധകനായി മാറി. ഒരിക്കൽ കൈനിക്കര പദ്മനാഭപിള്ള മഹാരാജാവിനെ കാണാൻ ചെന്നു. പലതും സംസാരിച്ച കൂട്ടത്തിൽ അദ്ദേഹത്തിൻെറ ഉന്നതസ്ഥാനത്തിനു ഭ്രംശം വന്നതിനെക്കുറിച്ച് കൈനിക്കര വളരെ പ്രഗല്ഭമായി, സൂചനാത്മകമായി പറഞ്ഞപ്പോൾ മഹാരാജാവ് ''അതിനെന്താ പ്രജാധിപത്യത്തിൻെറ പ്രവാഹത്തിൽ നാമൊക്കെ തടസ്സം സൃഷ്ടിക്കാൻ പാടില്ലല്ലോ'' എന്നാണ് അദ്ദേഹം മറുപടി നല്കിയത്. എല്ലാവിധത്തിലുള്ള അധികാരങ്ങളും ഉണ്ടായിരുന്ന ശ്രീചിത്തിരതിരുനാളിന് ജനാധിപത്യത്തെ മാനിക്കാനും അതിനുവേണ്ടി സ്ഥാനമൊഴിഞ്ഞുകൊടുക്കാനും സഹായിക്കുന്ന നന്മയാർന്ന ഹൃദയമുണ്ടായിരുന്നുവെന്ന് ഈ പ്രസ്താവം തെളിയിക്കുന്നു. അതുകൊണ്ടാണ് അദ്ദേഹം നാടുനീങ്ങിയപ്പോൾ ബഹുജനം വല്ലാതെ ദുഃഖിച്ചത്. ആ മഹാദുഃഖം മഹാരാജാവിൻെറ പ്രത്യക്ഷ ശരീരത്തിൻെറ അന്തർദ്ധാനം കൊണ്ടുണ്ടായതുതന്നെ. സംശയമില്ല. എങ്കിലും അത് ഇന്നത്തെ പ്രജാധിപത്യത്തിൻെറ കെടുതികളിൽനിന്നു കൂടി ജനിച്ചതല്ലേ എന്നു സംശയിക്കേണ്ടതാണ്. രാജവാഴ്ചയുടെ ഏകശാസനാധിപത്യം അന്നത്തെ ജനതയെ ഒട്ടൊക്കെ ക്ളേശിപ്പിച്ചിരുന്നുവെങ്കിലും ജീവിതം താരതമ്യേന സുഖപ്രദമായിരുന്നു. പ്രതിമാസം എട്ടുരൂപ ശംബളമുള്ളവൻ നാലുരൂപ ചെലവാക്കി ഒരല്ലലുമില്ലാതെ കഴിഞ്ഞിരുന്നു. ബാക്കി നാലുരൂപ അയാൾ അഞ്ചലാഫീസിൽ നിക്ഷേപിക്കുമായിരുന്നു. എൻെറ പിതാവിനു മാസന്തോറും നാല്പതു രൂപയാണ് ശംബളം കിട്ടിയിരുന്നത്. ആ തുകയിൽ പകുതിമാത്രം ചെലവാക്കി ഞങ്ങൾ രാജകീയമായ മട്ടിൽ ജീവിച്ചിരുന്നു. റോൾസ് റോയിസ് കാറിൽ കയറിയിരുന്നാൽ എന്തു സുഖമുണ്ടാകുമോ ആ സുഖത്തോടുകൂടി അറുപതുരൂപയ്ക്കു കിട്ടിയിരുന്ന റാലിസൈക്കിളിൽ ഞാൻ സ്കൂളിൽ പോയിരുന്നു. അഞ്ഞൂറു രൂപയ്ക്കു കിട്ടുന്ന ഡി.കെ.ഡബ്ൾയു എന്ന ജർമ്മൻ കാറ് ഞങ്ങൾക്കു സ്വന്തമായി ഉണ്ടായിരുന്നു. ഇന്നോ? എനിക്കു സിററി ബസ്സിൽ കയറാൻ ഒരുരൂപയില്ല. കുറേ വർഷങ്ങൾക്കു മുൻപ് ഒരു കിലോ റെറാമാറേറാ ഇരുപതു പൈസ കൊടുത്തു ഞാൻ വാങ്ങിയിരുന്നു. ഇന്നലെ രണ്ടരരൂപ കൊടുത്തു ഒരു റെറാമാറേറാ ഞാൻ വാങ്ങി. സ്ഥിരം വരുമാനം; സാധനങ്ങളുടെ വില ഓരോ ദിവസവും കുതിച്ചുകയറുന്നു. മനുഷ്യർക്കു എന്തെന്നില്ലാത്ത കഷ്ടപ്പാടാണിപ്പോൾ. മഹാരാജാവിൻെറ നാടുനീങ്ങലറിഞ്ഞ് ഞാൻ കണ്ണീർപൊഴിച്ചപ്പോൾ ആ കണ്ണീരിൽ നഷ്ടപ്പെട്ട ഭൂതകാലത്തിൻെറ ഓർമ്മകൾ കൂടി കലർന്നിരുന്നില്ലേ? ആ രാജവാഴ്ച ഇന്നും ഉണ്ടായിരുന്നെങ്കിൽ ഇന്നത്തെ ദാരിദ്ര്യവും ക്ളേശങ്ങളും നരഹത്യകളും കുതികാൽവെട്ടുകളും സംഭവിക്കില്ലായിരുന്നല്ലോ എന്ന ചിന്ത കൂടി അതിലുടെ ഒഴുകിയിരുന്നില്ലേ? മഹാരാജാവിൻെറ വിയോഗം ജനിപ്പിച്ച ദുഃഖം ഇന്നത്തെ വ്യവസ്ഥിതിയുടെ നേർക്കുള്ള പ്രതിഷേധവും കൂടിയായിരുന്നില്ലേ? ആലോചിക്കേണ്ട വിഷയമാണത്. ഏതായാലും മഹാനുഭാവനായ മഹാരാജാവിനെ കലാകൗമുദി ഈ രീതിയിൽ ബഹുമാനിച്ചത് നന്നായി. അത് വാരികയുടെ പ്രവർത്തകന്മാരുടെ നന്മയെ പ്രകടിപ്പിക്കുന്നു.

,, ചോദ്യം, ഉത്തരം

''കുട്ടികൾ എക്സ്കേർഷൻ പോകുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം?''

''ഒരഭിപ്രായവുമില്ല. തിസോറസ്—പര്യായനിഘണ്ടു—എടുത്തു നോക്കൂ excursion, sexuality എന്നു കണ്ടെന്നുവരും. കണ്ടില്ലെങ്കിൽ sexuality എന്ന പര്യായപദം വിട്ടുപോയി എന്നു കരുതിയാൽ മതി.''

''നിങ്ങൾ മരണത്തെ ക്ഷണിച്ചുവരുത്തുകയാണോ?''

''അതേ. ദിവസവും ഇരുപതു സിഗ്ററിൻെറ അററത്ത് തീ കത്തിച്ച് ഞാൻ മരണത്തിൻെറ മാർഗ്ഗത്തിൽ പ്രകാശം വിതറുന്നു. അതിനു കാലിടറാതെ വരേണ്ടതുണ്ടല്ലോ.''

''നമ്മുടെ ഭാരതത്തിലെ ഓരോ പൗരനും പൗരിയും എന്തു ചെയ്യുന്നു?''

''നിമിഷംതോറും മരിച്ചുകൊണ്ടിരിക്കുന്നു.''

''സാഹിത്യം കൊണ്ട് വല്ല പ്രയോജനവുമുണ്ടോ വാദ്ധ്യാരേ?''

''നിങ്ങൾക്കു പ്രയോജനമില്ല. എനിക്കു പ്രയോജനമുണ്ട്. കുമാരനാശാൻെറ 'ചിന്താവിഷ്ടയായ സീത' എന്ന കാവ്യം എൻെറ അവ്യക്തങ്ങളായ ചിന്തകളെ തേജോമയങ്ങളാക്കുന്നു. വള്ളത്തോളിൻെറ 'മഗ്ദലനമറിയം' നിഴൽപോലെ അകലെക്കാണുന്ന സൗന്ദര്യത്തെ തിളക്കമുള്ളതാക്കുന്നു. ജി.ശങ്കരക്കുറുപ്പിൻെറ 'വിശ്വദർശനം' എനിക്കു കിട്ടാത്ത കോസ്മിക് വിഷൻ നല്കുന്നു.''

''മനുഷ്യൻ സൃഷ്ടിച്ച കഥാപാത്രങ്ങൾക്കു മനുഷ്യനെക്കാൾ ശക്തിയുണ്ടോ?''

''ഉണ്ട്. ധർമ്മപുത്രർ, ഹാംലെററ്, ദോൺ കീ ഹോട്ടെ ഈ കഥാപാത്രങ്ങൾ ഈ ലോകത്തെ ഏതു മനുഷ്യനെക്കാളും ശക്തിയുള്ളവരാണ്.''

''ഈ ലോകത്തെ ഏററവും മനോഹരമായ കാഴ്ചയേത്?''

''അതിസുന്ദരിയായ തരുണി.''

''നിങ്ങൾക്കു ശത്രുക്കളല്ലാതെ വല്ലവരുമുണ്ടോ ഹേ?''

''ശത്രുക്കളെ സൃഷ്ടിക്കാതെ സത്യം പറയാനാവില്ല.''

ആവർത്തനം

മധ്യവയസ്കനായ ഭർത്താവ് കാണാൻ കൊള്ളാവുന്ന ചെറുപ്പക്കാരിയായ ഭാര്യയുമായി റോഡിലൂടെ പോകുന്നതു നമ്മളൊക്കെ കണ്ടിട്ടുണ്ട്. അയാളെ ഒന്നുനോക്കൂ. വിലകൂടിയതാണെങ്കിലും മനംമറിപ്പ് ഉണ്ടാക്കുന്ന ഒരുതരം ഷൂസ്. ഇളംനീലനിറത്തിലുള്ള തുണികൊണ്ടു തച്ച ട്രൗസേഴ്സ്. പുന്നയ്ക്കപോലുള്ള ചന്തികളെ ആവരണം ചെയ്ത ആ കാലുറകളിൽ നിറയെ കീശകളാണ്. വിശേഷിച്ചും ഓരോ ചന്തിയുടെയും മുകളിൽ ഓരോ പോക്കററുണ്ട്. അയാളങ്ങനെ നടന്നുപോകുന്നതു കണ്ടാൽ പ്രകൃതിയുടെ വൈരൂപ്യം. അയാളിൽ ഘ്വനീഭവിച്ചിരിക്കുകയാണെന്നു തോന്നും. അവളോ? പട്ടുപോലുള്ള തലമുടി. വിടർന്ന കണ്ണുകൾ. മൃദുത്വമാർന്ന കവിളുകൾ. നെററിയിൽതൊട്ട സിന്ദൂരത്തിൻെറ ഒരംശം വന്നുവീണ മനോഹരമായ മൂക്ക്. സുന്ദരമായ നടത്തം. ആകെ ഒരു ചന്തം. പ്രകൃതിയുടെ സൗന്ദര്യം അവളിൽ ഘ്വനീഭവിച്ചിരിക്കുന്നു. കട്ടിയാർന്ന തൊലിയുള്ള പുരുഷനും മൃദുലതയാർന്ന തൊലിയുള്ള സ്ത്രീയും തമ്മിൽ എന്തന്തരം! അവൾ സത്യാത്മകമായ കലയാണ്. അയാൾ അസത്യാത്മകമായ അലിഗറിയാണ്. ഈ അലിഗറിയാണ് ദേശാഭിമാനി വാരികയിലെ ''തീർത്ഥാടനം'' (ശ്രീ.പി.ആർ.ഹരികുമാർ). ജീവിതത്തെ ഒരു മലയായി കരുതുകയും അതിൻെറ ഉച്ചിയിലിരിക്കുന്ന പള്ളിയെ അന്തിമലക്ഷ്യമായി കാണുകയും ചെയ്യുന്ന ഈ ലാക്ഷണിക കഥ ലാക്ഷണിക കഥയായതുകൊണ്ടുതന്നെ കലയുടെ മണ്ഡലത്തിൽ ചെല്ലുന്നില്ല. ഇരുപത്തിരണ്ടു കൊല്ലങ്ങളായി അലിഗറി കലയല്ലെന്നു ഞാൻ പറയുന്നു. ഇനിയും അതാവർത്തിക്കുന്നതു ശരിയല്ലെന്ന് എനിക്കറിയാം. എങ്കിലും എഴുതിപ്പോയി.

വ്യക്തികൾ

മലയാളം എം.എ പരീക്ഷയ്ക്ക് സംസ്കൃതം ഒരു പേപ്പറാണ്. വലിയ സംസ്കൃതജ്ഞാനമൊന്നും കൂടാതെ നൂറിൽ എൺപതോളം മാർക്ക് ആർക്കും വാങ്ങാം സംസ്കൃതത്തിന്. അങ്ങനെ പരീക്ഷ ജയിച്ച് അല്പം ആ ജ്ഞാനം വികസിപ്പിച്ച ആളാണ് ഞാനെന്നേ പറയാനുള്ളു. അതുകൊണ്ട് വ്യാകരണകാര്യം എഴുതുമ്പോൾ ഉറപ്പിനുവേണ്ടി സംസ്കൃതം നല്ലപോലെ അറിയാവുന്നവരോടു ഞാൻ അതിനെക്കുറിച്ചു ചോദിക്കാറുണ്ട്. അങ്ങനെ വായനക്കാർ ചോദിക്കരുതെന്ന് അറിയിക്കാനാണ് ഞാനിത് എഴുതുന്നത്. കാരണമുണ്ട്. എന്തെങ്കിലും സംശയം ചോദിച്ചാൽ നമുക്ക് ഒന്നുമറിഞ്ഞുകൂടെന്ന മട്ടിൽ അവർ ഉച്ചത്തിൽ സംസാരിച്ചുതുടങ്ങും. സംസ്കൃത കോളേജിൽ ഞാൻ മലയാളം പഠിപ്പിച്ചുകൊണ്ടിരുന്ന കാലം. ഒരു സംസ്കൃത പണ്ഡിതനോട് എന്തോ സംശയം പരിഹരിക്കാൻ അഭ്യർത്ഥിച്ചു ഞാൻ. അദ്ദേഹം ഉറക്കെ വ്യാകരണകാര്യങ്ങൾ പറഞ്ഞുതുടങ്ങി. ഞാൻ പഠിപ്പിക്കുന്ന കുട്ടികൾ ചുററും കൂടിയപ്പോൾ എനിക്കൊരു ചൂക്കും അറിഞ്ഞുകൂടെന്ന മട്ടിൽ അടിസ്ഥാനപരങ്ങളായ കാര്യങ്ങൾ വിശദീകരിച്ച് ''മനസ്സിലായോ മനസ്സിലായോ'' എന്ന ചോദ്യമുതിർത്തു. കുട്ടികൾ എന്നെ പുച്ഛിക്കുന്നുവെന്നു തോന്നിയപ്പോൾ ഞാൻ അങ്ങു നടന്നു. നമുക്കറിയാവുന്ന ഇംഗ്ളീഷിൻെറയോ മലയാളത്തിൻെറയോ ആയിരത്തിലൊരംശം ഈ സംസ്കൃതക്കാരന് അറിഞ്ഞുകൂടാ. അയാളെ ഒന്നു മാനിച്ചുകളയാമെന്നു വിചാരിച്ച് നമ്മളെന്തെങ്കിലും ചോദിച്ചാൽ അപമാനിച്ചിട്ടേ അയാൾ അടങ്ങൂ. ഇക്കൂട്ടരെ സൂക്ഷിക്കണം പ്രിയപ്പെട്ട വായനക്കാരേ. ഡോക്ടർ കെ.ഭാസ്കരൻനായർ പറഞ്ഞതുപോലെ ഇവൻ ''പശു പുല്ലുതിന്നുന്നു'' എന്നുകേട്ടാൽ അതിൻെറ അർത്ഥം ആദ്യം മനസ്സിലാക്കില്ല. പശുവാകുന്ന കർത്താവ് പുല്ലാകുന്ന കർമ്മത്തെ ചെയ്യുന്നുവെന്നേ ഗ്രഹിക്കൂ. അതിനപ്പുറം അവർക്കൊന്നും ഗ്രഹിക്കാനുമില്ല.

2) കഥയോ കവിതയോ ലേഖനമോ എഴുതി ആണ്ടിൽ മുന്നൂററുപത്തഞ്ചു ദിവസവും അതു തിരുത്തും. മുന്നൂററിയറുപത്തിയാറു ആളുകളെ വായിച്ചുകേൾപ്പിക്കും. എന്നിട്ട് ഭാരതംപോലെ ഒരു ഫോർവേഡിങ് ലററർ എഴുതി പത്രാധിപർക്കു അതയച്ചുകൊടുക്കും. അദ്ദേഹമതു നോക്കു

ഞാൻ രാജഭക്തനാണ്. എന്ന് പറഞ്ഞാൽ 'മോണാർക്കി'യോട് ഭക്തിയുണ്ടെന്നല്ല. ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിനോട് എനിക്ക് ഭക്തിയും സ്നേഹവും ബഹുമാനവും ഉണ്ടെന്ന് അർത്ഥം. കോൺഗ്രസ്സുകാരനല്ലാത്ത ഞാൻ ജവാഹർലാൽ നെഹ്റുവിനെയും കമ്മ്യൂണിസ്ററല്ലാത്ത ഞാൻ ശ്രീ. ഇ.എം.എസ്സിനെയും ശ്രീ. അച്യുതമേനോനെയും സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു. ഇത് വ്യക്തിവൈശിഷ്ട്യം കണ്ടുണ്ടായവികാരങ്ങളാണ്.

ജവഹർലാൽ നെഹ്റു

ഇ.എം.എസ്സ്.

മ്പോൾ മുന്നൂററിയറുപത്തിയേഴു തെററുകൾ കാണും. അച്ചടിക്കാതെ മാററിവയ്ക്കും. ഇങ്ങനെ പലതവണ യത്നിച്ചു തോററു പിന്മാറും. ഉടനെ തെങ്ങിൻപുരയിടമോ നിലമോ വിററ് ഒരു മാസിക തുടങ്ങും. ചിലപ്പോൾ വാരികയുമായിരിക്കും. അതിൽ എഴുത്തോടെഴുത്തുതന്നെ. ആ പണം തീർന്നാൽ കടംവാങ്ങുകയായി. അതുകൊണ്ടും രക്ഷയില്ലെന്നു കണ്ടാൽ നാലു മാന്യന്മാരെ പരിഹസിക്കുന്ന ലേഖനങ്ങൾ സാഹിത്യത്തിലെ റൗഡികളെക്കൊണ്ട് എഴുതിക്കും. അതും പ്രചാരണത്തിനു സഹായിക്കുന്നില്ലെന്നു കണ്ടാൽ ജ്ഞേണൽ നിറുത്തും. നിലംപോയി അല്ലെങ്കിൽ പുരയിടംപോയി. കഞ്ഞി കുടിക്കാൻ വകയില്ലാതെ വല്ലയിടത്തും കുത്തിയിരിക്കും. കേരളത്തിൽ അല്പായുസ്സുകളായ വാരികകളും മാസികകളും ഉണ്ടാകുന്നതിനു കാരണമിതാണ്.

സൂക്ഷ്മത

ലോകസാഹിത്യത്തിലെ ഉത്കൃഷ്ടങ്ങളായ അമ്മു പ്രേമകഥകളുടെ പേരുകൾ പറയൂ എന്ന് എന്നോട് ആരെങ്കിലും ആവശ്യപ്പെട്ടാൽ ഞാൻ രണ്ടാമതൊരാലോചനയും കൂടാതെ കാർസൻ മക്കലേർസിൻെറ (Carson Mc-Cullers 1917–1967) ''The Sojourner '' എന്ന് ആദ്യം പറയും. പിന്നെ മാത്രമേ മററുള്ള കഥകളുടെ പേരുകൾ നല്കൂ. അത് അത്രയ്ക്കു മനോഹരമാണ്. കഥയുടെ ചുരുക്കം നല്കിയാൽ കലാഹിംസയാകും. എങ്കിലും ശ്രമിക്കട്ടെ. ജ്ഞോൺ ന്യൂയോർക്കിലെ ഒരു ഹോട്ടലിലിരിക്കുമ്പോൾ അയാളുടെ ആദ്യത്തെ ഭാര്യ ഇലിസബത്ത് റോഡിലൂടെ പോകുന്നതുകണ്ടു. എട്ടുവർഷത്തിനു ശേഷമാണ് അയാൾ അവളെ കാണുന്നത്. ജ്ഞോൺ അവളുടെ പിറകേ തിടുക്കത്തിൽ ചെന്നെങ്കിലും അവൾ നടന്നകന്നു. നിരാശതയോടെ ഹോട്ടലിൽ വന്നിരുന്ന് അയാൾ അവളെ റെറലിഫോണിൽ വിളിച്ചു. രണ്ടാമത്തെ ഭർത്താവും അയാളിൽനിന്നു ജനിച്ച കുട്ടികളുമായി താമസിക്കുന്ന അവൾ അയാളെ വീട്ടിലേക്കു ക്ഷണിച്ചു. ഭർത്താവ് ജ്ഞോണിനെ സ്വാഗതം ചെയ്തു. തൽകാലത്തേക്കു അയാൾ വീട്ടിനകത്തേക്കു പോയപ്പോൾ ഇലിസബത്തിനോടു പിയാനോ വായിക്കാൻ ജ്ഞോൺ ആവശ്യപ്പെട്ടു. ഒരു തടസ്സവും കൂടാതെ അവളതു വായിക്കാൻ തുടങ്ങിയെങ്കിലും പൂർണ്ണമാക്കാൻ കഴിഞ്ഞില്ല. അല്പംകഴിഞ്ഞപ്പോൾ പരിചാരിക മെഴുകുതിരികൾ ചുററും കത്തിച്ചുവച്ച കെയ്ക്ക് കൊണ്ടുവന്നു. ''Happy birthday, John, blow out the candles'' എന്ന് ഇലിസബത്ത് പറഞ്ഞപ്പോഴാണ് അന്നാണ് തൻെറ ജന്മദിനമെന്നു ജ്ഞോണറിയുന്നത്. യാത്രപറഞ്ഞുപോയിട്ടും ഇലിസബത്തിൻെറ സംഗീതം അയാളെ ഹോൺട് ചെയ്തു. അടുത്തദിവസം ജ്ഞോൺ പാരീസിലേക്കു പറന്നു. അയാൾ വിവാഹം കഴിക്കാൻ പോകുന്ന ജ്ഞീനിക്കു ആറുവയസ്സായ കുഞ്ഞുണ്ട്. പാരീസിലെത്തിയ ജ്ഞോൺ അവനെ ആശ്ളേഷിക്കുന്നു. അയാളുടെ കവിൾത്തടം അവൻെറ മൃദുലമായ കവിൾത്തടത്തിൽ സ്പർശിച്ചു. കടുത്ത നൈരാശ്യത്തോടെ അയാൾ ആ കുട്ടിയെ ഗാഢമായി പുണർന്നു; തൻെറ സ്നേഹം കാലത്തിൻെറ സ്പന്ദനത്തിൽ ആധിപത്യം പുലർത്തിയേക്കുമെന്നതുപോലെ. പാർവണ ചന്ദ്രൻ കുറെനേരം നിശാഗന്ധിപ്പൂവിനെ തിളക്കിയതിനുശേഷം വാർദ്ദമാലകൾക്കു പിറകിലായി മറഞ്ഞാൽ ആ പൂവ് ദീർഘശ്വാസം പൊഴിക്കില്ലേ? ആ ദീർഘശ്വാസം ഞാൻ ഇക്കഥയിൽനിന്ന് കേൾക്കുന്നു. നിശാഗന്ധിയുടെ വിഷാദം എൻെറ വിഷാദമായിത്തീരുന്നു. നേരത്തേ പൂർണ്ണചന്ദ്രൻ എറിഞ്ഞ നിലാവിൻെറ ശ്രേണിയിലൂടെ പുഷ്പത്തിനു കയറിപ്പോകാൻ വയ്യ. അത് ഏകാന്തതയുടെ ദുഃഖമനുഭവിക്കുന്നു. ചന്ദ്രൻെറ മൂകസംഗീതം നിശാഗന്ധിയെ ഹോൺട് ചെയ്യുന്നു. അനുഗൃഹീതയായ കഥയെഴുത്തുകാരി കാർസൻ മക്കലേർസിൻെറ കഥയിലെ മൂകസംഗീതം എന്നെ അനുധാവനം ചെയ്തുകൊണ്ടിരിക്കുന്നു; ജ്ഞോണിനെ പിയാനോ സംഗീതം അനുധാവനം ചെയ്തതുപോലെ.

അമേരിക്കൻ കഥയിൽ പുരുഷൻെറ ദുഃഖമാണ് പ്രതിപാദ്യം. ശ്രീമതി കെ.ആർ.മല്ലികയുടെ ''അശ്വതിയിൽനിന്ന് അശ്വതിയിലേക്കു'' എന്ന കഥയിൽ (കുങ്കുമം) വിവാഹിതയായ സ്ത്രീയുടെ ദുഃഖവും ഒരപരിചിതനോട് അവൾക്കു തോന്നുന്ന പ്രച്ഛന്നരതിയുമാണ് പ്രതിപാദ്യവിഷയം. ഒരു പടിഞ്ഞാറൻ കഥയെക്കുറിച്ചു പറഞ്ഞിട്ട് ഇവിടത്തെ ഒരു കഥയെക്കുറിച്ചു പറഞ്ഞാൽ ആളുകൾ തെററിദ്ധരിച്ച് രണ്ടാമത്തേത് ആദ്യത്തേതിൻെറ ചൂഷണമാണോ എന്നു ചോദിക്കാറുണ്ട്. ആ ചോദ്യത്തിന് ഇവിടെ സാംഗത്യമില്ല. രണ്ടും രണ്ടു വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. കെ.ആർ.മല്ലിക ഒരു ഭാര്യയുടെ ദുഃഖത്തെ സൂക്ഷ്മതയോടെ—subtlety—യോടെ—ആവിഷ്കരിച്ചിട്ടുണ്ട്.

സി.അച്യുതമേനോൻ

സാഹിത്യവാരഫലം പതിവായി വായിക്കുന്ന ഒരു പ്രാഡ്വിവാകൻ എൻെറ മുൻപിൽ വിനയാന്വിതനായി നില്ക്കാറുണ്ട്. ബഹുമാനത്താലാവാം അദ്ദേഹം വാക്കുകൾപോലും എൻെറ സാന്നിദ്ധ്യത്തിൽ വിക്കി വിക്കി മാത്രമേ പറയൂ. സാഹിത്യവിഷയകങ്ങളായ കാര്യങ്ങളിൽ അദ്ദേഹം സംശയപരിഹാരം അഭ്യർത്ഥിക്കുമ്പോൾ ശിഷ്യൻെറ മട്ടുണ്ട് അദ്ദേഹത്തിന്. അങ്ങനെയിരിക്കെ, അദ്ദേഹം കോടതിയിൽ ജ്ഡ്ജിയായിരിക്കുമ്പോൾ എനിക്കു ഒരു കെയ്സിൽ സാക്ഷിയായി ചെല്ലേണ്ടതായി വന്നു. അപ്പോൾ വിഭിന്നനായ ആളെയാണ് ഞാനവിടെ കണ്ടത്. ഗൗരവത്തോടെയുള്ള ചോദ്യങ്ങൾ. 'ഭാഷയിൽ നിങ്ങൾക്കു പാണ്ഡിത്യമുണ്ടോ' എന്നും മററുമുള്ള ചോദ്യങ്ങളായിരുന്നു അവ. അതിനിടയിൽ അദ്ദേഹം എന്നെ എന്തോ കളിയാക്കിപ്പറഞ്ഞു. അതുകേട്ട് മററു വക്കീലന്മാർ പൊട്ടിച്ചിരിച്ചു. ഇവിടെ എനിക്കൊരു സംശയം. അദ്ദേഹം സാർത്ര് പറഞ്ഞതുപോലെ റോൾ അഭിനയിച്ചത് എപ്പോഴാണ്? ശിഷ്യനായി മുൻപിൽ നിന്നപ്പോഴോ? അതോ പ്രാഡ്വിവാകനായി കോടതിക്കസേരയിൽ ഇരുന്നപ്പോഴോ? അറിഞ്ഞുകൂടാ. ഇതുകൊണ്ടാണ് ഒരു പ്രഭവകേന്ദ്രത്തിൽ നിന്നല്ല മനുഷ്യൻെറ സ്വഭാവ സ്രോതസ്വിനി ഒഴുകുന്നതെന്ന് ഞാൻ മുൻപ് എഴുതിയത്. സത്യമിതാണെങ്കിലും കഴിയുന്നിടത്തോളം സ്വഭാ

''ഈ ലോകത്തെ ഏററവും മനോഹരമായ കാഴ്ചയേത്?''

''അതിസുന്ദരിയായ തരുണി''

വസ്ഥൈര്യം കാണിക്കുന്നവരുണ്ട്. അവരിൽ ഒരാളാണ് ശ്രീ.സി.അച്യുതമേനോൻ. മുഖ്യമന്ത്രിയായും രാഷ്ട്രവ്യവഹാര മണ്ഡലത്തിലെ നേതാവായും സാഹിത്യകാരനായും പ്രവർത്തിക്കുമ്പോഴെല്ലാം അദ്ദേഹം സ്വഭാവത്തിൻെറ സ്ഥിരത കൈവിട്ടു കളയാറില്ല. അതിനാലാണ് കേരളീയരെല്ലാം അച്യുതമേനോനെ സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും. ജനയുഗം വാരികയിൽ ശ്രീചിത്തിരതിരുനാൾ മഹാരാജാവിനെക്കുറിച്ചു അദ്ദേഹമെഴുതിയ ലേഖനത്തിലും ഈ ഗുണമുണ്ട്. അച്യുതമേനോൻ എഴുതുന്നു:–

''അതുകൊണ്ടോ എന്തോ വൈദ്യനാഥയ്യർ ഒരിക്കൽക്കൂടി എന്നെ സമീപിച്ചു ചോദിച്ചു: ''താങ്കളേയും സഹധർമ്മിണിയേയും കവടിയാർ കൊട്ടാരത്തിൽ ഒരു സ്വകാര്യ കുടുംബവിരുന്നിന് അമ്മമഹാറാണിയും മഹാരാജാവും കൂടി ക്ഷണിച്ചാൽ വരുമോ?'' എന്ന്. ഞാൻ ചോദിച്ചു: ''അല്ല മി.വൈദ്യനാഥയ്യർ, നിങ്ങൾ എന്തിനാണിത്ര സംശയിക്കുന്നത്? മഹാരാജാവും അമ്മമഹാറാണിയും ക്ഷണിച്ചാൽ വരില്ല എന്നു പറയാൻതക്ക മര്യാദകേടോ മനുഷ്യത്വമില്ലായ്മയോ ഞാൻ കാണിക്കുമെന്നു വിചാരിച്ചോ? കമ്മ്യൂണിസ്ററുകാരനാണെന്നുള്ളതുകൊണ്ട് സാധാരണ മനുഷ്യത്വമോ മര്യാദയോ കാണിക്കില്ലെന്നു സംശയിക്കുന്നതു തെററാണ്. ഞങ്ങൾ തീർച്ചയായും വരും.''

ഇവിടെ പ്രകടമാകുന്ന ആർജ്ജവവും സ്വഭാവ വൈശിഷ്ട്യവുമാണ് അച്യുതമേനോനെ അച്യുതമേനോനാക്കിയത്.

ശത്രുക്കളെ സൃഷ്ടിക്കാതെ സത്യം പറയാനാവില്ല.

അച്യുതമേനോൻ

☆ ☆ ☆

പൈങ്കിളിക്കഥകൾ:– ചേട്ടാ, നമുക്കു ഒളിച്ചോടാം. ഓടുന്നു.

നവീന കഥകൾ:– അച്ചൻ മരിച്ചു. ഇന്നലെയോ ഇന്നോ? അതോ മററന്നാളോ? അറിഞ്ഞുകൂടാ.

പഴഞ്ചൻ സാഹിത്യകാരൻ:– സർവാഭരണവിഭൂഷിതയായ ദേവിയെപ്പോലെ കലാംഗന കുടികൊള്ളുന്ന ആ സരസ്വതീക്ഷേത്രത്തിൽ ഞാൻ അടിവച്ച് അടിവച്ച് കയറിച്ചെന്നു.

നവീനനിരൂപകൻ:– വാചിക സൃഷ്ടിയായ ഒരു നൂതന പ്രപഞ്ചത്തിൽ സ്ട്രക്ചറലിസത്തിൻെറ കൊഹിയറൻസ് വരുത്തി ഒരു ജനറിക് കൺവൻഷൻ ജനിപ്പിച്ചു തകഴി ശിവശങ്കരപ്പിള്ള.

43-ാം പേജിൽ നിന്നും തുടർച്ച

തിരിച്ചത്. വ്യായാമത്തിനുവേണ്ടി ജ്ഞെയിലിനകത്തു കുറേദൂരം നടക്കാറുണ്ടായിരുന്നു.

ഉഷ ഒരു പത്രവും നിവർത്തി ഇരിക്കുകയായിരുന്നു. അമർ അങ്ങോട്ടു നോക്കാതെ പരമുവിനോടു വിളിച്ചുപറഞ്ഞു—''ഭക്ഷണം തയ്യാറായെങ്കിൽ വിളമ്പ്.'' എന്നിട്ട് സോഫയിൽ മിണ്ടാതെയിരുന്നു. ഉഷയ്ക്ക് ദേഷ്യവും സങ്കടവും.

പരമു മേശപ്പുറത്ത് ഭക്ഷണം ഒരുക്കിവെച്ചു.

''എത്രകാലത്തേക്കാ മൗനം?'' ഉഷ ഉദ്വേഗത്തോടെ ചോദിച്ചു.

''വാ ഭക്ഷണം കഴിക്കാം.'' അമർ പ്രതികരിച്ചു.

കണ്ണീരടക്കാൻ പാടുപെടുകയായിരുന്നു, ഉഷ. ഒന്നും പറയാൻ കഴിഞ്ഞില്ല. പേരിനു മാത്രം ഭക്ഷിച്ചു. അമറിനും നേരാംവണ്ണം ഭക്ഷണം കഴിക്കാൻ കഴിഞ്ഞില്ല. രണ്ടുപേരും ഒന്നും സംസാരിച്ചില്ല.

ഭക്ഷണം കഴിച്ചശേഷം അമർ കോട്ടെടുത്തു ധരിച്ചു. ''ഞാൻ റജ്ജയുടെ വീട്ടിൽ പോയി വരാം.'' പിന്നെ വെളിയിൽ ബൈക്ക് സ്ററാർട്ടു ചെയ്യുന്ന ശബ്ദമാണു കേട്ടത്.

ഉഷയ്ക്ക് അവഗണനയിൽ നിന്നുണ്ടായ ദൈന്യത്തെക്കാൾ ദേഷ്യമാണു തോന്നിയത്. അപമാനിക്കുന്നതിനും വേണ്ടേ ഒരതിര്? അത്രത്തോളം ഞാനെന്താണു ചെയ്തത്? പിന്നെ ഏറെ നേരം തേങ്ങുന്ന ശബ്ദം. പ്രതാപിന് ഉറക്കം വന്നിരുന്നു. അവനെ ഒരുവിധം ഉറക്കിയിട്ട് റോസിയുടെ മുറിയിൽ കൊണ്ടുപോയിക്കിടത്തി.

പത്തുമണിയോടടുത്താണ് അമർ തിരിച്ചു വന്നത്. ശബ്ദം കേട്ടപ്പോൾ ഉഷ വാതിൽ തുറന്നു. തിരിച്ച് കട്ടിലിൽ കിടന്നുകൊണ്ട് സാരിത്തുമ്പുകൊണ്ട് പുതച്ചു. നരേന്ദ്രൻെറ മുമ്പിൽ വച്ച് അപമാനിച്ചു. അതിൽപ്പിന്നെ ഈ മൗനവും. അതിനുമാത്രം ഞാനെന്തു തെററു ചെയ്തു എന്നു ചോദിക്കാൻ തോന്നിയതാണ്. എന്നാൽ സങ്കടം കൊണ്ട് വായ തുറക്കാൻ കഴിഞ്ഞില്ല.

അമർ കിടന്ന് നിമിഷങ്ങൾ കഴിഞ്ഞിരുന്നു. ഉഷയ്ക്ക് ആ ഓരോ നിമിഷങ്ങൾക്കും മണിക്കൂറുകളുടെ ദൈർഘ്യം. അവസാനം വായ തുറന്നു—''ഞാനൊന്നു ചോദിച്ചോട്ടെ?''

''തീർച്ചയായും.'' അമറിൻെറ ദേഷ്യവും തണുത്തിരുന്നു.

''എന്തിനാണീ പിണക്കം? ഞാൻ എന്തു തെററാണു ചെയ്തത്?''

''ഞാൻ അങ്ങോട്ടു ചോദിക്കാൻ ഭാവിക്കുകയായിരുന്നു, എന്നോട് ഈ അവഗണന എന്തിനാണെന്ന്.'' അല്പം മടിച്ചുകൊണ്ടു തുടർന്നു—''ഞാൻ ഈർഷ്യയും ക്ഷുദ്രതയും കാട്ടുകയാണെന്നു കരുതരുത്.''

''നിങ്ങളിൽനിന്നു ഇതു രണ്ടും ഞാൻ പ്രതീക്ഷിക്കുന്നില്ല.''

''നിനക്കിപ്പോൾ നരേന്ദ്രൻെറ അഭിപ്രായങ്ങളും ഇഷ്ടാനിഷ്ടങ്ങളുമാണു പ്രധാനമായി കാണുന്നത്. വന്നതു മുതൽ ഞാൻ ഒരേ രാഗം കേൾക്കുന്നു—നരേന്ദ്രൻ, നരേന്ദ്രൻ! എഴുത്തുകളിലെല്ലാം അവൻെറ കാര്യം മാത്രം...! ഇന്നലെ വൈകുന്നേരം കാപ്പിയാണുണ്ടാക്കിത്തന്നത്. ഞാൻ കുടിക്കാത്ത കാര്യം നീ ശ്രദ്ധിച്ചോ? ഇന്നും കാപ്പിയുണ്ടാക്കിക്കൊണ്ടുവന്നു. കാരണം നരേന്ദ്രൻെറ ഇഷ്ടം...! എൻെറ ഇഷ്ടം പ്രശ്നമേയല്ല!''

''എനിക്കു നിങ്ങളുടെ ഇഷ്ടം പ്രശ്നമല്ലെങ്കിൽ പിന്നെ ആരുടെ ഇഷ്ടമാണു പ്രശ്നമാവുക?'' ഉഷ അല്പം സംയമത്തോടെ ചോദിച്ചു. ''ഇന്നലെ നിങ്ങൾ അര ഗ്ളാസ്സ് കാപ്പി കുടിച്ചിരുന്നല്ലോ. ചായയും കാപ്പിയും നിങ്ങൾക്ക് ഇഷ്ടമല്ലായിരുന്നു. ആദ്യമൊക്കെ എനിക്കും കാപ്പി ഇഷ്ടമല്ലായിരുന്നു. എല്ലാവരുടെ കൂടെ കാപ്പി കുടിച്ച് അതു ശീലിച്ചു.''

''എനിക്കു ചായയുണ്ടാക്കിത്തരാൻ വിഷമമുണ്ടെങ്കിൽ ഞാൻ ചായകുടി നിർത്തിയേക്കാം.''

''നിങ്ങളെന്താണീ പറയുന്നത്? ഞാൻ രണ്ടുതവണ ഉണ്ടാക്കാൻ എഴുന്നേററപ്പോൾ എന്നെ ഭീഷണിപ്പെടുത്തി ഇരുത്തുകയല്ലായിരുന്നോ? എന്നെ ചായയുണ്ടാക്കാൻ വിടാതിരുന്നതല്ലേ?''

''അവഗണനയും അപമാനവുമുണ്ടാകുമ്പോൾ ആളുകൾക്ക് ദേഷ്യം വരാതിരിക്കുമോ?''

''നിങ്ങളെന്താണീ പറയുന്നത്? നിങ്ങളെ ഞാൻ അപമാനിക്കുകയോ? ഇതു പറയുന്നതിനെക്കാൾ നിങ്ങൾക്ക് എന്നെ കൊന്നുടെ...?''

''ഛീ! അങ്ങിനെയൊന്നും പറയരുത്. ഇനി നിർത്ത്'' അമർ ഉഷയുടെ വായ മൂടിക്കൊണ്ടു പറഞ്ഞു.

ഉഷ ഭർത്താവിനെ കെട്ടിപ്പിടിച്ചുകൊണ്ടു വിതുമ്പി—''നിങ്ങൾ മററുള്ളവരുടെ മുമ്പിൽ വെച്ച് വഴക്കു പറഞ്ഞ് എന്നെ അപമാനിച്ചില്ലേ? ഭാര്യയുടെ അപമാനം നിങ്ങളുടേയും അപമാനമല്ലേ? എൻെറ തെററ് കണ്ടാൽ എന്നെ ശാസിച്ചോളൂ. എന്നാൽ അത് പരസ്യമായി വേണോ? പിന്നെ ഇത്രയും നേരം മിണ്ടാതിരുന്നതെന്തിനാണ്? റജ്ജയുടെ വീട്ടിൽ ഒററയ്ക്കല്ലേ പോയത്? തലയ്ക്കിടിച്ച് ചത്തേക്കാമെന്നു തോന്നി...'' അമർ ഉഷയെ സാന്ത്വനപ്പെടുത്താൻ പാടുപെട്ടു. എന്തായാലും സന്ധിയുണ്ടായി.

(തുടരും)

ടോംസിൻെറ ബോബനും മോളിയും



Printed, Published and Edited By S. Jayachandran Nair on behalf of Kala Kaumudi Publications Ltd., at the Kala Kaumudi Press, Thiruvananthapuram.